


ഖുത്വ്ബ:
യൂറോപ്പിൽ മസ്ജിദ്
നിർമാണത്തിലുള്ള കുതിപ്പ്

# സത്യദൂതൻ

2012 മെയ് | ലക്കം 5 വില ₹ 20



## ഇസ്‌ലാം
## ഡമോക്രസി
## ഖിലാഫത്ത്

### നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത്:

### മസീഹിന്റെ പുനരാഗമനം



Baitul Momin Mosque, Munster, Germany



Baitul Awwal Mosque, Tirana, Albania



The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2012 മെയ്
ഹി.ശ.1391 - ഹിജറത്ത്
1433 ജ.ആഖർ - റജബ്
പുസ്തകം 84 ലക്കം 5
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



5 **എഡിറ്റോറിയൽ**

6 **യുഗശബ്ദം**



7

ഖുത്ബ
**യൂറോപ്പിൽ മസ്ജിദ് നിർമാണത്തിലുള്ള കുതിപ്പ്**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

12
**നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത്: ദിവ്യാനുഗ്രഹത്തിന്റെ ദൈവിക സ്ഥാപനം**
മുഹമ്മദ് ഉമർ എച്ച്. എ

നുബൂവ്വത്തിന്റെ മാർഗ്ഗത്തിലു ള്ള ഖിലാഫത്ത് നുബൂവ്വത്തി നെതുടർന്ന് വരുന്ന ദിത്വീയശ ക്തി പ്രഭാവമാണ് ഈ ദിവ്യസ ത്യത്തിന്റെ സാക്ഷാത്ക്കാര മാണ് അഹ്മദിയ്യാ ജമാഅത്ത്.



16

**ഇസ്‌ലാമും ജുഡീഷ്യറിയും**
സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ

19
**മസീഹിന്റെ പുനരാഗമനം**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)



22

**ഇസ്‌ലാം,ഡമോക്രസി, ഖിലാഫത്ത്**
നഖാഷ് അഹ്മദ്. യു. എസ്., & ഷഹ്സാദ് അഹ്മദ്. യു. കെ

ലോകപ്രശസ്തമായ ദ ഇക്കണോമിസ്റ്റ് (The Economist) മാഗസിനിൽ വന്ന ലേഖനത്തോടുള്ള പ്രതികരണം

25
**ആ മുന്തിരി ആർക്ക് വേണം ?**
ജലാലുദ്ദീൻ കൽപേനി

റസൂൽ തിരുമേനി(സ) പ്രവചിച്ച ദൈവീക ഖിലാഫത്ത് പ്രത്യക്ഷരം സ്ഥാപിതമായിട്ടും അത് ശ്രദ്ധിക്കാതെ അയുക്തികവും പരിഹാസ്യവുമായ ന്യായങ്ങൾ നിരത്തി അതിനെവ്യാജപ്പെടുത്തുന്ന പണ്ഡിതന്മാരുടെ വാദങ്ങളെപ്പറ്റി.

28
**ഇമാം മഹ്ദി: പണ്ഡിതന്മാർ എന്ത് പറയുന്നു?**
ശറഫുദ്ദീൻ ഇർഫാനി, അഗത്തി

ലോക വിശ്രുത പണ്ഡിതന്മാരെല്ലാം ഇമാം മഹ്ദിയുടെ ആഗമനത്തെ കുറിച്ച് ശക്തവും വ്യക്തവുമായി പറഞ്ഞിട്ടുണ്ട്. എന്നാൽ ഇസ്‌ലാമികമായി പ്രമാണികമായ യാതൊരു അടിത്തറയുമില്ലാത്ത മുസ്‌ലിം സംഘടനകൾ അല്ലാഹു അയച്ച ഈ ദിവ്യാത്മാവിനെനിഷേധിക്കാൻ മുന്നോട്ടു വരുകയാണ്.

35
**നമസ്കാരത്തിന്റെ ശാരീരിക നേട്ടങ്ങൾ**
സക്കരിയാ വിർക്ക്. യു. എസ്സ്

നമസ്കാരത്തിന്ന് ആത്മീയമായ പുരോഗതിക്ക് പുറമേ ശാരീരികമായ നേട്ടങ്ങളുമുണ്ട്.



36

**യഹൂദ പീഡനം: മതപരമായ കാരണങ്ങൾ**
എ.എം.മുഹമ്മദ് സലിം

യഹൂദ ജനത റോമാസാ മ്രാജ്യത്തിൽ വെച്ച് ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ വമ്പിച്ച പീഡനങ്ങൾക്ക് വി ധേയമാവുകയുണ്ടായി. റോം പിന്നീട് ക്രിസ്തു മതത്തിന് കീഴടങ്ങിയപ്പോൾ യഹൂദ പീഡനത്തിന്റെ കിരാത പർവങ്ങൾ വീണ്ടും ആവർത്തിക്കുകയായി രുന്നു.

41
കുറിപ്പുകൾ
**സിറിയ: രക്താഭമാവുന്ന അറബ് വസന്തം**
മുസാഫിർ

43
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി - 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ കൂടിയാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. ദാനധർമം ചെയ്യുന്നതിലോ നല്ല കാര്യങ്ങൾക്കായോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിന്നോ കൂടിയാലോചന ചെയ്യുന്നവരുടേതൊഴിച്ച്. അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ച് കൊണ്ട് ആരെങ്കിലും അങ്ങനെയുള്ള കുടിയാലോചന ചെയ്യുന്നതായാൽ നാം അവന്ന് മഹത്തായ പ്രതിഫലം നൽകുന്നതാണ്.**(4:115)**



## നബിവചനം



തിരുനബി(സ)യു ടെ അടുക്കൽ ഒരാൾ തന്റെ ഹൃദയത്തിന്റെ കാഠിന്യത്തെപ്പറ്റി സങ്കടം പറഞ്ഞു. ഒരു അനാഥ കുട്ടിയെ ലാളിക്കുവാനും അഗതിക്ക് ആഹാരം നൽകാനും നബി (സ) അദ്ദേഹത്തെ ഉപദേശിക്കുകയുണ്ടായി **(തബ്റാനി)**

## വാഗ്ദത്ത മസീഹിന്റെ വചനം

### ഐക്യമത്യം മഹാബലം

ഐക്യം അഥവാ മൈത്രി എറ്റവും അമൂല്യമാണ്. മറ്റ് യാതൊരു മാർഗേണയും ദൂരീകരിക്കാൻ സാധ്യമല്ലാത്ത വിപത്തുകളേയും മറ്റേത് ഉപായം മൂലവും പരിഹരിക്കാൻ കഴിയാത്ത വിഷമതകളേയും ഐക്യം മുഖേന വിജയിക്കാൻ സാധിക്കുന്നതാണ് എന്നത് ആർക്കും ഗോപ്യമായ സംഗതിയല്ല. അതുകൊണ്ട് ഐക്യത്തിന്റെ അനുഗ്രഹീത ഫലങ്ങളിൽ നിന്നും നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവകമായിരിക്കില്ല. **(മൈത്രീ സന്ദേശം)**



എഡിറ്റോറിയൽ

# സ്വർഗീയ വേരുകളുള്ള സമാധാനം

**ലോ**ക സമാധാനം ഇന്ന് രാഷ്ട്രങ്ങളുടെ വിഷയമായിട്ടാണ് ചർച്ചചെയ്യപ്പെടുന്നത്. രാഷ്ട്രത്തെക്കാൾ സമാധാനത്തിന്ന് ജൈവബന്ധമുള്ളത് വ്യക്തികളുടെ കൂട്ടായ്മയായ സമൂഹവുമായിട്ടാണ്. ഭൂമിയും അതിർത്തിയും പരമാധികാരവും പട്ടാളവുമുള്ളതാണ് രാഷ്ട്രം. സമ്മർദ്ദ ശേഷിയും സംഹാര ശക്തിയുമുള്ള രാഷ്ട്രം കൃത്രിമവും മനുഷ്യരാൽ നിർമിക്കപ്പെട്ട മനുഷ്യരുടെ സ്ഥാപനവുമാണ്. എന്നാൽ സമൂഹം പ്രകൃതിയുടെ ഒരു നൈസർഗിക സൃഷ്ടിയാണ്. ബലിഷ്ഠമായ സന്നാഹങ്ങളും പരമാധികാരവുമുള്ള രാഷ്ട്രങ്ങൾക്ക് ഹൃദയത്തിന്റെ ഉദാത്ത ഭാവവുമായി ബന്ധപ്പെട്ട സമാധാനം വ്യക്തിയിലോ സമൂഹത്തിലോ കൊണ്ടു വരുവാൻ സാധ്യമല്ല. മനുഷ്യന്റെ ഭൗതികക്ഷേമവും അതുമായി ബന്ധപ്പെട്ട വിഭിന്ന സത്വബോധവുമുള്ള രണ്ട് രാഷ്ട്രങ്ങൾ അടുത്തടുത്ത് നിൽക്കുമ്പോൾ അതിർത്തികൾ സംഘർഷ ഭരിതമാവുന്നു. പ്രത്യക്ഷമായ സംഘർഷത്തിന് അത് വഴി തെളിയിക്കുകയും ചെയ്യുന്നു. ഇന്ന് സമാധാനം പുലരാൻ ഉഭയ രാഷ്ട്രങ്ങൾ മാത്രം ആഗ്രഹിച്ചാൽ പോര. ലോകം മുഴുവൻ വലയം ചെയ്ത് നിൽക്കുന്ന വൻ ശക്തികളുടെ ആശീർവാദവും മറ്റു പല സങ്കീർണ്ണമായ ഘടകങ്ങളും അനുകൂലാവസ്ഥയും അതിനുണ്ടാവണം. സമാധാനത്തിനു വേണ്ടി സമർപ്പിക്കപ്പെട്ട ആഗോള സ്ഥാപനമായ ഐക്യരാഷ്ട്ര സഭയെ നോക്കുകുത്തിയാക്കികൊണ്ടും വൻശക്തികളുടെ ഇംഗിതത്തിന്ന് അനുകൂലമാക്കിതീർത്തും ലോകത്ത് സംഘർഷം വളരുകയാണ്. അധികാരവും ശക്തിയുമുള്ള രാഷ്ട്രം മനുഷ്യന്റെ ഭൗതിക ക്ഷേമം മാത്രം മുഖ്യമായും ലക്ഷ്യമാക്കുന്നു. അത്കൊണ്ടുതന്നെ അശാന്തിയും സംഘർഷവും അതിന്റെ ഉപോൽപ്പന്നങ്ങളാണ്. സമാധാനം മറ്റൊരു ഭൂമികയിൽ നിന്നാണ് ആരംഭിക്കേണ്ടത്.

ഇസ്‌ലാമിന്റെ ഏറ്റവും പ്രിയപ്പെട്ട ആദർശമാണ് സമാധാനം. ഇസ്‌ലാം എന്ന പദത്തിന്ന് സമാധാനം എന്നാണ് അർഥം. ദൈവസ്മരണയുള്ള മനുഷ്യ ഹൃദയമാണ് സമാധാനത്തിന്റെ അധിഷ്ഠാനമായി ഇസ്‌ലാം കാണുന്നത്. ***(അവരത്രെ) വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ. അറിയുക; അല്ലാഹുവിന്റെ സ്മരണ കൊണ്ട് മാത്രമേ മനസ്സമാധാനം കൈവരികയുള്ളു.(13:29)*** യഥാർത്ഥ മുസ്‌ലിംകളെ പോലെ സമാധാനം കാംക്ഷിക്കുന്ന നിരവധി മനുഷ്യ സ്നേഹികൾ ലോകത്തുണ്ട്. ആത്മീയവും ധാർമികവുമായ യഥാർഥ മൂല്യങ്ങൾ ആദർശങ്ങളായി സ്വീകരിച്ചാൽ മാത്രമേ മനുഷ്യ ഹൃദയത്തിലും സമൂഹത്തിലും ശാശ്വത സമാധാനം കൈവരികയുള്ളൂ എന്നവർ കരുതുന്നു.

യഥാർഥത്തിൽ സമാധാനം എന്നത് മനുഷ്യന്റെ ഇഹപര ജീവിതത്തിന്റെ സമഗ്രതയിൽ സാർഥകമാകുന്ന ഒരു ആശയമാണ്. സകല മനുഷ്യരും അനുഭവിച്ചറിയുന്ന ഒരു അനിഷേധ്യയാഥാർഥ്യമാണ് മരണം. ക്ഷണികമായ മനുഷ്യന്റെ ഭൂമിയിലെ ജീവിത പ്രയാണത്തിന്റെ പൊരുളും ലക്ഷ്യവും മറന്നു കൊണ്ടും മൂല്യങ്ങൾ ബലികഴിച്ചു കൊണ്ടും നശ്വരമായ ഈ ലോകത്തിന് വേണ്ടി നാം എത്ര വലിയ വീര്യത്തോടെയാണ് പൊരുതുന്നത്!. യേശുവിന്റെ ഒരു ഉപമാ വചനം ശ്രദ്ധിക്കുക: ***ഭൂമിയിൽ നിക്ഷേപങ്ങൾ നിനക്കായി സംഭരിച്ചു വെക്കരുത്. അവിടെ അവയെ കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കും കള്ളന്മാർ കുത്തിക്കവർന്ന് കൊണ്ടു പോകുകയും ചെയ്യും. കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കാത്തതും കള്ളന്മാർ കവർച്ച നടത്താത്തതുമായ സ്വർഗത്തിൽ നിനക്കായി നിക്ഷേപങ്ങൾ കരുതി വെക്കുക. കാരണം നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും.(മത്താ:6:19)*** വ്യക്തികളിൽ നിന്നും ആരംഭിക്കുന്ന ഈ ശാശ്വത സമാധാനത്തിന്റെ ചിന്തകൾ ഭൗതിക ലോകം വെട്ടിപ്പിടിക്കാനുള്ള അത്യാർത്ഥിയും അധികാരത്തിന്റെ ദുരയുമായും ബന്ധപ്പെട്ടതല്ല. ലോകസമാധാനത്തിന്റെ സ്വർഗീയ വേരുകൾ ദൈവചിന്തയുമായി ബന്ധപ്പെട്ടതാണ്. വ്യക്തികളും സമൂഹവും രാഷ്ട്രവും ഈ സത്യം മനസ്സിലാക്കി അതൊരു പ്രസ്ഥാനമായി വളർത്തിയെടുക്കുകയും വേണം. എങ്കിൽ മാത്രമേ ശാശ്വത ശാന്തി ലോകത്തിന് കൈവരിക്കാൻ സാധിക്കൂ. ആ ഒരു കാലത്തിനായി നമുക്ക് പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം .



ഹദ്റത്ത് അഹ്മദ് (അ)

# ഞാൻ അല്ലാഹുവിൽനിന്ന് വന്നവൻ

**ആ**ഹ് ! ഇസ്ലാമിനുണ്ടായിക്കൊണ്ടിരിക്കുന്ന അവസ്ഥ ഞാനെങ്ങനെയാണ് നിങ്ങളെ കാണിക്കുക. നോക്കൂ! ഇതു തന്നെയാണ് ബദ്റിന്റെ കാലഘട്ടമെന്ന് ഞാൻ വീണ്ടും തുറന്നു പറയുകയാണ്. ഇസ്ലാമിനുമേൽ അധപതനത്തിന്റെ കാലം വന്നു കഴിഞ്ഞിരിക്കുന്നു. എന്നാൽ, അതിനെ സഹായിക്കാൻ ഇപ്പോൾ അല്ലാഹു വിചാരിച്ചു. അങ്ങനെ ഇസ്ലാമിനെ പ്രമാണങ്ങളോടും പ്രശോഭിതമായ തെളിവോടുംകൂടി എല്ലാ സമുദായങ്ങളുടേയും മതങ്ങളുടേയുംമേൽ വിജയിപ്പിച്ചു കാണിക്കുന്നതിനുവേണ്ടി **അവൻ എന്നെ അയച്ചു**. അല്ലാഹു തന്റെ പ്രതാപം വെളിപ്പെടണമെന്ന് ഈ അനുഗൃഹീത കാലഘട്ടത്തിൽ ആഗ്രഹിച്ചു. ഇതിനെ തടയാൻ ഇപ്പോൾ ആരുമില്ല. ആദ്യം സ്വഹാബാക്കളുടെ കാലഘട്ടത്തിൽ നാലു സവിശേഷ ഗുണങ്ങളുടെ ( റബ്ബ്, റഹ്മാൻ, റഹീം, മാലിക് ) ഒരു പ്രത്യേക ജ്യോതിസ്സ് വെളിപ്പെട്ടിരുന്നതുപോലെ, ഇപ്പോൾ വീണ്ടും അതേ കാലഘട്ടവും പരിപാലനത്വത്തിന്റെ നേരവും വന്നിരിക്കുന്നു. കുട്ടിയെ വേറെ മാറ്റി നിറുത്താനാണ് അജ്ഞനായ എതിരാളി ആഗ്രഹിക്കുന്നത്. എന്നാൽ, അല്ലാഹുവിന്റെ പരിപാലനത്വം അതാഗ്രഹിക്കുന്നില്ല. മഴപോലെ അവന്റെ കാരുണ്യം വർഷിച്ചുകൊണ്ടിരിക്കുന്നു. ദീനിന്റെ സഹായികളെന്ന് പറയപ്പെടുന്ന ഈ മൗലവിമാർ എതിർത്തുകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്താൻ ആഗ്രഹിക്കുന്നു. എന്നാൽ, ഈ പ്രകാശം അല്ലാഹു ആഗ്രഹിക്കുന്നതുപോലെ പൂർത്തിയായി നിലനില്ക്കുന്നതായിരിക്കും.

നിങ്ങളുടെ നബി മരിച്ചുപോയെന്നും ജീവിച്ചിരിക്കുന്ന നബി ഈസാ മാത്രമാണെന്നും ശയ്ത്വാന്റെ സ്പർശനത്തിൽനിന്ന് രക്ഷപ്പെട്ടത് മസീഹ് മാത്രമാണെന്നും മസീഹ് മരിച്ചവരെ ജീവിപ്പിച്ചുവെന്നും അതിനു ഉപോൽബലകമായി മസീഹ് പക്ഷിയെ സൃഷ്ടിക്കാറുണ്ടായിരുന്നുവെന്നും പാതിരി ചാടിയെഴുന്നേറ്റു പറയുമ്പോൾ ഇവർ സന്തോഷിക്കുന്നു. അതംഗീകരിക്കുന്നു. ഏകദൈവ വിശ്വാസിയായ ഒരാൾ എന്റെയടുത്തു വന്നു. ഞാൻ അയാളോടു ചോദിച്ചു, മസീഹ് പക്ഷികളെ സൃഷ്ടിക്കാറുണ്ടായിരുന്നുവല്ലേ? ഇപ്പോൾ അവ പെരുകിയിട്ടുണ്ടാകുമല്ലോ? അല്ലാഹുവിന്റെ പക്ഷികളേയും ഈസായുടെ പക്ഷികളേയും തിരിച്ചറിയാൻ കഴിയുമോ? അയാൾ പറഞ്ഞു, കൂടിക്കലർന്നുപോയി! ഇപ്രകാരം ഇക്കൂട്ടർ മസീഹിനെ പകുതി ദൈവത്വവാദിയാക്കി വെച്ചിരിക്കുന്നു.

അതുപോലെ തന്നെ ഇക്കൂട്ടർ ദജ്ജാലിനെ സംബന്ധിച്ച് വിശ്വസിച്ചുവച്ചിരിക്കുന്നത് മരിച്ചവരെ ജീവിപ്പിക്കും, അതു ചെയ്യും, ഇതു ചെയ്യും എന്നൊക്കെയാണ്. അഹോ കഷ്ടം! വിശുദ്ധ ഖുർആൻ **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന വാൾകൊണ്ട് ദൈവത്തിന്റെ സവിശേഷ ഗുണങ്ങളുണ്ടെന്ന് വിശ്വസിക്കുന്ന വ്യർഥമായ ദൈവങ്ങളെയൊക്കെ വധിക്കുന്നു. അപ്പോൾ ഈ ദജ്ജാൽ എവിടെന്നാണ് പുറപ്പെട്ടു വന്നത്? വിശുദ്ധ ഖുർആനിലെ ഫാതിഹ എന്ന അധ്യായത്തിൽ യഹൂദിയാക്കുന്നതിൽനിന്നും ക്രിസ്ത്യാനിയാക്കുന്നതിൽനിന്നും രക്ഷപ്പെടാൻ ദുആ പഠിപ്പിച്ചു. ദജ്ജാലിന്റെ കാര്യം അല്ലാഹുവിന് ഓർമയുണ്ടായില്ലേ? ഇത് എത്രമാത്രം വലിയ ഫിത്നയാണ്? ഇക്കൂട്ടരുടെ ബുദ്ധി മരവിച്ചുപോയി എന്നതാണ് വാസ്തവം.

ഇക്കൂട്ടർ ഇങ്ങനെ ഇസ്ലാമിനെ നിന്ദിക്കാൻ തല്പരരായപ്പോൾ **ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ** എന്ന തന്റെ വാഗ്ദാനമനുസരിച്ച് വിശുദ്ധ ഖുർആന്റെ മഹത്വം നിലനിറുത്തുന്നതിനുവേണ്ടി 14-ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ **എന്നെ അയച്ചു**. ഏതുരീതിയിലാണ് അവന്റെ അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നതെന്ന് ഇവർ കാണുന്നില്ലേ? സൂര്യചന്ദ്ര ഗ്രഹണങ്ങൾ റമളാനിൽ ഉണ്ടായി. അപ്പോൾ മഹ്ദി നിലവിലുണ്ടാകാതിരിക്കെ , മഹ്ദിയുടെ അടയാളം പൂർത്തിയാകുന്നതെങ്ങനെ? അല്ലാഹുവിന് ചതിപറ്റിയെന്നാണോ? ഒട്ടകം ഉപയോഗമില്ലാത്തതായിട്ടും മസീഹ് വന്നില്ല! ആകാശത്തും ഭൂമിയിലും അടയാളങ്ങൾ പുലർന്നു. വരേണ്ടയാൾ വരണമെന്ന് കാലത്തിന്റെ അവസ്ഥയും ആവശ്യപ്പെടുന്നു. എന്നാൽ, ഇവർ നിഷേധിച്ചുകൊണ്ടേ പോകുന്നു! **വരേണ്ടയാൾ വന്നിരിക്കുന്നു**. വന്നയാളെ നിഷേധിക്കുന്നതുകൊണ്ടും കോലാഹലങ്ങൾ ഉണ്ടാക്കുന്നതുകൊണ്ടും ഒന്നും സംഭവിക്കാൻ പോകുന്നില്ല. ഇക്കൂട്ടരുടെ ശീലം എന്നും ഇങ്ങനെ തന്നെയായിരുന്നു. അല്ലാഹു പറഞ്ഞ കാര്യങ്ങൾ സത്യ മാണ്. അത് പുലരുകതന്നെ ചെയ്യും. (മൽഫൂദാത്ത് , വാല്യം 1, പേജ് 432 -433, പുതിയ പതിപ്പ്)

# യൂറോപ്പിൽ മസ്ജിദ് നിർമാണത്തിലുള്ള കുതിപ്പ്

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ്

(27-04-2012 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ അമാൻ മസ്ജിദിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം.)



**ഓ**ർമിക്കുക. ഇബ്റാഹീമും ഇസ്മാഈലും ആ പ്രത്യേക മന്ദിരത്തിന്റെ അസ്ഥിവാരം പടുത്തുയർത്തുകയായിരുന്നപ്പോൾ, (അവർ പ്രാർഥിച്ചു); ഞങ്ങളുടെ നാഥാ ഞങ്ങളിൽ നിന്നു (ഈ സേവനം) സ്വീകരിക്കേണമേ. നിശ്ചയമായും എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവനും നീ തന്നെയാണല്ലൊ.

ഞങ്ങളുടെ നാഥാ. നീ ഞങ്ങളിരുവരെയും നിന്നെ അനുസരിക്കുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിന്നെ അനുസരിക്കുന്ന ഒരു സമുദായത്തെ എഴുന്നേൽപ്പിക്കുകയും ചെയ്യേണമേ. ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാവിധങ്ങൾ നീ കാണിച്ചുതരേണമേ. ഞങ്ങളുടെ നേരെ തൗബ സ്വീകരിച്ചുകൊണ്ട് കാരുണ്യത്തോടെ തിരിയേണമേ. നിശ്ചയമായും വളരെയധികം തൗബ സ്വീകരിക്കുന്നവനും കരുണാമയനും നീ തന്നെയാണല്ലോ.

ഞങ്ങളുടെ നാഥാ. അവർക്ക് നിന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുകയും ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നീ അവരിൽ നിന്ന് എഴുന്നേൽപ്പിക്കേണമേ. തീർച്ചയായും പ്രതാപശാലിയും അഗാധജ്ഞാനിയും നീ തന്നെയാകുന്നു. (വിശുദ്ധ ഖുർആൻ 2:128-130)

ഈ ആയത്തുകളിൽ വിനയത്തിന്റെയും ത്യാഗത്തിന്റെയും ആത്മാർഥതയുടെയും മാതൃകയും പ്രാർഥനയുമാണ് പഠിപ്പിക്കുന്നത്. അതേപോലെ തന്റെ വരും തലമുറ അല്ലാഹുവുമായി ബന്ധപ്പെട്ട് നിൽക്കണം എന്ന അഭിലാഷവും, ജനങ്ങളെ അല്ലാഹുവിലേക്ക് കൊണ്ടുപോകാനുള്ള മാർഗരേഖയും, അല്ലാഹുവിന്റെ ദാസരായിത്തീരാനുള്ള അഭിവാഞ്ജയും ഇതിൽ ഉൾപ്പെടുന്നു.

ആദ്യ ആയത്തിൽ ഹദ്റത്ത് ഇബ്റാഹീം (അ), ഹദ്റത്ത് ഇസ്മാഈൽ (അ) എന്നിവർ ചെയ്ത അതിമഹത്തായ ത്യാഗത്തെയാണ് സ്മരിക്കുന്നത്. ഇബ്റാഹീമും ഇസ്മാഈലും കഅ്ബ മന്ദിരത്തിൽ ഓരോ ഇഷ്ടികയും സ്ഥാപിച്ചുകൊണ്ടിരുന്നപ്പോൾ അല്ലാഹു പറഞ്ഞത് ഈ ഗേഹത്തിന്റെ പണി പൂർത്തിയായിക്കഴിഞ്ഞാൽ പിതാവിനെയും മകനെയും അതിനുശേഷമുണ്ടാകുന്ന മക്കളെയും ഈ മരുപ്രദേശത്ത് എന്നെന്നേക്കുമായി താമസിപ്പിക്കും എന്നാണ്. മകനോട് പറയുന്നത് ഈ മരുപ്രദേശത്ത്, ഈ വീടിന്റെ മനോഹാരിത നിലനിർത്തുന്നതിന്നായി നീ ഇനി ഇവിടെത്തന്നെ വസിക്കണം എന്നാണ്. അല്ലാഹുവിന്റെ വരിഷ്ഠദാസരായ ഇരുവർക്കുംതന്നെ ഒരു കാലത്ത് ലോകജനങ്ങളുടെ കേന്ദ്രം ഇതായിത്തീരുമെന്ന ദൈവവാഗ്ദാനത്തിൽ അടിയുറച്ച വിശ്വാസമുണ്ടായിരുന്നു. എന്നാൽ ഇതെല്ലാം എന്നാണ് സംഭവിക്കുക എന്നത് ആർക്കറിയാം. ആ സമയത്ത് വെറും ത്യാഗം ഒന്ന് മാത്രമാണ് കണ്ടിരുന്നത്. എന്നിട്ടും വളരെ വിനീതരായിക്കൊണ്ട് അല്ലാഹുവിനോട് ഇപ്രകാരം പ്രാർഥിക്കുന്നത് നോക്കുക. അല്ലാഹുവേ നിനക്കുവേണ്ടിയുള്ള ഈ പ്രവൃത്തികൾ ഞങ്ങൾ ചെയ്യുന്നത് നിന്റെ ഫള്ൽ ഒന്നുകൊണ്ട് മാത്രമാണ്. അതുകൊണ്ട് ഞങ്ങളുടെ ഈ ത്യാഗം നീ സ്വീകരിച്ചാലും. ഞങ്ങൾ ചെയ്തിരിക്കുന്ന ഈ പ്രവർത്തനത്തിൽ ഒരുവിധ വലിപ്പത്തരവും ഞങ്ങൾ പ്രകടിപ്പിക്കുന്നില്ല. ഇതിനുള്ള പ്രതിഫലത്തിനുള്ള അവകാശം ഞങ്ങൾക്കില്ല. ദുആ കേൾക്കുന്ന അല്ലാഹുവേ! നീ ഞങ്ങളുടെ ദുആകൾ കേട്ടാലും. ഞങ്ങളുടെ കൈവശം എന്തൊന്നുണ്ടായിരുന്നുവോ അതെല്ലാം ഞങ്ങൾ ചെലവു ചെയ്തു. ഇനിയും ഞങ്ങൾ കഴിയുന്ന ത്യാഗങ്ങൾ ചെയ്യുന്നതാണെന്ന് വാക്ക് തരുന്നു. ഞങ്ങളുടെ സന്താനങ്ങളും ഈ ത്യാഗത്തിൽ പങ്കാളികളാകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഈ ഒരു ദുആയാണ് ഇരുവരും ചെയ്തിരുന്നത്.

തുടർന്ന് അല്ലാഹുവിനെ സംബോധന ചെയ്തുകൊണ്ട് പറയുന്നു. ഞങ്ങൾ ഞങ്ങളുടെ ഹൃദയത്തിന്റെ യഥാർഥ അവസ്ഥ നിന്റെ സമക്ഷം സമർപ്പിക്കുകയുണ്ടായി. നീ എല്ലാം അറിയുന്നവനാണ്. ഞങ്ങൾ ചെയ്യുന്നതെല്ലാം, ഞങ്ങൾ പറയുന്നതെല്ലാം നീ അറിയുന്നു. ഞങ്ങൾ ചെയ്യുന്നതെല്ലാം നിന്റെ പ്രീതിക്കുവേണ്ടിയാണ്. നീ ഞങ്ങളുടെ ഈ ത്യാഗത്തെ സ്വീകരിച്ചുകൊണ്ട് ഇതിനെ നിന്റെ ഭവനമാക്കി മാറ്റേണമേ. നിന്റെ ഭവനം ഇവിടെ ഉള്ളതുകൊണ്ട് ഈ മരുപ്രദേശം ജനനിബിഢമായിത്തീരട്ടെ. ഞങ്ങൾ നിന്റെ കൽപന കേട്ട് ഞങ്ങൾക്ക് മനസ്സിലായതനുസരിച്ച് നിന്റെ ഭവനം നിർമിച്ചു. ഇത് ജനവാസകേന്ദ്രമായിത്തീരാനാണ് ഞങ്ങളിത് ചെയ്തത്. എന്നാൽ ഇതിന്റെ യഥാർഥ ജനവാസം നിന്റെ ഫള്ലുമായി ബന്ധപ്പെട്ടതാണ്. ഈ ഗേഹത്തെ ബാഹ്യമായ നിലയിൽ ജനവാസമുള്ളതാക്കിത്തീർക്കുന്നവർക്കും നീ നിന്നിലേക്ക് എത്തിച്ചേരാൻ കഴിയുന്ന ഉൾക്കാഴ്ച നൽകേണമേ. ആത്മീയതയിൽ അവരെ വളർത്തുന്നതാക്കേണമേ.

ചുരുക്കത്തിൽ മുസ്ലിംകളുടെ മസ്ജിദുകൾ ഈ ഒരു ആത്മാവോടുകൂടിയാണ് നിർമിക്കപ്പെടുന്നത്. അങ്ങനെയാണ് ആകേണ്ടത്. അതല്ലാതെയുള്ള മനോഹര കെട്ടിടങ്ങൾക്ക് ഒരു സ്ഥാന

വുമില്ല. മനോഹരമായ മസ്ജിദുകൾ നിർമിക്കപ്പെടാറുണ്ട്. എന്നാൽ അതിൽ ഈ ആത്മാവ് കാണില്ല. മസ്ജിദ് നിർമാണത്തിന്റെ അടിസ്ഥാന ലക്ഷ്യം അതിൽ കാണില്ല.

തിരുനബി (സ) പറയുകയുണ്ടായി. മസ്ജിദുകളിൽ അധികമായ കൊത്തുപണികൾ പാടില്ല. മറ്റു മതസ്ഥർ അവരുടെ ആരാധനാലയങ്ങളിൽ കൊത്തുപണികൾ ചെയ്യാറുണ്ട്. എന്നാൽ രാജാക്കന്മാരും സമ്പന്നരും നിർമിച്ച പല പള്ളികളിലും കൊത്തുപണികൾ നമുക്ക് കാണാൻ സാധിക്കുന്നു. ചില മസ്ജിദുകളിൽ രാജാക്കന്മാർ സ്വർണം വരെ പൂശുകയുണ്ടായി. സ്വർണം പൂശുകയോ അതിലെ കൊത്തുപണികളോ അല്ല അതിന്റെ സൗന്ദര്യം.

മസ്ജിദുകളുടെ സൗന്ദര്യം അതിനെ ജനസാന്ദ്രമാക്കുന്നതിലാണുള്ളത്. അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടിമാത്രമുള്ള ജനങ്ങൾ അതിൽ നിറയണം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഒരു സ്ഥലത്ത് വിവരിക്കുന്നു. ഞാൻ ഒരിക്കൽ അറബി നാട്ടിൽ പോയിരുന്നു. (മിസ്റിനെക്കുറിച്ചാണ് പറയുന്നത് എന്ന് തോന്നുന്നു.) അവിടെയുള്ള മനോഹരമായ ഒരു വലിയ മസ്ജിദിൽ പോയപ്പോൾ നമസ്ക്കരിക്കുന്ന നാലഞ്ച് ആളുകൾ ഒരു മൂലയിൽ പോയി നമസ്ക്കരിക്കുന്നതായി കണ്ടു. ഇതെന്താണെന്ന് അവരോട് ചോദിച്ചപ്പോൾ അവിടത്തെ ഇമാം പറഞ്ഞു; ജനങ്ങൾ നമസ്ക്കാരത്തിനായി വരാറില്ല. നാണംകൊണ്ടാണ് മിഅ്റാബിൽ നിന്ന് നമസ്ക്കരിക്കാത്തത്. ഇത്ര വലിയ മനോഹരമായ പള്ളിയിൽ നാലഞ്ച് പേരെ കണ്ട് വരുന്ന ആളുകൾ എന്ത് ധരിക്കും എന്ന് കരുതിയാണ് അത് ചെയ്യാത്തത്. അതുകൊണ്ട് ഈ മൂലയിൽ വന്ന് ഞങ്ങൾ നമസ്ക്കരിക്കും. ആരെങ്കിലും വന്നാൽ ശരിക്കുള്ള നമസ്ക്കാരം കഴിഞ്ഞെന്നും ഇത് പിന്നീട് വന്നവരാണ് നമസ്ക്കരിക്കുന്നതെന്നും മനസ്സിലാക്കിക്കൊള്ളും. എന്നാൽ മറ്റൊരു അവസ്ഥയും ഉണ്ട്. മസ്ജിദിൽ ജനങ്ങൾ നല്ലതുപോലെ പോകുന്നുണ്ടെങ്കിലും പള്ളി നിറയുന്നുണ്ടെങ്കിലും മസ്ജിദിൽ പോകുന്ന ഒരാൾക്കുണ്ടാകേണ്ട ആത്മചൈതന്യം അവരിൽ ഉണ്ടാകുകയില്ല. ഭൗതിക ചിന്ത അവരെ എപ്പോഴും കീഴ്പ്പെടുത്തിക്കൊണ്ടിരിക്കും. അല്ലാഹുവിലേക്ക് പൂർണമായും അവർ തിരിയുന്നില്ല.

അതുകൊണ്ട് നാം മസ്ജിദ് നിർമിക്കുമ്പോൾ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടേണ്ടതാണ്. അവന്റെ പ്രീതി കരസ്ഥമാക്കുന്നവരായി നാം മാറണം. മസ്ജിദ് നിർമ്മിക്കുന്നിനായി നാം സമർപ്പിച്ച ത്യാഗത്തിന് അല്ലാഹുവിനോട് നന്ദിയുള്ളവരായിത്തീരുക. അതിൽ ഒരിക്കലും അഹങ്കരിക്കാൻ പാടില്ല. കാരണം നാം ചെയ്യുന്ന ഈ ത്യാഗങ്ങൾ ഹദ്റത്ത് ഇസ്മാഈൽ (അ) ചെയ്ത ത്യാഗത്തിന്റെ ലക്ഷത്തിൽ ഒരംശം പോലുമില്ല.

നാം ധനത്യാഗമാണ് പൊതുവിൽ ചെയ്യാറുള്ളത്. അതും നമ്മുടെ കഴിവനുസരിച്ച്. ഇന്നത്തെ ഈ ലോകത്ത് ഇതും വലിയ ത്യാഗം തന്നെയാണ്. നല്ല ഉദ്ദേശത്തിനായ ധനത്യാഗം വലിയ കാര്യംതന്നെയാണ്. നമ്മുടെ ആഗ്രഹങ്ങളെല്ലാം മാറ്റിവെച്ചുകൊണ്ടാണ് ഈ ധനത്യാഗം ചെയ്യുന്നത്. പള്ളി നിർമാണം എന്നത് തികച്ചും ശ്ലാഘനീയം തന്നെ. തിരുനബി (സ) ഇക്കാര്യത്തിലേക്ക് പലപ്പോഴായി ശ്രദ്ധക്ഷണിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ പക്കൽ ഇങ്ങനെയുള്ളവർ പ്രതിഫലം കരസ്ഥമാക്കും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പാശ്ചാത്യ നാടുകളിലെ ജമാഅത്തിൽ ഇക്കാര്യത്തിലേക്ക് വളരെയധികം ശ്രദ്ധ തിരിഞ്ഞിട്ടുണ്ട്. മസ്ജിദുകൾ നിർമിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. തങ്ങളുടെ ആഗ്രഹങ്ങൾ ചിലർ പൂർണമായും മാറ്റിത്തിരുത്തിയിരിക്കുന്നു. മിച്ചം വരുന്ന തുകയല്ല അവർ ചെലവു ചെയ്യുന്നത്. തങ്ങളെ പ്രയാസത്തിൽ സ്വയം അകപ്പെടുത്തി വരെ ത്യാഗം ചെയ്യുന്നു. എന്നിരുന്നാലും ഇക്കാര്യത്തിൽ അഹങ്കരിക്കരുതെന്ന കാര്യം നാം ഓർക്കേണ്ടതാണ്.

ഈ മസ്ജിദിന്റെ നിർമാണത്തിൽ ഏകദേശം 12 ലക്ഷം പൗണ്ട് ചെലവായിട്ടുണ്ട്. 1.2 മില്ല്യൺ പൗണ്ട്. ഇവിടെയുള്ള ജമാഅത്താണ് ഇത്രയും വാഗ്ദാനം ചെയ്തത്. 75 ശതമാനം വരെ അടച്ചുതീർക്കുകയും ചെയ്തു കഴിഞ്ഞു. 80000, 75000 പൗണ്ട് വരെ നൽകിയവരുണ്ട്. ചിലർ വലിയ ത്യാഗങ്ങൾ ചെയ്തിട്ടുണ്ട്.15000, 20000, 30000, പൗണ്ട് നൽകിയവരും ഉണ്ട്.

പതിനൊന്ന് ആളുകളുടെ വാഗ്ദാനം ഞാൻ നോക്കിയപ്പോൾ അതു തന്നെ മൂന്ന് ലക്ഷത്തിന് മുകളിൽ പോകും. ഇക്കാലത്തെ പ്രതികൂല സാഹചര്യത്തിൽ ജമാഅത്തിനുവേണ്ടി ചെയ്യുന്ന ഈ ത്യാഗം തികച്ചും ഭാരിച്ചതുതന്നെ. എന്നിരുന്നാലും എല്ലാ ത്യാഗങ്ങളും നമ്മെ വിനയാന്വിതരാക്കണം. ഇതെല്ലാം ഉണ്ടായിരിക്കെ അല്ലാഹു നമ്മുടെ മുമ്പാകെ വിവരിച്ച ഉദാഹരണം വെച്ചു നോക്കുമ്പോൾ നമ്മുടെ ത്യാഗങ്ങൾ തുച്ഛമാണ്. ഈ ത്യാഗങ്ങൾക്ക് ഫലമുണ്ടാകണമെങ്കിൽ മസ്ജിദുകളെ ജനവാസമുള്ളതാക്കി മാറ്റണം.

മക്ക ജനവാസമില്ലാത്ത മരുപ്രദേശമായിരുന്നു. അവിടെയാണ് അല്ലാഹുവിന്റെ വീട് നിർമിക്കപ്പെട്ടത്. ഈ യൂറോപ്യൻ നാടുകൾ ആത്മീയമായി നോക്കുകയാണെങ്കിൽ തരിശുഭൂമിയാണ്. ഇവിടെയും ജനനിബിഢമാക്കുകയും ഹരിതാഭമാക്കി മാറ്റുകയും ചെയ്യേണ്ടതാണ്. ഈ ലക്ഷ്യത്തിനു വേണ്ടിയാണ് യൂറോപ്പിൽ നാം മസ്ജിദ് നിർമിക്കുന്നത്.

അതുകൊണ്ട് ഈ ഒരു മഹൽപ്രവൃത്തി എപ്പോഴും നാം മുന്നിൽ കാണേണ്ടതാണ്. ജുമുആക്ക് വേണ്ടി മാത്രം മസ്ജിദ് നിറച്ചാൽ കാര്യമായില്ല. മറ്റു നമസ്ക്കാരത്തിന്റെ ഹാജർ നിലയും വർദ്ധിക്കണം.

നമ്മുടെ ധനത്യാഗം സ്വീകാര്യമാകുന്നത് അല്ലാഹുവിനോട് ഇപ്രകാരം ദുആ ചെയ്യുമ്പോഴാണ്. അല്ലാഹുവേ! നീ ഇത് സ്വീകരിച്ചുകൊണ്ട് ഞങ്ങൾക്ക് ആത്മീയ അഭിവൃദ്ധി നൽകേണമേ. ഈ മസ്ജിദിനെ നിറക്കുവാൻ തൗഫീഖും നൽകേണമേ. കാരണം ഈ മസ്ജിദ് നിർമിക്കപ്പെടുന്നത് നിന്നെ മാത്രം ആരാധിക്കാനാണെന്ന വസ്തുത നീ അറിയുന്നു. ആത്മീയതയിൽ അഭിവൃദ്ധി കൈവരിക്കുന്നവരെ ഈ പ്രദേശത്ത് നീ നിറക്കുകയും ചെയ്യേണമേ. നിന്റെ സ്മരണയാൽ നിറക്കുന്നതിനായാണ് ഈ മസ്ജിദ് നിർമിക്കപ്പെട്ടിരിക്കുന്നത്. ഞങ്ങളുടെ ത്യാഗങ്ങൾ സ്വീകരിച്ചുകൊണ്ട് ഞങ്ങളെ നിന്റെ സാമീപ്യം കരസ്ഥമാക്കുന്ന ആത്മീയ സ്ഥാനത്തെത്തിക്കേണമേ. നിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കിക്കൊണ്ട് നിന്റെ സ്വർഗത്തിന്റെ അവകാശികളായി ഞങ്ങൾ മാറട്ടെ.

ഹദീസിൽ വരുന്നു. മുസ്നദ് അഹ്മദിബ്നു ഹമ്പലിൽ വന്ന ഹദീസാണ്. തിരുനബി (സ) അരുളി. ഖിയാമത്ത് ദിവസം റബ്ബ് അസ്സവജൽ പറയും. അനുഗൃഹീതർ ആരായിരിക്കും എന്ന്. അപ്പോൾ ജനങ്ങൾ ഉടനെ അറിയും. ജനങ്ങൾ ചോദിച്ചു. യാറസൂലുല്ലാഹ് അനുഗൃഹീതർ ആരാണ്. മസ്ജിദുകളിൽ ദിക്റിന്റെ മജ്‌ലിസുകൾ സംഘടിപ്പിക്കുന്നവർ.

ബുഖാരിയിൽ നിന്നുള്ള ഒരു ഹദീസ് ഹദ്റത്ത് അബൂഹുറൈറ (റ) വിവരിക്കുന്നു. നബി (സ) അരുളി. രാവിലെയും വൈകുന്നേരവും മസ്ജിദിൽ പോകുന്നവർക്കായി സ്വർഗത്തിൽ അല്ലാഹു അതിഥി സൽക്കാരത്തിനുള്ള ഒരുക്കങ്ങൾ ചെയ്തുവെക്കുന്നതാണ്.

അതുകൊണ്ട് നമ്മുടെ മസ്ജിദുകൾ ഭക്തിയുടെയും അനുഗ്രഹത്തിന്റെയും നിലവാരം കരസ്ഥമാക്കുന്നതായി മാറണം. അല്ലാഹുവിന്റെ പക്കൽ ഈ മസ്ജിദും അതിൽ വരുന്നവരും അല്ലാഹുവിന്റെ പ്രിയരായി മാറട്ടെ. അവർ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി മാറട്ടെ. സ്വർഗത്തിൽ അല്ലാഹുവിന്റെ അതിഥി സൽക്കാരത്തിൽ ഉൾപ്പെടുന്നവരായിത്തീരട്ടെ.

ഈ ലക്ഷ്യത്തോടെ മസ്ജിദുകളിൽ നമസ്കാരം നിർവഹിക്കുന്നവർ ഭാഗ്യവാന്മാരാണ്. അവർ ആ ലോകത്തെ സ്വർഗത്തിന്റെ മാത്രം അവകാശികളല്ല ആവുക. ഈ ലോകത്തെ സ്വർഗത്തിന്റെ അവകാശികളുമായി മാറുന്നു.

ചുരുക്കത്തിൽ ആരുടെ ഹൃദയമാണോ സംതൃപ്തമായിത്തീരുന്നത് അവർക്ക് ഇതിനെക്കാളും വലിയ ജന്നത്ത് ഏതാണ് ലഭിക്കുക. ഇക്കാലത്ത് ലോകം അസ്വസ്ഥജനകമാണ്. ദൈവത്തെ മറന്നതുകൊണ്ടാണ് ഈ അസ്വസ്ഥത. അല്ലാഹുവിനെ ഓർക്കുന്നവരും അവന്റെ സ്മരണ തന്റെ നാവിൽ ഉരുവിട്ടുകൊണ്ടിരിക്കുന്നവരും പ്രയാസങ്ങളെയും ബുദ്ധിമുട്ടുകളെയും അല്ലാഹുവിന്ന് വേണ്ടി സഹിക്കുന്നു. അവയെ അല്ലാഹുവിന്റെ പ്രീതിക്കുള്ള മാർഗമായിക്കരുതി തങ്ങളുടെ മനസ്സിനെ സംതൃപ്തിയിലാക്കുന്നു.

ലോകത്ത് നൂറ്റുക്കണക്കിന് ആത്മഹത്യകൾ നിത്യേന നടക്കുന്നു. കാരണം ഭൗതികമായ ദുഃഖങ്ങൾ താങ്ങാൻ അവർക്ക് കഴിയുന്നില്ല. ചിലർക്ക് ഭൗതികമായ മനഃപ്രയാസങ്ങൾ വലിയ ആഘാതംതന്നെ ഏൽപ്പിക്കുന്നു. അങ്ങനെ അവർക്ക് ഹൃദയസ്തംഭനംവരെ വരുന്നു. കഴിഞ്ഞ ദിവസം പാകിസ്ഥാനിൽ നിന്ന് ആരോ എനിക്ക് കത്തെഴുതി. അവിടെ ശക്തമായ കൊടുങ്കാറ്റും ആലിപ്പഴം വീഴ്ചയുമെല്ലാം നടന്നു. അതുകാരണം കൃഷിക്ക് ഭീമമായ നഷ്ടം സംഭവിച്ചു. ഒരു കർഷകൻ തന്റെ കൃഷിയിടത്തിൽ പോയി. തണ്ണിമത്തന്റെ കൃഷിയായിരുന്നു. അവയെല്ലാം പൂർണമായും നശിച്ചുകഴിഞ്ഞിരുന്നു. ഇത് അയാളെ വളരെ ആഘാതമേൽപ്പിക്കുകയും അത് കണ്ടപ്പോൾ തന്നെ ഹാർട്ട് അറ്റാക്ക് വന്ന് മരിക്കുകയും ചെയ്തു.

ഇങ്ങനെയുള്ള ഭൗതിക ദുഃഖങ്ങൾ അല്ലാഹുവിന്റെ ആളുകളെ ഒന്നും ചെയ്യില്ല. അവർ ഓരോ പ്രയാസങ്ങൾ വരുമ്പോഴും അല്ലാഹുവുമായി കൂടുതൽ അടുക്കുന്നു. വിശ്വാസി പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ അല്ലാഹുവിന്റെ സവിധത്തിൽ വന്ന് എപ്പോഴും മനഃശാന്തി കൈവരിക്കുകയാണ് ചെയ്യുന്നത്.

ആരാണോ തന്റെ നാഥന്റെ സ്ഥാനത്തെ ഓർത്ത് ഭയപ്പെടുന്നത് അവർക്ക് രണ്ട് സ്വർഗങ്ങളുണ്ട്. അതുകൊണ്ട് അല്ലാഹുവിനോടുള്ള ആരാധന അവനെ ഭയന്നുകൊണ്ട് ചെയ്യുന്നവർ മനഃശാന്തി കൈവരിച്ചുകൊണ്ട് ഈ ലോകത്തും സ്വർഗത്തിന്റെ അവകാശികളായി മാറുന്നു. ഈ ലോകത്തെ സ്വർഗം ഒരു വ്യക്തിയെ റഹ്മാന്റെ ദാസനാക്കി മാറ്റിയതുകാരണം അവനെ അടുത്തലോകത്തിലെ സ്വർഗത്തിന്റെ അവകാശിയാക്കി മാറ്റുന്നു.

ഹദ്റത്ത് ഇബ്റാഹീം (അ) തന്റെ ഭാര്യയെയും മകനെയും ആരോരുമില്ലാത്ത മരുഭൂമിയിൽ അല്ലാഹുവിന്റെ കൽപന നടപ്പിൽ വരുത്താനായി ഉപേക്ഷിച്ചതിനുശേഷവും ദുആ ചെയ്യുന്നത് നിന്നെ അനുസരിക്കുന്നവനാക്കി എന്നെ മാറ്റേണമേ എന്നാണ്. സർവതും ദൈവത്തിനായി നൽകി. മകനെയും ഭാര്യയേയും നൽകി. എന്നിട്ടും പറയുന്നത് പൂർണമായും നിന്നെ അനുസരിക്കുന്നവരിൽ എന്നെ ഉൾപ്പെടുത്തേണമേ എന്ന്. അല്ലാഹുവിന്റെ പ്രീതിക്കായി മകനെ മരുഭൂമിയിൽ ഉപേക്ഷിക്കുന്നു. എന്നിട്ടും പറയുന്നത് എല്ലാ കൽപ്പനകളും അംഗീകരിക്കുന്നവരും അനുസരിക്കുന്നവരും സ്വാതികരുമാക്കി ഞങ്ങളെ മാറ്റേണമേ എന്നാണ്.

ഈ ഒരു സ്ഥാനമാണ് ഒരു വിശ്വാസി കരസ്ഥമാക്കേണ്ടത്. തന്റെ നന്മയിൽ ഒരിക്കലും അഹങ്കാരം പാടില്ല. അതിനെ ആശ്രയിക്കാനും പാടില്ല. തന്റെ ത്യാഗങ്ങളെ പൊക്കിപ്പിടിക്കരുത്. അല്ലാഹുവിന്റെ മുമ്പിൽ അവനെ ഭയന്നുകൊണ്ട് ഇപ്രകാരം അപേക്ഷിക്കുക: അല്ലാഹുവേ! ഞങ്ങളുടെ പ്രവൃത്തികൾ ഒന്നുമല്ല. നിന്റെ ഫള്ൽ ഉണ്ടായാൽ ഞങ്ങൾക്ക് നല്ലവരാകാൻ കഴിയും, നിന്റെ ഫള്ൽ കൊണ്ട് മാത്രമേ അബ്ദെ റഹ്മാനായിത്തീരുകയുള്ളൂ. അതുകൊണ്ട് ഞങ്ങളുടെ വിനീതമായ ഒരപേക്ഷയിതാ. ഞങ്ങളെ നന്മയിൽ ഉറപ്പിച്ചുനിർത്തേണമേ. എപ്പോഴും നിന്നോട് കൂറ് പുലർത്തുന്നവനാക്കേണമേ. നിന്റെ പ്രീതിയിൽ ചരിക്കുന്നവരാക്കി മാറ്റേണമേ. ഈ ഒരു മഹത്തായ ലക്ഷ്യത്തിനുവേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

ഞങ്ങൾക്ക് വേണ്ടി മാത്രമല്ല ഞങ്ങൾ ദുആ ചെയ്യുന്നത്, ഞങ്ങളുടെ മക്കൾക്ക് വേണ്ടിയും ഞങ്ങൾ ദുആ ഇരക്കുന്നു.

മക്കളിൽ നിന്നും അനുസരണമുള്ളവരും നിന്റെ കൽപ്പനകൾ നടപ്പിൽ വരുത്തുന്നവരുമായ ഒരു സമൂഹത്തെ ഉണ്ടാക്കേണമേ.

അല്ലാഹുവിന്റെ വീട് ഉണ്ടാക്കിയതിനുശേഷം തന്റെ ജീവിത കാലയളവിൽ മാത്രമല്ല അതിനെക്കുറിച്ച് ചിന്തിക്കുന്നത്. പറയുന്നു. ഇതിനെ ജനവാസമുള്ളതാക്കിവെക്കുന്നതിനും ആത്മീയമായ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനും നിന്നെ പരിപൂർണമായും പിൻപറ്റുന്നതിനായും ഞങ്ങളുടെ സന്താനങ്ങളിൽ നിന്നും ആളുകളെ ഉണ്ടാക്കേണമേ. ഒരു വിശ്വാസിയുടെ ദുആ ഇതായിത്തീരേണ്ടതാണ്.

ഇതിൽ നമുക്കുള്ള പാഠം ഇതാണ്. മസ്ജിദിനോട് നമുക്ക് ഒഴിവുള്ളപ്പോഴുള്ള ബന്ധം മാത്രം പോരാ. തിരക്കിനിടയിലും സമയം മാറ്റിവെച്ച് ഇവിടേക്ക് വരേണ്ടതാണ്. അതേപോലെ നമ്മുടെ സന്താനങ്ങൾക്കും ഈ ബന്ധം ഉണ്ടായിത്തീരാനായി നാം പരിശ്രമിക്കേണ്ടതാണ്.

നമ്മുടെ പിൻതലമുറയിലെ യുവാക്കളിലും കുട്ടികളിലും ഇബാദത്തിന്റെ ആവേശം ഉണ്ടായിത്തീരണം. അതിനായി പ്രയത്നിക്കേണ്ടതോടൊപ്പം ഒരു വലിയ മാർഗം ദുആ കൂടിയാണ്. ഹൃദയാവസ്ഥ അറിയുന്ന അല്ലാഹു കേൾക്കുന്നവനാണ്. സദുദ്ദേശ്യത്തോടെയുള്ള ദുആകൾ അവൻ കേൾക്കുന്നു. അതുകൊണ്ട് ഇപ്രകാരം ദുആ ചെയ്യുക. ഇബാദത്തിനോടുള്ള താൽപര്യവും അല്ലാഹുവിന്റെ കൽപനകൾ നടപ്പിൽ വരുത്താനുള്ള താൽപര്യവും ഒരു തലമുറക്ക് ശേഷം അടുത്ത തലമുറയിലും വ്യാപിച്ചുകൊണ്ടേ പോകട്ടെ. ഇബാദത്തുകളിലും അല്ലാഹുവിന്റെ കൽപനകൾ നടപ്പിൽ വരുത്തുന്നതിലും അലസരാണെങ്കിൽ പിൻതലമുറയിലും ഈ അലസത പ്രകടമായിരിക്കും.

ചുരുക്കത്തിൽ ഓരോ മസ്ജിദിന്റെയും നിർമാണത്തോടൊപ്പം നമ്മുടെ കർമങ്ങളെ വിലയിരുത്തുകയും ദുആ ചെയ്യുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം നമ്മുടെ മക്കളെ തർബിയ്യത്ത് ചെയ്യാനും ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് ഇബ്റാഹീം (അ), ഹദ്റത്ത് ഇസ്മാഈൽ (അ) എന്നിവരുടെ പ്രാർഥന നമ്മെ നമ്മുടെ തർബിയ്യത്തിലേക്കും ഇബാദത്തിലേക്കും ശ്രദ്ധ തിരിക്കുന്നു. അതോടൊപ്പം നമ്മുടെ സന്താനങ്ങളിൽ ഉന്നത ശിക്ഷണമൂല്യങ്ങൾ നിലനിർത്തുന്നതിലേക്കും ശ്രദ്ധ തിരിക്കുന്നു. ഇബാദത്തിനോടൊപ്പം

അല്ലാഹുവിനോടുള്ള സർവ കടമകളും നിറവേറ്റാൻ നാം ശ്രദ്ധിക്കേണ്ടതാണ്. ഈ ആരാധനക്കും കടമപാലനത്തിനും ശേഷവും താൻ കുറേയൊക്കെ ചെയ്തല്ലോ എന്ന അഹന്ത ആർക്കും പാടില്ല.

തുടർന്ന് ദുആ ചെയ്യുന്നു. ഞങ്ങളുടെ തൗബ നീ സ്വീകരിക്കേണമേ. ഞങ്ങളിലേക്ക് നീ തിരിയേണമേ. ഞങ്ങളിൽ നിന്ന് അല്ലറ ചില്ലറ തെറ്റുകുറ്റങ്ങൾ വന്നുപോയിട്ടുണ്ടെങ്കിൽ തന്നെ ഞങ്ങൾക്ക് മാപ്പാക്കേണമേ. നീ നിശ്ചയമായും തൗബ സ്വീകരിക്കുന്നവനും കരുണ ചൊരിയുന്നവനുമാണ്.

തുടർച്ചയായി നാം ഈ ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ മസ്ജിദിന്റെ നിർമാണോദ്ദേശ്യം പൂർത്തിയാകുന്നതാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായുള്ള പരിശ്രമം വേണ്ടുംവിധം ചെയ്യാനും സാധിക്കുന്നതാണ്. തങ്ങളുടെ മക്കളെയും ഈ മാർഗത്തിൽ വഴിനടത്താൻ നമുക്ക് സാധിക്കുന്നതാണ്. മാത്രമല്ല ഹദ്റത്ത് ഇബ്റാഹിം (അ), ഹദ്റത്ത് ഇസ്മാഈൽ (അ) എന്നിവരുടെ ദുആയുടെ സ്വീകാര്യത മുഖേന അല്ലാഹു ലോകത്ത് ഇറക്കിയ ആ ഉന്നതഅനുഗ്രഹത്തിന്റെ അവകാശികളായി നാം മാറുകയും ചെയ്യുന്നതാണ്. ആ അനുഗ്രഹങ്ങൾ ലോകത്തെ തന്റെ വരുതിയിൽ കൊണ്ടുവന്ന് ലോകത്ത് മഹത്തായ വിപ്ലവം സംജാതമാക്കി. അതുകാരണം മൃതരായവർ ജീവിച്ചു. ആത്മീയതയുടെ ഉറവകൾ നിർഗളിക്കാൻ തുടങ്ങി. മുമ്പാരും കണ്ടിട്ടോ കേട്ടിട്ടോ ഇല്ലാത്ത രീതിയിൽ ആരാധനകളുടെ പുതിയ രൂപം പ്രകടമായി. എത്രമാത്രമെന്നാൽ ഇബാദത്തുകളുടെ ഔന്നത്യം പ്രാപിച്ച ആ മഹാനായ പ്രവാചകൻ നിയോഗിതനാകുകയും ചെയ്തു. ആ മഹാത്മാവിൽ ആത്മാർത്ഥതയുടെയും കൂറിന്റെയും പൂർണ്ണത കൈവരികയുണ്ടായി. സ്രഷ്ടാവിനോടുള്ള കടമയും പരിപൂർണമായ രീതിയിൽ അവിടെനിന്ന് നിറവേറ്റി. അങ്ങനെ അല്ലാഹുവിന്റെ പക്കൽ സ്വീകാര്യയോഗ്യനായി. ഇതെല്ലാംതന്നെ പരിപൂർണതയിൽ എത്തിയതുകാരണം അല്ലാഹു തന്റെ പ്രവാചകൻ ഖാത്തമുൽ അമ്പിയ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയോട് ഇങ്ങനെ പ്രഖ്യാപിക്കാൻ പറഞ്ഞു.

നീ പ്രഖ്യാപിക്കുക. എന്റെ നമസ്കാരവും എന്റെ ത്യാഗങ്ങളും, എന്റെ ജീവിതവും മരണവും എല്ലാം അല്ലാഹുവിനുള്ളതാണ്. അവൻ സർവലോകപരിപാലകനാണ്.

ഈ മഹാനായ പ്രവാചകനാണ് ഖിയാമത്ത് നാൾവരേക്കുമായ സർവകാലത്തേക്കും സർവ സമൂഹത്തിലേക്കും വന്ന പ്രവാചകൻ. അതുകൊണ്ട് ഈ അനുഗ്രഹം ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണ്. ഈ ഉത്തമ മാതൃക മുമ്പ് പ്രകാശിച്ചതുപോലെ ഇന്നും പ്രകാശിച്ചുകൊണ്ടിരിക്കുന്നു. തിരുനബി (സ)യിൽ ഇറങ്ങിയ മഹത്തായ അധ്യാപനം ഇന്നും വളരെ പ്രഭാവത്തോടെ പ്രശോഭിതമായിക്കൊണ്ടിരിക്കുകയാണ്.

ഈ മഹാനായ പ്രവാചകന് അല്ലാഹു തആല ഇക്കാലത്ത് യഥാർഥ ശിഷ്യനെ നൽകിയിരിക്കുന്നു. അദ്ദേഹത്തെ ആഖരീങ്ങളിൽ നിയോഗിച്ചുകൊണ്ട് തിരുനബി (സ) യുടെ പ്രവർത്തനങ്ങളായ അല്ലാഹുവിന്റെ ആയത്തുകളെ ഓതി കേൾപ്പിക്കൽ, വിശുദ്ധീകരിക്കൽ, ഗ്രന്ഥവും അതിന്റെ തത്ത്വജ്ഞാനങ്ങളും പഠിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ വീണ്ടും തുടർന്നുകൊണ്ടിരിക്കുന്നു. ഈ യഥാർഥ ശിഷ്യനെ അംഗീകരിച്ചവർ തങ്ങളുടെ ഇബാദത്തുകളെയും തങ്ങളുടെ പ്രവർത്തനങ്ങളെയും തിരുനബി (സ) യുടെ മാതൃകയനുസരിച്ച് പിൻതുടരാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അവർ ഇസ്ലാമിക അധ്യാപനങ്ങളെ തങ്ങളിൽ നടപ്പിൽ വരുത്താൻ ശ്രമിക്കുന്നു.

ഇതുകണ്ട് അഹ്മദിയ്യത്തിന്റെ എതിരാളികൾ പോലും ഇപ്രകാരം പറയാൻ നിർബന്ധിതരായി. ഇസ്ലാമിന്റെ ജീവിച്ചിരിപ്പുള്ള മാതൃക ദർശിക്കേണമെങ്കിൽ ഇവരെ നോക്കുക.

നമ്മുടെ മുതിർന്നവർ സ്ഥാപിച്ച ഉത്തമ സ്ഥാനമാണിത്. അവർ ഇതുമുഖേന എതിരാളികളുടെ വായ അടപ്പിക്കുക മാത്രമല്ല ചെയ്തത്. മറിച്ച് ഇസ്ലാമിന്റെ ജീവിത മാതൃക അഹ്മദിയ്യാ ജമാഅത്തിന്റെ അംഗങ്ങളിൽ കാണുക എന്ന് ഏറ്റുപറയിപ്പിക്കുകയും ചെയ്തു. ഇന്നും നമ്മുടെ മുമ്പിലുള്ള വലിയ ലക്ഷ്യം ഇതാണ്. ഇത് മുമ്പിൽ വെച്ചുകൊണ്ട് ലോകത്തിന്റെ നാവിന് നാം തടയിടണം. സൽപ്രവൃത്തികളിലൂടെ ലോകത്തിന് ഇസ്ലാമിന്റെ മനോഹരങ്ങളായ അധ്യാപനങ്ങളിലേക്ക് ആകൃഷ്ഠരാക്കണം. നമ്മുടെ ഇബാദത്തുകളും നമസ്ക്കാരങ്ങളും മുഖേന നമ്മുടെ സുജൂദിന്റെ ഇടം കണ്ണീർ തടമാക്കിമാറ്റി അല്ലാഹുവിന്റെ ഫള്ലുകളെ ആകർഷിപ്പിക്കണം. തങ്ങളോടൊപ്പം സന്താനങ്ങളെയും ഇതിന്റെ കടമകൾ നിറവേറ്റുന്നവരാക്കിമാറ്റി മസ്ജിദുമായി ബന്ധപ്പെടുത്തണം. അങ്ങനെ അല്ലാഹുവിന്റെ പ്രിയനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) യെ പൂർണ്ണമായ രീതിയിൽ പിൻപറ്റിക്കൊണ്ട് അല്ലാഹുവിന്റെ പ്രീതിയെ കരസ്ഥമാക്കി നമ്മുടെ ദുൻയാവും ആഖിറത്തും നേടുന്നവരായി നാം മാറുന്നതാണ്.

അതുകൊണ്ട് ഈ മസ്ജിദിന്റെ നിർമാണത്തോടൊപ്പം ബലഹീനരായവർ തങ്ങളുടെ മാർഗം ക്ലിപ്തപ്പെടുത്തുക. അത് നമ്മുടെ പ്രതിജ്ഞകളെ പാലിക്കുന്ന മാർഗമാണ്. തിരുനബി (സ) യോടുള്ള സ്നേഹത്തെ സത്യപ്പെടുത്തുന്ന മാർഗമാണ്. അല്ലാഹുവിന്റെ പ്രീതിയെ ആകർഷിക്കുന്ന മാർഗമാണ്. ഇതേപോലെ മസ്ജിദുകളിൽ വരുന്നവരും അതിലേക്ക് ശ്രദ്ധിക്കുന്നവരും ഈ കാര്യങ്ങളുടെ ഉന്നത സ്ഥാനങ്ങൾ കരസ്ഥമാക്കുന്നതിനായി തങ്ങളുടെ ഇബാദത്തുകളുടെയും അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിന്റെയും ഉന്നത പദവികൾ കരസ്ഥമാക്കുക.

ഈ മസ്ജിദ് ഇവിടെയുള്ള ജമാഅത്തിൽ വിപ്ലവം ഉണ്ടാക്കുന്നതായിത്തീരേണ്ടതാണ്. പുരുഷന്മാർക്കുള്ള ഈ വലിയ ഹാളിൽ 760 ആളുകൾക്ക് നമസ്ക്കരിക്കാൻ സാധിക്കും. ഇതിനെ എല്ലാ നമസ്ക്കാരത്തിലും നിറക്കാനായി ശ്രമിക്കുക. ഇതേപോലെ 560 സ്ത്രീകൾക്ക് നമസ്ക്കരിക്കാനുള്ള സ്ഥലം ഉണ്ട്. മറ്റു ഹാളുകളിൽ 630 ഉം ആളുകൾക്ക് നിൽക്കാൻ സാധിക്കും. മൊത്തം ഈ മസ്ജിദിൽ ഏകദേശം 2000 ആളുകൾക്ക് നമസ്ക്കരിക്കാൻ സാധിക്കുന്നതാണ്.

ഇവിടെ നമസ്ക്കരിക്കാൻ സാധിക്കും എന്നതിനെ നമസ്ക്കരിക്കുന്നുണ്ട് എന്നാക്കി നിങ്ങൾ മാറ്റണം. അപ്പോൾ മാത്രമേ മസ്ജിദിന്റെ നിർമാണ ലക്ഷ്യവും ആരാധനയോടുള്ള കടമയും നമുക്ക് നിറവേറ്റാൻ സാധിക്കുകയുള്ളൂ. അല്ലാഹു നിങ്ങൾക്ക് ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ. ജമാഅത്ത് ഉൾപ്പെടെ യൂറോപ്പിൽ ഒന്നടങ്കവും മസ്ജിദ് നിർമ്മാണത്തിൽ വലിയ ശ്രദ്ധ തിരിഞ്ഞിട്ടുണ്ട്. എന്നാൽ ഈ മസ്ജിദിന്റെ സൗന്ദര്യം നമസ്ക്കാരക്കാർ മുഖേനയാണ് പ്രകടമാകുന്നത്. 2003 ൽ മസ്ജിദ് ബൈത്തുൽ ഫുത്തൂഹ് ഉദ്ഘാടനം ചെയ്യപ്പെടുകയുണ്ടായി. അതിനുമുമ്പുവരെ മസ്ജിദായിട്ടുള്ളത് ബൈത്തുൽ ഫള്ൽ മാത്രമായിരുന്നു. അതിനുശേഷം 14 പുതിയ പള്ളികൾ നിർമിക്കാൻ അല്ലാഹു ജമാഅത്തിന് തൗഫീഖ്

നൽകി. ഇവയെല്ലാം ശരിക്കും മസ്ജിദുകളാണ്. കഴിഞ്ഞ അഞ്ചെട്ടു വർഷം മുമ്പ് വരെ യൂറോപ്പിൽ 13 മസ്ജിദുകളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ മൊത്തം 57 മസ്ജിദുകളായിട്ടുണ്ട്. 44 പള്ളികളുടെ വർദ്ധനവാണ് യൂറോപ്പിൽ ഉണ്ടായിട്ടുള്ളത്. അതിൽ ജർമനിയിലാണ് ഏറ്റവും കൂടുതലുള്ളത്. എന്നാൽ അതിന്റെയെല്ലാം സൗന്ദര്യം അതിന്റെ നിർമാണവുമായി ബന്ധപ്പെട്ടതല്ല. അതിൽ വരുന്ന നമസ്ക്കാരക്കാർ മുഖേനയാണ്.

അതുകൊണ്ട് യൂറോപ്പ്യൻ നാട്ടിലുള്ള അഹ്മദികളോട് ഇന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നത് നമ്മൾ അഭിമാനംകൊള്ളേണ്ടത് മസ്ജിദ് നിർമിച്ചു എന്നതിലല്ല. ഇതിനെക്കുറിച്ച് തിരുനബി (സ) നേരത്തെ പ്രവചിച്ചിട്ടുള്ളതാണ്. ഒരുകാലം വരും. അന്ന് മസ്ജിദുകൾ നിർമിക്കുന്ന കാര്യത്തിൽ ജനങ്ങൽ അഭിമാനം കൊള്ളും. എന്നാൽ ഈ അഭിമാനം കൊള്ളുന്ന ജോലി തിരുനബി (സ) യുടെ പ്രിയപ്രേമിയുമായി തങ്ങളെ ബന്ധപ്പെടുത്തുന്നവരുടെ പ്രവർത്തിയല്ല. മറ്റുള്ളവർ അഭിമാനിച്ചു കൊള്ളട്ടെ. നാം അഭിമാനം കൊള്ളുന്നത് നമ്മുടെ പള്ളികളുടെ ഹാജർ നില വളരെ വർദ്ധിച്ച് ആ മസ്ജിദുകൾ നമുക്കായി ചെറുതാകുമ്പോഴാണ്. അല്ലാഹു നമുക്ക് ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഞാൻ ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) മുമായി നേരിട്ട് ബന്ധപ്പെട്ടവരിലുണ്ടായിരുന്ന ആരാധനയോടുള്ള താൽപര്യത്തിന്റെയും അവരുടെ നിലവാരത്തിന്റെയും ചില സംഭവങ്ങൾ കേൾപ്പിക്കുന്നതാണ്.

നമസ്ക്കാരത്തിൽ മുഴുകുന്നതുമായി ബന്ധപ്പെട്ട സംഭവം ശ്രദ്ധിക്കുക. അബ്ദുൽ ഗഫ്ഫാർ സാഹിബ് ഡസ്ക്കിവിയുടെ മകൻ ഹദ്റത്ത് ജാൻ മുഹമ്മദ് സാഹിബ് (റ) വിവരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്ത് മഗ്രിബ് നമസ്ക്കാരം മസ്ജിദ് മുബാറക്കിന്റെ ടെറസിൽ നിർവഹിക്കുകയായിരുന്നു. അപ്പോൾ മസ്ജിദ് മുബാറക്കിന്റെ മിഅ്റാബിന്റെ പടിഞ്ഞാറുവശത്ത് നിസാമുദ്ദീൻ സാഹിബിന്റെ വീടിന്റെ മുറ്റത്ത് എട്ടൊമ്പത് ആളുകൾ ഹുക്ക വലിക്കുവാനുള്ള സദസ്സ് സംഘടിപ്പിച്ചിരിക്കുകയുണ്ടായി. ഇവർ ഹദ്റത്ത് മസീഹ് മൗഊദ് (അ) ബന്ധുക്കളാണെങ്കിലും കഠിന എതിരാളികളായിരുന്നു. മതത്തോട് വെറുപ്പായിരുന്നു. അല്ലാഹുവിനെപോലും നിഷേധിക്കുന്നവരാണ്. അവരുടെ ആ സദസ്സിൽ മദ്യവും ഉണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ നമസ്ക്കരിക്കാൻ തുടങ്ങി അല്ലാഹു അക്ബർ എന്ന് ചൊല്ലിയപ്പോൾ തന്നെ അവർ അവിടെനിന്ന് ചെണ്ട കൊട്ടാൻ തുടങ്ങി. ഗായകർ പാട്ടുപാടാനും തുടങ്ങി. നമസ്ക്കാരക്കാരെ ശല്യപ്പെടുത്താനാണ് ഇത് ചെയ്തത്. എന്നാൽ ഞങ്ങൾ നമസ്ക്കാരത്തിൽ പൂർണമായും ലയിച്ചിരുന്നു. അവിടെ എന്താണ് നടക്കുന്നത് എന്ന കാര്യത്തിലേക്ക് ശ്രദ്ധയേ പോയിരുന്നില്ല അവർ വാദ്യമേളങ്ങൾ നടത്തിയെങ്കിലും ഞങ്ങളുടെ ശ്രദ്ധതിരിക്കാൻ അവർക്ക് സാധിച്ചില്ല.

ഹദ്റത്ത് ഹക്കിം അലി സാഹിബ് (റ) ബൈഅത്തിന് ശേഷമുള്ള മാറ്റങ്ങളെ വിവരിച്ച് കൊണ്ട് പറയുന്നു. ഇതിന് ശേഷം സ്നേഹത്തിൽ വളരെയേറെ വർദ്ധനവുണ്ടായി. എല്ലാ മാസവും ഞാൻ ഹുസൂറിന്റെ സമക്ഷം ഹാജറാകുമായിരുന്നു. എന്റെ വീട്ടിന്റെ അടുത്ത് ഒരു കൊച്ചു പള്ളി നിർമ്മിച്ചു. തഹജ്ജുദ് നമസ്ക്കാരത്തിന് ആ മസ്ജിദിൽ പോകുന്നതാണ്. ഇശാഅ് നമസ്ക്കരിച്ചാണ് മസ്ജിദിൽ നിന്ന് തിരിച്ചു വരുന്നത്. 20,22 മണിക്കൂർ ഞാൻ പള്ളിയിൽ കഴിച്ചുകൂട്ടുമായിരുന്നു. നോമ്പെടുക്കും. ഒരുനേരം ഭക്ഷണം കഴിക്കും. എന്നാലും വിശപ്പോ ദാഹമോ ഒന്നും ഇല്ലായിരുന്നു. വിശുദ്ധ ഖുർആൻ പാരായണത്തിലും നമസ്ക്കാരത്തിലും ദുആയിലും ഞാൻ ഈ സമയങ്ങൾ കഴിച്ചുകൂട്ടി. വളരെ സന്തോഷവാനായിരുന്നു ഞാൻ. ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് ഞാൻ ദുആ ചെയ്യുകയും അതിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്താൽ ഉടനെ അതിനുള്ള മറുപടി ലഭിക്കുന്ന അവസ്ഥവരെ എത്തി. ഇതു കാരണം അല്ലാഹുവിനോടും തിരുനബി (സ) യോടും വിശുദ്ധ ഖുർആനോടുമുള്ള സ്നേഹം എനിക്ക് വളരെയധികം വർദ്ധിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) മിൽ എനിക്ക് ആർക്കും ഇളക്കാൻ കഴിയാത്ത സുദൃഢമായ വിശ്വാസം കൈവന്നു.

ഹക്കീം ഫള്ലുറ്റഹ്മാൻ സാഹിബ് തന്റെ പിതാവ് നബി ബക്ശ് സാഹിബിനെക്കുറിച്ച് പറയുന്നു. അദ്ദേഹത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ഒരു പ്രത്യേക സ്നേഹം ഉണ്ടായിരുന്നു. ആരെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സംഭവങ്ങളെക്കുറിച്ച് പറയാൻ അപേക്ഷിച്ചാൽ പറയാറുള്ളത് എന്റെ ഓർമ്മശക്തി അത്ര നന്നല്ല. ഹുസൂറിനെക്കുറിച്ച് പറയുന്ന വല്ല കാര്യവും തെറ്റിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു.

അദ്ദേഹം വില്ലേജ് രജിസ്ട്രാർ ആയിരുന്നു. പരിശോധന നാളുകളിൽ ദിവസം മുഴുവനും അതിൽ വിനിയോഗിക്കേണ്ടി വന്നിരുന്നു. അത്യുഷ്ണ കാലത്ത് പോലും പരിശോധനക്ക് പോകേണ്ടതായിവന്നിരുന്നു. ഇതുകാരണം എന്തുമാത്രം ക്ഷീണം ഉണ്ടാകും എന്ന് ഊഹിക്കാവുന്നതെയുള്ളൂ. എന്നാൽ തഹജ്ജുദിനുവേണ്ടി രാത്രി നിർബന്ധമായും എഴുന്നേൽക്കും. ഞങ്ങളെയും നിർബന്ധിക്കും. റമദാനിൽ കുട്ടികളെയും നിർബന്ധിക്കും. റമളാനിൽ അത്യുഷ്ണകാലത്തും നോമ്പ് കൃത്യമായി അനുഷ്ഠിച്ചിരുന്നു. തണുപ്പ് കാലത്ത് തഹജ്ജുദ് നമസ്ക്കാരത്തിൽ ഖുർആൻ ഉറക്കെ ഓതുകയും കുട്ടികളെ കൂടെ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം ഖുർആന്റെ ഹാഫിസാണ്.

ദീനിൽ നിന്നും അകലുന്ന ഈ നാടുകളിൽ നമ്മുടെ കുട്ടികളിലും അത് സ്വാധീനിക്കുന്നു. അതുകൊണ്ട് ഈ നാടുകൾ ഇക്കാര്യത്തിൽ വളരെകൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ദീനിൽ സ്വയം നിലനിൽക്കുന്നതോടൊപ്പം നമ്മുടെ പദവിയും ഉയർത്തേണ്ടതാണ്. ഇതുകൂടാതെ കുട്ടികളെ നോക്കുകയും അവർക്ക് തർബ്ബിയ്യത്ത് നൽകുകയും ചെയ്യേണ്ടതാണ്.

അർദ്ധ രാത്രിവരെ മുതിർന്നവർ ടി. വി. കണ്ടുകൊണ്ടിരുന്നാൽ, ഇന്റെർനെറ്റിനുമുമ്പിൽ കുത്തിയിരുന്നാൽ, കുട്ടികൾക്ക് എന്ത് തർബിയത്താണ് നമുക്ക് നല്കാൻ കഴിയുക. ഇതു സംബന്ധമായ പല പരാതികളും വരുന്നുണ്ട്.

അതുകൊണ്ട് ഈ നാടുകളിൽ താമസിക്കുന്ന അഹ്മദികൾക്ക് പ്രത്യേകമായും ലോകത്തുള്ള അഹ്മദികൾക്ക് പൊതുവായുള്ള ഒരു വെല്ലുവിളിയാണിത്. കാരണം ശൈത്വാൻ ഇക്കാലത്ത് തന്റെ കുത്സിതശ്രമങ്ങളിൽ വളരെയധികം മുന്നിട്ടിറങ്ങിയിരിക്കുകയാണ്. അതിനെ നമുക്ക് നേരിടേണ്ടിയിരിക്കുന്നു. ഇത് അല്ലാഹുവിന്റെ സഹായമില്ലാതെ സാധ്യമല്ല. അല്ലാഹുവിന്റെ സഹായം ആരാധനയിലൂടെയാണ് കരസ്ഥമാക്കുക.

ശൈഖ് നൂറുദ്ദീൻ സാഹിബ് ബൈഅത്തിന് ശേഷമുള്ള അവസ്ഥ വിവരിച്ചുകൊണ്ട് പറയുന്നു.

കുറച്ചുകാലത്തിന് ശേഷം ഞാൻ അമൃത്സറിൽ വന്നു. അവിടെ ജോലി

ശേഷം പേജ് 40 ൽ

# നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത്: ദിവ്യാനുഗ്രഹത്തിന്റെ ദൈവിക സ്ഥാപനം

മുഹമ്മദ് ഉമർ എച്ച്. എ
(നാസിർ അഅ്ലാ ഖാദിയാൻ)

**ഹ**ദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് അദ്ദേഹത്തിന്റെ വിയോഗാനന്തരം സ്ഥാപിതമായ ഖിലാഫത്ത് അലാ മിൻഹാജിൻ നുബുവ്വത്തിന്റെ സുവർണ കാലഘട്ടം മുപ്പത് വർഷം നിലനിൽക്കുകയുണ്ടായി.

***ഹദ്റത്ത് നബികരീം (സ) ഇപ്രകാരം അരുൾ ചെയ്യുന്നു: എനിക്ക് ശേഷം സ്ഥാപിതമാകുന്ന നുബൂവ്വത്ത് മുപ്പത് വർഷം നിലനിൽക്കുന്നതാണ്. അതിന് ശേഷം രാജത്വത്തിന്റെ കാലമായിരിക്കും. (മുസ്നദ് അഹ്മദ്-വാല്യം.5. പേജ് 220 )***



പ്രസ്തുത പ്രവചനമനുസരിച്ച് റസൂൽ തിരുമേനി(സ)ക്ക് ശേഷം സ്ഥാപിതമായ നുബുവ്വത്തിന്റെ വഴിയിലുള്ള ഖിലാഫത്തുർറാശിദക്ക് ശേഷം ഇസ്‌ലാമിക ഖിലാഫത്തിനു വ്യതിയാനം വന്നു. അദ്ധ്യാത്മിക പ്രഭാവിതരായ ഖുലഫാഉർറാശിദക്ക് ശേഷം ഉമവ്വിയ്യ, അബ്ബാസിയ, ഉസ്മാനിയ്യാ മുതലായ രാജപരമ്പര തുടർന്ന് സ്ഥാപിക്കപ്പെടുകയുണ്ടായി. എന്നാൽ ആധുനികകാലഘട്ടത്തിൽ ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം ക്രി. വ. 1924ൽ തുർക്കി ഭരണാധികാരി അത്താതുർക്ക് കമാൽ പാഷ ഭരണഘടനാപരമായി ഖിലാഫത്ത് റദ്ദാക്കിയതോടെ നാമമാത്രമായ ഈ ഖിലാഫത്തും നശിക്കുകയാണുണ്ടായത്. റസൂൽ തിരുമേനി(സ) യുടെ പ്രവചനമനുസരിച്ച് അപ്പോഴേക്കും നുബൂവ്വത്ത് കൊണ്ടനുഗൃഹീതനായ വാഗ്ദത്ത മസീഹിന്റെ ആഗമനമുണ്ടാകുകയും ഖിലാഫത്ത് അലാ മിൻഹാജിൻ നുബൂവ്വ: സ്ഥാപിതമാവുകയുമുണ്ടായി. അതായത് അദ്ദേഹത്തിന്റെ വിയോഗാനന്തരം സ്ഥാപിതമായ അഹ്മദിയ്യാ ഖിലാഫത്തിലൂടെ ഈ പ്രവചനം പൂർത്തിയായി. റസൂൽ തിരുമേനി (സ) അരുൾ ചെയ്യുന്നു.

***മാകാനത്ത് നുബുവ്വത്തുൻ ഖത്തു ഇല്ലാ തബിഅത്തുഹാ ഖിലാഫത്തുൻ***

ഓരോ നുബുവ്വത്തിനെയും അനുഗമിച്ചു കൊണ്ട് ഖിലാഫത്തുണ്ടാകുന്നു. (കൻസുൽ ഉമ്മാൽ ഹദീസ് നമ്പർ 3224)

അഹ്മദിയ്യാ ഖിലാഫത്ത് *അലാ മിൻഹാജിനുബുവ്വത്ത്* സ്ഥാപിതമാകുന്നതിന് മുമ്പ് ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) താൻ ഉമ്മത്തി നബിയാണെന്ന് വാദിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു:

***നിനക്ക് അല്ലാഹുവിന്റെ പരിശുദ്ധവും പവിത്രവും ദിവ്യവുമായ വെളിപാടു മുഖേന ഞാൻ അവന്റെ ഭാഗത്തു നിന്നും വാഗ്ദത്ത മസീഹും ആന്തരികവും ബാഹ്യവുമായ ഭിന്നതകൾക്കുള്ള വിധികർത്താവുമായി നിയുക്തനായിരിക്കുന്നുവെന്ന് അറിയിക്കപ്പെട്ടിരിക്കുന്നു. (അർബയീൻ- പേ.3)*** വീണ്ടും എഴുതുന്നു: ***എനിക്ക് നബിയെന്ന പദവി നൽകപ്പെട്ടിരിക്കുന്നു. എന്നാൽ ഒരു വശത്ത് ഞാൻ നബിയാണെങ്കിൽ മറുവശത്ത് ഉമ്മത്തി നബിയുമാകുന്നു. (ഹഖീക്കത്തുൽ വഹ്യ്)***

വാഗ്ദത്ത മസീഹ് തുടരുന്നു: ***നമ്മുടെ വാദം നബിയെന്നും റസൂൽ എന്നുമുള്ളതാണ് . വാസ്തവത്തിൽ ഇത് ഒരു വാച്യമായ തർക്ക വിഷയമാണ്. അല്ലാഹു ആരോടാണ് അധികമായി ദിവ്യഭാഷണം നടത്തുകയും അതിൽ അധികമായി പ്രവചനങ്ങൾ ഉണ്ടാവുകയും ചെയ്യുന്നത് ആ ആൾ നബിയെന്നു പറയപ്പെടുന്നു. ഈ നിർവചനം നമ്മിൽ സാധൂകരിക്കപ്പെടുന്നു. നാം നബിയാണെങ്കിലും അത് വിശുദ്ധ ഖുർആനെ ദുർബലപ്പെടുത്തിക്കൊണ്ടുള്ള ന്യായ പ്രമാണത്തോടുകൂടിയ നുബുവ്വത്തല്ല.(ബദർ വാരിക 5-2-1908)*** ഈ വാദഗതിയനുസരിച്ച് ഹദ്റത്ത് മഹ്ദീ മസീഹ് (അ) ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ പ്രതിച്ഛായയിൽ ഉമ്മത്തി നബിയാണ്.

> നുബൂവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് നുബൂവ്വത്തിനെ തുടർന്ന് വരുന്ന ദിത്വീയശക്തി പ്രഭാവമാണ്. ഈ ദിവ്യസത്യത്തിന്റെ സാക്ഷാത്ക്കാരമാണ് അഹ്മദിയ്യാ ജമാഅത്ത്.

ഒരോ നുബുവ്വത്തിന് ശേഷവും ഖിലാഫത്തുണ്ടാകുമെന്ന റസൂൽ തിരുമേനി(സ)യുടെ പ്രവചനമനുസരിച്ച് വാഗ്ദത്ത മഹ്ദി മസീഹിന്റെ വിയോഗ ത്തിന് ശേഷം അല്ലാഹുവിനാൽ സ്ഥാപിതമായതാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്.

ഹദ്റത്ത് വാഗ്ദത്ത മസീഹിന് ശേഷമുണ്ടാകുന്ന ഖിലാഫത്ത് എന്ന ദ്വിതീയ ശക്തി പ്രഭാവത്തെക്കുറിച്ച് ഇപ്രകാരം അരുൾ ചെയ്യുന്നു:

അവൻ രണ്ടു വിധത്തിലുള്ള ശക്തി പ്രഭാവങ്ങൾ വെളിപ്പെടുത്തുന്നു. ഒന്നാമതായി നബിമാരുടെ കൈകളി ലൂടെ തന്റെ ദിവ്യ ശക്തിയുടെ ഹസ്തം പ്രകടമാകുന്നു. രണ്ടാമതായി നബി യുടെ വിയോഗത്തിന് ശേഷം പല പ്രയാസങ്ങളും നേരിടേണ്ടിവരികയും ശത്രുക്കൾ ശക്തിയാർജിക്കുകയും ***ഇപ്പോൾ ഈ പ്രവർത്തനങ്ങൾക്ക് ഭംഗം നേരിടുമെന്ന് കരുതപ്പെടുകയും, ഈ ജമാഅത്ത് നാശമടയുന്ന താണെ ന്ന് ശത്രുക്കൾ പ്രചരിപ്പിക്കുകയും ജമാഅത്തിലുള്ളവർ തന്നെ അങ്കലാപ്പി ലായിത്തീരുകയും അവരുടെ സ്ഥിര ചിത്തതക്ക് ക്ഷതം സംഭവിക്കുമെന്ന് കരുതപ്പെടുകയും പല ഭാഗ്യദോഷി കളും മതപരിത്യാഗത്തിന്റെ വഴികൾ സ്വീകരിക്കുകയും ചെയ്യുന്ന സന്ദർഭ ത്തിൽ അല്ലാഹു രണ്ടാം തവണയായി തന്റെ ശക്തമായ ദിവ്യ ശക്തി വെളിപ്പെടുത്തുകയും ചെയ്യുന്നു. ആപതിച്ചു കൊണ്ടിരിക്കുന്ന ജമാഅ ത്തിനെ പിടിച്ചു നിർത്തുകയും ചെയ്യുന്നു.***

***ചുരുക്കത്തിൽ ആരാണ് അവ സാനം വരെ ക്ഷമകൈകൊള്ളുന്നത് അവർ അല്ലാഹുവിന്റെ ഈ രണ്ട് അദ്ഭുതപ്രതിഭാസങ്ങളും ദർശിക്കുന്നതാണ്. ഹദ്റത്ത് അബൂ ബക്കറി(റ) ന്റെ കാലത്ത് സംഭവിച്ചത് പോലെ ഹദ്റത്ത് റസൂൽ തിരുമേനി (സ)യുടെ വേർപാട് അനവസര ത്തിലുള്ള വേർപാടാണെന്ന് കരുതപ്പെ ടുകയും ധാരാളം ഗ്രാമവാസികളായ ബദവികൾ മുർത്തദുകളാവുകയും സഹാബാക്കൾ വ്യസനാക്രാന്തരായി ഉന്മാദികളെ പോലെ ആയിത്തീരു കയും ചെയ്തപ്പോൾ അല്ലാഹു തആല ഹദ്റത്ത് അബൂബക്കറിനെ എഴുന്നേൽ പ്പിച്ച് രണ്ടാമതും തന്റെ ശക്തി പ്രഭാവത്തിന്റെ മാതൃക കാണിച്ചു. (അൽ വസിയ്യത്ത്.പേ. 6,7)***

വാഗ്ദത്ത മസീഹ് തുടരുന്നു: അത്കൊണ്ട് അല്ലയോ പ്രിയമുള്ളവരേ, എതിരാളികളുടെ നിരർഥകങ്ങളായ രണ്ട് അപവാദങ്ങളെ തകർക്കുന്ന തിനായി അല്ലാഹുവിന്റെ സനാതന നടപടിക്രമമനുസരിച്ച് രണ്ട് വിധത്തിലുള്ള ദിവ്യശക്തി പ്രഭാവങ്ങൾ പ്രകടമാവുന്നു. അതുകൊണ്ട് അല്ലാഹു വിന്റെ ഈ സനാതന നടപടിക്രമത്തെ ഉപേക്ഷിച്ച് കളയുന്നത് സംഭവ്യമല്ല. അതുകൊണ്ട് ഈ രണ്ട് കാര്യങ്ങൾ കൊണ്ട് നിങ്ങൾ കുണ്ഠിതരും മനക്ലേശമുള്ളവരും ആയിത്തീരരുത്. കാരണം നിങ്ങൾ രണ്ടാമത്തെ ദിവ്യശക്തി പ്രഭാവം ദർശിക്കേണ്ടതും അത്യാവശ്യമാകുന്നു. അത് ശ്വാശ്വ തവും അതിന്റെ ശൃംഖല അന്ത്യനാൾ വരെ മുറിഞ്ഞു പോകാത്തതുമാകുന്നു. ഞാൻ പോകാതിരുന്നാൽ ആ ദ്വിതീയ ശക്തി വരുന്നതല്ല. എന്നാൽ ഞാൻ പോയാൽ അല്ലാഹു നിങ്ങൾക്ക് വേണ്ടി ആ ദിതീയ ദിവ്യശക്തി വെളിപ്പെടുത്തു ന്നതാണ്. അത് എന്നെന്നും നിങ്ങളോ ടൊപ്പം ഉണ്ടായിരിക്കും. (അൽ വസിയ്യത്ത്. പേജ് 9)

വാഗ്ദത്ത മസീഹിന്റെ പ്രസ്തുത പ്രസ്താവനയിൽ താഴെ വിവരിക്കുന്ന കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.

1. പ്രഥമ ദിവ്യ ശക്തി പ്രഭാവം എന്നത് കൊണ്ട് നുബുവ്വത്തും ദ്വിതീയ ശക്തി പ്രഭാവം എന്നത് കൊണ്ട് ഖിലാഫത്തും ആണ് ഉദ്ദേശ്യം. അതാണ് സാക്ഷ്യമെന്നോണം ഹദ്റത്ത് അബൂബക്കർ (റ)നെ എടുത്തുദ്ധരിക്കു ന്നത്.

2. വാഗ്ദത്ത മസീഹ് തനിക്ക് ശേഷമുണ്ടാകുന്ന ഖിലാഫത്തിനെ ദ്വിതീയ ദിവ്യശക്തി പ്രകടനമായി ചിത്രീകരിക്കുന്നു.

3. ഈ ദ്വിതീയ ശക്തി പ്രഭാവം താൻ പോയതിനുശേഷമായിരിക്കും (തന്റെ വിയോഗത്തിന്ശേഷം) സംഭവി ക്കുക.

4. പ്രവാചകന്മാർക്ക് ശേഷം തന്റെ ജമാഅത്തിന് കഠിനമായ പരീക്ഷണ ങ്ങളെനേരിടേണ്ടിവരുന്നതാണ്. എന്നാൽ ആവരുടെ ഖലീഫമാരുടെ സാന്നിദ്ധ്യം മൂഖേന ഭയാശങ്കകൾ സമാധാനമായി കലാശിക്കുന്നു. ഈ പ്രതിഭാസം അഹ്മദിയ്യാ ജമാഅത്തിലും ആവർത്തിക്കപ്പെടുന്നതാണ്. പ്രസ്തുത ദൈവീക സുന്നത്തനുസരിച്ച് വാഗ്ദത്ത മസീഹിന്റെ വിയോഗത്തിന് ശേഷം ജമാഅത്തിന് അതികഠിനമായ പരീക്ഷ ണങ്ങളെനേരിടേണ്ടി വന്നുവെങ്കിലും ഖിലാഫത്തിന്റെ സ്ഥാപനം മുഖേന ആ ഭയാനകമായ അവസ്ഥ സമാധാന ത്തിലേക്ക് വഴിമാറുകയുണ്ടായി.

5. അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾ വരെ മുറിഞ്ഞു പോകാത്തതുമാണ് എന്ന വചനം പ്രസ്തുത ദ്വിതീയ ശക്തി അഥവാ ഖിലാഫത്ത് അന്ത്യനാൾ വരെ നില നിൽക്കുന്നതാണെന്ന് മനസ്സിലാക്കു ന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ പ്രസ്തുത പ്രവചനമനുസരിച്ച് 1908 മെയ് 27-ാം തീയതി അദ്ദേഹത്തിന്റെ പ്രഥമ ശിഷ്യനും ആദ്യമായി ബൈഅത്ത് ചെയ്ത മാന്യദേഹവും സർവോപരി ദൈവഭക്തനും പണ്ഡിതനുമായ മൗലാന ഹക്കിം നൂറുദ്ദീ(റ)ന്റെ തൃക്കര ങ്ങളിൽ ജമാഅത്ത് ഒന്നടങ്കം ബൈ അത്ത് ചെയ്തു. ആറു വർഷത്തെ വിജയകരമായ ഖിലാഫത്തിന് ശേഷം അദ്ദേഹം 1914 മാർച്ച് 13-ാം തീയതി ദിവംഗതനാകുകയും പിന്നെ അദ്ദേഹ ത്തെ തുടർന്ന് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് രണ്ടാം ഖലീഫത്തുൽ മസീഹായി തിരഞ്ഞെടു ക്കപ്പെടുകയും ചെയ്തു. 52 വർഷത്തെ അനുഗൃഹീതവും സംഭവ ബഹുല വുമായ ഖിലാഫത്തിന് ശേഷം അദ്ദേഹം 1965 നവംബർ 7-ാം തീയതി വഫാത്തായി . പിറ്റേന്ന് ജമാഅത്ത് സുസംഘടിതമായി ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബിന്റെ കൈയിൽ ബൈഅത്ത് ചെയ്തു.17 വർഷത്തെ വിജയപ്രദമായ ഖിലാഫ ത്തിന് ശേഷം 1982 ജൂൺ 9-ാം തീയതി അദ്ദേഹം ദിവംഗതനാകുകയും അടുത്ത ദിവസം തന്നെ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് ഖലീഫ ത്തുൽ മസീഹ് ആയി സ്ഥാനമേറ്റെടു ക്കുകയും ചെയ്തു. 22 വർഷത്തെ വിപ്ലവാത്മകമായ ഖിലാഫത്തിന് ശേഷം 2003 ഏപ്രിൽ 19-ാം തീയതി അദ്ദേഹം വഫാത്താകുകയും അതിന് ശേഷം-22-ാം തീയതി ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ തൃക്കരങ്ങളിൽ മുഴുവൻ ജമാഅത്തും ബൈഅത്ത് ചെയ്യുകയും ചെയ്തു. അങ്ങനെ ലോകത്തുള്ള 200 രാജ്യ ങ്ങളിലുള്ള കോടിക്കണക്കിന് അഹ്മ ദികൾ ഖിലാഫത്തിന്റെ ശീതളഛാ യയിൽ വീണ്ടും സുസംഘടിതരും സുരക്ഷിതരുമായിതീർന്നു.

ഇന്ന് മുസ്‌ലിംകളിൽ കാണപ്പെടുന്ന അരക്ഷിതാവസ്ഥക്കും അധഃപതനത്തി നും ഭീകരാന്തരീക്ഷത്തിനും യുദ്ധഭീതി ക്കുമുള്ള കാരണം ഖിലാഫത്തിന്റെ അഭാവമാണെന്നും അതിനെ പുനസ്ഥാ

**തങ്ങളെ ആത്മാർഥമായി സ്നേഹി ക്കുന്ന തങ്ങൾക്ക് വേണ്ടി രാത്രി മുഴു വനും ഉറക്കമിളച്ച് പ്രാർഥിച്ചു കൊണ്ടി രിക്കുന്ന ആത്മീയ നേതാവ് തങ്ങളുടെ തലപ്പത്തിരിക്കുന്നുവെന്ന് ബോധമുള്ള അഹ്മദികൾ എത്രമാത്രം ഭാഗ്യവാന്മാരാണ്! അങ്ങനെ ഓരോ അഹ്മദിക്കും താൻ കാലത്തിന്റെ ഖലീഫയുടെ സ്നേഹ വലയത്തിൽ സുരക്ഷിതരാ ണെന്ന സുദൃഢ ബോധം ഉണ്ടാകുന്നു. ഇത്തരമൊരു സുരക്ഷിത ബോധം ഇതര സമുദായങ്ങൾക്കോ സംഘടനകൾക്കോ ഇല്ലതന്നെ**

പിക്കേണ്ടത് മുസൽമാന്മാരുടെ ആവശ്യ മാണെന്നും മത/രാഷ്ട്രീയ പണ്ഡിത ന്മാരും ഉച്ചൈസ്തരം ഉദ്ഘോഷി ക്കുന്നു. ഉദാഹരണമായി മൗലാനാ അബുൽ ഹസൻ നദ്‌വി പറയുന്നു.

*ഇന്ന് മുസ്‌ലിം ലോകത്തിന് ഏറ്റവും അത്യാവശ്യമായി തീർന്നിരിക്കുന്ന ഖിലാഫത്തെന്ന സ്ഥാപനവും അനുഗൃഹീത സംവിധാനവും നഷ്ടപ്പെട്ടിരിക്കുകയാണ്. അതിന്റെ സ്ഥാപനത്തിനായി മുസ്‌ലിംകൾ അങ്ങേയറ്റം ശ്രദ്ധാപൂർവം ശ്രമിച്ചിരുന്നു. അതിന്റെ അഭാവവും നഷ്ടവും ഇന്ന് അവർ വിവിധ രൂപങ്ങളിൽ അനുഭവിച്ചു കൊണ്ടിരിക്കയാണ്. (തഅ്മീറെ ഹയാത്ത്)*

ഖിലാഫത്തിന്റെ അഭാവം നിമിത്തം ഇന്ന് മുസ്‌ലിം സമുദായത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിഹരിക്കാനാവാത്ത പ്രശ്നങ്ങളും രാഷ്ട്രീയവും സാംസ്കാരികവുമായുള്ള അധ:പതനങ്ങളും ദുരിത പൂർണമായ സംഭവ വികാസങ്ങളും മുസ്‌ലിംകളുടെ കണ്ണുകൾ തുറപ്പിക്കാൻ പര്യാപ്തമായവയാണ്. വിശുദ്ധ ഖുർആൻ അരുൾ ചെയ്തത് പോലെ

***അവർക്ക് ഹൃദയമുണ്ട്. (പക്ഷേ അവർ ഗ്രഹിക്കുന്നില്ല. അവർക്ക് കണ്ണുകളുണ്ട് (പക്ഷേ) അവർ അത് കൊണ്ട് കാണുന്നില്ല. അവർക്ക് കാതുകളുണ്ട്. പക്ഷേ അവർ അത്കൊണ്ട് കേൾക്കുന്നില്ല. (7:180)***

ഇപ്പോൾ ലോകത്ത് 200 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായിട്ടുണ്ട്. 70 ഭാഷകളിൽ വിശുദ്ധഖുർആൻ പരിഭാഷപ്പെടുത്തുകയുണ്ടായി. ഈ വർഷം (2012 ൽ) 115 പുതിയ പള്ളികൾ നിർമിക്കപ്പെട്ടു. ഇവ കൂടാതെ 179 മസ്ജിദുകൾ നമസ്കരിക്കുന്നവരോടൊപ്പം അല്ലാഹു ഈ ജമാഅത്തിന് നൽകുകയുണ്ടായി. ഈ വർഷം ലോകത്തെങ്ങും 87 പ്രചാരണ കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇവ കൂടാതെ ലണ്ടൻ ആസ്ഥാനമായി ചൈനീസ് ഡസ്ക്ക്, ബംഗ്ലാ ഡസ്ക്ക്, റഷ്യൻ ഡസ്ക്, ഫ്രഞ്ച് ഡസ്ക്ക്, ടർക്കിഷ് ഡസ്ക്ക്, ഏഷ്യൻ ഡസ്ക്ക്, അറബിക്ക് ഡസ്ക്ക് എന്നീ വകുപ്പുകൾ മുഖേന ലോകത്തെങ്ങും പ്രചാരണ ശിക്ഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. MTA ഇന്റർനാഷണൽ, ഹ്യൂമാനിറ്റി ഫസ്റ്റ്, അഹ്മദിയ്യാ ഇന്റർനാഷനൽ ആർക്കിടെക്റ്റ് ആന്റ് എഞ്ചിനിയറിങ്ങ് എന്നീ വകുപ്പുകൾ ആഗോളാടിസ്ഥാനത്തിൽ പ്രവർത്തനനിരതമാണ്. തങ്ങളുടെ ജീവിതം വഖഫ് ചെയ്ത വാഖിഫിനെ നൗ 87 രാജ്യങ്ങളിൽ 41, 220 ആയി വർദ്ധിച്ചിരി ക്കുന്നു. (അൽ ഫസൽ 24.9. 2010) അങ്ങനെ ആഗോളാടിസ്ഥാനത്തിൽ ഇസ്‌ലാം മതത്തെ ദൃഢപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ഊർജസ്വലതയോടെ നടന്ന് വരികയാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ സൂറ 56-ാം വചനത്തിൽ ഖിലാഫത്തിന്റെ അതിമഹത്തായ രണ്ട് ദിവ്യാനുഗ്രഹങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു.

**1. അവർക്കായി അവർ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുന്നതാണ്.**

**2. അവരുടെ ഭയത്തിനു ശേഷം പകരമായി അവർക്ക് രക്ഷയും സമാധാനവും നൽകുന്നതാണ്.**

ഈ രണ്ട് ദിവ്യാനുഗ്രഹങ്ങളും അഹ്മദിയ്യാ ഖിലാഫത്ത് മുഖേന ജമാഅത്തിൽ സമ്പൂർണമായ നിലയിൽ കാണപ്പെടുന്നു. ഇതിന്റെ വിശദീകരണത്തിന് ഇപ്പോൾ മുതിരുന്നില്ല.

ഇന്ന് ലോകത്ത് 200 രാഷ്ട്രങ്ങളിൽ പതിനായിരക്കണക്കിന് ശാഖകളുള്ള അഹ്മദിയ്യാ ജമാഅത്ത് വിവിധ രംഗങ്ങളിൽഅഹോരാത്രം അഭിവൃദ്ധിപ്പെട്ടു കൊണ്ടിരിക്കുകയാണ്.

***അൽ ഫദലു മാ ശഹിദത്ത് ബിഹിൽ അഅ്ദാഉ***

ശത്രുക്കളുടെ സാക്ഷ്യത്തിനാണ് പ്രാധാന്യം എന്ന വാക്യമനുസരിച്ച്, അഹ്മദിയ്യാ ജമാത്തിന്റെ ശത്രു നിരകളിൽ പ്രധാനികളായ ജമാഅത്തെ ഇസ്‌ലാമിയുടെ ബോധനം മാസിക 16. 7. 1994 ൽ എഴുതുന്നു. അമേരിക്കയിൽ ഖാദിയാനി പ്രസ്ഥാനത്തിന്ന് ശക്തമായ വേരുകളുണ്ട്. ന്യൂയോർക്കിലും, വാഷിങ്ങ്ടണിലും സാൻഫ്രാൻസിസ്ക്കോവിലും അത്യാധുനികമായ സൗകര്യങ്ങളോട് കൂടിയ കേന്ദ്രങ്ങളുണ്ട്. ആസൂത്രിത പദ്ധതികളും കണക്കില്ലാത്ത ആസ്തിയുമാണത്രേ ഖാദിയാനി പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നത്. യൂറോപ്പ്, ആഫ്രിക്ക തുടങ്ങിയ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പരന്നു കിടക്കുന്ന ഖാദിയാനികൾ 14 മില്യനോളം വരുമത്രേ അവരുടെ ജനസംഖ്യ. ഘാന, നൈജീരിയ, ഐവറി കോസ്റ്റ്, ലൈബീരിയ, ദക്ഷിണാഫ്രിക്ക, എന്നിവിടങ്ങളിലൊക്കെ ഖാദിയാനികളുടെ സാന്നിദ്ധ്യം വളരെ പ്രകടമാണ്.

തന്റെ അസ്തിത്വം മുഴുവൻ ജമാഅത്തിന് വേണ്ടി സമർപ്പിച്ച് കാരുണ്യത്താൽ തുടിച്ചു കൊണ്ടിരിക്കുന്ന ഹൃദയമുള്ള ഒരു ഖലീഫ ഖിലാഫത്തിനുണ്ടായിരിക്കും എന്നത് ഖിലാഫത്ത് സംവിധാനത്തിന്റെ നിരവധി ദിവ്യാനുഗ്രഹങ്ങളിലൊന്നാണ്. ഓരോ അഹ്മദിയും ഖിലാഫത്തെന്ന സുശക്തമായ കോട്ടക്കകത്ത് താൻ സുരക്ഷിതമാണെന്ന് ബോധമുള്ളവനാണ്. ഖലീഫയുടെ പ്രാർഥനയുടെ അനുഗ്രഹം അവന് എപ്പോഴും ലഭ്യമാണ്. ഒരു അഹ്മദിയുടെ ദുഃഖങ്ങളും ദുരിതങ്ങളും ഖലീഫയുടെ പ്രാർഥനയിലും സാന്ത്വനത്തിലും അലിഞ്ഞില്ലാതാവുന്നു. ഒരു സംഭവം ഇവിടെ ഉദ്ധരിക്കാം

*ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഒരു സഹാബി ചൗധരി ഹാക്കിം ദീൻ സാഹിബിന്റെ ഭാര്യക്ക് പ്രസവവേദന യുണ്ടായി. അദ്ദേഹം രാത്രി 11 മണിക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ഭവനത്തിൽ ചെന്ന് വിവരം പറഞ്ഞു പ്രാർഥനക്കപേക്ഷിച്ചു. അദ്ദേഹം ഒരു കാരക്ക കൊണ്ടുവന്ന് അതിൽ ദുആ ചെയ്തു ഊതി ചൗധരി സാഹിബിന് കൊടുത്തു. ഇത് ഭാര്യക്ക് കൊടുക്കാൻ പറഞ്ഞു പ്രസവം കഴിഞ്ഞ് ഉടനെ വിവരമറിയിക്കണമെന്നും നിർദേശിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ തന്നെ സുഖപ്രസവം നടന്നു. എന്നാൽ രാത്രി കുറേകഴിഞ്ഞതിനാൽ ഹുസൂറിനെ വിളിച്ച് ബുദ്ധിമുട്ടിക്കേണ്ടെന്ന് ചൗധരി സാഹിബ് കരുതി, കിടന്നുറങ്ങി. പിറ്റേന്ന്*

*കാലത്ത് ഹുസൂറിനെ വിവരമറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. കുട്ടി ജനിച്ചതിന് ശേഷം താങ്കളും ഭാര്യയും സുഖമായി കിടന്നുറങ്ങി. തക്ക സമയത്ത് എന്നെയും അറിയിച്ചിരുന്നുവെങ്കിൽ എനിക്കും കിടന്നുറങ്ങാമായിരുന്നു, എന്നാൽ ഞാൻ രാത്രിമുഴുവൻ നിങ്ങളുടെ ഭാര്യക്ക് വേണ്ടി ദുആ ചെയ്തു കൊണ്ടിരുന്നു. ചൗധരി ഹാക്കിം ദിൻ സാഹിബ് ഈ സംഭവം വിവരിച്ചു ക്കൊണ്ട് പൊട്ടിക്കരഞ്ഞു. എവിടെ ഒരു സാധാരണ പരിചാരകനായ ഞാൻ? എവിടെ മഹാനായ നൂറുദ്ദീൻ? (അസ്ഹാബെ അഹ്മദ്.പേ. 71,72)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ അരുൾ ചെയ്യുന്നു: ***സഹോദരന്മാർക്ക് വേണ്ടി എന്റെ ഹൃദയത്തിന്റെ അഗാധതയിൽ ഉള്ള സ്നേഹവും അനുകമ്പയും ഒരു പിതാവിനും തന്റെ മക്കളോടോ ഒരു മകനും തന്റെ പിതാവിനോടോ ഇല്ലാത്ത രീതിയിൽ ഉള്ളതാണ്. (സവാനിഹ് ഫദ്‌ലെ ഉമർ വാല്യം 5. പേജ് 468)***

വീണ്ടും അദ്ദേഹം അരുൾ ചെയ്യുന്നു: *നിങ്ങൾക്കായി ഒരു വ്യക്തി നിങ്ങളുടെ വേദനകൾ ഉൾക്കൊള്ളുന്ന നിങ്ങളോടുള്ളസ്നേഹം വെച്ചു പുലർത്തുന്ന നിങ്ങളുടെ ദു:ഖത്തെ സ്വന്തം ദുഖമായിക്കരുതുന്ന നിങ്ങളുടെ വിഷമത്തെ തന്റെ വിഷമമായിക്കരുതുന്ന നിങ്ങൾക്കായി എന്നെന്നും അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദുആചെയ്തു കൊണ്ടിരിക്കുന്ന ഒരു വ്യക്തിയുണ്ട്. എന്നാൽ അന്യർക്ക് ഇതില്ല. നിങ്ങൾക്കായി ആ വ്യക്തി രാത്രിയുടെ ഏകാന്തതയിൽ ഹൃദയം തുടിച്ച് പ്രാർഥിക്കുകയും ചെയ്യുന്നു. എന്നാൽ അവർക്ക് ആരും തന്നെയില്ല. ആരുടെയെങ്കിലും ബന്ധുവിന് അസുഖമുണ്ടായാൽ ആ ആൾക്ക് മനസ്സമാധാനമുണ്ടാകുന്നില്ല. എന്നാൽ ആയിരക്കണക്കിനും ലക്ഷക്കണക്കിനും രോഗികളുള്ള ഒരു മനുഷ്യന്റെ അവസ്ഥയെക്കുറിച്ച് നിങ്ങൾക്ക് അനുമാനിക്കുവാൻ സാധിക്കുമോ? (അൻവാറുൽ ഉലൂം- വാള്യം . 2.േ പ്.156)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അരുൾ ചെയ്യുന്നു: ഞാൻ നിങ്ങളിൽ നിന്നുള്ള നിങ്ങളെപോലെയുള്ള ഒരു മനുഷ്യൻ ആണെന്ന് നിങ്ങൾക്ക് അനുമാനിക്കാൻ കൂടി സാധിക്കാത്ത വണ്ണം നിങ്ങളിൽ നിന്നുള്ള ഓരോ ആൾക്ക് വേണ്ടിയും ജമാഅത്തിലെ ഒരോ അംഗങ്ങൾക്ക് വേണ്ടിയും എന്റെ ഹൃദയത്തിൽ അല്ലാഹു സ്നേഹം അങ്കുരിപ്പിച്ചു തന്നിട്ടുണ്ട്. ചിലപ്പോൾ സുജൂദിൽ ഇപ്രകാരം ഞാൻ ദുആ ചെയ്യാറുണ്ട്. അല്ലാഹുവേ, എനിക്ക് ദുആക്ക് വേണ്ടി കത്തെഴുതാൻ ആഗ്രഹിക്കുകയും എന്നാൽ ആലസ്യം നിമിത്തം എഴുതാൻ സാധിക്കാതെ വരികയും ചെയ്യുന്നവരുടെ ഉദ്ദേശങ്ങൾ സഫലീകരിച്ച് കൊടുക്കേണമേ. അല്ലാഹുവേ ആരാണ് ദുആക്ക് വേണ്ടി എനിക്ക് കത്തെഴുതാത്തത്, കത്തെഴുതണമെന്ന ചിന്തഇല്ലാത്തത് അവർക്ക് വല്ല വിഷമ വും നേരിടുകയാണെങ്കിൽ അത് ദൂരപ്പെടുത്തിക്കൊടുക്കേണമേ! നീ അവരുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കേണമേ!

വീണ്ടും അദ്ദേഹം പറയുന്നു: *ലൗകികമായ നിലയിൽ വ്യക്തിപരമായി സഹോദരന്മാർക്കുണ്ടാകുന്ന വേദനകൾ എന്റെ നെഞ്ചകത്ത് ഒന്നായി ചേർന്നിരി ക്കയാണ്. രാത്രിമുഴുവൻ ഒരു നിമിഷം പോലും ഉറങ്ങാതെ നിങ്ങൾക്കായി ഹൃദയംനൊന്തു ദുആ ചെയ്തു കൊണ്ടി രിക്കുന്ന പല രാത്രികളും എനിക്കു ണ്ടായിരുന്നു. (അൽ ഫസൽ, റബ്വ: 12. 12. 1966)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ പറയുന്നു: *നിങ്ങളിൽ നിന്ന് ഒരിക്കലും ഹൃദയ വേദനയുണ്ടാക്കുന്ന ഒന്നും തന്നെ എനിക്കെഴുതാതിരിക്കട്ടെ. ഖിലാഫത്തിന്റെ യാഥാർഥ്യം തന്നെ ഇതാകുന്നു. ഒരു ഖലീഫയുടെ ഹൃദയത്തിൽ മുഴുവൻ ജമാ അത്തിന്റെയും ഹൃദയങ്ങൾ തുടിച്ച്കൊണ്ടിരിക്കുന്നു. ഇതേപ്രകാരം മുഴുവൻ ജമാഅത്തിന്റേയും സന്തോഷം ആ ഹൃദയത്തിൽ ഒന്നായി ചേരുന്നു. എനിക്ക് എപ്പോഴും നിങ്ങളെക്കുറിച്ചുള്ള സന്തോഷവാർത്തകൾ മാത്രം ലഭിക്കുമാറാകട്ടെ. നിങ്ങളിൽ ഒരു വിഷമവും ഉണ്ടാവാതിരിക്കട്ടെ. കാരണം നിങ്ങളുടെ വിഷമം എന്റെ വിഷമമാണ്. (മശ്അലെ റാഹ്. വാ. 3 .പേജ്. 687)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ പറയുന്നു: *ഞാൻ വളരെ പ്രിയത്തോടുകൂടി അറിയിക്കുകയാണ്. എനിക്കും ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ജമാഅത്തിനോട് വളരെയധികം സ്നേഹമുണ്ട്.(ഖുത്ബാത്തെ മസ്റൂർ വാ 1 പേജ്,22)*

തങ്ങളെ ആത്മാർഥമായി സ്നേഹിക്കുന്ന തങ്ങൾക്ക് വേണ്ടി രാത്രി മുഴുവനും ഉറക്കമിളച്ച് പ്രാർഥിച്ചു കൊണ്ടിരിക്കുന്ന ആത്മീയ നേതാവ് തങ്ങളുടെ തലപ്പത്തിരിക്കുന്നുവെന്ന് ബോധമുള്ള അഹ്മദികൾ എത്രമാത്രം ഭാഗ്യവാന്മാരാണ്! അങ്ങനെ ഓരോ അഹ്മദിക്കും താൻ കാലത്തിന്റെ ഖലീഫയുടെ സ്നേഹ വലയത്തിൽ സുരക്ഷിതരാണെന്ന സുദൃഢ ബോധം ഉണ്ടാകുന്നു. ഇത്തരമൊരു സുരക്ഷിത ബോധം ഇതര സമുദായങ്ങൾക്കോ സംഘടനകൾക്കോ ഇല്ലതന്നെ.

കാലത്തിന്റെ ഖലീഫയോടു ഹാർദമായ ബന്ധത്തിന്റെയും ചെയ്യേണ്ടുന്ന കർത്തവ്യത്തിന്റേയും പ്രാധാന്യത്തെക്കുറിച്ച് ഹദ്റത്ത് റസൂൽ തിരുമേനി (സ) അരുൾ ചെയ്യുന്നു:

***അല്ലാഹുവിന്റെ ഖലീഫയുടെ സാന്നിദ്ധ്യം ഭൂമിയിൽ നിങ്ങൾ കാണുകയാണെങ്കിൽ അദ്ദേഹവുമായി നിങ്ങൾ സുദൃഢബന്ധം പുലർത്തുക. നിങ്ങളുടെ ശരീരം തുണ്ടം തുണ്ടമാക്കപ്പെടുകയാണെങ്കിലുംനിങ്ങളുടെ ധനവും മുതലും കൊള്ളയടിക്കപ്പെടുകയാണെങ്കിലും ശരി. (മുസ്നദ് അഹ്മദ് ഇബ്നു ഹംബൽ- ഹദീസ് നമ്പർ: 22333)***

വിശാസികളുടെ ജമാഅത്തിന്റെ സ്ഥാപനവും ഒരേ കയ്യിൽ അവരുടെ സുസംഘടിതാവസ്ഥയും അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാകുന്നു. ഈ ഏകത്വത്തിൽ ഛിദ്രതയുണ്ടാക്കുകയും അതായത് നിങ്ങൾ ഒരേ കയ്യിൽ ഒന്നിച്ചു ചേരുകയും നിങ്ങൾക്ക് ഒരു അമീർ ഉണ്ടായിരി ക്കുകയും ചെയ്യുന്നൊരവസ്ഥയിൽ നിങ്ങൾ നിങ്ങളുടെ ഏകത്വത്തെ വിച്ഛേദിക്കാൻ ശ്രമിക്കുകയും അങ്ങനെ ജമാഅത്തിൽ ഭിന്നതയുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരു മായി ബന്ധം വെക്കാതിരിക്കുക. അവരുടെ വാക്കുകൾ മറക്കാതിരി ക്കുക (മുസ്ലിം-കിതാബുൽ ഇമാറത്ത്).

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ പറയുന്നു: അല്ലാഹു നിങ്ങൾക്ക് ഖിലാഫത്തെന്ന ദിവ്യാനുഗ്രഹം തന്നരുളിയ മാർഗമാണിത്. ഈ ദൈവിക പാശത്തെ മുറുകെപ്പിടിക്കുക. ഏകത്വവും സംഘടനാ ഭാവവും നിലനിർത്തുന്നതിനായും വിജയപ്രാപ്തിക്കും ഖിലാഫത്തുമായി പരിപൂർണ ബന്ധം വെച്ചു പുലർത്തുക. തലമുറ തലമുറയായി തങ്ങളുടെ സന്തതികളെയും ഈ മഹത്തായ ദിവ്യാനുഗ്രഹവുമായി ബന്ധപ്പെട്ടു കൊണ്ടിരിക്കുവാൻ ബോധവൽക്കരിച്ചു കൊണ്ടിരിക്കുക (മശ്അലെ റാഹ് വാ.5 പേ. 32, 33)

അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ



# ഇസ്‌ലാമും ജുഡീഷ്യറിയും

സർമുഹമ്മദ് സഫറുല്ലാഹ്ഖാൻ
(മുൻ പ്രസിഡന്റ്, ഇന്റർനാഷനൽ കോർട്ട് ഓഫ് ജസ്റ്റിസ്, ദിഹേഗ്)

നന്മക്കുള്ള പ്രതിഫലം അതിനാധാരമായ കർമത്തെക്കാൾ കുറയാൻ പാടില്ല. പ്രതിഫലം കവിയുന്നത് നല്ലതുമാണ്. എന്നാൽ കുറ്റത്തിനുള്ള ശിക്ഷ ഒരു വിധത്തിലും കവിയാൻ പാടില്ല. പൊറുത്തു കൊടുക്കലാണ് ഗുണകരമെങ്കിൽ പൊറുത്തു കൊടുക്കുക. ഇസ്‌ലാമിക നീതിശാസ്ത്രത്തിന്റെ മൂലതത്വം ഇതാകുന്നു.

**നീ**തിയുടെ വിശാലമായ നിർവചനം ഓരോരുത്തനും അവന്റെ അവകാശം നൽകുക എന്നതാകുന്നു. എന്നാൽ, നീതിയുടെ നിർവചനത്തെ സംബന്ധിച്ചിടത്തോളം ഇസ്‌ലാം കുറേക്കൂടി മുന്നോട്ടു പോകുന്നുണ്ട്. നന്മയ്ക്കുള്ള പ്രതിഫലം ഒരാൾ ആർജിച്ചതിനേക്കാൾ ഒരു വിധത്തിലും കുറഞ്ഞതായിരിക്കാൻ പാടില്ലെന്നും നേരെമറിച്ച്, ഒരു തിന്മയ്ക്കുള്ള ശിക്ഷ, ചെയ്ത കുറ്റത്തിനും കവിഞ്ഞതായിരിക്കരുതെന്നും ഉള്ളത് നീതിന്യായത്തിന്റെ ശരിയായ മാനദണ്ഡമായിരിക്കണമെന്ന് ഇസ്‌ലാം സിദ്ധാന്തിക്കുന്നു. ഈ തത്ത്വങ്ങളിൽ ഏതെങ്കിലും ഒന്നിൽ ലംഘനമുണ്ടായാൽ അത് അനീതിയാകുന്നു.

ഇതിൽ ആദ്യത്തെ ഭാഗം, അതായത് സമ്മാനം അഥവാ പ്രതിഫലം ഒരാൾ സമ്പാദിച്ചതിൽ ഒരു പ്രകാരത്തിലും കുറവായിരിക്കരുത് എന്നത് ശരിയാണെങ്കിലും നീതിയെ സംബന്ധിച്ച ഏറ്റവും കണിശമായ ഒരു ധാരണ നന്മയ്ക്കുള്ള സമ്മാനമോ പ്രതിഫലമോ ഒരാൾ ആർജിച്ചിരിക്കാവുന്നതിലും അധികരിക്കരുതെന്ന് ആവശ്യപ്പെടുന്നു. ഈ പരിധിനിർണയത്തെ ഇസ്‌ലാം സ്വീകരിക്കാൻ തയ്യാറില്ല. നന്മ സ്വയം ഇരട്ടിക്കപ്പെടുന്നു എന്നും അതിന് തിന്മയെ അതിജയിക്കാനും അതിനെ അടിച്ചോടിക്കാനുമുള്ള സവിശേഷശക്തിയുണ്ടെന്നും അതുകൊണ്ട് നന്മ ചലിപ്പിച്ചുവിടുന്ന അനുഗ്രഹത്തിന് അറ്റമില്ലെന്നുമുള്ള സിദ്ധാന്തമാണ് അത് മുന്നോട്ടുവെക്കുന്നത്. ഇക്കാരണത്താൽ സൽകൃത്യങ്ങൾക്കുള്ള സമ്മാനങ്ങൾക്കും പ്രതിഫലങ്ങൾക്കും അതിരുവെക്കുന്നതിന് ഒരു ന്യായീകരണവുമില്ല.

''തീർച്ചയായും സൽക്കർമങ്ങൾ ദുഷ്കർമങ്ങളെ അകറ്റിക്കളയുന്നു.'' (വി. ഖു. 11:115)

ഈ തത്ത്വം ഖുർആൻ മറ്റ് പല സ്ഥലങ്ങളിലും ആവർത്തിച്ചു പറയുന്നുണ്ട്.

''തിന്മയ്ക്കുള്ള സ്വാഭാവികഫലം തത്തുല്യമായ തിന്മയാകുന്നു. എന്നാൽ, വല്ലവനും മാപ്പ് ചെയ്കയും അതുമുഖേന നന്മ വരുത്തുകയും ചെയ്യുന്നതാകയാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. തീർച്ചയായും അവൻ അക്രമികളെ ഇഷ്ടപ്പെടുന്നില്ല'' (42:41)

ഒരു കുറ്റകൃത്യം അഥവാ, ഒരു അക്രമം ചെയ്താൽ അതിനുള്ള ശിക്ഷ അതിന് സമാനമായതായിരിക്കണം എന്നും എന്നാൽ, മാപ്പ് കൊടുക്കുന്നതുകൊണ്ട് ഗുണം വരുമെന്നാണെങ്കിൽ ആ അക്രമം പൊറുക്കപ്പെടേണ്ടതും അഥവാ ശിക്ഷയിൽ ഇളവ് വരുത്താവുന്നതുമാണ് എന്നും ആണ് ഈ വാക്യത്തിൽ നിർദേശിക്കപ്പെട്ടിരിക്കുന്നത്. ഈ തത്ത്വങ്ങളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കപ്പെടുന്നത് തെറ്റാകുന്നു. ചെയ്ത കുറ്റത്തിന് അഥവാ, അക്രമത്തിനു അർഹിക്കുന്നതിലും കഠിനതരമായ ശിക്ഷ നൽകുന്നതും, ഒരു കുറ്റകൃത്യം പൊറുത്തുകൊടുക്കുന്നതുകൊണ്ട് ഗുണംവരികയോ ചെയ്യുമെന്ന സൂചനയില്ലാത്ത സാഹചര്യങ്ങളിൽ പൊറുത്തുകൊടുക്കുകയോ ഇളവ് നൽകുകയോ ചെയ്യുന്നതും രണ്ടും തെറ്റായിരിക്കും.

വീണ്ടും ഖുർആൻ പറയുന്നു: “അല്ലാഹു ആരോടും ഒരിക്കലും ഒരു അണുതൂക്കവും അനീതി പ്രവർത്തിക്കയില്ല. അത് (ഒരാളുടെ കർമം) നല്ലതാണെങ്കിൽ അവൻ അത് ഇരട്ടിയാക്കുകയും തന്റെ പക്കൽനിന്നുള്ള മഹത്തായ പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്.” (4:41)

ഇതേ തത്ത്വംതന്നെ വേറെയും സന്ദർഭങ്ങളിൽ ഖുർആൻ ആവർത്തിച്ചു പറയുന്നു. “നന്മ പ്രവർത്തിക്കുന്നവർക്ക് ഏറ്റവും നല്ല പ്രതിഫലമുണ്ട്. കൂടുതൽ അനുഗ്രഹങ്ങളുമുണ്ട്. അവരുടെ മുഖങ്ങളെ അന്ധകാരമോ അപമാനമോ ആവരണം ചെയ്യുകയില്ല.” (10:27)

''തിന്മകൾ പ്രവർത്തിച്ചവരാരോ അവർക്ക് തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മ കൊണ്ടു തന്നെയായിരിക്കും. അവരെ അപമാനം ആവരണം ചെയ്യുന്നതുമാണ്.” (10:28)

ഒരു കാര്യത്തിന്റെ അന്ധകാരത്തിൽ നിന്നും അപമാനത്തിൽ നിന്നും സംരക്ഷിക്കപ്പെടുന്നതും മറ്റൊരു കാര്യത്തിൽ അപമാനത്തിനു കുറിയാക്കപ്പെടുന്നതും തീർത്തുപറഞ്ഞാൽ പ്രതിഫലത്തിന്റെയോ ശിക്ഷയുടെയോ ഒരു

ഭാഗമല്ല; മറിച്ചു അത്തരം കാര്യങ്ങളിൽ ക്രിയയുടെ സ്വഭാവത്തിൽ നിന്ന് സ്വയം ഉണ്ടായിത്തീരുന്ന അതിന്റെ അനന്തര ഫലം ആകുന്നു. അത് നന്മയുടെയോ തിന്മയുടെയോ ക്രമാനുഗതമായ ഗുണ ഫലമത്രെ.

''ആരെങ്കിലും നന്മചെയ്താൽ അതിന്റെ പത്തിരട്ടി പ്രതിഫലം അവ ന്നുണ്ട്. ആരെങ്കിലും തിന്മ ചെയ്താൽ തത്തുല്യമായ പ്രതിക്രിയയല്ലാതെ അവന് നൽകപ്പെടുകയുമില്ല; അവരോട് അനീതി കാണിക്കപ്പെടുകയുമില്ല." (6:161)

''ആരെങ്കിലും തിന്മ ചെയ്താൽ തൽസമാനമായി മാത്രം അവനു പകരം കിട്ടും; എന്നാൽ ആരെങ്കിലും നന്മ ചെയ്താൽ ആണായാലും പെണ്ണാ യാലും വിശ്വസിച്ചയാളാണെങ്കിൽ അവർ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെ ടും. അവിടെ അവർക്ക് അളവില്ലാതെ നൽകപ്പെടും."

എല്ലാ കഴിവുകളെയും എല്ലാ രംഗ ങ്ങളിലും പരിപൂർണമായി സംയോജി പ്പിക്കുകയും ആസൂത്രിത വികസനം കൈവരുത്തുകയുമാണ് എന്നതിനാൽ, എല്ലാ പ്രവൃത്തികളെയും പെരുമാറ്റങ്ങ ളെയും സംബന്ധിച്ചിടത്തോളം അത് നൽകുന്ന അനുമതികൾ ഭൗതികം മാത്ര മല്ല, ധാർമികവും ആദ്ധ്യാത്മികവും കൂടിയാകുന്നു. ഈ തർക്കവുമായി ബന്ധപ്പെട്ടു മതങ്ങളുടെ മേഖല ഏതാ ണെന്നും നിയമങ്ങളുടെയും രാഷ്ട്രീയ ത്തിന്റെയും മേഖല ഏതാണെന്നും ഉള്ള തർക്കം - മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ മതേതരഭരണ കൂടവും മത രാഷ്ട്രീയ സ്റ്റേറ്റും തമ്മിലുള്ള തർക്കം സംബന്ധിച്ചിടത്തോളം ഇസ്‌ലാം അത്ത രത്തിൽ വേർതിരിക്കുന്നില്ലെന്നത് ശ്രദ്ധേ യമാണെന്ന് പറയേണ്ടിയിരിക്കുന്നു. ഇസ്‌ലാം ഒരു ജീവിതരീതിയാണ്. മനുഷ്യ ജീവിതത്തിലെ എല്ലാ വശങ്ങ ളെയും ക്രമീകരിക്കുന്ന നിയമാവലിയു മത്രെ അത്. ആ വീക്ഷണത്തിൽ കൂടി നോക്കുമ്പോൾ എല്ലാ മതങ്ങളെക്കാളു മേറെ അത് മതനിരപേക്ഷമാണെന്നു പറ യാവുന്നതാണ്. ഇസ്‌ലാമിൽ പൗരോ ഹിത്യം അല്ലെങ്കിൽ ചർച്ച് ഭരണം ഇല്ലെ ന്നത് പൊതുവെ അറിയപ്പെടുന്നതാണ ല്ലോ. അക്കാരണത്താൽ വ്യവസ്ഥാപിത പൗരോഹിത്യത്താൽ നിർവഹിക്കപ്പെ ടേണ്ട വിശുദ്ധചടങ്ങുകളോ ഉപ ചാരകർമങ്ങളോ ഒന്നും അതിലില്ല.

ഇസ്‌ലാമിനുമുമ്പ് അറേബ്യയിൽ നീതിയെ സംബന്ധിച്ച പരിസങ്കൽപം കുടുംബത്തിലും ഗോത്രത്തിനകത്തും ഗോത്രാധിപ ഭരണത്തിനധീനമായിരു ന്നു. ഗോത്രങ്ങൾ തമ്മിലുള്ള കലഹ ങ്ങൾ ഗോത്രീയയുദ്ധങ്ങളിലൂടെയും രക്തപ്പകവച്ചും രൂക്ഷമായി. അപ്പപ്പോൾ കണക്കുതീർക്കുന്ന സമ്പ്രദായമായി രുന്നു നിലനിന്നിരുന്നത്. നിയമങ്ങളു ടെയും അവകാശങ്ങളുടെയും കടമക ളുടെയും ശിക്ഷകളുടെയും അടിസ്ഥാ നത്തിൽ കോടതികളുടെയും ജഡ്ജിമാ രുടെ വിധി തീർപ്പുകളിലൂടെയും തർക്ക ങ്ങൾക്ക് പരിഹാരം കാണുകയെന്ന രീതി അറബികൾക്ക് പരിചിതമായിരുന്നി ല്ല. ഇസ്‌ലാം ഈ പരികൽപന പരിചയി പ്പിക്കയും മുസിംകൾക്ക് അത് നിർബ ന്ധമാക്കുകയും ചെയ്തു.

''എന്നാൽ അങ്ങനെയല്ല, നിന്റെ നാഥനെക്കൊണ്ട് സത്യം! അവർക്കിട യിൽ ഭിന്നിപ്പുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവായി സ്വീകരിക്കു കയും എന്നിട്ട് നീ വിധിച്ച കാര്യത്തെ സംബന്ധിച്ച് അവരുടെ ഹൃദയത്തിൽ യാതൊരുവിധ പ്രയാസവും ഉണ്ടാവാ തിരിക്കുകയും അവർ പരിപൂർണമായി അനുസരണം പുലർത്തുകയും ചെയ്യു ന്നതുവരെ അവർ വിശ്വാസികളാവുക യില്ല." (4:66)

ഈ വചനങ്ങൾ താഴെപറയുന്ന കാര്യങ്ങൾ നടപ്പാക്കുന്നു.

ഒന്ന്, തർക്കങ്ങൾ നീതിപീഠം വഴി തീരുമാനിക്കപ്പെടണം. ഒരു കാര്യത്തിൽ അന്തിമവിധിയിലൂടെ നീതിനിർവഹണ പ്രക്രിയ പൂർത്തീകരിക്കപ്പെട്ടു കഴി ഞ്ഞാൽ, ആ വിധി എന്തുതന്നെയാ യാലും കക്ഷികളിൽ പ്രതിഷേധത്തി ന്റെയോ സംശയത്തിന്റെയോ യാതൊ രടയാളവും അവശേഷിക്കാത്ത വിധം അതു സ്വീകരിക്കപ്പെടേണ്ടതാണ്. ഒടുവി ലായി പൂർണമായും നടപ്പിലാക്കപ്പെടു കയും വേണം.

വിശുദ്ധഖുർആന്റെ ശൈലിയും ഭാ ഷാപ്രയോഗങ്ങളുമായി പരിചയം നേടി യിട്ടില്ലാത്തവർ, ഈ വചനങ്ങൾ നടപ്പാ ക്കുന്നതിനെ വിലക്കുന്നതിൽ അനിഷ്ട പ്പെട്ടേയ്ക്കാം. ഇതൊരിക്കലും ശരിയല്ല. തിരുനബി (സ) നേരിട്ടു സംബോധന ചെയ്യപ്പെട്ടപ്പോൾ എപ്പോഴും തന്നെ ആ കൽപനകളും നിർദേശങ്ങളും നിർബ ന്ധങ്ങളുമെല്ലാം ഓരോ വിശ്വാ സിയ്ക്കും ബാധകമാംവിധം പൊതു വായി പ്രയോഗപ്പെടുത്താനുള്ളവയായി രുന്നു. തിരുനബി(സ) പുറപ്പെടുവിച്ച വി ധികൾക്ക് ഒരു പ്രത്യേക പരിശുദ്ധത കൽപിക്കേണ്ടതിനുള്ള യാതൊരു സൂച നയും നൽകപ്പെട്ടിട്ടില്ല. ഇക്കാര്യം തിരു നബി (സ) തന്നെയും വ്യക്തമാക്കിത്ത ന്നിട്ടുമുണ്ട്. തർക്കങ്ങളിൽ താൻ സത്യം കണ്ടെത്താൻ ശ്രമിക്കുന്നത് കക്ഷികൾ തന്റെ മുമ്പിൽ സമർപ്പിക്കുന്ന കേസ്സിന്റെ നില അടിസ്ഥാനമാക്കിയാ ണ്. തനിയ്ക്ക് തെറ്റുപറ്റാവുന്നതും ഒരു കക്ഷിയ്ക്ക് യഥാർഥത്തിൽ അവകാശ പ്പെട്ടുകൂടാത്തത് വിധിച്ചു എന്നു വരാ വുന്നതുമാണ്. അങ്ങനെ വന്നാൽ, യ ഥാർഥത്തിൽ തനിയ്ക്കവകാശപ്പെടാത്ത തിനെ പ്രസ്തുത വിധിപ്രകാരം സ്വന്ത മാക്കുകയോ വീണ്ടെടുക്കുകയോ ചെയ്യുന്ന ഒരാൾ അവന്റെയോ അവളു ടെയോ അല്ലാത്ത ഒന്ന് അന്യായമായി സ്വായത്തമാക്കിയിട്ടുള്ളതിന് കുറ്റവാളി യായിത്തീരുന്നതാണ്.

തർക്കങ്ങൾ ജൂഡീഷ്യൽ പ്രക്രിയയി ലൂടെ പരിഹാരം കാണേണ്ടതാണെന്നും അന്തിമവിധിതീർപ്പിന് പൂർണമായും വഴ ങ്ങുകയും വേണമെന്നും ഈ വാക്യത്തി ലൂടെ ഖുർആൻ നിർബന്ധിക്കുന്നു. വിധി നടപ്പാക്കുന്ന കാര്യത്തിൽ യാതൊരു പ്രതിഷേധവും നിഷേധഭാ വവും അവശേഷിക്കാത്ത തരത്തിൽ ആ വിധിതീർപ്പിനോട് മാനസികമായി പൊരുത്തപ്പെടുകയും വേണമെന്നും ഖുർആൻ അനുശാസിക്കുന്നു.

ജഡ്ജിമാർ തങ്ങളുടെ കടമകൾ നി ഷ്പക്ഷമായി പാലിക്കേണ്ടതാണെന്ന് ഖുർആൻ കൽപിക്കുന്നു.

"നിശ്ചയമായും അല്ലാഹു അമാന ത്തുകൾ (സൂക്ഷിപ്പുമുതൽ) അവയുടെ അവകാശികൾക്ക് ഏല്പ്പിക്കണമെന്ന് നിങ്ങളോട് കല്പിക്കുന്നു. ജനങ്ങൾക്കി ടയിൽ നിങ്ങൾ വിധി കല്പിക്കുമ്പോൾ നീതിപൂർവം നിങ്ങൾ വിധികൽപിക്ക ണം. അല്ലാഹു നിങ്ങളോട് ഉപദേശിക്കു ന്നതെന്തോ അത് ഏറ്റവും ഉത്തമമായ താകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ലപോലെ കാണുന്നവനുമാകുന്നു." (4:59)

നീതി ചെയ്യുക എന്നത് കേവലമായ ഒരു ബാധ്യത ആകുന്നു. തർക്കത്തിലെ കക്ഷികളുടെ കാര്യത്തിൽ അവർ മുസ്‌ലിംകളോ അമുസ്‌ലിംകളോ ആയി രിക്കുന്നതിലോ അഥവാ, അവർ മുസ്‌ലിംകളുമായി സംഘട്ടനത്തിലാ ണെന്നോ സഖ്യത്തിലാണെന്നോ ഉള്ള പരിമിതപ്പെടുത്തലോ മാറ്റിത്തിരിക്കലോ നടത്താൻ പാടില്ലാത്തതാകുന്നു.

ഖുർആൻ പറയുന്നു:

"വിശ്വസിച്ചവരേ, നിങ്ങൾ നീതിയ്ക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹു വിനുവേണ്ടി നിലകൊള്ളുവിൻ. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ.

നിങ്ങൾ നീതിപാലിക്കുക. അത് ദൈവ ഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്." (ഖു. 5:9).

നേരത്തെ ചൂണ്ടിക്കാണിച്ച പ്രകാരം ഇസ്‌ലാം ഒരു ജീവിതരീതിയാകുന്നു. അതോടൊപ്പം അതൊരു നിയമാവലിയുടെയും ചട്ടങ്ങളുടെയും സമുച്ചയവുമാകുന്നു. മനുഷ്യന്റെ പെരുമാറ്റത്തിന്റെ പ്രമാണസൂക്തങ്ങൾ നടപ്പിൽ വരുത്തുന്നതിനും സാക്ഷ്യങ്ങളെ സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനും ഖുർആൻ ശ്രമിക്കുന്ന രീതിയും അവലംബിക്കുന്ന സൂക്ഷ്മതയും താഴെ പറയുന്ന സൂക്തങ്ങളിൽ നിന്നു മനസ്സിലാക്കാം.

വിശ്വസിച്ചവരേ, നിങ്ങൾ ഒരു നിശ്ചിത അവധി നിർണയിച്ചുകൊണ്ട് പരസ്പരം കടമിടപാട് ചെയ്യുന്നതായാൽ അത് നിങ്ങൾ എഴുതി രേഖപ്പെടുത്തുക. നിങ്ങൾക്കിടയിൽ ഒരു എഴുത്തുകാരൻ നീതിപൂർവം അത് എഴുതട്ടെ. ഒരു എഴുത്തുകാരനും എഴുതുന്നതിന് വിസമ്മതം കാട്ടരുത്. കാരണം അല്ലാഹു അയാളെ പഠിപ്പിച്ചിരിക്കുന്നു. അതിനാൽ അയാൾ എഴുതേണ്ടത്തന്നെയാണ്. ബാധ്യതയേറ്റവൻ എഴുതാൻ വാചകം പറഞ്ഞുകൊടുക്കേണ്ടതാണ്. അവൻ തന്റെ നാഥനായ അല്ലാഹുവിനെ ഭയപ്പെട്ടുകൊള്ളട്ടെ. അതിൽ നിന്ന് ഒന്നും തന്നെ അവൻ കുറവ് വരുത്തരുത്. ഇനി ധനത്തിന്റെ ബാധ്യതയുള്ളവൻ മന്ദബുദ്ധിയോ, ബലഹീനനോ അഥവാ പറഞ്ഞു കൊടുത്തു എഴുതിക്കാൻ കഴിവില്ലാത്തവനോ ആണെങ്കിൽ അവന്റെ രക്ഷാകർത്താവ് അവനുവേണ്ടി നീതിപൂർവം വാചകം പറഞ്ഞുകൊടുത്തു എഴുതിക്കേണ്ടതാണ്. നിങ്ങളുടെ പുരുഷന്മാരിൽ നിന്ന് രണ്ടുപേരെ നിങ്ങൾ സാക്ഷിനിർത്തുകയും ചെയ്യുക. എന്നാൽ, ആ രണ്ട് സാക്ഷികൾ പുരുഷന്മാരല്ലെങ്കിൽ സാക്ഷികളായി നിങ്ങൾ തൃപ്തിപ്പെടുന്നവരിൽ നിന്ന് ഒരു പുരുഷനും രണ്ട് സ്ത്രീകളും. അവർ രണ്ട് പേരിൽ ഒരാൾ പിഴച്ചുപോകുമ്പോൾ ഒരുത്തി മറ്റവളെ ഓർമിപ്പിക്കുവാനാണിത്. സാക്ഷികളെ വിളിയ്ക്കുമ്പോൾ അവർ വിസമ്മതിക്കരുത്. അത് (ഇടപാട്) ചെറുതായാലും വലുതായാലും അതിന്റെ അവധി നിർണയിച്ചുകൊണ്ട് എഴുതിവെക്കുന്നതിന് നിങ്ങൾ ഉദാസീനത കാണിക്കുകയുമരുത്. അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും നീതിപൂർവവും സാക്ഷ്യത്തെ ഏറ്റവും ചൊവ്വായ നിലയിൽ നിർത്തുന്നതിനു പര്യാപ്തവും നിങ്ങൾ സംശയിക്കാതിരിക്കാൻ ഏറ്റവും ഉപയുക്തവുമാണിത്. എന്നാൽ, നിങ്ങൾ പരസ്പരം നടത്തുന്ന റൊക്കക്കച്ചവടം ഇതിൽ നിന്ന് ഒഴിവാണ്. അങ്ങനെയാണെങ്കിൽ അത് എഴുതിവെക്കാതിരിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. നിങ്ങൾ അന്യോന്യം ക്രയവിക്രയം ചെയ്യുമ്പോഴും സാക്ഷി നിർത്തുക. എഴുത്തുകാരനെയും സാക്ഷിയെയും വിഷമിപ്പിക്കുകയുമരുത്. നിങ്ങൾ അങ്ങനെ ചെയ്യുന്നപക്ഷം നിങ്ങളിലുണ്ടാകുന്ന അധർമമായിരിക്കും അത്. അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചു തരുന്നു. അല്ലാഹു സർവകാര്യങ്ങളെക്കുറിച്ചും അഭിജ്ഞനാണ്.

"ഇനി നിങ്ങൾ യാത്രയിലായിരിക്കുകയും നിങ്ങൾക്ക് ഒരു എഴുത്തുകാരനെ കിട്ടാതെവരികയും ചെയ്യുന്ന പക്ഷം (കടംകൊടുത്തവന്) കൈവശപ്പണയം നൽകേണ്ടതാണ്. അങ്ങനെ നിങ്ങളിൽ ചിലർ ചിലരെവല്ലതും വിശ്വസിച്ചേൽപിച്ചാൽ വിശ്വസിച്ചേൽപ്പിക്കപ്പെട്ടവൻ അവന്റെ അമാനത്ത് (ആവശ്യപ്പെടുമ്പോൾ) തിരിച്ചുകൊടുക്കട്ടെ. അവൻ തന്റെ നാഥനായ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളട്ടെ. നിങ്ങൾ സാക്ഷ്യം മറച്ചുവെക്കരുത്. ആരെങ്കിലും സാക്ഷ്യം മറച്ചുവെക്കുന്നതായാൽ അവന്റെ ഹൃദയം പാപഗ്രസ്തമാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു നല്ല പോലെ അറിയുന്നവനാണ്."

അല്ലാഹു ഇങ്ങനെയും കല്പിക്കുന്നു. "അനഥാക്കുട്ടിയ്ക്ക് കാര്യ പ്രാപ്തി എത്തുന്നതുവരെ ഏറ്റവും ഉത്തമമായ വിധത്തിലല്ലാതെ അതിന്റെ (ആ കുട്ടിയുടെ) ധനത്തെ നിങ്ങൾ സമീപിക്കരുത്. നിങ്ങൾ അളവും തൂക്കവും നീതിപൂർവം പൂർത്തിയാക്കുക. ഒരാളെയും അയാളുടെ കഴിവിൽപെട്ടതിനല്ലാതെ നാം ഉത്തരവാദിയാക്കുകയില്ല. സംസാരിക്കുമ്പോൾ ആൾ നിങ്ങളുടെ അടുത്ത ബന്ധുവായാൽ പോലും - നീതിപൂർവം സംസാരിക്കുക. അല്ലാഹുവിന്റെ കരാറിനെ നിങ്ങൾ പൂർത്തിയാക്കുക. അല്ലാഹു ഇതിനെ സംബന്ധിച്ചു നിങ്ങളോട് താക്കീതായി അനുശാസിക്കുന്നു. നിങ്ങൾ ഉപദേശം കരസ്ഥമാക്കുന്നതിനുവേണ്ടി." (6:153)

ഈ രണ്ട് സംക്ഷിപ്ത ഖണ്ഡികകളിൽ പലതരത്തിലുള്ള നടപടിക്രമങ്ങളുടെയും സാക്ഷ്യങ്ങളുടെയും നിയമങ്ങളും മറ്റു ചട്ടങ്ങളും അടങ്ങിയിരിക്കുന്നു. ചില സവിശേഷകാര്യങ്ങളൊഴിച്ചാൽ എല്ലാ കരാറുകളും എഴുതി സൂക്ഷിക്കേണ്ടതാണ്.

ബാദ്ധ്യത ഏൽക്കുന്നയാളാണ് കരാർ പറഞ്ഞെഴുതിക്കേണ്ടത്. കക്ഷി അതിന് പ്രാപ്തനല്ലെന്നു വരുന്നപക്ഷം രക്ഷിതാവ് അത് പറഞ്ഞെഴുതിക്കണം. എഴുത്തുകാരനും സാക്ഷികളും അത് നീതിപൂർവം നിർവഹിക്കാൻ കൽപിക്കപ്പെട്ടിരിക്കുന്നു. ആവശ്യപ്പെടുമ്പോൾ സാക്ഷിയായി ഹാജരാകേണ്ടതും സാക്ഷ്യം പറയേണ്ടതുമാകുന്നു.

ഒരു അനാഥസ്വത്തിന്റെ നടത്തിപ്പ് കാര്യത്തിലും മറ്റ് പല നിർദേശങ്ങളും ഖുർആൻ നൽകിയിരിക്കുന്നു. ബന്ധപ്പെട്ട ആൾ, ഒരു ബന്ധു ആണെങ്കിൽ സത്യസന്ധമായും നീതിപൂർവമായും സംസാരിക്കേണ്ട കാര്യം ഊന്നിപ്പറഞ്ഞിരിക്കുന്നു. ഈ ബാധ്യതകൾ നിർവഹിക്കുന്നത് ദൈവവുമായുള്ള കരാർ പൂർത്തിയാക്കലായിട്ടാണ് വിവരിക്കപ്പെട്ടിട്ടുള്ളത്. ഇക്കാര്യത്തിൽ ധാർമിക ബാദ്ധ്യതകൾ ഇവിടെ ഊന്നിപ്പറഞ്ഞിരിക്കുന്നു.

നീതിപീഠത്തിന്റെ പവിത്രതയും അന്തസ്സും ഇസ്‌ലാമിൽ എക്കാലവും പൂർണമായും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ജുഡീഷ്യറിയുടെ പരിപൂർണമായ സ്വാതന്ത്രത തുടക്കം മുതൽക്കേ തന്നെ ഉറപ്പിക്കപ്പെട്ടിരുന്നു. നീതിയുടെ നിലവാരത്തെ ജഡ്ജിമാർ കണിശമായി മുറുകെ പിടിച്ചതിന്റെ എത്രയോ ഉദാഹരണങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഭരണതലത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഭരണത്തലവനായാൽ പോലും അദ്ദേഹം സ്വകാര്യഇടപാടുമായി നീതിസന്നിധിയിൽ ഹാജരാകുകയാണെങ്കിൽ കക്ഷികൾക്കിടയിൽ ഒരു നിലയിലും പക്ഷപാതപരമായ നേരിയൊരു സമീപനംപോലും അരുതെന്നാണ് നിർദേശിക്കപ്പെട്ടിട്ടുള്ളത്.

ഇതെല്ലാം പതിമൂന്ന് ശതവൽസരങ്ങൾക്ക് മുമ്പുതന്നെ രേഖപ്പെട്ടു കിടന്ന നിർദേശങ്ങളാണെന്നും അവ നിഷ്കൃഷ്ടമായും പാലിക്കപ്പെടുകയും നിർവഹിക്കപ്പെടുകയും ചെയ്തിട്ടുണ്ടെന്നും ഓർക്കേണ്ടിയിരിക്കുന്നു. ഇസ്‌ലാം നിർദേശിച്ചിട്ടുള്ള ഈ ഉയർന്ന പരികല്പനകൾ പിൽക്കാലത്ത് അനുവർത്തിക്കപ്പെട്ടില്ലെന്നത് ഖേദകരമാണ്. എന്നാൽ, ഇസ്‌ലാമികമൂല്യങ്ങളെ പുനഃസ്ഥാപിക്കാനുള്ള മുസ്‌ലിംകളുടെ ആർത്തി ഭാവിയെ സംബന്ധിച്ചിടത്തോളം പ്രത്യാശയ്ക്ക് വഴിയൊരുക്കുന്നു എന്നത് എടുത്തുപറയാതെ തരമില്ല.

തൗസീഹെ മറാം-1
(ഉദ്ദേശ്യപ്രകടനം)

# മസീഹിന്റെ പുനരാഗമനം

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

മർയമിന്റെ മകൻ ഹദ്റത്ത് മസീഹ് സ്ഥൂലശരീരത്തോടുകൂടി ആകാശത്തേക്ക് എടുക്കപ്പെട്ടുവെന്നും ഒരു കാലത്ത് ആകാശത്തുനിന്ന് ഇറങ്ങിവരുമെന്നും ഒരളവോളം ഭിന്നാഭിപ്രായത്തോടെയാണെങ്കിലും മുസ്‌ലിംകളും ക്രിസ്ത്യാനികളും വിശ്വസിച്ചു വരുന്നു. ഈ വിശ്വാസം തെറ്റാണെന്ന് എന്റെ ഈ ചെറുഗ്രന്ഥത്തിൽ ഞാനെഴുതിക്കഴിഞ്ഞിരിക്കുന്നു. ഇറങ്ങുമെന്നതിന്റെ ഉദ്ദേശ്യം യഥാർഥത്തിൽ മർയമിന്റെ മകൻ മസീഹിന്റ ഇറക്കമല്ല, പ്രത്യുത ആലങ്കാരികമായ നിലയിൽ ഒരു മസീഹിന്റെ സദൃശൻ വരുമെന്ന സന്ദേശമാണ് നല്കപ്പെട്ടിരിക്കുന്നത്. അതിന്റെ പ്രതീകം അല്ലാഹുവിന്റെ വെളിപാടും അടയാളവുമനുസരിച്ച് **ഈ വിനീതനാണ്**. വ്യക്തമായ ഇൽഹാം മുഖേന സ്ഥാപിതമായിരിക്കുന്ന എന്റെ ഈ സന്ദേശം പ്രസിദ്ധീകരിക്കുന്നതോടെ ഒരുപാട് പേനകൾ എനിക്കെതിരിൽ ഉയരുകയും ആശ്ചര്യജനകവും തീപ്പൊരിഭരിതവുമായ ഒരു ബഹളം പൊതുജനങ്ങളിൽ ഉണ്ടാകുകയും ചെയ്യുമെന്ന് എനിക്കറിയാം. വിഷയം വിസ്തരിച്ചു പറയുന്നതിൽനിന്ന് ഇപ്പോൾ മാറിനില്ക്കാനും ആരോപണങ്ങൾ ഉന്നയിക്കപ്പെടുന്ന നേരത്ത് അതകറ്റാൻവേണ്ടി, ആരോപകരുടെ നിലവിലെ ചിന്താഗതിക്കനുസരിച്ച് വിശദമായ കാരണങ്ങളും തെളിവുകളും സമർപ്പിക്കാനുമാണ് ഞാനുദ്ദേശിച്ചിരുന്നത്. പക്ഷേ, ആ ഉദ്ദേശ്യത്തിൽ ഇങ്ങനെ ഒരുദോഷം ഇപ്പോൾ കാണുന്നു. ഞാനുടനെ അത് എഴുതുന്നില്ലെങ്കിൽ പൊതുജനങ്ങൾ മാത്രമല്ല പ്രത്യുത മുസ്‌ലിംകളിലെ പ്രധാനവ്യക്തികളും -അവരിലെ ചില മൗലവിമാരാണത്- തങ്ങളുടെ ചിന്താകുറവുകൊണ്ട് ഞാൻ പറയുന്ന കാര്യങ്ങൾ തെറ്റാണെന്ന് തെളിയിക്കാൻവേണ്ടി അന്യായമായിട്ട് എഴുന്നേല്ക്കുകയും എന്തായാലും തങ്ങളുടെ വാദത്തിന്റെ പക്ഷംപിടിച്ച് അത് സത്യമാണെന്ന് സ്ഥാപിക്കാനാഗ്രഹിക്കുകയും ചെയ്യും. അതിനാൽ അന്യായക്കാരായി എതിരിൽ എഴുന്നേറ്റു നില്ക്കുക എന്നത് അവർക്ക് ശക്തമായ മറയായിരിക്കും. ഇതിൽനിന്ന് പുറത്തു വരികയും തങ്ങൾ പ്രഖ്യാപിച്ച ഉദ്ദേശ്യത്തിൽനിന്ന് മടങ്ങുകയും ചെയ്യുക അവർക്ക് പ്രയാസകരമെന്നല്ല, അസംഭാവ്യവുമായിരിക്കും. എന്തുകൊണ്ടെന്നാൽ ഏതെങ്കിലും മൗലവി സാക്ഷ്യം വഹിച്ചുകൊണ്ട് ഒരു നിർദേശം പ്രകടിപ്പിക്കുകയും തന്റെ തീരുമാനമായി നിശ്ചയിക്കുകയും ചെയ്തു കഴിഞ്ഞാൽ അതിൽനിന്ന് പിന്മാറുക എന്നത് മരണത്തേക്കാൾ മോശമായി കാണിക്കപ്പെടുന്നതായിട്ടാണ് എപ്പോഴും കണ്ടുവരുന്നത്.

അതുകൊണ്ട് അവർ എതിരിൽവന്ന് മർക്കടമുഷ്ടിയുടെയും പിടിവാശിയുടെയും വിപത്തുകളിൽ അകപ്പെടുന്നതിനു മുമ്പേ ബുദ്ധിമാനും നീതിമാനും സത്യാന്വേഷകനുമായ ഒരാൾക്ക് തൃപ്തിയാകുംവിധം വ്യക്തവും പ്രമാണപരവുമായ നിലയിൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കാമെന്ന് അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ഞാൻ വിചാരിച്ചു. പിന്നീട് എഴുതേണ്ട ആവശ്യം വന്നാൽതന്നെ, അത് ദൈവിക ഗ്രന്ഥങ്ങളിലെ ആലങ്കാരിക പ്രയോഗങ്ങളുടെ ഉദ്ദേശ്യങ്ങളുടേയും സാങ്കേതിക പദപ്രയോഗങ്ങളുടേയും അതീവഗഹനമായ തത്ത്വരഹസ്യങ്ങളുടേയും വ്യാഖ്യാനങ്ങളെ സംബന്ധിച്ച് ഒന്നും അറിയാത്തവരും എന്നല്ല അത് സ്പർശിച്ചിട്ടുപോലുമില്ലാത്തവരുമായ അങ്ങേയറ്റം ശുദ്ധന്മാരും മഠയന്മാരുമായിട്ടുള്ളവർക്കും വിശുദ്ധഖുർആന്റെ ജ്ഞാനം തൊട്ടുതീണ്ടിയിട്ടില്ലാത്തവർക്കും വേണ്ടിയായിരിക്കും എഴുതേണ്ടിവരിക.

ആദ്യം ബൈബിളിന്റേയും നമ്മുടെ ഹദീഥുകളുടേയും ദിവ്യഗ്രന്ഥങ്ങളുടേയും അടിസ്ഥാനത്തിൽ സ്ഥൂല ശരീരത്തോടുകൂടി ഏതെല്ലാം നബിമാരാണ് ആകാശത്തിൽ പോയിട്ടുള്ളതായി സങ്കല്പിക്കപ്പെട്ടിരിക്കുന്നതെന്ന് സ്പഷ്ടമായി എഴുതാനാഗ്രഹിക്കുന്നു. അവർ രണ്ടു നബിമാരാണ്. ഒന്ന് യോഹന്നാൻ. അദ്ദേഹത്തിന്റെ പേര് ഏലിയാവ് എന്നും ഇദ്‌രീസ് എന്നുമുണ്ട്. രണ്ടാമത്തേത് മർയമിന്റെ മകൻ ഈസാ. ഇദ്ദേഹത്തെ ഈസാ എന്നും യേശു എന്നും പറയുന്നുണ്ട്. ഈ രണ്ടു നബിമാരെക്കുറിച്ച് പഴയനിയമത്തിലേയും പുതിയനിയമത്തിലേയും ചില ഏടുകളിൽ, അവർ രണ്ടുപേരും ആകാശത്തേക്ക് ഉയർത്തപ്പെട്ടുവെന്നും ഒരു കാലത്ത് ഭൂമിയിൽ ഇറങ്ങിവരുമെന്നും അവർ ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുമെന്നും വിവരിക്കപ്പെട്ടിരിക്കുന്നു. ഈ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതിന് ഒരളവോളം കൂടിക്കലർന്ന വാക്കുകൾ ഹദീഥുകളിലും കാണാം. പക്ഷേ, ബൈബിളിൽ യോഹന്നാൻ അല്ലെങ്കിൽ ഏലിയാവ് എന്ന പേരിൽ വിളിക്കപ്പെട്ടിരിക്കുന്ന ഹദ്റത്ത് ഇദ്‌രീസിനെ സംബന്ധിച്ച് ഇഞ്ചീലിൽ നല്കിയിട്ടുള്ള വിധി, സകരിയായുടെ മകൻ യഹ്‌യാ ജനിച്ച

തോടുകൂടി അദ്ദേഹത്തിന്റെ ആകാശത്തുനിന്നുള്ള വരവ് സംഭവിച്ചിരിക്കുന്നുവെന്നാണ്. ഹദ്റത്ത് മസീഹ് വ്യക്തമായ വാക്കുകളിൽ പറയുന്നു, "നിങ്ങൾക്ക് പരിഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ വരുവാനുള്ള ഏലിയാവ് അവൻതന്നെ."

അതുകൊണ്ട് നബിയുടെ ഡിപ്പാർട്ടുമെന്റിൽനിന്ന് ആകാശത്തിൽ പോയതും പിന്നൊരു കാലത്ത് വരുവാനുള്ളതുമായ ഒരാൾ അതായത് ഏലിയാവിന്റെ തീരുമാനം വിധിക്കപ്പെട്ടു കഴിഞ്ഞു. വീണ്ടും ഇറങ്ങുമെന്നതിന്റെ യാഥാർഥ്യവും അവസ്ഥയും മനസ്സിലാകുകയും ചെയ്തു. ഇഞ്ചീലിന്റെ വെളിച്ചത്തിൽ എല്ലാ ക്രിസ്ത്യാനികളുടേയും ഐകകണ്ഠ്യേനയുള്ള വിശ്വാസം ആകാശത്തുനിന്ന് ഇറങ്ങുമെന്ന് പ്രതീക്ഷിച്ചിരുന്ന ഏലിയാവ്, ഹദ്റത്ത് മിശിഹായുടെ കാലത്ത് ആകാശത്തുനിന്ന് ഇറങ്ങിവന്നുവെന്നാണ്. എങ്ങനെയെന്നാൽ സകരിയായുടെ വീട്ടിൽ അതേ പ്രകൃതത്തോടും പ്രത്യേകതയോടുംകൂടി ഒരു മകനുണ്ടായി. അവന്റെ പേര് യഹ്യാ എന്നായിരുന്നു.

എന്നാൽ, യഹൂദികൾ ഇന്നും അദ്ദേഹത്തിന്റെ ഇറക്കം പ്രതീക്ഷിച്ചിരിക്കുകയാണ്. ഏലിയാവ് തന്നെ ആകാശത്തുനിന്ന് ഇറങ്ങുമെന്നാണ് അവർ പറയുന്നത്. ആദ്യം ബയ്ത്തുൽ മഖ്ദസിന്റെ മിനാരങ്ങളിൽ അദ്ദേഹം ഇറങ്ങും. പിന്നീട് യഹൂദികൾ സംഘടിച്ച് ഏണിയിലൂടെ അദ്ദേഹത്തെ താഴെ ഇറക്കിക്കൊണ്ടു വരും. ഹദ്റത്ത് മസീഹ് (അ) ഏലിയാവിന്റെ ഇറക്കത്തെ സംബന്ധിച്ച് പറഞ്ഞ വ്യാഖ്യാനം യഹൂദികളോടു പറയുമ്പോൾ പെട്ടെന്ന് കോപാകുലരായി ഹദ്റത്ത് മസീഹിനേയും അപ്രകാരം തന്നെ ഹദ്റത്ത് യഹ്യായേയും അവർ ചീത്ത പറയാൻ തുടങ്ങുന്നു. ആ നബി പറഞ്ഞതിനെ ഒരു മതത്യാഗിയുടെ ചിന്താഗതിയായി കരുതുന്നു. എന്തായാലും ആകാശത്തുനിന്ന് ഇറങ്ങുമെന്നുള്ള പദം വ്യാഖ്യാനം ഉൾക്കൊള്ളുന്നുണ്ട്. മസീഹിന്റെ വ്യാഖ്യാനത്തോടെ അതിന്റെ യാഥാർഥ്യം പ്രകടമായിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ തന്നെ വിവരണത്താൽ ഏലിയാവ് ആകാശത്തുനിന്ന് ഇറങ്ങുമെന്നതിന്റെ പേരിലുള്ള കലഹങ്ങളും പരിഹരിക്കപ്പെട്ടു. ഇറങ്ങുമെന്ന് പറഞ്ഞത്, എങ്ങനെയാണ് ഇറങ്ങുക എന്ന കാര്യവും വ്യക്തമാക്കപ്പെട്ടു.

എന്നാൽ, മസീഹിന്റെ ഇറക്കത്തെ സംബന്ധിച്ച്, ഇപ്പോഴും വളരെ ആവേശത്തോടെയാണ് വിവരിക്കപ്പെടുന്നത്; അദ്ദേഹം മേത്തരവും രാജകീയവും വിലപിടിച്ചതുമായ വസ്ത്രം ധരിച്ച് [1] മലക്കുകളോടൊപ്പം ആകാശത്തുനിന്ന് ഇറങ്ങുമത്രെ! എന്നാൽ, എവിടെയാണ് അദ്ദേഹം ഇറങ്ങുക എന്നതിനെ സംബന്ധിച്ച് ഈ രണ്ടു ജനതകൾക്കും ഏകോപിച്ച അഭിപ്രായമില്ല. ആദരണീയമായ മക്കയിലോ, അതല്ല ലണ്ടനിലെ ഏതെങ്കിലും ക്രിസ്ത്യൻ ദേവാലയത്തിലോ അതല്ല മോസ്കോയിലെ ശാഹി കലീസായിലോ? ക്രിസ്ത്യാനികൾ തങ്ങളുടെ പഴയ വിശ്വാസങ്ങളെ അന്ധമായി അനുകരിക്കുകയില്ലെങ്കിൽ, അവർ മുസ്ലിംകളെ അപേക്ഷിച്ച് മസീഹിന്റെ ഇറക്കം, ഹദ്റത്ത് മസീഹിന്റെ വ്യക്തമായ വാക്കുകളിലുള്ള വിവരണം കൊണ്ട് മനസ്സിലായിക്കഴിഞ്ഞതുപോലെ, അതേ വ്യാഖ്യാനമനുസരിച്ച്തന്നെ ഉണ്ടാകണമെന്ന് അവർക്ക് പെട്ടെന്ന് മനസ്സിലാകുന്നതാണ്. എന്തുകൊണ്ടെന്നാൽ ഒരേയൊരു അവസ്ഥയിലുള്ള രണ്ട് കാര്യങ്ങൾക്ക് രണ്ട് വ്യത്യസ്ത അർഥങ്ങൾ ബാധകമാവുക എന്നത് സംഭാവ്യമല്ല.

ഏലിയാവ് ആകാശത്ത് നിന്നിറങ്ങുമെന്നതിനെ സംബന്ധിച്ചുള്ള ഹദ്റത്ത് മസീഹിന്റെ വ്യാഖ്യാനം യഥാർഥത്തിൽ ശരിയാണെങ്കിൽ, ഹദ്റത്ത് മസീഹിന്റെ ഇറക്കത്തെ സംബന്ധിച്ച കേസ്സിലും -അതാണെങ്കിൽ ആ ആദ്യ കേസ്സിന്റെ തനിപ്പകർപ്പുമാണ്- ആ വ്യാഖ്യാനത്തെ കൈക്കൊള്ളേണ്ടതല്ലേ, എന്ന കാര്യം അഭിപ്രായം പ്രകടിപ്പിക്കുന്നവർക്ക് ചിന്താർഹമായിട്ടുള്ളതാണ്. ഏതൊരു അവസ്ഥയിൽ ഒരു നബി ഈ രഹസ്യത്തിന്റെ യാഥാർഥ്യം പരസ്യമാക്കുകയും പ്രകൃതി നിയമവും അതുതന്നെ ആഗ്രഹിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ ആ വ്യക്തവും നേരുമായ വഴിയെ ഉപേക്ഷിച്ച് കുഴപ്പമുളളതും ആക്ഷേപാർഹവുമായ ഒരു വഴി സ്വന്തമായി വെട്ടിത്തെളിച്ച് ഉണ്ടാക്കിയെടുക്കുക എന്നത് എങ്ങനെയാണ് സ്വീകാര്യമാകുന്നത്? മസീഹിന്റെ വിവരണത്തിന് പൂർണമായ പിന്തുണ ലഭിക്കപ്പെട്ട ജ്ഞാനികളും വിശ്വാസികളുമായവരുടെ ബുദ്ധി മറ്റെവിടേക്കെങ്കിലും തിരിയുമോ? മൂന്നു വർഷങ്ങൾക്കുള്ളിൽ മസീഹ് ആകാശത്തുനിന്നിറങ്ങുമെന്ന പ്രവചനം ഇന്നേക്ക് പത്തു വർഷം മുമ്പേ (ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത് 1891-ലാണെന്ന കാര്യം ഓർക്കുക) ക്രിസ്ത്യാനികൾ ഇംഗ്ളീഷ് പത്രങ്ങൾ മുഖേന പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ഇപ്പോൾ അല്ലാഹു ആ ഇറങ്ങുന്നയാളിന്റെ അടയാളം നല്കിയപ്പോൾ, ഏറ്റവുമാദ്യം അദ്ദേഹത്തെ വിശ്വസിക്കേണ്ടത്, തങ്ങൾചെയ്ത പ്രവചനത്തെ സ്വയം നിഷേധിക്കുന്നവരാകാതിരിക്കാൻവേണ്ടി ക്രിസ്ത്യാനികൾക്ക് നിർബന്ധമാണ്.

ഹദ്റത്ത് മസീഹ് ഉയർത്തപ്പെട്ടതിനുശേഷം സ്വർഗത്തിൽ പ്രവേശിച്ചുവെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ലൂക്കോസിന്റെ സുവിശേഷത്തിൽ ഹദ്റത്ത് മസീഹുതന്നെ ഒരു കള്ളനെ സമാധാനപ്പെടുത്തി പറഞ്ഞു, 'ഇന്നു നീ ഏന്നോടുകൂടെ സ്വർഗത്തിൽ പ്രവേശിക്കും.' (ലൂക്കോസ് 23:43). ചെറിയ പദവിയിലുള്ള ആളാണെങ്കിലും ഒരാൾ സ്വർഗത്തിൽ പ്രവേശിച്ചാൽ പിന്നീട് അതിൽനിന്ന് പുറത്താക്കപ്പെടുകയില്ല എന്നത് ക്രിസ്ത്യാനികളുടെ ഏകോപിച്ച വിശ്വാസമാണ്. ഇതേ വിശ്വാസംതന്നെയാണ് മുസ്ലിംകളുടേതും. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **വമാഹും മിൻഹാ ബിമുഖ്റജീൻ** (15:49) അതായത് സ്വർഗത്തിൽ പ്രവേശിക്കപ്പെടുന്നവർ പിന്നീട് അതിൽനിന്ന് പുറത്താക്കപ്പെടുകയില്ല. വിശുദ്ധ ഖുർആനിൽ ഹദ്റത്ത് മസീഹ് സ്വർഗത്തിൽ കടന്നുവെന്ന് വ്യക്തമായിട്ട് പറഞ്ഞിട്ടില്ലെങ്കിലും, അദ്ദേഹം മരിച്ചുപോയിരിക്കുന്നുവെന്ന് മൂന്ന് സ്ഥലത്ത് പറയുന്നുണ്ട്.* പരിശുദ്ധാത്മാക്കൾ മരിക്കുക എന്നതും സ്വർഗത്തിൽ പ്രവേശിക്കുക എന്നതും ഒരേയൊരു വിധിക്ക് വിധേയമായിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ **'ഖീലദ്ഖുലിൽ ജന്നത്ത'** (36:27), **'വദ്ഖുലീ ജന്നത്തീ'** (89:31) എന്നീ ഖുർആൻ വച

[1] ഇടുങ്ങിയതും പറ്റിക്കിടക്കുന്നതുമായ പൈജാമ വരയുള്ള മേത്തരം പട്ടുവസ്ത്രം, മിനുസപ്പട്ട് വസ്ത്രം, കസവുനൂലിന്റെ ചേരുവയോടെ നെയ്തെടുത്ത പട്ടു വസ്ത്രം, കസവുനൂലും പട്ടുനൂലും കൂട്ടിക്കലർത്തി നെയ്ത വസ്ത്രം, സ്വർണ നൂലുകൊണ്ട് നെയ്തെടുത്ത വസ്ത്രം, അല്ലെങ്കിൽ സാധാരണ കോട്ടൻ വസ്ത്രം, ഓയിൽവസ്ത്രം, തൻസേബ്, ഏൻഗ് ചക്കൻ, ഗുൽശൻ, മല്ല്വസ്ത്രം, വലപോലെ ദ്വാരമുള്ള വസ്ത്രം, ഘനംകുറഞ്ഞ മസ്ലിൻവസ്ത്രം, വരകളുള്ള തുണികൊണ്ടുണ്ടാക്കിയ വസ്ത്രം, ചതുരക്കളങ്ങളുള്ള വസ്ത്രം തുടങ്ങിയവപോലെ രോമംകൊണ്ടോ പട്ടുനൂലുകൊണ്ടോ നിർമിച്ചിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊണ്ടായിരിക്കും അദ്ദേഹം ഇറങ്ങിവരിക!! ഇത് ആകാശത്ത് ആരാണ് നെയ്തത്? ആരാണ് തുന്നിയത്? എന്നതിനെ സംബന്ധിച്ച് മുസ്ലിംകളിൽനിന്നോ ക്രിസ്ത്യാനികളിൽനിന്നോ ഇതുവരെ ആരും പറഞ്ഞുതന്നിട്ടില്ല.

നങ്ങളനുസരിച്ച് അവർ ഒട്ടുംതാമസി യാതെ സ്വർഗത്തിൽ പ്രവേശിക്കപ്പെടുന്നു. അതായത് ദൈവസാമീപ്യം പ്രാപിച്ച മസീഹിനെപ്പോലുളള ഒരു വ്യക്തി സ്വർഗത്തിൽ പ്രവേശിച്ചതിനു ശേഷം അതിൽനിന്ന് പുറത്താക്കപ്പെടുന്നത് സംഭവ്യമാണോ എന്ന കാര്യം ഇപ്പോൾ ശ്രദ്ധാപൂർവം പരിശോധിച്ചറിയേണ്ടത് മുസ്‌ലിംകളും ക്രിസ്ത്യാനികളുമായ രണ്ടു കൂട്ടരുടേയും നിർബന്ധ കടമയാണ്. അല്ലാഹുവിന്റെ സകല ഗ്രന്ഥങ്ങളിലും ആവർത്തിച്ചാവർത്തിച്ചും സുവ്യക്തമായും വാഗ്ദാനം ചെയ്തിട്ടുളള കാര്യമാണ് സ്വർഗത്തിൽ പ്രവേശിക്കുന്നവൻ പിന്നീട് അതിൽ നിന്ന് പുറത്താക്കപ്പെടുകയില്ല എന്നത്. അപ്പോൾ മസീഹ് വീണ്ടും വരിക എന്നത് അല്ലാഹുവിന്റെ വാഗ്ദാനത്തിന്റെ ലംഘനമായിരിക്കുകയില്ലേ? മഹത്തരവും ഖണ്ഡിതവുമായ അത്തരം വാഗ്ദാനം ലംഘിക്കുക എന്നത് അല്ലാഹുവിന്റെ സകല വാഗ്ദാനങ്ങളുടേയുംമേൽ ഒരു ശക്തമായ കോളിളക്കം സൃഷ്ടിക്കുകയില്ലേ? അത്തരം വിശ്വാസം വെച്ചുപുലർത്തുന്നത് മസീഹിന്റെമേൽ അന്യായമായിട്ട് മുസീബത്ത് വലിച്ചുവെക്കുമെന്ന് മാത്രമല്ല ഈ നിരർഥകമായ കാര്യങ്ങളാൽ അല്ലാഹുവിന്റെ മഹിമാവിലാസത്തിന് ഇടിവു തട്ടുകയും അവനോടു കാണിക്കുന്ന അങ്ങേയറ്റത്തെ അപമര്യാദയുമായിരിക്കുമത്.ഒരു നിസ്സാരമായ വിശ്വാസംകൊണ്ട്-മോക്ഷം പ്രാപിക്കാനുളള ഉപമാലങ്കാരത്തിന്റെ വഴി അതിലുണ്ടുതാനും- വലിയ വലിയ മതപരമായ സത്യങ്ങൾ നിങ്ങളുടെ കൈയാൽ മരിച്ചുപോകുന്നതായ ഇക്കാര്യത്തെ അതീവ ശ്രദ്ധയോടും അതിസൂക്ഷ്മതയോടുംകൂടി നോക്കിക്കാണേണ്ടതാണ്. വാസ്തവത്തിൽ ദുഷിച്ച ഈ ഒരു വിശ്വാസത്തിൽ കുഴപ്പങ്ങളോടുകൂടി കൂട്ടംകൂട്ടമായി ആയിരക്കണക്കിന് ദോഷങ്ങൾപറ്റിച്ചേർന്നിരിക്കുകയും എതിരാളികൾക്ക് പരിഹസിക്കാനും അപഹസിക്കാനുമുളള അവസരം കൈവരികയും ചെയ്യുന്നു. ഞാൻ മുമ്പേയും പറഞ്ഞു കഴിഞ്ഞിട്ടുളളതാണ്, ഇത്തരം ദിവ്യാദ്ഭുതങ്ങൾതന്നെയായിരുന്നു മക്കയിലെ നിഷേധികൾ നമ്മുടെ നേതാവും യജമാനനുമായ ഹദ്റത്ത് ഖാത്തമുൽഅമ്പിയാ (സ) യോടു ചോദിച്ചിരുന്നത്. അതായത് തങ്ങൾ കാൺകെ ആകാശത്തു കയറിപ്പോകാനും തങ്ങൾ കാൺകെ ഇറങ്ങി വരാനുംതന്നെ. അവർക്ക് മറുപടി കിട്ടിയത് **'ഖുൽ സുബ്ഹാന റബ്ബീ'** (17:94) അതായത് അത്തരം തുറന്ന നിലയിലുള്ള ദിവ്യദൃഷ്ടാന്തം ഈ പരീക്ഷണാലയത്തിൽ കാണിക്കുകയും അദൃശ്യപരമായ വിശ്വാസത്തിന്റെ യുക്തിയെ ഇല്ലാതാക്കുകയും ചെയ്യുക എന്നതിൽ നിന്ന് അല്ലാഹുവിന്റെ യുക്തിഭദ്രമായ മഹിമാവിലാസം പരിശുദ്ധമാണ്.

ഇനി ഞാൻ ചോദിക്കട്ടെ, നബിമാരിൽ ശ്രേഷ്ഠനായ നബി(സ) തിരുമേനിക്ക് കാണിക്കാൻ പറ്റാത്തതും അല്ലാഹുവിന്റെ നടപടികൾക്ക് പുറത്താണെന്ന് മനസ്സിലാക്കപ്പെടുന്നതുമായ കാര്യം ഹദ്റത്ത് മസീഹിന് കാണിക്കാൻ കഴിയുന്നതെങ്ങനെ? നബി(സ) തിരുമേനിക്ക് ചെയ്യാൻ പറ്റില്ല എന്നു നമ്മൾ കരുതുന്ന ഒരു കാര്യം ഹദ്റത്ത് മസീഹിന് ചെയ്യാൻ കഴിയുമെന്ന് പറയുന്നത് തികഞ്ഞ അപമര്യാദയാണ്. സത്യസന്ധനായ ഒരു മുസൽമാനിൽനിന്ന് അത്തരം അപമര്യാദ ഉണ്ടാകുമോ? ഒരിക്കലുമില്ല. മുകളിൽപറയപ്പെട്ട ഈ ചിന്താഗതി കുറച്ചുകാലമായി മുസ്‌ലിംകളിൽ വ്യാപിച്ചിരിക്കുന്നു എന്ന കാര്യവും വ്യക്തമായും പ്രകടമാണ്. നമ്മുടെ ഗ്രന്ഥങ്ങളിലാണെങ്കിൽ ശരിയായ നിലയിൽ അതിന്റെ അടയാളംപോലുമില്ല. എന്നല്ല ഹദീഥുകളെ തെറ്റായ രീതിയിൽ മനസ്സിലാക്കിയതിന്റെ ഒരു തെറ്റായ ഫലമാണിത്. അതിനോടൊപ്പം ഒരുപാട് അടിക്കുറിപ്പുകളും എഴുതിപ്പിടിപ്പിക്കപ്പെട്ടു. കെട്ടിച്ചമച്ചുണ്ടാക്കിയ അടിസ്ഥാനരഹിതമായ കാര്യങ്ങൾകൊണ്ട് അവ അലങ്കരിക്കപ്പെട്ടു. യഥാർഥ ഉദ്ദേശ്യത്തിലേക്ക് വഴികാട്ടിയാകാവുന്ന എല്ലാ കാര്യങ്ങളും അവഗണിക്കപ്പെടുകയും ചെയ്തു. ഇതിനെ സംബന്ധിച്ച് അങ്ങേയറ്റം സ്പഷ്ടവും വ്യക്തവുമായ ഹദീഥ്, ഇമാം മുഹമ്മദു ഇസ്മായീൽ ബുഖാരി റഹ്മത്തുല്ലാഹി അലയ്ഹി തന്റെ സ്വഹീഹിൽ അബൂഹുറയ്റ (റ) ന്റെ രിവായത്തായി എഴുതിയിട്ടുളളതാണ്. അതിതാണ്, **കയ്ഫ അൻതും ഇദാ നസലബ്നു മർയമ ഫീക്കും വ ഇമാമുക്കും മിൻകും** അതായത് ഇബ്നു മർയം നിങ്ങളിൽ ഇറങ്ങുന്ന ദിവസം നിങ്ങളുടെ അവസ്ഥ എന്തായിരിക്കും. അതാരാണ്? അദ്ദേഹം നിങ്ങളുടെ തന്നെ ഒരു ഇമാമായിരിക്കും. അദ്ദേഹം നിങ്ങളിൽനിന്ന് ജനിക്കുന്നതാണ്. (തൗസീഹ് മറാം, പേജ് 1-11)

-തുടരും)

വിവ: മൗലവി മുഹമ്മദ് ഇസ്മായീൽ

* ഫലമ്മാ തവഫ്ഫയ്ത്തനീ കുൻത അൻതർറഖീബ അലയ്ഹിം (5;118)
വ ഇൻമ്മിൻ അഹ്‌ല ൽ കിതാബി ഇല്ലാ ലയുഅ്മിനന്നബിഹീ ഖബ്ല മൗതിഹീ (4:160)
ഇദ് ഖാലല്ലാഹു യാ ഈസാ ഇന്നീ മുതവഫ്ഫീക്ക വ റാഫിഉക്ക ഇലയ്യ (3:56)

Reaching the Corners of the Earth
MTA INTERNATIONAL
AL ISLAM
The Official Website of Ahmadiyya Muslim Community



# ഇസ്‌ലാം, ഡമോക്രസി, ഖിലാഫത്ത്

നഖാഷ് അഹ്മദ്. യു. എസ്.
& ഷഹ്സാദ് അഹ്മദ്. യു. കെ

ലോകപ്രശസ്തമായ ദ ഇക്കണോമിസ്റ്റ് (The Economist) മാഗസിനിൽ വന്ന ലേഖനത്തോടുള്ള പ്രതികരണം

**ഇ**സ്‌ലാമിന് ഉദാര ജനാധിപത്യവുമായി ചേർന്നു പോകാനാവുമോ? ഒരു ജനാധിപത്യ രാഷ്ട്രീയ ഭരണകൂടം നടത്തിക്കൊണ്ടു പോകാൻ ശരീഅത്ത് നിയമങ്ങൾ ഭരണ നിയമങ്ങളായി മാറ്റാൻ പറ്റുമോ? ഈ അടുത്ത കാലത്ത് ഈ ചോദ്യങ്ങൾ ശക്തമായ തോതിൽ ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പാശ്ചാത്യ ദേശങ്ങളിലുള്ള ജനങ്ങൾ അദ്ഭുതപ്പെടുന്നത് മുസ്‌ലിംകൾക്ക് സഹിഷ്ണുത പുലർത്താനും ഒരു ബഹുസ്വരസമൂഹത്തിൽ ജീവിക്കാനും സാധിക്കുമോ എന്നാണ്. എല്ലാ വിശ്വാസങ്ങളും സ്വാഗതം ചെയ്യപ്പെടുന്ന ഒരു സമൂഹവുമായി സമാധാനപരമായ സഹവർത്തിത്വത്തിൽ കഴിയാൻ ഇസ്‌ലാം മുസ്‌ലിംകളെ അനുവദിക്കുമോ? 'Dreaming of a Caliphate' എന്ന പേരിൽ 2011 സെപ്തംബർ 12ന് പ്രസിദ്ധീകരിച്ച 'ഇക്കണോമിസ്റ്റി'ൽ ലേഖകൻ അഭിപ്രായപ്പെടുന്നത് *'പൂർണ വികസിതമായ ഉദാര ജനാധിപത്യവുമായി* (Full-blown Liberal Democracy) *അനുരഞ്ജനത്തിൽവർത്തിക്കാൻ ഇസ്‌ലാമിന് പ്രയാസകരമാണ് എന്നതിനെ പറ്റി എന്തെങ്കിലും വാദിക്കുക എന്നത് ഒരു ഫാഷനായി തീർന്നിരിക്കുന്നു'* എന്നാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ കുടുതൽ കൂടുതൽ ആളുകൾ വിശ്വസിച്ചു വരുന്നത് ഇസ്‌ലാമിന് അതായത് മുസ്‌ലിംകൾക്ക് സെക്കുലർ അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും ജനാധിപത്യത്തെയും ബഹുസ്വരതയെയും പിന്തുണക്കാൻ സാദ്ധ്യമല്ല എന്നാണ്.

ഇത് ഉത്തരം നൽകപ്പെടേണ്ട ഇസ്‌ലാമിനെതിരെയുള്ള ഗുരുതരമായ ഒരാരോപണമാണ്. ഇക്കണോമിസ്റ്റിലെ കുറിപ്പുകൾ പ്രകാരം ഇസ്‌ലാം സന്ദേഹികൾ (Islamosceptics) ഉന്നയിക്കുന്ന ഒരു ആരോപണം ഇങ്ങനെയാണ്. മുസ്‌ലിംകൾ പുനരുജ്ജീവിപ്പിക്കാനാഗ്രഹിക്കുന്ന കാലിഫേറ്റ് (Caliphate) നിശ്ചയമായും രാഷ്ട്രീയ പശ്ചാത്തലമുള്ളതാണ്. ഒരു ആദർശ ഭരണ മാതൃക എന്ന നിലക്ക് ഇസ്‌ലാമിക ലോകത്ത് ആകെ സ്വാധീനമുള്ള മതരാഷ്ട്രീയ അധികാരത്തിന്റെ ഇരിപ്പിടമായാണ് മുസ്‌ലിംകൾ കാലിഫേറ്റിനെ അഥവാ ഖിലാഫത്തിനെ കാണുന്നത്. അങ്ങനെയാണെങ്കിൽ മതനിരപേക്ഷമായ ജനകീയ ഭരണകൂടത്തെ ഒരു നീക്ക്പോക്ക് എന്നനിലയിലായിരിക്കും മുസ്‌ലിംകൾ എപ്പോഴും കണക്കാക്കുക. അവർക്കുള്ള മറ്റൊരു ആശങ്ക, ഇസ്‌ലാമിലെ ശിക്ഷാനിയമത്തെ പറ്റിയും കുടുംബ നിയമത്തെക്കു റിച്ചുമാണ്. അവ സ്ത്രീപുരുഷ സമത്വ ത്തിന്റെ ലിബറൽ ആശയങ്ങളുമായി പൊരുത്തപെട്ടുപോകുമോ. അപ്രകാരം അമുസ്‌ലിംകളിൽ ശരീഅത്ത് നിയമങ്ങൾ അടിച്ചേൽപ്പിക്കപ്പെടുമോ എന്നുമാണ്.

ഇസ്‌ലാമിനെ സംബന്ധിച്ചുള്ള ഇത്തരം സങ്കൽപ്പങ്ങളിൽ ചില സംശയങ്ങൾ അന്തർഭവിച്ചിട്ടുണ്ട്. അതിൽ ആദ്യത്തേത് ഖിലാഫത്തിന്റെ സ്വഭാവമെന്തായിരിക്കും എന്നതിനെക്കുറിച്ചാണ്. അത് രാഷ്ട്രീയമാണോ? അതോ ആത്മീയമാണോ? മത നിരപേക്ഷമായി തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റിന്റെ അധികാരത്തെ സംബന്ധിച്ച് എന്താണ് ഇസ്‌ലാമിന് പറയാനുള്ളത്?

സമത്വത്തിന്റെ ഉദാര വീക്ഷണങ്ങളുമായി എങ്ങനെ ഇസ്‌ലാമിലെ കുടുംബനിയമവും ക്രിമിനൽ നിയമവും പൊരുത്തപ്പെടുന്നു. ഈ ചോദ്യങ്ങൾക്കെല്ലാം ഖുർആന്റെയും ഹദീസിന്റെയും പരിശുദ്ധ പ്രവാചകന്റെ മാതൃകയുടെയും അടിസ്ഥാനത്തിൽ സൂക്ഷ്മമായ പഠനം നടത്തി ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. യഥാർഥത്തിൽ ഖിലാഫത്ത് ഒരു ആത്മീയ സ്ഥാപനമാണ്. രാഷ്ട്രീയ സ്ഥാപനമല്ല. ഒരു ജനകീയ പരമാധികാര ഭരണകൂടത്തെ ഇസ്‌ലാം നിരോധിക്കാതിരിക്കുന്നു എന്ന് മാത്രമല്ല, വാസ്തവത്തിൽ അതിനെ അംഗീകരിക്കുകയും ചെയ്യുന്നു. അതുപോലെ ഒരാളുടെ മതം, അത് വിശ്വസിക്കാത്ത മറ്റൊരാളിൽ അടിച്ചേൽപ്പിക്കുന്നതിനെ ഇസ്‌ലാം ഒരിക്കലും അംഗീകരിക്കുന്നില്ല.

## ഖിലാഫത്ത്: രാഷട്രീയമോ? ആത്മീയമോ?

ഏറ്റവും സുപ്രധാനമായ ചോദ്യം ഖിലാഫത്തിന്റെ യഥാർഥ സ്വഭാവത്തെക്കുറിച്ചുള്ളതാണ്. പല മുസ്‌ലിംകളും അത് പോലെ അമുസ്‌ലിംകളും കരുതുന്നത് ഖിലാഫത്ത് എന്നത് കേവലം ഒരു ആത്മീയ സ്ഥാപനമല്ല മറിച്ച അത് ഒരു രാഷ്ട്രീയ സ്ഥാപനമാണെന്നാണ്. എന്തുതന്നെയായാലും ഇത് ഖിലാഫത്തിനെ സംബന്ധിച്ചുള്ള ഒരു തെറ്റിദ്ധാരണയാണ്. ഇസ്‌ലാമിക ഖിലാഫത്തിന്റെ യഥാർഥ അർഥവും പ്രസക്തിയും എന്താണെന്നതിനെ പറ്റിയുള്ള അറിവില്ലായ്മയിൽ നിന്നും ഉരുവം കൊണ്ടതാണ്. ആരാണ് ഖലീഫ? അറബിയിൽ 'ഖലീഫ' എന്ന പദത്തിന് പിൻഗാമി, പ്രതിനിധി, നിയുക്തൻ എന്നൊക്കെയാണ് അർഥം. മറ്റൊരർഥത്തിൽ ഒരു പ്രവാചകന്റെ ദൗത്യ പൂർത്തീകരണത്തിന് അദ്ദേഹത്തിന്റെ വിയോഗത്തെ തുടർന്ന് ദൈവത്താൽ നിയോഗിക്കപ്പെടുന്ന പ്രതിനിധി എന്നാണ്. ഈയൊരർഥ കല്പന ഇസ്‌ലാമിക ഖിലാഫത്തിന് വേണ്ടി ശ്രമിക്കുന്ന ലോകത്തിലെ മിക്ക മുസ്‌ലിം സംഘടനകളുടെയും ശ്രമങ്ങളെ വൃഥാവിലാക്കിക്കളയുന്നു.

അടുത്ത ചോദ്യം, എന്താണ് ഖിലാഫത്തിന്റെ ദൗത്യം എന്നാണ്. അത് രാഷ്ട്രീയമാണോ? അല്ലെങ്കിൽ ആത്മീയമാണോ? ദൈവത്തിന്റെ പ്രവാചകന്മാർ ദേശങ്ങൾ പിടിച്ചെടുക്കാനോ ദേശാതിർത്തികൾ വികസിപ്പിക്കാനോ ഭരണകൂടം സ്ഥാപിക്കാനോ അല്ല വരുന്നത്. പകരം അവ ഏക ദൈവാരാധന സ്ഥാപിക്കാനും ജന ങ്ങളെ ആത്മീയവും ധാർമികവുമായി ജാഗരപ്പെടുത്താനുമാണ് വരുന്നത്. വിശുദ്ധ ഖുർആൻ വളരെ വ്യക്തമായി പ്രവാചക നിയോഗത്തിന്റെ ലക്ഷ്യം വിശദീകരിക്കുന്നു: '***നിങ്ങൾക്ക് നമ്മുടെ സൂക്തങ്ങൾ ഓതിക്കേൾപ്പിക്കുകയും നിങ്ങളെ സംസ്കരിക്കുകയും നിങ്ങൾക്ക് ഗ്രന്ഥവും ജ്ഞാനവും പഠിപ്പിച്ചുതരികയും നിങ്ങൾ മുമ്പ് അറിഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ നിങ്ങളെ അറിയിക്കുകയും ചെയ്യുന്ന നിങ്ങളിൽ നിന്നുള്ള ഒരു ദൂതനെ നിങ്ങളിൽ നിയോഗിച്ചത് പോലെ***'*(2:152)*

പ്രവാചകന്മാരുടെയും അപ്രകാരം അവരുടെ ഖലീഫമാരുടേയും ദൗത്യം ദൈവത്തിന്റെ ദൃഷ്ടാന്തങ്ങൾ വിവരിക്കുകയും ജനങ്ങളെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും മതത്തെക്കുറിച്ച് അവരെ പഠിപ്പിക്കുകയും ചെയ്യുക എന്നതാണ്. അവരിൽ വിവേകം ഉണ്ടാക്കുക വഴി അവരുടെ ധാർമിക നിലവാരത്തെ പ്രവാചകൻ ഉയർത്തുന്നു. ഈ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ പ്രവാചകന് ഒരു രാഷ്ടത്തിന്റെയോ രാഷ്ട്രീയാധികാര ത്തിന്റെയോ ആവശ്യമില്ല. പോപ്പിന്പോലും കോടിക്കണക്കിന് കത്തോലിക്കരെ നയിക്കാൻ രാഷ് ട്രീയാധികാരത്തിന്റെ ആവശ്യമില്ലെന്നിരിക്കെ ഹൃദയത്തെ അഗാധമായി സ്വാധീനിക്കാൻ കഴിയുന്ന ഇസ്‌ലാം മതത്തിന് അതിന്റെ ആവശ്യമെന്ത്? ഖലീഫയിൽ നിന്ന് രാഷ്ട്രീയാധികാരം എടുത്തുമാറ്റാൻ കഴിയില്ല എന്ന് പറഞ്ഞുകൊണ്ട് ചിലർ ഇതിനെ എതിർക്കുന്നു. ചോദ്യം ഇതാണ്. ഒരു ഖലീഫക്ക് രാഷ്ട്രീയാധികാരം ആവശ്യമുണ്ടോ? വിശുദ്ധ ഖുർആന്റെ പഠനത്തിൽ നിന്ന് രാഷ്ട്രീയാധികാരം വേണമെന്ന് വ്യക്തമാവുന്നില്ല. എല്ലാറ്റിനും പുറമേ യേശു ഒരു പ്രവാചകനായിരുന്നു. അദ്ദേഹത്തിന്ന് രാഷ്ട്രീയാധികാരം ഉണ്ടായിരുന്നില്ല. മക്കാ ജീവിത കാലഘട്ടത്തിൽ മുസ്‌ലികളുടെ ആത്മീയ നേതാവായിരുന്ന റസൂൽ തിരുമേനി(സ)ക്ക് രാഷ്ട്രീയാധികാരമുണ്ടായിരുന്നില്ല. രാഷ്ട്രീയാധികാരം പിടിച്ചെടുക്കാൻ അദ്ദേഹം ഒരു ശ്രമവും ചെയ്തില്ല. ഹദ്റത്ത് അലി (റ)യുടെ കാലത്ത് അമീർ മുആവിയായുടെ കൈകളിലായിരുന്നു സകല അധികാരങ്ങളും കേന്ദ്രീകരിച്ചിരുന്നത്. എങ്കിൽ പോലും ഹദ്റത്ത് അലി (റ) ആയിരുന്നു മുസ്‌ലിംകളുടെ ആത്മീയ നേതാവ്. ഖലീഫക്ക് കേവലം രാഷ്ട്രീയാധികാരം വേണമെന്ന് നിർബന്ധമില്ല എന്നതിന് നിരവധി തെളിവുകൾ ഇസ്‌ലാമിക ചരിത്രത്തിലുണ്ട്. ഖലീഫക്ക് രാഷ്ട്രീയാധികാരമില്ലെങ്കിൽ പോലും മുസ്‌ലിംകൾ വിശ്വസിക്കുന്നത് അധികാരം അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കണം എന്നാണ്. ഇസ്‌ലാമിനെ സംബന്ധിച്ച് സൂക്ഷ്മ പഠനം മനസ്സിലാക്കിത്തരുന്നത് ഇസ്‌ലാമിന് ലിബറൽ ഡമോക്രസി സ്വീകരിക്കാമെന്ന് മാത്രമല്ല യഥാർഥത്തിൽ ഇസ്‌ലാം ഇഷ്ടപ്പെടുന്നതും അതാണ്.

## ഇസ്‌ലാം,ഡമോക്രസി, ലിബറലിസം

രാഷ്ട്ര ഭരണത്തെ സംബന്ധിച്ചും ഭരണ സംവിധാനത്തെ സംബന്ധിച്ചും ഇസ്‌ലാമിൽ എന്താണ് പറയുന്നത്? ആദ്യമായി അത് ജനാധിപത്യത്തിന്റെ മുഖ്യ ഉപാധിയെ അംഗീകരിക്കുന്നു. അതായത് ജനങ്ങൾക്ക് അവർ ജീവിക്കുന്ന രാജ്യത്ത് അഭിപ്രായ സ്വാതന്ത്ര്യമുണ്ടായിരിക്കണം എന്നതാണ് ആ ഉപാധി.

'***അവരുടെ കാര്യങ്ങൾ അവർ പരസ്പരം കൂടിയാലോചിക്കും***' (42:40) ഇവിടെ പരസ്പരം കൂടിയാലോചനക്കാണ് ഊന്നൽ നൽകിയിക്കുന്നത്. വാസ്തവത്തിൽ ഇതല്ലേ ജനാധിപത്യത്തിന്റെ മൂലാധാരം. വോട്ട് രേഖപ്പെടുത്തുക എന്നത് തന്നെ ഒരു തരത്തിലുള്ള പരസ്പര കൂടിയാലോചനയാണ്. ഏതൊരു രാഷ്ട്രത്തിനും ഇസ്‌ലാം രണ്ട് തരത്തിലുള്ള മാർഗനിർദേശങ്ങൾ നൽകുന്നു. ഒന്നാമതായി ജനങ്ങളോട് അവർക്ക് നൽകപ്പെട്ട ഉത്തരവാദിത്വത്തെക്കുറിച്ച് ബോധവാന്മാരായിരിക്കണമെന്ന് ഒരു വശത്ത് പറയുന്നു.

'***നിശ്ചയമായും അല്ലാഹു അമാനത്തുകൾ അതിന്റെ അവകാശികൾക്ക് ഏൽപ്പിക്കണമെന്ന് നിങ്ങളോട് കല്പിക്കുന്നു. ജനങ്ങൾക്കിടയിൽ നിങ്ങൾ വിധികല്പിക്കുമ്പോൾ നിങ്ങൾ നീതിപൂർവം വിധി കല്പിക്കേണം. അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ലത് പോലെ കാണുന്നവനുമാകുന്നു.***'*(4:59)*

ജനാധിപത്യത്തിലെ ഏതൊരു തെരഞ്ഞെടുപ്പ് പ്രക്രിയയും വിശ്വാസത്തിലും സത്യസന്ധതയിലുമധിഷ്ഠിതമായിരിക്കും. വോട്ടർക്ക് ഏല്പിക്കപ്പെട്ട ഉത്തരവാദിത്വം, വിശ്വസ്തതയോടെ ഏൽപ്പിക്കപ്പെട്ട മുതൽ

(അമാനത്ത്) പോലെയാണ്. അയാൾ ദൈവത്തോട് അതിന് ഉത്തരം പറയാൻ ബാദ്ധ്യസ്ഥനാണ്. അതിനാൽ അയാൾ ഏറ്റവും അനുയോജ്യനായ ആളെ അധികാരസ്ഥാനത്തേക്ക് തിരഞ്ഞെടുക്കേണ്ടതുണ്ട്. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഒരു മുസ്‌ലിം മുസ്‌ലിമിനെ തിരഞ്ഞെടുക്ക ണമെന്നല്ല ഈ വചനത്തിൽ പറയുന്നത്. പകരം ഏതൊരാളാണോ ഒരു സ്ഥാനത്തേക്ക് യോഗ്യനായത് അയാളുടെ മത വിശ്വാസം പരിഗണിക്കാതെ അയാളെ തിരഞ്ഞെടുക്കണ മെന്നാണ്. പ്രസക്തമായ ചോദ്യമിതാണ്. യഥാർഥ സത്യം ഇതാണെങ്കിൽ എന്ത് കൊണ്ടാണ് വളരെ കുറച്ച് മാത്രം ഇസ്‌ലാമിക രാജ്യങ്ങളിൽ ജനാധിപത്യം? ഉദാര ജനാധിപത്യത്തിന്റെ കാര്യം നമുക്ക് തൽക്കാലം വിടാം. ജനാധിപത്യത്തെപറ്റിലോക വ്യാപകമായി നിരീക്ഷണം നടത്തുന്ന ഫ്രീഡം ഹൗസ് (Freedom House) എന്ന സംഘടനയെ ഉദ്ധരിച്ച് കൊണ്ട് ഇക്കണോമിസ്റ്റിലെ ലേഖനത്തിൽ പറയുന്നത് മുസ്‌ലിം ഭൂരിപക്ഷമുള്ള മൂന്ന് രാജ്യങ്ങളിൽ മാത്രമേ ജനാധിപത്യമുള്ളൂ എന്നാണ്.

ഇക്കണോമിസ്റ്റ് ഉദ്ധരിക്കുന്ന ജനാധിപത്യം അനുവദിക്കുന്ന രാജ്യങ്ങളിൽ പെട്ടതാണ് ഇന്തോനേഷ്യ എന്നത് അദ്ഭുതകരമാണ്. മുഖ്യധാരാ മുസ്‌ലിംകളുടെ മതവിശ്വാസവുമായി വ്യത്യസ്ത രീതിയിൽ ഇസ്‌ലാമിനെ വ്യാഖ്യാനിക്കുന്ന അഹ്മദികളെ മതവിശ്വാസത്തിന്റെ പേരിൽ നിഷ്ഠൂരമായി അടിച്ചു കൊന്നത് ഇന്തോനേഷ്യയിൽ വെച്ചാണ്. കിരാതമായ ഈ കൃത്യം അവഗണിച്ചു കൊണ്ട് തന്നെ മേൽപറഞ്ഞ സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാം ജനാധിപത്യവുമായി സമരസപ്പെട്ടുപോകുമോ എന്ന ഗൗരവമായ ചിന്തയിലേക്ക് ഒരാൾ ആനയിക്കപ്പെടുന്നു.

ഒരു സാർവജനീന മതത്തിന് വേണ്ട എല്ലാ സവിശേഷതകളും ഇസ്‌ലാമിനുണ്ട്. എല്ലാവിധ സമൂഹങ്ങൾക്കും ഇസ്‌ലാം അവർക്ക് വേണ്ടത് നൽകുന്നു. അതായത് വിവിധ സമൂഹങ്ങൾക്ക് വിവിധ തരത്തിലുള്ള ഭരണ വ്യവസ്ഥകളാണ് അവശ്യമായിട്ടുള്ളത്. വിശുദ്ധ ഖുർആൻ നിരവധി രാഷ്ട്രീയ ഭരണ വ്യവസ്ഥകളെ സംബന്ധിച്ച് പറയുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (1928-2003) ഇപ്രകാരം വിവരിക്കുന്നു:

'*വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ അവർക്ക് അനുയോജ്യമായ ഏതൊരു ഭരണ വ്യവസ്ഥയും അവരുടെ സമൂഹത്തിന്റെ പാരമ്പര്യ പൈതൃകത്തിനനുസരിച്ച് ജനാധിപത്യം, രാജാധിപത്യം, ഗോത്രീയം, ഫ്യൂഡൽ എന്നീ ഭരണക്രമങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഭരണ വ്യവസ്ഥകൾ അവരുടെ സമൂഹങ്ങൾക്കനുസൃതമായി സ്വീകരിക്കാവുന്നതാണ്.*

*എന്തു തന്നെയായിരുന്നാലും വിശുദ്ധ ഖുർആൻ ജനാധിപത്യമാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്. മുസ്‌ലിംകളോട് ജനാധിപത്യം സ്വീകരിക്കാനാണ് ഉപദേശിക്കപ്പെട്ടിട്ടുള്ളത്. അത് പശ്ചാത്യ ജനാധിപത്യ ശൈലി അപ്പാടെ പകർത്തുക എന്ന അർഥത്തിലല്ല.*[1]

ഒരു ഭരണക്രമത്തിൽ ജനാധിപത്യമില്ലാതിരിക്കുകയും ജനങ്ങളുടെ അംഗീകാരം അതിനുണ്ടാവുകയും ചെയ്യുന്നു. അവിടെ അപ്പോഴും ജനങ്ങളിലാണ് അധികാരം നിക്ഷിപ്തമായിരിക്കുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. വിശുദ്ധ ഖുർആൻ ഒരു വിധത്തിലുള്ള ഭരണ സമ്പ്രദായങ്ങളെയും അപലപിക്കുന്നില്ല. എന്നിരുന്നാലും ഒരു മാതൃകാ ഭരണക്രമം എന്ന നിലയിൽ അത് ജനാധിപത്യത്തെയാണ് ഏറ്റവും ഇഷ്ടപ്പെടുന്നത്. ഒരു ഭരണ വ്യവസ്ഥയിൽ സാമൂഹികവും സാമ്പത്തികവുമായ ഘടകങ്ങളാണ് നിർണായകമായിട്ടുള്ളത്. ഇക്കണോമിസ്റ്റിലെ ലേഖനം ചൂണ്ടിക്കാണിക്കുന്നത് പോലെ ഈ രണ്ട് ഘടകങ്ങളാണ് കാതലായ പങ്ക് വഹിക്കുന്നത്. ഈ അർഥത്തിൽ സാക്ഷരതയും സമ്പത്തും കുറഞ്ഞ മറ്റു ജനാധിപത്യ ഭരണകൂടങ്ങളിലുള്ളത് പോലെയുള്ള പ്രശ്നങ്ങൾ തന്നെയാണ് മുസ്‌ലിം രാജ്യങ്ങളും പങ്കിടുന്നത്. പക്ഷേ അധികമായുള്ള പ്രശ്നം മൗലവിമാരും മുല്ലമാരും രാഷ്ട്രീയാധികാരം കൈയിലെടുത്ത് മതാധികാരത്തിന്റെ കുത്തക സ്ഥാപിക്കാൻ ശ്രമിക്കുന്നു എന്നതാണ്. വിശുദ്ധ ഖുർആനെയും ഹദീസിനെയും പറ്റി ആഴത്തിൽ ചിന്തിക്കാതിരിക്കുകയും ജനങ്ങൾ നിരക്ഷരരായിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ ഈ മതവത്ക്കരണം ഏറ്റവും എളുപ്പത്തിൽ നടക്കുന്നു, അതു കൊണ്ടാണ് ഹദ്റത്ത് മിർസാ ത്വാഹിർ(റഹ്)എഴുതിയത്. പൊതുജനങ്ങൾ ആശയക്കുഴപ്പത്തിലാണ്. നിങ്ങളുടെ രാഷ്ട്രീയ പ്രകടന പത്രികക്ക് രൂപം നൽകാനും മാർഗദർശനം നൽകാനും നിങ്ങൾ ദൈവത്തിന്റെയും റസൂൽ തിരുമേനി (സ)യുടെയും വചനത്തെയാണോ ഇഷ്ടപ്പെടുന്നത്? അതല്ല ദൈവരഹിതവും ദൈവഭയമില്ലാത്തവരുമായ ആളുകളെയാണോ ഇഷ്ടപ്പെടുന്നത്?[2]

(തുടരും)

Review of Religions Dec: 2011

(വിവ: എ.എം.)

ഗ്രന്ഥ സൂചി.

1Hadrath Mirza Tahir Ahmad (rh) Islam's Response to Cotemporary Issues p. 230
2.Ibid. p. 236

## അനുസരണ പ്രതിജ്ഞ

നിന്നോടുള്ള അനുസരണ പ്രതിജ്ഞ ചെയ്യുന്നവൻ തീർച്ചയായും അല്ലാഹുവിനോട് തന്നെയാണ് അനുസരണ പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹവിന്റെ കൈ അവരുടെ കൈകൾക്ക് മേലുണ്ട്. അതിനാൽ വല്ലവനും (ആ പ്രതിജ്ഞ ലംഘിക്കുന്നതായാൽ അവന്റെ സ്വന്തം ആത്മാവിനോട് ചെയ്ത കരാറിനെ വല്ലവനും പൂർത്തിയാക്കുന്നതായാൽ അവന് അല്ലാഹു മഹത്തായ പ്രതിഫലം നൽകുന്നതാണ്.

# ആ മുന്തിരി ആർക്ക് വേണം ?

**ജലാലുദ്ദീൻ കൽപേനി**

റസൂൽ തിരുമേനി(സ) പ്രവചിച്ച ദൈവീക ഖിലാഫത്ത് പ്രത്യക്ഷരം സ്ഥാപിതമായിട്ടും അത് ശ്രദ്ധിക്കാതെ അയുക്തികവും പരിഹാസ്യവുമായ ന്യായങ്ങൾ നിരത്തി അതിനെ വ്യാജപ്പെടുത്തുന്ന പണ്ഡിതന്മാരുടെ വാദങ്ങളെപറ്റി.

**കേ**ട്ട് പഴകിയ ഒരു കഥയാണ് ഇതെഴുതാനിരിക്കുമ്പോൾ സ്മൃതി പഥത്തിലേക്ക് ഓടി വരുന്നത്. മുന്തിരിക്കുലക്ക് വേണ്ടി ചാടിയ സൂത്രശാലിയായ കുറുക്കൻ എത്ര ശ്രമിച്ചിട്ടും അത് കിട്ടുകയില്ലെന്നുറപ്പായപ്പോൾ പുളിക്കുന്ന മുന്തിരി ആർക്ക് വേണം എന്ന് പറഞ്ഞു തിരിച്ചു പോയ കഥ. തങ്ങൾക്ക് അപ്രാപ്യമായതെന്തും നിഷേധിക്കുക എന്ന ധാർഷ്ട്യം ആധുനിക മനുഷ്യന്റെ സ്വഭാവമാണ്. ആകാശത്തിന് താഴെയുള്ള എല്ലാകാര്യങ്ങൾക്കും ആധികാരികമായി ഫത്വ നൽകാൻ തങ്ങൾക്ക് മാത്രമാണ് അവകാശം എന്ന മിഥ്യാധാരണ ചില പണ്ഡിതന്മാർക്കെങ്കിലുമുണ്ട്. കണ്ണടച്ചിരുട്ടാക്കുമ്പോഴുണ്ടാകുന്ന താളപ്പിഴകളും അപഭ്രംശങ്ങളും ഇക്കൂട്ടർക്കൊരു പ്രശ്നമല്ലെന്ന് തോന്നുന്നു. ഈയ്യിടെ കോഴിക്കോടിനടുത്ത് ശാന്തപുരത്ത് നടന്ന അക്കാഡമിക്ക് കോൺഫറൻസിൽ അശ്റഫ് കീഴ്പറമ്പ് എന്ന ജമാഅത്തെ ഇസ്ലാമി പണ്ഡിതൻ ഖിലാഫത്ത് സംബന്ധിച്ച് അവതരിപ്പിച്ച പ്രബന്ധവും ഡോ: യൂസുഫുൽ ഖർദാവി, മൗലാനാ മൗദൂദി തുടങ്ങിയവരുടെ തൽവിഷയ സംബന്ധിയായ അഭിപ്രായങ്ങളും മേൽ പറഞ്ഞ കുറുക്കന്റെ നിസ്സഹായതയും ജാള്യതയും പ്രകടമാക്കുന്നവയാണ്.

വിശുദ്ധ ഖുർആനും തിരുനബി (സ)യുടെ വചനങ്ങളും തർക്കവിതർക്കങ്ങൾക്കിടംകൊടുക്കാൻ കഴിയാത്ത വിധം ആഗോളമുസ്ലിം നേതൃത്വത്തെ സംബന്ധിച്ച വിഷയം വ്യക്തമാക്കിയതാണ്. റസൂൽ തിരുമേനി(സ) യുടെ വിയോഗത്തിന് ശേഷം ഖുലഫാ ഉർറാശിദയുടെ ഖിലാഫത്ത് നിലവിൽ വന്നു. പിന്നീട് ഖിലാഫത്തിന് പല ഗതിവ്യതിയാനങ്ങളും നിറഭേദങ്ങളും വന്നു. 1920 കാലഘട്ടം വരെ മജ്ജയും മാംസവും നഷ്ടപ്പെട്ട അവസ്ഥയിലാണെങ്കിൽപ്പോലും മുസ്ലിം സമൂഹത്തിൽ ഖിലാഫത്തിനുണ്ടായിരുന്ന സ്ഥാനം അദ്വിതീയവും അനിഷേധ്യവുമായിരുന്നു. പിന്നീടത് എന്നെന്നേക്കുമായി മുസ്ലിം ലോകത്തിന് നഷ്ടമായി. മുസ്ലിം സമൂഹത്തിൽ അതുണ്ടാക്കിയ പ്രത്യാഘാതങ്ങൾ വമ്പിച്ചതായിരുന്നു. ഖിലാഫത്ത് പുനഃസ്ഥാപനത്തിന് നിരവധി ശ്രമങ്ങളുണ്ടായെങ്കിലും അതു സ്ഥാപിതമായില്ല. ഇന്ന് അന്തർദേശീയ മുസ്ലിം സമൂഹം വിഗത പ്രതാപത്തിന്റെ ഈ ദുഃഖസ്മൃതിയിൽ വിലാപങ്ങൾ പൊഴിച്ച് നീറികഴിയുകയാണ് എന്നതാണ് യാഥാർഥ്യം. ഇപ്പോൾ ഓരോ പ്രസ്ഥാനവും അവനവന്റെ തത്ത്വശാസ്ത്രവും സംഘടനകളുമായി രംഗത്ത് വന്നിരിക്കുകയാണ്. ഇസ്ലാം സമ്പൂർണ മതമാണ്, ഏത് കാലത്തേക്കുമുള്ള പ്രായോഗിക ജീവിത പദ്ധതി അതിനുണ്ടെങ്കിൽ അത് പ്രായോഗികവത്ക്കരിക്കുന്നതിൽ പരാജയം സംഭവിക്കുക എന്നത് ഗൗരവമായ പ്രശ്നമല്ലേ?. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലെത്തുമ്പോഴേക്കും ഖിലാഫത്ത് ഇല്ലാതായെങ്കിൽ ലോകാനുഗ്രഹിയായ പ്രവാചകന് തെറ്റു പറ്റിയെന്ന് സമ്മതിക്കേണ്ടി വരും. ഒരു വേള ദൈവം തന്നെ പ്രവാചകന് നൽകിയ വാഗ്ദാനം പാലിച്ചില്ല എന്ന് പറയേണ്ടി വരും (നഊദു ബില്ലാഹ്). വാസ്തവത്തിൽ യഥാർഥ ദൈവിക ഖിലാഫത്ത് ഭൂമിയിൽ ദൈവം സ്ഥാപിച്ചപ്പോൾ രാജവാഴ്ചയി ലധിഷ്ഠി തവും അസ്ഥിപഞ്ജരവുമായ പാരമ്പര്യ ഖിലാഫത്ത് തിരോഭവിക്കുകയായിരുന്നു. ദൈവ ഭയമുള്ളവർക്ക് ഈ യാഥാർഥ്യം എളുപ്പത്തിൽ തിരിച്ചറിയാവുന്നതാണ്. ദൈവത്തിന്റെ സഹായഹസ്തം അതിന് മീതെ തണലിടുമ്പോൾ അതിനെ നോക്കി നംറൂദിയൻ പരിഹാസത്തിന്റെ ദംഷ്ട്രങ്ങൾ കാണിച്ച് ദൈവിക വചനങ്ങളെ സ്വയംകൃത വ്യാഖ്യാനങ്ങൾക്കും ഗവേ ഷണങ്ങൾക്കും വിധേയമാക്കുമ്പോൾ ലക്ഷ്യത്തിൽ നിന്ന് പിന്നെയും പിന്നെയും അകന്നു പോകുന്ന ക്രൂരമായ വിധി അവരെ കാത്തിരിക്കുന്നു.

ഖലീഫ എന്നത് ഒരു പ്രത്യേക വ്യക്തിയിലധിഷ്ഠിതമായിരിക്കില്ലെന്നും മനുഷ്യ വർഗമാണ് അത് കൊണ്ടുദ്ദേശിക്കുന്നതെന്നും മേൽ പറഞ്ഞ പ്രബന്ധകാരൻ പറയുന്നു. രണ്ടാമത് അതു കൊണ്ടുള്ള വിവക്ഷ നിർണിത ഗുണവിശേഷങ്ങൾ ആർജിച്ച ഒരു സമൂഹത്തെക്കുറിച്ചാണെന്നുമത്രേ. സാന്ദർഭികമായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന വിശുദ്ധ ഖുർആനിലെ ഖലീഫ അഥവാ ഖിലാഫത്ത് ആധുനിക മനുഷ്യകുലത്തിന് നേതൃത്വം കൊടുക്കേണ്ടത് ഖലീഫ – ഇമാം – അമീറുൽ മുഅ്മിനീൻ എന്നീ വിശേഷങ്ങളുള്ള വ്യക്തിത്വമാണ്. വി. ഖുർആൻ 38-ാം അദ്ധ്യായം 27-ാം വചനത്തിൽ പറയുന്നു: '*ദാവൂദേ, നാം നിന്നെ ഭൂമിയിൽ ഖലീഫയാക്കിയിരിക്കുന്നു.....*' ഇവിടെ എത്ര വ്യക്തമായാണ് വ്യക്തിയെ (പ്രവാചകനെ) ഖലീഫ എന്ന് അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നത്. ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപക നേതാവും അശ്റഫിന്റെ ഗുരുവുമായ മൗലാനാ മൗദൂദി തന്റെ ' ഖിലാഫത്തും രാജവാഴ്ച്ചയും' എന്ന ഗ്രന്ഥത്തിൽ പറയുന്നു: '*ഈ നൂറ്റാണ്ടിൽ മുസ്തഫാ കമാൽ ഖിലാഫത്തിനെ തകർക്കുന്നത് വരെയും യാതൊരിളക്കവും തട്ടാതെ അത് തുടർന്ന് വന്നു.*' (IPH പ്രസിദ്ധീകരണം, പേജ്.123) വീണ്ടും പറയുന്നു.' *ഖിലാഫത്ത് ഒരു രാഷ്ട്രീയ സംവിധാനം മാത്രമായിരുന്നില്ല, നുബുവ്വത്തിന്റെ പ്രാതിനിധ്യം അതിനു*

*ണ്ടായിരുന്നു.* (അതേ പുസ്തകം,പേ 75)

ലോകപ്രശസ്ത പണ്ഡിതൻ ഡോ. യൂസുഫുൽ ഖർദാവി തന്റെ മുസ്‌ലിം ഐക്യം സാധുതയും സാധ്യതയും എന്ന പുസ്തകത്തിൽ എഴുതുന്നു: '*ഭിന്നിക്കുമ്പോൾ ജനങ്ങൾ ഖലീഫയോട് വിധി തേടുകയായിരുന്നു പതിവ്. അദ്ദേഹത്തിന്റെ വിധിയോടെ ഭിന്നത തീരും. ഇന്ന് ഖലീഫയില്ലല്ലോ (ആത്മീയ മിഴികളില്ലാത്തവർക്ക് ഖലീഫയെ കാണാൻ കഴിയുന്നില്ലെന്ന് മാത്രം- ലേഖകൻ). ഒരു ഖാദിയെ കണ്ടെത്തുകയും പ്രശ്നം അദ്ദേഹത്തിന് മുമ്പിൽ അവതരിപ്പിക്കുകയും ചെയ്യുക എന്നതായിരിക്കും മുസ്‌ലിംകൾക്കിപ്പോൾ അഭികാമ്യം. വിധിതീർപ്പിന് സംവിധാനമില്ലെങ്കിൽ ഭിന്നിപ്പ് കൂടുതൽ ഭിന്നിപ്പ് സൃഷ്ടിക്കുകയായിരിക്കും ചെയ്യുക.* '(IPH പ്രസിദ്ധീകരണം. പേജ് 150)

ജമാഅത്തെ ഇസ്‌ലാമിയുടെ പ്രസിദ്ധീകരണാലയമായ IPH പ്രസിദ്ധീകരിച്ച പ്രശസ്ത പണ്ഡിതന്മാരുടെ പ്രസ്തുത ഗ്രന്ഥങ്ങളിലെ ഉദ്ധരണികളിൽനിന്ന് തന്നെ വ്യക്തമാവുന്നത് വിശുദ്ധ ഖുർആനിൽ പരാമർശിക്കപ്പെട്ടതും മുസ്‌ലിം ലോകത്തിനാവശ്യവുമായ നേതൃത്വപദവിയാണ് ഖലീഫ എന്നു വ്യക്തമാണല്ലോ. ഡോ: യൂസുഫുൽ ഖർദാവി എഴുതിയത് പോലെ മുസ്‌ലിംകൾ ഭിന്നിക്കുമ്പോൾ ഖലീഫയോട് വിധി തേടിയിരുന്നതും അത് എല്ലാവരും അംഗീകരിക്കാനുണ്ടായ കാരണവും ഖലീഫക്ക് മുസ്‌ലിം സമുദായത്തിൽ അപ്രമാദിത്വം ഉള്ളത് കൊണ്ടാണല്ലോ. പക്ഷേ അങ്ങനെയൊരു ഖലീഫയില്ലാത്ത സ്ഥിതിക്ക് ഖാദിയായാലും മതി എന്ന പറയുന്നതിലെ യുക്തി ഹീനതയും വിഡ്ഢിത്വവും ഒന്നാലോചിച്ചുനോക്കുക. ഖാദി അന്നും, ഇന്നും എന്നുമുണ്ട്. ഖാദിയല്ല ഖലീഫയാണ് വിധി നൽകേണ്ടത് എന്ന് അല്ലാഹു പറയുമ്പോൾ ഖലീഫയില്ലെങ്കിൽ ഖാദിയായാലും മതിയെന്ന് പറയുന്നത് എത്ര പരിഹാസ്യമാണ്. അല്ലാഹു ഒരു ഖലീഫയെ നിശ്ചയിക്കാതിരിക്കാൻ മാത്രം എന്ത് തെറ്റാണ് തങ്ങളിലുള്ളത് എന്ന് ആത്മവിശകലനം നടത്തി തെറ്റുതിരുത്താൻ ശ്രമിക്കുന്നതിന് പകരം തങ്ങളുടെ പാണ്ഡിത്യത്തിൽ ഊറ്റം കൊള്ളുന്നത് കൊണ്ട് ആർക്ക് എന്ത് നേട്ടമാണ് ഉണ്ടാവുക? ഖലീഫയില്ലെങ്കിൽ വിധി തീർപ്പിന് ഖാദിയായാലും മതി എങ്കിൽ എത്ര എളുപ്പത്തിലാണ് പ്രശ്നം പരിഹരിക്കുക. ആഗോള മുസ്‌ലിംകൾക്ക് വിധി തീർപ്പിനായി ഒരു ഖാദിയെ ആവശ്യമുണ്ട് എന്ന് പത്രത്തിൽ പരസ്യം കൊടുത്താൽ അപേക്ഷകരുടെ ബാഹുല്യം ആലോചിച്ചു നോക്കൂ. ഇതിൽ നിന്നും ഒരാളെ തെരഞ്ഞെടുത്തു എന്നു വെക്കുക. കാന്തപുരം മുസലിയാർ ചെറുശ്ശേരിയെ അംഗീകരിക്കുമോ? മടവൂർ മൗലവിയെ എ. പി. അബ്ദുൾ ഖാദിർ മൗലവി അംഗീകരിക്കാത്തത് പോലെ ജമാഅത്ത്കാരനെ മുജാഹിദുകൾ സ്വീകരിക്കാത്തത് പോലെ പ്രശ്നം പ്രശ്നമായി തന്നെ നിലനിൽക്കും.

> മക്കയിൽ എത്രയെത്ര മാന്യന്മാർ, പണ്ഡിതന്മാർ കുലീനന്മാർ ഇവർക്കൊന്നും പ്രവാചക പദവി കൊടുക്കാതെ അങ്ങാടിയിൽ കൂടി നടക്കുന്ന, ആട് മേച്ചും പിന്നെ കച്ചവടം ചെയ്തും നടന്നിരുന്ന സാധാരണക്കാരിലും സാധാരണക്കാരനായി അനാഥനായി വളർന്ന ഈ മുഹമ്മദിനാണോ ദൈവം പ്രവാചകത്വ പദവി നൽകുക എന്ന് അഹങ്കരിച്ച് നടന്നതിനാൽ സത്യം കണ്ടെത്താൻ കഴിയാതെ പോയി

മൗലാനാ സദ്റുദ്ദീൻ ഇസ്‌ലാഹി തന്റെ 'ഇസ്‌ലാമും സംഘടിത ജീവിതവും' എന്ന ഗ്രന്ഥത്തിൽ എഴുതുന്നു. മിശ്കാത്തിലെ ഒരു ഹദീസ് ഉദ്ധരിക്കുന്നത് കാണുക. *റസൂൽ (സ)ന്റെ വിയോഗാനന്തരം അബൂബക്കർ (റ) സ്വഹാബികളെ സംബോധന ചെയ്തു കൊണ്ട് പറഞ്ഞു: അറിഞ്ഞു കൊള്ളുക, തീർച്ചയായും മുഹമ്മദ് നബി (സ) മരണപ്പെട്ടിരിക്കുന്നു. ഈ ദീനിന് അതിന്റെ കാര്യങ്ങൾ വഹിക്കാൻ ഒരു വ്യക്തി അനിവാര്യമാണ്.'* ( IPH പ്രസിദ്ധീകരണം. പേജ്.116)

ഇവിടെ വ്യക്തി എന്നത് കേവലം ഒരു വ്യക്തി എന്ന ധരിച്ചുകൂടാ. മുസ്‌ലിംകളിൽ ഛിദ്രതയില്ലാതെ ഒന്നിച്ച് കൂടി ഇസ്‌ലാമിനെ മുന്നോട്ട് കൊണ്ട് പോകാൻ കഴിയുന്ന ഒരാളായിരിക്കണം. ദൈവിക സഹായം ഉള്ള ഒരാളായിരിക്കണം. കാരണം റസൂൽ തിരുമേനി (സ)യുടെ അഭാവത്തിൽ തിരുമേനിക്ക് പകരമുള്ള വ്യക്തി സാധാരണക്കാരൻ മാത്രമായിരിക്കാവതല്ലല്ലോ. അതുകൊണ്ടാണല്ലോ സഹാബാക്കൾ അബൂബക്കറി (റ) നെ ആ വ്യക്തി (ഖലീഫയായി)യായി തിരഞ്ഞെടുത്തത്. പിന്നീട് അല്ലാഹുവിന്റെ സഹായ ഹസ്തം അദ്ദേഹത്തിനുമേൽ ഉണ്ടായിരുന്നു. ഖുലഫാ ഉർറാശിദീങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ ആയിരുന്നു വല്ലോ. കാലക്രമേണ പ്രകാശം ചോർന്നു പോകുകയും 1900-ാമാണ്ട് കഴിയുമ്പോഴേക്കും തികച്ചും ഇരുട്ട് തുടങ്ങുകയും ചെയ്തപ്പോൾ ആ പരമ്പരക്കുള്ള ദൈവികസഹായം നിൽക്കുകയും നബി(സ)യുടെ പ്രതി പുരുഷനും ഖാത്തമുൽ ഖുലഫായുമായി പകരം ഭൂമിയിൽ ഖിലാഫത്ത് സ്ഥാപിതമായിക്കഴിഞ്ഞപ്പോൾ അതിന്റെ ഇടമുറിയാത്ത തുടർച്ച സത്യവിശ്വാസികൾ കൺകുളിർക്കെ കണ്ട് സ്വീകരിക്കുകയും, സ്വന്തം കഴിവിൽ ഊറ്റം കൊണ്ട് അഹങ്കരിച്ചു നിൽക്കുന്നവർ കാണാതെ നട്ടം തിരിയുകയും ചെയ്യുന്നതിന്റെ ഉദാഹരണമാണ് ഇപ്പോൾ കാണുന്നത്.

ഖുലഫാഉർറാശിദുമാരെ പരാമർശിച്ചു കൊണ്ട് അശ്റഫിന്റെ പ്രബന്ധം തുടരുന്നു..... '*അത് ഒരു ചരിത്രാനുഭവവും (Historical Experiance) മനുഷ്യപ്രയത്നവും (Humen Endeavor) ആകുന്നു എന്നാണ്. കൂടാതെ 'ഖലീഫ 'ഖിലാഫത്ത് 'തുടങ്ങിയ പേരുകൾക്ക് മതപരമായ പവിത്രതകളില്ല. ഭരണാധികാരികൾക്കും ഭരണക്രമത്തിനും അക്കാലക്കാർ ആ പേര് ഉപയോഗിച്ചു എന്നേയുള്ളു* എന്ന് പറഞ്ഞ അദ്ദേഹം പ്രവാചകത്വത്തിന്റെ പാതയിൽ (അലാമിൻഹാജിൻ നുബുവ്വ:) ഖിലാഫത്ത് വരാൻ പോകുന്നു എന്ന് അഹ്മദ് ഉദ്ധരിച്ച വചനം ദുർബല നിവേദന ശ്രേണിയോടെ ഉദ്ധരിക്കപ്പെട്ടതാണത്രേ എന്നു പ്രസ്താവിക്കുന്നു. തങ്ങളുടെ പാരമ്പര്യ വിശ്വാസങ്ങളെ ചോദ്യം ചെയ്യുന്ന വചനങ്ങളാണെങ്കിൽ അതിന് ദുർബല നിവേദക ശ്രേണി അഥവാ ളയീഫ് ആണെന്ന് വെക്കുക. പക്ഷേ അത് പ്രത്യക്ഷത്തിൽ വള്ളി പുള്ളി തെറ്റാതെ പിന്നീട് പുലർന്നു കാണുമ്പോൾ ളയീഫ് എന്നു പറഞ്ഞ

ഗവേഷകന് പറ്റിയ തെറ്റായി കണക്കാക്കി ആ ഹദീസ് അംഗീകരിക്കുകയല്ലേ ബുദ്ധി. ഇവിടെ എത്ര സുന്ദരമായാണ് ഹദീസ് പുലർന്നു വന്നിട്ടുള്ളത്. മനുഷ്യകരങ്ങൾക്ക് ഒരിക്കലും സാധ്യമാവാത്ത തികച്ചും ദൈവികമായ ഒരു സംവിധാനം പുനഃസ്ഥാപിതമായത് കാണുമ്പോൾ അതിനെ വിനയപൂർവം അംഗീകരിക്കാനുള്ള ഭയഭക്തി പ്രകടമാക്കുകയാണ് ഒരു സത്യവിശ്വാസി പ്രഥമമായി ചെയ്യേണ്ടത്. ഖിലാഫത്ത് ചരിത്രാനുഭവവും മനുഷ്യ പ്രവർത്തനവും ആണെങ്കിൽ '*എനിക്ക് ശേഷം ഖിലാഫത്തുർറാശിദ 30 വർഷം തുടരുമെന്നും പിന്നീട് ഖിലാഫത്തിന്റെ പേരിൽ കടുത്ത രാജവാഴ്ച്ച നിലവിൽ വരുമെന്നും നബി(സ) പറയുകയും അതേപടി പുലരുകയും (ഹ:അലി (റ)ശഹീദായത് നബി(സ)യുടെ വിയോഗത്തിന്റെ 30-ാം വർഷത്തിലായിരുന്നു.) ചെയ്തു.* '(ഖിലാഫത്തും രാജവാഴ് ച്ചയും-മൗലാനാ മൗദൂദി പേജ് 287) എന്ത്കൊണ്ട് ഇവിടെ ഇത്ര വ്യക്തമായി നബി (സ)യുടെ ഒരു വചനം പുലർന്നുകാണുന്നത്. ഇത് കേവലം ഒരു ചരിത്രാനുഭവവും മനുഷ്യ പ്രയത്നവും മാത്രമായിരുന്നുവെന്ന് ആർക്ക് പറയാൻ കഴിയും?. ഇതൊക്കെ ദുർബലം എന്ന് പറഞ്ഞ് തള്ളുന്നവരുടെ തൊലിക്കട്ടി അപാരമെന്നല്ലാതെ എന്തു പറയാൻ? ദൈവഭയവും ബുദ്ധിപരമായ സത്യസന്ധതയും ഉണ്ടായിരുന്നുവെങ്കിൽ ലേഖകൻ ഇങ്ങനെ എഴുതില്ലായിരുന്നു. കഷ്ടം! ആത്മീയ ശൂന്യമായ ശുഷ്ക്ക പാണ്ഡിത്യത്തിൽ ഊറ്റം കൊള്ളുന്ന ലേഖകൻ സത്യം ഗ്രഹിച്ചെങ്കിൽ.

വി. ഖുർആനിലെ 24-ാം അദ്ധ്യായം 56-ാം വചനം പോലുള്ള ഖണ്ഡിത വചനങ്ങളെയും (മുഹ്ക്കമാത്ത്) അതിനുപോൽബലകമായ തിരുവചനങ്ങളേയും വിസ്മരിക്കാനുള്ള ധാർഷ്ട്യം അപാരമെന്നേ പറയാവൂ. '***നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ (മൂസാ(അ), ഈസാ(അ)) എന്നിവർക്ക് ഖലീഫമാരുണ്ടായത് പോലെ, തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും..*** എന്ന ആയത്തിന് വിശദീകരണമായി മിശ്കാത്തിൽ ഉദ്ധരിച്ച ഹദീസിനെയാണ് പ്രബന്ധകാരൻ ദുർബലം എന്ന് പറഞ്ഞത്. നിങ്ങളിൽ അല്ലാഹു ഇച്ഛിക്കുന്നിടത്തോളം കാലം നുബുവ്വത്ത് നിലനിൽക്കും പിന്നെ അതിനെ എടുത്തുകളയും. പിന്നെ അല്ലാഹു ഇച്ഛിക്കുന്നേടത്തോളം കാലം നുബുവ്വത്ത് നിലനിൽക്കും. പിന്നെ അതിനെ എടുത്തുകളയും. പിന്നീട് പരുക്കൻ ഏകാധിപത്യ സ്വേച്ഛാധിപത്യ ഭരണമുണ്ടാകും. അതും എടുത്തു കളഞ്ഞ ശേഷം നുബുവ്വത്തിന്റെ മാർഗത്തിലുള്ള (അലാ മിൻഹാജിൻ നുബുവ്വ:) ഖിലാഫത്ത് സ്ഥാപിതമാവുന്നതാണെന്നും പറഞ്ഞു നബി(സ) മൗനം അവലംബിച്ചുവെന്നും ഹദീസിൽ പറയുന്നു. ഇത് അനിഷേധ്യമാം വിധം അക്ഷരം പ്രതിപുലർന്നു കഴിഞ്ഞതാണ്. അതംഗീകരിക്കാൻ ദൈവഭക്തിയും സത്യസന്ധതയും വേണമെന്നേയുള്ളു. സച്ചരിതരായ നാല് ഖലീഫമാർക്ക് ശേഷം ഉമവീ, അബ്ബാസിയ്യാ, ഉസ്മാനിയ്യാ എന്നീ ഖിലാഫത്തുകൾ സ്ഥാപിതമാവുകയും 1922ന് ശേഷം മുസ്ലിംലോകം ഖലീഫയില്ലാത്ത അനാഥ സമുദായ മായി മാറുകയും ചെയ്തു. നബി(സ) പറഞ്ഞത്പോലെ നുബുവ്വത്തിന്റെ രീതിയിലുള്ള ദൈവിക ഖിലാഫത്ത് 1908ൽ സ്ഥാപിതമാവുന്നതാണെന്നും '*ഒരേയവസരത്തിൽ സമുദായത്തിൽ രണ്ടു ഖലീഫമാർ ഉണ്ടാവുക എന്നത് അനുവദ നീയമല്ല.' (മൗലാനാ സദറു ദ്ദീൻ ഇസ്ലാഹി* 'ഇസ്ലാമും സംഘടിത ജീവിതവും') എന്ന ദൈവിക നിയമമനു സരിച്ചും നബി(സ) വചനമനുസരിച്ചും യഥാർഥ ഖിലാഫത്തിന്റെ ഉദയത്തോടെ സ്വേച്ഛാധിപത്യ ഖിലാഫത്തിന് അന്ത്യം കുറിക്കേണ്ടത് ദൈവിക വിധിയായിരുന്നു. അതാണിവിടെ സംഭവിച്ചിരിക്കുന്നത്. മൗലാനാ സദറുദ്ദീൻ ഇസ്ലാഹി അതേ പുസ്തകത്തിൽ മറ്റൊരിടത്ത് എഴുതു ന്നത് ശ്രദ്ധിക്കുക. 'ദീനിന്റെ അവയവങ്ങൾ ഛേദിക്കപ്പെട്ടിരിക്കുന്നു. അതിന്റെ ആകൃതിയും പ്രകൃതിയുമെല്ലാം മാറ്റിമറിക്ക പ്പെട്ടിരിക്കുന്നു. സമുദായത്തിന്റെ സംഘടിത ജീവിതം പമ്പ കടന്നു വെന്നതാണ് ഇതിന് കാരണം. പണ്ഡിത ന്മാരുടെ കുറവ് കൊണ്ടാണ് ഇതൊക്കെ സംഭവിച്ചതെന്ന് ആരും അവകാശപ്പെടുന്നില്ല. മറിച്ച് എന്നത്തേക്കാളുപരി പണ്ഡിത ബാഹുല്യം ലോകത്ത് നിറഞ്ഞു നിൽക്കുന്നു. ഡോ:യൂസുഫുൽഖർളാ വിക്കും മൗലാനാ മൗദൂദിക്കും ഹസനുൽ ബന്നക്കും സദറുദ്ദീൻ ഇസ്ലാഹിക്കും അബുൽ ഹസൻ അലി നദ്വിക്കും മാത്രമല്ല മക്കാഹറമിലെ മുഫ്തിക്കും റാബിത്തത്തുൽ ആലമിൽ ഇസ്ലാമിയുടെ മൗലാന മാർക്കും മുസ്ലിം ലോകത്തെ ഒരേ ചരടിൽ കോർത്തിണക്കി നബി(സ)യും ഖുലഫാഉർറാശിദീങ്ങളും കാണിച്ച് തന്ന മാർഗത്തിലൂടെ ഖൈറുൽ ഉമ്മത്ത് എന്ന മഹത്തായ സ്ഥാനം അലങ്കരിക്കുന്ന ഈ സമുദായത്തിന് സാധിച്ചില്ലെങ്കിൽ പിന്നെയാർക്ക് കഴിയും എന്ന് മുസ്ലിം പണ്ഡിതന്മാർ മറുപടി പറയേണ്ടതുണ്ട്. അപ്പോൾ എവിടെയോ ഒരു വീഴ്ച്ച ഇവർക്കെല്ലാം പറ്റിയിട്ടുണ്ടെന്നല്ലേ മനസ്സിലാക്കേണ്ടത്. എന്നാൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് റസൂൽ തിരുമേനി(സ) കാണിച്ചു തന്ന അതേ മാർഗത്തിൽ തന്നെയാണെന്നാണ് നാം മനസ്സിലാക്കേണ്ടത്. മക്കയിൽ എത്രയെത്ര മാന്യന്മാർ, പണ്ഡിതന്മാർ കുലീനന്മാർ ഇവർക്കൊന്നും പ്രവാചക പദവി കൊടുക്കാതെ അങ്ങാടിയിൽ കൂടി നടക്കുന്ന, ആട് മേച്ചും പിന്നെ കച്ചവടം ചെയ്തും നടന്നിരുന്ന സാധാരണക്കാരിലും സാധാരണക്കാരനായി അനാഥനായി വളർന്ന ഈ മുഹമ്മദിനാണോ ദൈവം പ്രവാചകത്വപദവി നൽകുക എന്ന് അഹങ്കരിച്ച് നടന്നതിനാൽ സത്യം കണ്ടെത്താൻ കഴിയാതെ പോയി. '***വഅതസിമൂ ബി ഹബ്ലില്ലാഹി ജമീഅൻ'*** എന്ന് പറഞ്ഞു കൊണ്ട് '***വല്ലാ തഫർറക്കൂ'*** നിങ്ങൾ ഭിന്നിക്കരുത് എന്ന് പറഞ്ഞ തനുസരിച്ച് അല്ലാഹുവിന്റെ പാശമാകുന്ന ഖിലാഫത്ത് മുറുകെ പിടിച്ചു കൊണ്ട് ഭിന്നിക്കാതെ ഒറ്റക്കെട്ടായി 200 രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന അൽ ജമാഅത്താണ് അഹ്മദിയ്യാ മുസ്ലിം ജമാത്ത്. '*തിർമിദി ഉദ്ധരിച്ച് ഹദീസിൽ പറഞ്ഞത്പോലെ ഇസ്ലാമിക നേതൃത്വത്തോടുള്ള ഖലീഫയോടുള്ള ബൈഅത്ത് (അനുസരണ പ്രതിജ്ഞ) കഴുത്തിലില്ലാതെ (കൈ കൊള്ളാതെ) മരിച്ചവൻ അനിസ്ലാമിക മരണമാണ് മരിച്ചത്.'* (ഇസ്ലാമും സംഘടിത ജീവിതവും -സദറുദ്ദീൻ ഇസ്ലാഹി)

ഈ ഗതികേടിൽ നിന്ന് അഹ്മദികൾ മുക്തരാണ്. പക്ഷേ ഇത്തരം ഹദീസുകളും വി. ഖുർആൻ വചനങ്ങളും ഉദ്ധരിച്ച് സമുദായത്തെ ബോധവൽക്കരിക്കുന്ന മേൽ പണ്ഡിതന്മാരുടെ മരണം അവർ തന്നെ ഉദ്ധരിക്കുന്ന മേൽ ഹദീസിന്റെ അടിസ്ഥാനത്തിൽ എങ്ങനെയുള്ളതായിരിക്കുമെന്ന് ചിന്തിക്കുക.

പ്രബന്ധകാരൻ തുടരുന്നത്

# ഇമാം മഹ്ദി: പണ്ഡിതന്മാർ എന്ത് പറയുന്നു?

ശറഫുദ്ദീൻ ഇർഫാനി, അഗത്തി

ലോക വിശ്രുത പണ്ഡിതന്മാരെല്ലാം ഇമാം മഹ്ദിയുടെ ആഗമനത്തെ കുറിച്ച് ശക്തവും വ്യക്തവുമായി പറഞ്ഞിട്ടുണ്ട്. എന്നാൽ ഇസ്ലാമികമായി പ്രമാണികമായ യാതൊരു അടിത്തറയുമില്ലാത്ത മുസ്‌ലിം സംഘടനകൾ അല്ലാഹു അയച്ച ഈ ദിവ്യാത്മാവിനെ നിഷേധിക്കാൻ മുന്നോട്ടു വരുകയാണ്.

പ്രത്യേകമായ ഒരു ശരീഅത്തിന്റെ അവതരണ പൂർത്തീകരണം ആ ശരീഅത്ത് അവതരിപ്പിക്കപ്പെട്ട പ്രവാചകന്റെ ജീവിതകാലത്ത് തന്നെ സംഭവിക്കും. എന്നാൽ അതിന്റെ പ്രചാരണ പൂർത്തീകരണം തന്റെ ഖലീഫമാർ(ഒരു പ്രവാചകന്റെ വിയോഗശേഷം വരുന്ന തന്റെ പ്രതിനിധികൾ) മുഖേനയാണ് പൂർത്തീകരിക്കുക. എന്നാൽ പിൽക്കാലത്ത് പ്രസ്തുത പ്രവാചകന്റെ പ്രതിനിധിയാകാൻ പ്രാപ്തരായ ആത്മീയ വ്യക്തികൾ സമുദായത്തിൽ അപ്രത്യക്ഷമാകുകയും പകരം ഉദരപൂരകരായ ഐഹിക പണ്ഡിതന്മാർ സ്വാർഥ താൽപര്യങ്ങൾക്കു വേണ്ടി മതത്തെ ദുരുപയോഗം ചെയ്യുകയും അതു മുഖേന സമുദായം കക്ഷികളായി ഭിന്നിക്കാൻ തുടങ്ങുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ സമുദായം അങ്ങേയറ്റം അധഃപതിക്കുകയും ദുഷിക്കുകയും ചെയ്യുന്ന ഒരു ഘട്ടം ഉടലെടുക്കുമ്പോൾ ശരീഅത്തിന്റെ സംരക്ഷണത്തിനും പ്രചാരണ പൂർത്തീകരണത്തിനും വേണ്ടി പ്രസ്തുത ശരീഅത്തിന്റെ അനുയായികളിൽ നിന്ന് തന്നെ അല്ലാഹു നിയോഗിക്കുന്ന പ്രവാചകനാണ് ആ സമുദായത്തിലെ മസീഹ് എന്ന് പറയുന്നത്. നമ്മുടെ സഹോദരസമുദായമായ ബനൂഇസ്റാഈലിൽ മേൽ വിവരിച്ചതിന്റെ പ്രാവർത്തികരൂപം നാം കാണുകയും ചെയ്യുന്നു. മൂസാനബിക്ക് ശേഷം ഐഹിക പണ്ഡിതന്മാരാൽ അധഃപതിച്ചുപോയ ബനൂ ഇസ്റാഈലിലേക്ക് പതിനാല് നൂറ്റാണ്ടുകൾക്ക് ശേഷം നിയോഗിച്ച ഇസ്റാഈലി മസീഹായിരുന്നു ഹദ്റത്ത് ഈസാ (അ).

മുഹമ്മദ് നബി(സ)യുടെ സമുദായമായ മുസ്‌ലിം സമുദായത്തിനും ഇതേ അവസ്ഥ സംജാതമായിട്ടുണ്ട്. അദ്ദേഹത്തിന് അവതരിപ്പിക്കപ്പെട്ട പ്രത്യേകമായ ശരീഅത്ത് സർവകാലികവും സർവജനീകവുമാണ്. ഇതിന്റെ അവതരണ പൂർത്തീകരണം അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ തന്നെ സംഭവിച്ചതുമാണ്. എന്നാൽ ഇതിന്റെ പ്രചാരണ പൂർത്തീകരണം നബി(സ)യുടെ വിയോഗ ശേഷം തന്റെ ഖലീഫമാർ തങ്ങൾക്കാവും വിധം നിർവഹിച്ചു. പക്ഷേ, നബി(സ) മുൻകൂട്ടി പ്രവചിച്ചത് പോലെത്തന്നെ മൂന്ന് നൂറ്റാണ്ടോടെ സമുദായം അധഃപതനത്തിന്റെ ആഴിയിലേക്ക് ആപതിക്കാൻ തുടങ്ങി. അവിടന്നങ്ങോട്ട് ഭൂമിയിലേക്ക് അല്ലാഹു കനിഞ്ഞിറക്കിയ ഈമാനികപ്രകാശം സാവകാശം ആകാശത്തിലേക്ക് തന്നെ തിരിച്ചു കയറാൻ തുടങ്ങി. വിശുദ്ധ ഖുർആൻ പ്രവചിച്ചത് പോലെ കൃത്യം ആയിരം വർഷം കൊണ്ട് തന്നെ സമുദായം അങ്ങേയറ്റം അധഃപതിക്കുകയും ദുഷിക്കുകയും ചെയ്തു. അങ്ങനെ ഈമാനിന്റെ തിരിച്ചുകയറ്റം സംഭവിച്ചിട്ടില്ലാത്ത മൂന്ന് നൂറ്റാണ്ടും ആകാശത്തിലേക്ക് തിരിച്ചുകയറാനെടുത്ത പത്ത് നൂറ്റാണ്ടും കൂടി പതിമൂന്ന് നൂറ്റാണ്ട് പൂർത്തിയാകുമ്പോഴേക്കും നബി(സ) പ്രവചിച്ചത് പോലെത്തന്നെ ഈമാൻ കാർത്തിക നക്ഷത്രം വരെ ചെന്നെത്തിക്കഴിഞ്ഞി

---

കാണുക. *1924- ൽ ഉസ്മാനിയ ഖിലാഫത്ത് തകർന്നപ്പോൾ അത് മുസ്‌ലിം ലോകത്ത് കാര്യമായ പ്രതികരണമൊന്നുമുണ്ടാക്കിയിട്ടില്ല..'* ഇരുട്ട് കൊണ്ട് ഓട്ടയടക്കാൻ ശ്രമിക്കുകയാണ് അശ്റഫ്. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ഖിലാഫത്ത് പ്രസ്ഥാനം എന്തായിരുന്നു? ഗാന്ധിജിയുടെ നേതൃത്വത്തിൽ മുസ്‌ലിം ലോകത്തിൽ ഖലീഫയെ കണ്ടെടുക്കാൻ ഇന്ത്യൻ മുസ്‌ലിംകളെ ഒന്നിച്ച് നിർത്തി പ്രക്ഷോഭം നടത്തിയതും ആയിരക്കണക്കിനാളുകൾ രക്തസാക്ഷികളായതും മറന്നുവെങ്കിൽ കേരളത്തിൽ ഖിലാഫത്ത് സമരവുമായി ബന്ധപ്പെട്ടു നടന്ന വാഗൺ ട്രാജഡിയും ആലി മുസ്ലിയാരുടെ തൂക്കിക്കൊല്ലലും വാരിയംകുന്നത്ത് കുഞ്ഞഹമ്മ താജി യെ വെടിവെച്ച് കൊന്നതും പ്രബന്ധ കാരൻ മറക്കാൻ പാടില്ലായിരുന്നു. ഉസ്മാനിയാ ഖിലാഫത്തിന്റെ തിരോധാ നത്തിൽ മനം നൊന്ത് മൗലാനാ മുഹമ്മദലി ജൗഹർ ആത്മഹത്യ ക്കൊരുങ്ങി എന്ന് അദ്ദേഹം തന്നെ തന്റെ ആത്മകഥയിൽ വെളിപ്പെടുത്തി യതല്ലേ? *ഖിലാഫത്തിന്റെ പുനരുദ്ധാര ണ വിഷയം ഭക്തരായ ലോക മുസ്‌ലിംകൾക്കിടയിൽ ഇന്ന് ഒരു സജീവ വിഷയമാണ്.*

( ചന്ദ്രിക 1992 മെയ് 1)

ഖിലാഫത്ത് എന്ന മുന്തിരിങ്ങക്ക് വേണ്ടി എല്ലാ വിധ ശ്രമങ്ങളും നടത്തി നോക്കി വിജയം കണ്ടെത്താനാവാതെ പരാജയ പരിക്ഷീണിതനായ പ്രബന്ധ കാരൻ ഉൾപ്പെടുന്ന പണ്ഡിത വിഭാഗം ഇപ്പോൾ തങ്ങൾക്ക് അത് അപ്രാപ്യ മായതിനാൽ പുളിക്കുന്നു എന്ന് പറഞ്ഞ് ഇരുട്ടിൽ തപ്പിതടയുന്നത് കാണുമ്പോൾ ലജ്ജാകരം എന്നു പറയാൻ തോന്നുകയാണ്.

(ലേഖകന്റെ Mob. No. 9497215986)

രുന്നു. അതോടെ, മുഹമ്മദ് നബി(സ) കൊണ്ട് വന്ന അതേ ഈമാനിനെ കാർത്തിക നക്ഷത്രത്തിൽ നിന്ന് തിരിച്ചു ഭൂമിയിൽ കൊണ്ട് വരുന്ന മഹ്ദിമസീഹിന്റെ ആഗമനത്തിന് സാക്ഷ്യം വഹിക്കാൻ പതിനാലാം നൂറ്റാണ്ടിന് ഭാഗ്യം ലഭിച്ചു.

മുസ്‌ലിം സമുദായത്തിന്റെ രക്ഷകനായിട്ട് മഹാനായ ഒരു പുണ്യാത്മാവിനെ അവസാനകാലത്ത് അല്ലാഹു നിയോഗിക്കുമെന്ന് പതിനാലാം നൂറ്റാണ്ട് വരെയുള്ള മുസ്‌ലിംകൾക്ക് തർക്കമില്ലായിരുന്നു. എന്ന് മാത്രമല്ല അതവരുടെ വിശ്വാസകാര്യങ്ങളിൽ ഒന്നായിപ്പോലും അംഗീകരിക്കപ്പെട്ടിരുന്നു. പ്രതിസന്ധികൾ ഉണ്ടാകുമ്പോഴൊക്കെ അവർ ആ മഹാത്മാവിന്റെ ആഗമനം പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ പതിനാലാം നൂറ്റാണ്ടിൽ വാഗ്ദത്ത മഹ്ദീ മസീഹ് നിയോഗിക്കപ്പെട്ടപ്പോൾ പുരോഹിതച്ചങ്ങലകളിൽ ബന്ധിപ്പിക്കപ്പെട്ട മുസ്‌ലിംകൾ ജൂതന്മാരായി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. അങ്ങനെയൊരു മഹ്ദീമസീഹൊന്നുമില്ലായെന്ന നിലപാടിലേക്ക് വരെ ചിലർ എത്തിപ്പെട്ടുകഴിഞ്ഞു. എന്നാൽ അത്തരമാളുകൾ വരെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പണ്ഡിതൻമാർക്കു പോലും ഈ യാഥാർഥ്യം നിഷേധിക്കാൻ സാധിക്കുന്നില്ല എന്നതാണ് സത്യം.

ഇമാം മഹ്ദിയെ സംബന്ധിച്ചു മലയാളത്തിൽ വിശദമായ ഒരു പഠനപുസ്തകമെഴുതിയത് പണ്ഡിതനും പ്രസംഗകനും ഗ്രന്ഥകാരനും പൂർവോപരി ഒരു ആത്മീയ ചിന്തകനുമായ കക്കാട് മുഹമ്മദ് ഫൈസിയാണ്. അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ പറയുന്നു;

ഇസ്‌ലാം മറ്റു മതങ്ങളെയെല്ലാം വിജയിക്കുന്ന അവസ്ഥ സംജാതമാകുമെന്ന് വിശുദ്ധ ഖുർആനിൽ 9:33ലും 48:28ലും 61:9ലും പ്രഖ്യാപിക്കുന്നുണ്ട്. അതുപോലെ ഇസ്‌ലാം മതവിരോധികൾക്ക് ഭൗതികലോകത്തു വെച്ചുതന്നെ ചില അപമാനങ്ങൾ സഹിക്കേണ്ടിവരുമെന്ന് ഖുർആൻ 2:114ലും 5:33ലും പറയുന്നുണ്ട്. ഖുർആൻ പറഞ്ഞ ഈ അവസ്ഥകൾ പരിപൂർണമായും സംഭവ്യമാവുക നവോഥാന നായകനായ ഇമാം മഹ്ദിയുടെ ഭരണ കാലത്തായിരിക്കുമെന്ന് പ്രമുഖ തഫ്സീർ ഗ്രന്ഥങ്ങളെല്ലാം വ്യക്തമാക്കുന്നുണ്ട്. 1)തഫ്സീർ ഇബ്നുകസീർ വാ:1 പുറം:158, 2:13 (2) തഫ്സീറുൽ ഖുർതുബി 2/79,8/121, 11/48 (3) തഫ്സീറുത്വബ്‌രി 1/501 (4) തഫ്സീറു ഫത്ഹിൽ ഖദീർ 1/132 (5) തഫ്സീർ ബഗവി 3/98 (6) തഫ്സീറു ദുർറുൽ മൻസൂർ 5/243 (7) തഫ്സീർ അബുസ്സുഊദ് 1/18 (8) തഫ്സീറു റൂഹുൽ മആനി 4/207 മുതലായ ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളിൽ ഇമാം മഹ്ദിയുടെ ആഗമനത്തെ ഖുർആനിക വെളിച്ചത്തിൽ സ്ഥിരീകരിച്ചതു കാണാം.(ഇമാം മഹ്ദിയുടെ ആഗമനം: 41)

വിശുദ്ധ ഖുർആന്റെ സൂചനകൾക്ക് പുറമെ അനവധി നിരവധി ഹദീസുകളിലൂടെ ഇമാം മഹ്ദിയുടെ ആഗമനം സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. കേരളക്കരയിലെ മുജാഹിദ്, ജമാഅത്ത് വിഭാഗക്കാർ മഹ്ദിയുടെ വിഷയത്തിൽ വന്ന ഹദീസുകളെല്ലാം ദുർബലമാണെന്ന് പറഞ്ഞ് മഹ്ദിയുടെ ആഗമന ത്തെ അവഗണിക്കാറുണ്ട്. എന്നാൽ അവരുടെ നേതാക്കന്മാരായ സലഫി പണ്ഡിതന്മാർ ഈ വിഷയത്തിലും അവർക്കെതിരാണെന്നതാണ് യാഥാർഥ്യം. സഊദി അറേബ്യയുടെ ഗ്രാന്റ് മുഫ്തിയും ആധുനിക ഹദീസുപണ്ഡിതനുമായ ശൈഖ് നാസിറുദ്ദീൻ അൽബാനി പറയുന്നു; മഹ്ദി വരുമെന്ന് പറയുന്ന ഹദീസുകൾ സ്വഹീഹാണെന്ന് പ്രഖ്യാപിച്ചവരിൽ ശൈഖുൽ ഇസ്‌ലാം ഇബ്നു തിമിയയും ഉൾപ്പെടുന്നു. അദ്ദേഹം മിൻഹാജുസ്സുന്ന' എന്ന ഗ്രന്ഥത്തി(211/4)ൽ പറയുന്നു: മഹ്ദി വെളിപ്പെടും എന്നതിനു പ്രമാണമാക്കപ്പെടുന്ന ഹദീസുകൾ സ്വഹീഹായ ഹദീസുകളാണ്. അബൂദാവൂദ്, തിർമിദി, അഹ്മദ് തുടങ്ങിയവരും ദഹബിയും ഇവ ഉദ്ധരിച്ചവരാണ്. (അൽബാനി പറയുന്നു): ഞാൻ പറയട്ടെ, പ്രഗൽഭ ഹദീസ് പണ്ഡിതന്മാരിൽപെട്ട അഞ്ചാളുകളാണിവർ. മഹ്ദി ആഗമിക്കുമെന്ന് പറയുന്ന ഹദീസുകൾ സ്വഹീഹാണെന്ന് ഇവർ തന്നെ പറയുന്നു. കൂടാതെ പതിന്മടങ്ങ് മുൻഗാമികളും പിൻഗാമികളും ഇവരോടൊപ്പമുണ്ട്. അവരിൽ ചിലരുടെ പേരുകൾ ഞാനിവിടെ പറയാം. അഖീലി, ഇബ്നുൽ അറബി, ഖുർതുബി, ത്വീബി, ഇബ്നുൽഖയ്യിം, ഹാഫിള് ഇബ്നു ഹജർ, അബുൽഹസൻ ആബുറിയ്യ്, ശൈഖ് അലിയ്യുൽ ഖാരി, സുയൂത്വി, അല്ലാമ മുബാറക് പൂരി തുടങ്ങി അനവധി നിരവധി മഹത്തുക്കൾ. (നാസിറുദ്ദീൻ അൽബാനി സിൽസിലത്തുസ്സഹീഹ: 38/4).

മുജാഹിദീങ്ങളുടെ നവോത്ഥാനനായകനായ ഇബ്നുതീമിയയുടെ ശിഷ്യൻ അല്ലാമാ ഇബ്നുൽ ഖയ്യിം പറയുന്നു; മഹ്ദി വരുമെന്ന് പറയുന്ന ഹദീസുകൾ ധാരാളമുണ്ട്. അനിഷേധ്യമായ ഒരു ആശയമായി അത് മാറിയിട്ടുണ്ട്. സുന്നീ പണ്ഡിതന്മാരുടെ അടുക്കൽ വളരെ വ്യാപകമായതും അവരുടെ വിശ്വാസകാര്യങ്ങളിൽ എണ്ണപ്പെടുന്നതുമാണിത്. അതിനാൽ പണ്ഡിതന്മാർ വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിലും സുന്നത്ത് ജമാഅത്തിന്റെ വിശ്വാസഗ്രന്ഥങ്ങളിൽ സ്ഥിരപ്പെട്ടതിന്റെ അടിസ്ഥാനത്തിലും മഹ്ദി വരുമെന്ന് വിശ്വസിക്കൽ നിർബന്ധമാണ്. (അൽമനാറുൽ മുനീഫ്)

മുജാഹിദീങ്ങളുടെ നേതാവായ പണ്ഡിതൻ മുഹമ്മദ് ബ്ൻ അബ്ദുൽ വഹ്ഹാബ് ഔനുൽ മഅ്ബൂദിനെ ഉദ്ധരിച്ചുകൊണ്ട് പറയുന്നു; അതിനാൽ ഇമാം മഹ്ദി പ്രത്യക്ഷപ്പെടുമെന്ന അഭിപ്രായം, അതാണ് ശരിയും സത്യവും. ഇമാം ശൗക്കാനി ഫത്ഹുർ റബ്ബാനിയിൽ പറയുന്നു : ഇമാം മഹ്ദി വരുമെന്ന വിഷയത്തിൽ അമ്പത് ഹദീസുകളും ഇരുപത്തിയെട്ട് മഹത്വചനങ്ങളും ലഭ്യമാണ്. ശേഷം അദ്ദേഹം അവകൾ വിവരിക്കുന്നു. എന്നിട്ട് പറയുന്നു. ഇതെല്ലാം കൂടി മുതവാത്വിറിന്റെ (അനിഷേധ്യമായ ആശയത്തിന്റെ) പദവിയെത്തിച്ചവയാണ്. (അഹാദീസു ഫിൽഫിതൻ)

മദീനയിലെ അൽജാമിഅത്തുൽ ഇസ്‌ലാമിയ്യയുടെ ഉപാദ്ധ്യക്ഷനും ഗ്രാന്റ് മുഫ്തിയുമായ ശൈഖ് അബ്ദുൽ അസീസ്ബ്നുബാസ് 1969 ൽ പ്രസിദ്ധീകരിച്ചഗ്രന്ഥത്തിൽ പറയുന്നു: മഹ്ദിയുടെ കാര്യം നിശ്ചയിക്കപ്പെട്ട ഒന്നു തന്നെയാണ്. വ്യത്യസ്തമായ ഉദ്ധാരകരും ഉദ്ധരണികളും ഉള്ളതോടുകൂടി തന്നെ വാഗ്ദത്തം ചെയ്യപ്പെട്ട ഈ വ്യക്തിയുടെ പുറപ്പാട് സത്യം തന്നെയാണെന്ന ഒരു യാഥാർഥ്യം ഇത് വിളിച്ചറിയിക്കുന്നു. അവസാന കാലഘട്ടത്തിൽ സമുദായത്തിനുള്ള അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പെട്ടതാണ് ഈ ഇമാം. അദ്ദേഹത്തിന്റെ പുറപ്പാടുണ്ടാകും. അദ്ദേഹം സത്യവും നീതിയും നിലനിർത്തും, അക്രമവും അരാജകത്വവും തടയും. ജനങ്ങൾക്ക് സന്മാർഗം കാണിച്ചുകൊണ്ട് അല്ലാഹു അദ്ദേഹം മുഖേന നന്മയുടെ പതാക വിരിക്കും. അഹ്‌ലുസ്സുന്നത്തിവൽജമാഅ ഇത് വിശ്വസിക്കൽ നിർബന്ധമാക്കിയിരിക്കുന്നു. ഇമാം മഹ്ദിയെ

വിശ്വസിക്കൽ നബി(സ)യെ അംഗീകരിക്കുന്നതിന്റെ ഭാഗമാണ്... അതുകൊണ്ട് തന്നെ അദ്ദേഹത്തെ നിഷേധിക്കലും അദ്ദേഹത്തിന്റെ വിഷയത്തിൽ സംശയിക്കലും അപകടകരമായ കാര്യം തന്നെയാണ്. (അഖീദത്തു അഹ്ലിസ്സുന്ന വൽ അസർ ഫിൽമഹ്ദിയ്യിൽ മുൻതളർ)

ഇമാം മഹ്ദിയുടെ ആഗമന വിഷയത്തിൽ ഇബ്നു ഹജറുൽ ഹൈതമീ 'അലാമാത്തുൽ മഹ്ദി' എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിന്റെ ആമുഖത്തിൽ തന്നെ അദ്ദേഹം പറയുന്നു;.. മഹ്ദിയുടെ ആഗമനത്തെ നിഷേധിക്കുന്നവൻ കാഫിറായിട്ടുണ്ട് എന്ന് നബി(സ) യിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. (അലാമാത്തുൽമഹ്ദി )

മഹ്ദിയും ഈസയും ഈ ഉമ്മത്തിന്റെ രക്ഷകനായി അവസാനകാലത്ത് അവതരിക്കുമെന്ന് സ്വഹീഹായ ഹദീസുകളിൽ വന്നിട്ടുണ്ട്. മഹ്ദിയും ഈസായും യഥാർഥത്തിൽ ഒരേ വ്യക്തിയുടെ രണ്ട് വിശേഷണങ്ങളാണ്. അതായത്, ഇസ്റാഈലികളെ ഈസബ്നുമറിയം സമുദ്ധരിച്ചത് പോലെ ഈ സമുദായത്തിലും അല്ലാഹുവിൽ നിന്ന് നേരിട്ട് സന്മാർഗ ദർശനം സിദ്ധിച്ച (മഹ്ദിയായ) ഒരു ഈസബ്നു മറിയം നിയുക്തനാകും, എന്നാണ് നബി(സ) പറഞ്ഞതിനർഥം. ഇതിനു തെളിവുകൾ പലതും നിരത്താനുണ്ട്. ചിലത് മാത്രം സൂചിപ്പിക്കുന്നു.

1. രണ്ടായിരം വർഷം മുമ്പ് ഇസ്റാഈലികളിലേക്ക് അയക്കപ്പെട്ട ഈസാ നബി മരണപ്പെട്ടുവെന്ന് വിശുദ്ധ ഖുർആനും തിരുവചനങ്ങളും, ഇവയുടെ അടിസ്ഥാനത്തിൽ പല പണ്ഡിതന്മാരും വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് ഈസാ(അ) ഇനി ഭൂമിയിലേക്ക് വരില്ല. (അഹ്മദിയ്യാ സാഹിത്യങ്ങളിൽ ഈ വിഷയം സവിസ്തരം പ്രദിപാദിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല.)

2. നബി(സ) പറഞ്ഞു; നിങ്ങളിൽ നിന്ന് നിങ്ങൾക്കുള്ള ഇമാമായിട്ട് ഇബ്നു മറിയം നിങ്ങളിൽ അവതരിക്കുമ്പോൾ നിങ്ങളുടെ അവസ്ഥ എങ്ങനെയായിരിക്കും!. (ബുഖാരി;3449, മുസ്ലിം;245) നബി(സ) പറഞ്ഞ ഈസബ്നുമറിയം ഈ സമുദായത്തിൽപെട്ട ആളായിരിക്കുമെന്നതിലേക്ക് മേൽ ഹദീസ് വെളിച്ചം വീശുന്നു.

3. ഇമാം ത്വീബി ഇതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു; ഇബ്നു അബീദിഅ്ബ് പറയുന്നു. ഈ ഹദീസിന്റെ അർഥം, നിങ്ങളുടെ റബ്ബിന്റെ ഖുർആൻ കൊണ്ടും നിങ്ങളുടെ നബിയുടെ സുന്നത്ത് കൊണ്ടും അദ്ദേഹം നിങ്ങൾക്ക് നേതൃത്വം നൽകും. ഇമാം ത്വീബി പറയുന്നു. 'അമ്മക്കും'(അദ്ദേഹം നിങ്ങൾക്ക് നേതൃത്വം നൽകും) എന്നതിലുള്ള സർവനാമം ഈസാനബിയും, 'വമിൻകും' എന്നതിന്റെ അർഥം 'നിങ്ങളിൽ നിന്നുള്ളവനായ നിലക്ക്' എന്നുമാണ്. അതായത്, നിങ്ങളിൽ നിന്നുള്ളവനായനിലക്ക് ഈസാനബി നിങ്ങൾക്ക് നേതൃത്വം നൽകും എന്നാണ്. (മിർഖാത്ത്)

4. നിങ്ങളിൽ ജീവിച്ചിരിക്കുന്നവർ ഈസബ്നു മർയമിനെ ഇമാം മഹ്ദിയായിട്ട് കണ്ടെത്തുന്നതാണ്. (മുസ്നദ് അഹ്മദ് 411/2)

5. നബി(സ) പറയുന്നു; ഈസബ്നു മറിയമല്ലാതെ മഹ്ദി യില്ല (ഇബ്നുമാജ 1341/2) ഈ ഹദീസ് ഇമാം ശാഫിയുടെ ഗുരുവര്യനായ ഇബ്നു ഖാലിദ് അൽജുൻദിയിലൂടെ വളരെ പ്രസിദ്ധിയാർജിച്ചതാണ്. അദ്ദേഹത്തിൽ നിന്ന് മറ്റ് പലരും ഇത് ഉദ്ധരിച്ചിട്ടുണ്ട്. ഹാക്കിം വാദിച്ചത് പോലെ അദ്ദേഹം അജ്ഞാതനൊന്നുമല്ല. എന്നല്ല അദ്ദേഹം വിശ്വസ്തനാണെന്ന് ഇബ്നു മഈൻ പറഞ്ഞതായും ഉദ്ധരിക്കപ്പെടുന്നു. (അഖീദത്തു അഹ്ലിസ്സുന്ന വൽഅസർ ഫിൽമഹ്ദിയ്യിൽ മുൻതളർ)

> അഹ്മദികളെ സംബന്ധിച്ചിടത്തോളം ഇമാം മഹ്ദി ആഗതരാകുമെന്ന നബി(സ)യുടെ പ്രവചനം പുലർന്നു കഴിഞ്ഞ സ്ഥിതിക്ക് മഹ്ദിയെക്കുറിച്ച് പറയപ്പെട്ട അടയാളങ്ങളിൽ പ്രത്യക്ഷത്തിൽ പുലർന്ന് കാണുന്നത് തന്നെയാണ് നബി(സ) ഉദ്ദേശിച്ചത്. ഇതുവരെ പുലർന്ന് കാണാത്തതിന്റെ വ്യാഖ്യാനം വിശുദ്ധഖുർ ആനിനെതിരാകാത്ത നിലക്ക് മനസ്സിലാക്കുകയും ചെയ്യുന്നു.

6. മഹ്ദി ആരാണെന്നതിൽ മുൻഗാമികൾക്ക് നാല് അഭിപ്രായങ്ങൾ ഉണ്ടെന്ന് പറഞ്ഞുകൊണ്ട് ഇബ്നുൽ ഖയ്യിം അതിൽ ഒന്നാമത്തെ അഭിപ്രായമായി എണ്ണുന്നത് അദ്ദേഹം മസീഹുബ്നു മറിയമാണ്. അദ്ദേഹം തന്നെയാണ് യഥാർഥത്തിൽ മഹ്ദി. (അൽമനാറുൽ മുനീഫ്)

7. മഹ്ദിയുദ്ദീൻ(ഈ മതത്തിലെ മഹ്ദി) ഈസബ്നു മറിയമാണ്. (അലാമാത്തുൽമസീഹ്:72)

8.ഹിജ്റ 560ൽ ഡൽഹിയുടെ പ്രാന്തപ്രദേശത്ത് ജീവിച്ച ഒരു വൊലിയ്യായ ഹദ്റത്ത് ശൈഖ് നിഅ്മത്തുല്ലാ വലി ഇപ്രകാരം എഴുതുകയുണ്ടായി; അദ്ദേഹം കാലത്തിന്റെ മഹ്ദിയും ഈസായും ആയിരിക്കും. ഈ രണ്ട് ഗുണങ്ങളെക്കൊണ്ടും അനുഗ്രഹിക്കപ്പെട്ടവനായി ഞാനദ്ദേഹത്തെ കാണുന്നു.(ഫീ അഹ്വാലിൽ മഹ്ദിയ്യീൻ)

9. എട്ടാം നൂറ്റാണ്ടിൽ ജീവിച്ച പണ്ഡിതനായ അല്ലാമഃ ഹുസൈനുബ്നു മുഈനുദ്ദീൻ അൽമൈബദി പറയുന്നു; ഹദ്ത്ത് മസീഹ് മൗഊദിന്റെ ആത്മീയ പ്രഭാവം ഇമാം മഹ്ദിയാൽ പ്രകടമാകുന്നതാണ്. ഈസാ അവതരിക്കും എന്നു പറയുന്നതും ഇതുതന്നെയാണ്. (ഗായത്തുൽ മഖ്സൂദ് : 21) പതിനൊന്നാം നൂറ്റാണ്ടിൽ ജീവിച്ച ശൈഖ് മുഹമ്മദ് അക്രം സാബിരിയും 'ഇഖ്തിബാസുൽ അൻവാർ' എന്ന ഗ്രന്ഥത്തിൽ ഈ കാര്യം പറഞ്ഞിട്ടുണ്ട്.

10. ഈസബ്നു മറിയം ചെയ്യുമെന്ന് പറയുന്ന അതേ ജോലികൾ തന്നെ മഹ്ദിയും ചെയ്യുമെന്ന് പറയുന്നു. (ഇത് ശേഷം വിവരിക്കുന്നുണ്ട്.)

**മഹ്ദീമസീഹിന്റെ അടയാളങ്ങൾ**

ഇമാം മഹ്ദിക്ക് വ്യത്യസ്ത ഹദീസുകളിലായി പല അടയാളങ്ങളും പറഞ്ഞ് കാണുന്നുണ്ട്. ഇവയെല്ലാം തന്നെ നബി(സ)ക്ക് ദിവ്യദർശനത്തിലൂടെ അല്ലാഹു കാണിച്ചു കൊടുത്തവയാണ്. അത് കൊണ്ട് തന്നെ ചിലത് അവ്യക്തമായതും ചിലത് വ്യാഖ്യാനിക്കപ്പെടേണ്ടതും ചിലത് അതേപടി പുലരുന്നതുമായിരിക്കും. കാരണം, ദിവ്യദർശനങ്ങൾ പലനിലക്കും സംഭവിക്കാറുണ്ട്. ദിവ്യ ദർശനങ്ങൾ ചില വിഷയങ്ങളിൽ അവ്യക്തതയോടെയും വ്യാഖ്യാനർഥത്തോടെയും സംഭവിക്കാമെന്ന് മിർഖാത്തിൽ പറയുന്നു.

അതിനാൽ വളരെ ഗഹനമായി ചിന്തിച്ചിട്ട് മാത്രമേ നബി (സ) പറഞ്ഞ അടയാളങ്ങൾ വിലയിരുത്താവൂ. പ്രത്യക്ഷാർഥം കണ്ടയുടനെ എടുത്തു ചാടി വിധിപറയൽ പരാജയത്തിനു കാരണമായേക്കും. നബി(സ) തന്നെ പ്രവചനങ്ങൾ പറയുമ്പോൾ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഹുദൈഫ(റ) പറയുന്നു. പിന്നീട് നബി(സ) പറഞ്ഞു: ഞാൻ നിങ്ങളോടിത് പറയുന്നത് നിങ്ങൾ ചിന്തിച്ചു ഗ്രഹിച്ചു ഉൾക്കൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാനാണ്. (നഈമുബ്ൻ ഹമ്മാദിന്റെ 'അൽഫിതൻ' നമ്പർ 1591)

മഹ്ദിയുടെ വിഷയത്തിൽ പല പഠനങ്ങളും നടത്തിയ കക്കാട് ഫൈസി തന്നെ ഇത് വ്യക്തമാക്കുന്നു. തിരുനബി(സ)യുടെ അദൃശ്യപ്രവചനങ്ങളിലൂടെ പഠനം നടത്തുന്നതും അത് പ്രകാശിപ്പിക്കുന്നതും സാഹസമേറിയ പരിശ്രമമാണ്. ഓരോ പ്രയോഗങ്ങളും യഥാർഥമായും എന്തുദ്ദേശിക്കുന്നുവെന്ന് നമുക്ക് വ്യക്തമായി നിശ്ചയമില്ല. ചില പ്രശ്നങ്ങളിൽ പൂർവസൂരികളുടെ വ്യാഖ്യാനങ്ങളും വളരെ കുറവ്. ഈ സാഹചര്യത്തിൽ അബദ്ധങ്ങൾ പിണയുവാൻ സാദ്ധ്യത കൂടുതലാണ്. (ഇമാം മഹ്ദിയുടെ ആഗമനം: 17)

അഹ്മദികളെ സംബന്ധിച്ചിടത്തോളം ഇമാം മഹ്ദി ആഗതരാകുമെന്ന നബി(സ)യുടെ പ്രവചനം പുലർന്നു കഴിഞ്ഞ സ്ഥിതിക്ക് മഹ്ദിയെക്കുറിച്ച് പറയപ്പെട്ട അടയാളങ്ങളിൽ പലതും പ്രത്യക്ഷത്തിൽ പുലർന്ന് കാണുന്നത് തന്നെയാണ്. നബി(സ) ഉദ്ദേശിച്ചത്. ഇതുവരെ പുലർന്ന് കാണാത്തതിന്റെ വ്യാഖ്യാനം വിശുദ്ധ ഖുർ ആനിനെതി രാകാത്തനിലക്ക് മനസ്സിലാക്കുകയും ചെയ്യുന്നു. ഇസ്ലാമിക ലോകത്ത് ഹദ്റത്ത് അഹ്മദ്(അ)ന്റെ കാലഘട്ടത്തിനു മുമ്പു തന്നെ, ഇമാം മഹ്ദിയെ സംബന്ധിച്ച് നടന്ന പ്രവചനങ്ങളിൽ നിന്നും പഠനങ്ങളിൽ നിന്നും ഒരു ലേഖനത്തിന്റെ പരിധിയിൽ നിന്നു കൊണ്ട് ചില അടയാളങ്ങൾ മാത്രം ഇവിടെ രേഖപ്പെടുത്തുകയാണ്.

**പേര്**

ഹുദൈഫ(റ) ഉദ്ധരിക്കുന്നു; മഹ്ദിയുടെ പേര് 'അഹ്മദ്' എന്നാണെ ന്ന് നബി(സ) പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി. (കമാലുദ്ദീൻ;653/1) ഇബ്നുഹജർ അൽഹൈത്തമി ഹദീസുദ്ധരിച്ചുകൊണ്ട് പറയുന്നു; ഇമാം മഹ്ദിയുടെ പേര് നബി (സ) യുടെ പേരായ അഹ്മദ് എന്നായിരിക്കും. (അലാമാത്തുൽ മഹ്ദി) അഹ്മദ് എന്ന് പേരുള്ള മഹ്ദിയോടൊപ്പം ഒരു ജമാഅത്ത് ഇന്ത്യയിൽ പ്രചാരണയത്നം നടത്തും (അന്നജ്മുസ്സാഖിബ് 41/2). അഹ്മദ് എന്ന ആൾ പ്രത്യക്ഷനായി മഹത്തായ ആത്മീയ വിപ്ലവം നടത്തുന്നതായി ഞാൻ ദർശനത്തിൽ കാണുന്നു. (അൽഅർബഈൻ ഫീ അഹ്വാ ലുൽ മഹ്ദിയ്യീൻ) 'അന്നജ്മുസ്സാഖിബ്' എന്ന ഗ്രന്ഥത്തിൽ മഹ്ദിക്ക് 182 പേരുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഹദീസിന്റെ അടിസ്ഥാന ത്തിൽ അവയിൽ പ്രഥമസ്ഥാനത്ത് എണ്ണുന്നത് തന്നെ 'അഹ്മദ്' എന്നാണ്. (പേജ് 166). അൽഗുലാം(പേജ് 203) എന്നും മഹ്ദിയുടെ പേരായി അതിൽ പറഞ്ഞിട്ടുണ്ട്.

അതിനാൽ പേരുകൊ ണ്ടും ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് അൽഖാദിയാനി തന്നെയാണ് വാഗ്ദത്ത മഹ്ദീ മസീഹെന്ന് തെളിയുന്നു.

**വംശം**

സൂറഃ ജുമുഅഃ മൂന്നാം സൂക്തമായ, 'സ്വഹാബികളല്ലാത്ത മറ്റൊരു വിഭാഗത്തിലേക്കും നബി(സ)യെ നിയോഗിച്ചിട്ടുണ്ട്'എന്നർഥം വരുന്ന ഭാഗത്തിന്റെ വ്യാഖ്യാനമായി നബി(സ) പറഞ്ഞു; ഈമാൻ കാർത്തികയിലേക്കുയർന്നാലും ഇവരിൽ (പേർഷ്യൻ വംശജരിൽ) നിന്നുള്ള ചിലയാളുകൾ (മഹ്ദിയും ഖലീഫമാരും) അതിനെ വീണ്ടെടുക്കുന്നതാണ്. (ബുഖാരി 4615)

വിശുദ്ധ ഖുർആൻ മറ്റൊരു സൂക്തത്തിലും ഈ കാര്യം ഉണർത്തുന്നുണ്ട്. നിങ്ങൾ (മതവിഷയത്തിൽ) പിന്തിരിഞ്ഞു പോകുകയാണെങ്കിൽ നിങ്ങളുടെ സ്ഥാനത്ത് നിങ്ങളല്ലാത്ത ഒരു ജനതയെ (അനറബികളെ) അവൻ പകരം കൊണ്ടുവരുന്നതാണ്. പിന്നീട് അവർ നിങ്ങളെ പോലെയാവുകയില്ല. (47:39) ഈ സൂക്തത്തിനും നബി(സ) പറഞ്ഞ വ്യാഖ്യാനം അവർ പേർഷ്യക്കാരായിരിക്കു മെന്നാണ്. (ത്വബ്രി 43/2, തുർമുദി 3260). പ്രശസ്ത താബിഈ ആയ ഹസൻ ബസ്വരിയും ഈ സൂക്തത്തിന് പറഞ്ഞ വ്യാഖ്യാനം അവർ അനറബികളാണെന്നാണ്. (ഖുർതുബി 258/6) ഇനി ഹദ്റത്ത് അഹ്മദ്(അ)ന്റെ വംശം ഏതാണെന്ന് നമുക്ക് പരിശോധിക്കാം. പേർഷ്യയിലെ ബർലാസ് വംശത്തിന്റെ ആദിപിതാവായ എംറോജി ബർലാസിന്റെ പൗത്രനായ ഖറാച്ചാർ (Carashar Nevian) മംഗോളിയൻ ജേതാവായ ചെങ്കിസ്ഖാന്റെ പടയോട്ടക്കാലത്ത് പേർഷ്യയിൽ നിന്ന് ഹിജ്റത്ത് ചെയ്ത് തുറാനിൽ വാസമുറപ്പിച്ചു. ഈ പ്രദേശത്തിനാണ് 'സമർഖന്ത്' എന്ന് പറയപ്പെടുന്നത്. ബാബർ ചക്രവർത്തിയുടെ കാലത്ത്, ഏതാണ്ട് എ.ഡി 1530ൽ ബർലാസ് വംശക്കാരനായ മിർസാ ഹാദീ ബേഗ് തന്റെ കുടുംബങ്ങളും പരിവാരങ്ങളും അടങ്ങിയ ഇരുന്നൂറോളം പേരോടുകൂടി സമർഖന്തിൽ നിന്ന് പുറപ്പെട്ട് പഞ്ചാബിൽ ലാഹോറിന് എഴുപത് നാഴിക വടക്ക് ബിയാസ് നദീ തീരത്തിലെ ഒരു വനപ്രദേശത്ത് താമസമുറപ്പിച്ചു. ആ സ്ഥലത്തിന് അവർ 'ഇസ്ലാംപൂർ' എന്ന് പേരിട്ടു. രാജകുടുംബാംഗമെന്ന നിലയിൽ ബാബർ ചക്രവർത്തി നൂറുകണക്കിന് ഗ്രാമങ്ങളടങ്ങിയ ഒരു പ്രദേശം മീർസാ ഹാദീ ബേഗിന് ജാഗീറായി അനുവദിക്കുകയും അദ്ദേഹത്തെ അവിടത്തെ ഖാദിയായി നിയമിക്കുകയും ചെയ്തു. 'ഇസ്ലാംപൂർ ഖാദി' (ഖാദിയുടെ ഇസ്ലാമികാസ്ഥാനം) പിന്നീട് 'ഖാദിയാൻ' എന്നായി അറിയപ്പെട്ടു. ബർലാസ് വംശക്കാരുടെ പേരിന്റെ മുന്നിൽ 'മിർസാ' എന്ന് ചേർത്ത് വിളിക്കാറുണ്ട്. പേർഷ്യൻ പദമായ 'അമീർസാ' അഥവാ 'അമീർ സാദ'(രാജകുമാരൻ) ആണ് മിർസാ ആയി മാറിയത്. ഈ ഉന്നത കുടുംബത്തിലാണ് ഹദ്റത്ത് അഹ്മദ് (അ) 1835 ൽ ഭൂജാതനാകുന്നത്.

**രാജ്യം**

മഹ്ദിയോടൊപ്പം ഒരു ജമാഅത്ത് ഇന്ത്യയിൽ പ്രചാരണയത്നം നടത്തും (അന്നജ്മുസ്സാഖിബ് 41/2) ഒരു അറബി കവിതയുടെ അർഥം ഇങ്ങനെയാണ്. ഹദ്റത്ത് ആദം നബി(അ) ജീവിച്ച സ്ഥലം ഇന്ത്യാരാജ്യമാണ്. അവിടെ പ്രവാചക ശ്രേഷ്ഠന്റെ പൊലിമ പ്രകാശിച്ചു. ഇതിൽ നിന്നും നമ്മുടെ മഹ്ദിയും ഇന്ത്യക്കാരനായിരിക്കുമെന്ന് വ്യക്തമാകുന്നു. അദ്ദേഹം അല്ലാഹുവിന്റെ ഊരിയ വാളുകളിൽ ഒരു വാളാകുന്നു. ഈ പ്രവചനം പൂർത്തീകരിക്കാൻ വേണ്ടിയാണ് പേർഷ്യയിൽ നിന്ന് ഇന്ത്യയിലേക്ക് ഹദ്റത്ത് അഹ്മദിന്റെ പൂർവികരെ അല്ലാഹു ഹിജ്റഃ ചെയ്യിപ്പിച്ചത്.

**ജന്മസ്ഥലം**

ഖദ്അഃ'എന്ന് പറയപ്പെടുന്ന ഗ്രാമത്തിൽ ഇമാം മഹ്ദി നിയോഗി തനാകും. (ബിഹാറുൽ അൻവാർ 19/13) 'ജേക്കബ്' എന്നതിന്റെ സുറിയാനി ശബ്ദം

'യഅ്ഖൂബ്' എന്നായത് പോലെ 'ഖാദിയാൻ' എന്നതിന്റെ അറബി ശബ്ദമാണ് 'ഖദ്അഃ'. നബി(സ) ഇത് പ്രവചിക്കുമ്പോൾ ഈ പേരിലുള്ള ഒരു ഗ്രാമം ഭൂമിയിലില്ലായിരുന്നു. മേൽ വിവരിച്ചത് പോലെ അല്ലാഹുവിന്റെ അപാരമായ ഹിക്മത്ത് മുഖേന ഹദ്റത്ത് അഹ്മദിന്റെ പൂർവികരിലൂടെ തന്നെ അല്ലാഹു ഈ ഗ്രാമം സ്ഥാപിച്ചു. മുഹമ്മദ് നബി(സ) യുടെ പ്രവാചക ത്വത്തിനു ശക്തമായ ഒരു ദൃഷ്ടാന്തവും കൂടിയാണ് ഈ പ്രവചനം.

**നിയോഗ കാലഘട്ടം**

പ്രമാണ ബന്ധിതമായി ഇമാം മഹ്ദിയുടെ കാലഘട്ടം ഏകദേശം എപ്പോഴായിരിക്കുമെന്ന് പൂർവകാല മഹത്തുക്കൾ രേഖപ്പെടുത്തിയിട്ടുണ്ട്. കക്കാട് ഫൈസി തന്റെ പുസ്തകത്തിൽ പറയുന്നു;

കാലഘട്ടം ദുഷിക്കുകയും, മതത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുക്കുകയും, അക്രമികൾ അധികാരം വാഴുകയും ചെയ്യുമ്പോൾ ഇമാം മഹ്ദിയിലേക്കുള്ള ജനങ്ങളുടെ ആവശ്യം ശക്തമാകും. ശറഹുൽ അഖാഇദിലും ഇങ്ങനെ പറഞ്ഞിട്ടുണ്ട് (ഔനുൽമ അ്ബൂദ്/ കിതാബുൽമഹ്ദി) ഇമാം മഹ്ദിയുടെ കാലത്തും അതിനു ശേഷവും വീടുകളും മറ്റ് ഫ്ളാറ്റുകളും നിർമിക്കുന്നതിൽ പരസ്പരം മത്സരിക്കുകയും അവയുടെ വലിപ്പത്തിലും ഭംഗിയിലും ദുരഭിമാനം നടിക്കുകയും ചെയ്യും. (മിർഖാത്ത്/കിതാബുൽ ഫിതൻ) നബി(സ) പറഞ്ഞു: ദൃഷ്ടാന്തങ്ങൾ ഇരുന്നൂറിനു ശേഷമാണ്. അഥവാ ആയിരത്തിനു ശേഷമുള്ള ഇരുന്നൂറ് (1200) ഇമാംമഹ്ദി വെളിപ്പെടുന്ന കാലഘട്ടം അതാണ്. (മിർഖാത്ത്, കിതാബുൽ ഫിതൻ; അദ്ധ്യായം മൂന്ന്) 1240നു ശേഷം അല്ലാഹു മഹ്ദി ഇമാമിനെനിയോഗിക്കും (മിർഖാത്ത് 471, ഹാശിയഃ ഇബ്നുമാജഃ 261/2,) ഓരോ നൂറ്റാണ്ടിന്റെ തലക്കലും ഈ സമുദായത്തെ പരിഷ്ക്കരിക്കുന്ന ഒരു പരിഷ്ക്കർത്താവിനെ തീർച്ചയായും അല്ലാഹു നിയോഗിക്കും. (അബൂദാവൂദ് 212/2) എന്ന ഹദീസിന്റെ അടിസ്ഥാനത്തിൽ. കഴിഞ്ഞ നൂറ്റാണ്ടിലെ പരിഷ്ക്കർത്താക്കളെ എണ്ണിപ്പറഞ്ഞതിനു ശേഷം 'ഹുജജുൽ കിറാമഃ' എന്ന ഗ്രന്ഥത്തിൽ പറയുന്നു; പതിനാലാം നൂറ്റാണ്ടിന്റെ തലക്കൽ ഇത് പൂർത്തിയാകാൻ ഇനി പത്ത് വർഷം മാത്രമേയുള്ളൂ മഹ്ദീ മസീഹ് ആഗതരാവുകയും അദ്ദേഹം പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദാവുകയും ചെയ്യും. (ഹുജജുൽകിറാമഃ : 139) മുജാഹിദുകൾ അംഗീകരിക്കുന്ന പ്രമുഖ പണ്ഡിതനാണ് ഹുജ്ജുൽ കിറാമ

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ കാലഘട്ടം മേൽ പറഞ്ഞ രൂപത്തിൽ മതപരവും ധാർമികവുമായി ദുഷിച്ചതായിരുന്നുവെന്ന് തന്റെ സമകാലികരായ എതിരാളികൾ വരെ സമ്മതിച്ചതാണ്. (തഫ്സീർ സനാഇ 82,97/1, അഹ്ലുൽ ഹദീസ് 14/06/1912, ഫലസ്തീനുൽ അറബിയ്യഃ 17/12/1931, ഇഖ്തിറാബുസ്സാഅഃ 12,) പ്രവചനത്തിൽ പറഞ്ഞത് പോലെ 1240നു ശേഷം 1250 നാണ് ഹദ്റത്ത് അഹ്മദ്(അ) ജനിക്കുന്നത്. പിന്നീട് പതിനാലാം നൂറ്റാണ്ടിന്റെ തലക്കൽ(1301) തന്നെയാണ് ഹദ്റത്ത് അഹ്മദ്(അ) പതിനാലാം നൂറ്റാണ്ടിലെ പരിഷ്ക്കർത്താവായിട്ട് പ്രഖ്യാപിക്കാൻ തുടങ്ങിയത്. അദ്ദേഹം കള്ളവാദി യാണെങ്കിൽ പിന്നെ പതിനാലാം നൂറ്റാണ്ടിൽ ആഗതരാകേണ്ട മഹ്ദീമസീഹായ പരിഷ്ക്കർത്താവ് ഇതുവരെ എവിടെ? ഇവിടെയിതാ പതിനഞ്ചാം നൂറ്റാണ്ട് അവസാനിക്കാൻ പോകുന്നു. ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു; ഇത് മസീഹിന്റെ കാലമാണ്. ഞാൻ വന്നില്ലായിരുന്നെങ്കിൽ മറ്റാരെങ്കിലും മസീഹായിട്ട് വരുക തന്നെ ചെയ്യുമായിരുന്നു.

**രണ്ട് ദൃഷ്ടാന്തങ്ങൾ**

ഏവർക്കും പ്രത്യക്ഷമായ രണ്ട് ആകാശീയ ദൃഷ്ടാന്തങ്ങൾ മഹ്ദീമസീഹിന്റെ കാലത്ത് സംഭവിക്കുമെന്ന് ഹദീസിൽ കാണുന്നു. നിശ്ചയം നമ്മുടെ മഹ്ദിക്ക് (പ്രത്യേകമായ) രണ്ട് ദൃഷ്ടാന്തങ്ങളുണ്ട്. ആകാശഭൂമികൾ സൃഷ്ടിച്ചത് മുതൽ ഇവരണ്ടും (ദൃഷ്ടാന്തമായി) സംഭവിച്ചിട്ടില്ല. അതായത്, റമളാൻ മാസത്തിൽ (ചന്ദ്രഗ്രഹണരാത്രികളിലെ) ആദ്യ ദിവസം ചന്ദ്രഗ്രഹണവും, റമളാനിൽ തന്നെ (സൂര്യഗ്രഹണദിനങ്ങളിലെ) മധ്യ ദിവസം സൂര്യഗ്രഹണവും സംഭവിക്കും. (ദാറുഖുത്നി 188, ഫതാവാ ഹദീസിയ്യ 31, മക്തൂബാത്ത് 2/132, മിർഖാത്ത്, അലാമാത്തുൽ മഹ്ദി 57) വിശുദ്ധ ഖുർആൻ ഈ ദൃഷ്ടാന്തങ്ങളെ സൂചിപ്പിക്കുന്നുണ്ട്. കണ്ണ് മിന്നിപ്പോകുകയും, ചന്ദ്രന് ഗ്രഹണം ബാധിക്കുകയും (ഗ്രഹണം ബാധിക്കുന്നതിൽ) സൂര്യനും ചന്ദ്രനും ഒരുമിച്ച് കൂട്ടപ്പെടുകയും ചെയ്യുമ്പോൾ. (75:79). അതിനാൽ ഈ പ്രവചനത്തിന്റെ അടിവേര് ഖുർആനിലാണുള്ളത്. ഹദീസ് ഇതിനെ വിശദീകരിക്കുകയാണ് ചെയ്യുന്നത്.

എന്നാൽ ചില എതിരാളികൾ പറയുന്നത്പോലെ റമളാൻ ഒന്നാം രാവിൽ ചന്ദ്രഗ്രഹണവും പതിനഞ്ചാം രാവിൽ സൂര്യഗ്രഹണവും സംഭവിക്കുമെന്നല്ല ഇതിന്റെ അർഥം. കാരണം, നബി(സ) പറഞ്ഞത് 'ഖമറിന്' ഗ്രഹണമുണ്ടാകുമെന്നാണ്. മാസാരംഭത്തിലുള്ള ചന്ദ്രന് 'ഖമർ' എന്ന് പറയുകയില്ലെന്നാണ് ആധികാരിക അറബി ഭാഷാ ഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നത്. (ലിസാനിൽ അറബ്,അഖ്ബാറുൽ മവാരിദ്, മുൻജിദ്). ശൈഖുൽ ഇസ്ലാം ഇബ്നു തീമിയ്യ പറയുന്നു; സൂര്യന് അമാവാസി ദിനങ്ങളിലും ചന്ദ്രന് പൗർണമി രാത്രികളിലുമാണ് ഗ്രഹണമുണ്ടാവുക എന്നത് അല്ലാഹുവിന്റെ നിയതി നിയമമാണ്. ഇവ 13,14,15 രാത്രികളാണ്. ചന്ദ്രന് ഈ രാത്രികളിൽ മാത്രമേ ഗ്രഹണം സംഭവിക്കുകയുള്ളൂ. സൂര്യന് അമാവാസി ദിവസങ്ങളിൽ(27,28,29) മാത്രമേ ഗ്രഹണം ബാധിക്കുകയുള്ളൂ. (മജ്മൂഅഃഫതാവ ഭാഗം:1, അധ്യായം: ഖസഫുൽ ഖമർ). മാത്രമല്ല ഒന്നാം രാവിലത്തെ ചന്ദ്രന് ഗ്രഹണം ബാധിച്ചാൽ അത് നഗ്നനേത്രങ്ങളെക്കൊണ്ട് കാണാനോ അറിയാനോ സാധ്യമല്ല. ഇതാണെങ്കിൽ ലോകമറിയേണ്ട ഒരു ദൃഷ്ടാന്തവുമാണ്. മാസം കാണാതെ ഒന്നാം രാവാണെന്ന് നിശ്ചയിക്കാനും സാധ്യമല്ല. അഹ്ലെ ഹദീസ് പണ്ഡിതനായ മൗലാനാ ഹാഫിസ് മുഹമ്മദ് ലഖോക്കെ' അഹ്‌വാലുൽ ആഖിറത്ത്' എന്ന ഗ്രന്ഥത്തിൽ എഴുതുന്നു. ഈ വചനങ്ങളിലെ സൂര്യ ചന്ദ്ര ഗ്രഹണങ്ങൾ റമളാനിലെ 13, 27 ദിവസങ്ങളിലാണ് സംഭവിക്കുകയെന്ന് സൂചിപ്പിക്കപ്പെട്ടിരുന്നു. പിൽക്കാലത്ത് ഹദീസിന്റെയും പ്രകൃതി നിയമങ്ങളുടേയും വെളിച്ചത്തിൽ ഗ്രഹണത്തിന്റെ യഥാർഥ തീയതികൾ റമളാൻ 13ന്നും 28നുമാണെന്ന് വിശദീകരിക്കപ്പെടുന്നതാണ്.

ഇതു പ്രകാരം തന്നെ 1894 മാർച്ച് 21 വ്യാഴാഴ്ച / ഹിജ്റഃ 1311 റമളാൻ 13 ന് ചന്ദ്രഗ്രഹണവും ഏപ്രിൽ ആറ് വെള്ളിയാഴ്ച/റമളാൻ 28 ന് സൂര്യഗ്രഹണവും ഹദ്റത്ത് അഹ്മദ്(അ)ന്റെ കാലത്ത് ലോകം മുഴുവൻ കാണുന്ന നിലയിൽതന്നെ സംഭവിച്ചു. ഇന്ത്യയിലെ 'ആസാദ്', 'സിവിൽ ആന്റ് മിലിട്ടറി ഗസറ്റ്' മുതലായ പ്രമുഖ പത്രങ്ങളും' Canon of Eclips by Oppolzer' എന്ന പുസ്തകത്തിലും, 1894 ൽ പ്രസിദ്ധീകരിച്ച പഞ്ചാംഗത്തിലും ഇത് സ്ഥിരീ

കരിച്ചിട്ടുണ്ട്. ഈ ഗ്രഹണം ദൃശ്യമായത് ഭൂമിയുടെ കിഴക്കൻ അർധഗോള ത്തിലാണെങ്കിൽ അടുത്ത വർഷം റമളാനിൽ തന്നെ പടിഞ്ഞാറൻ അർധഗോള ത്തിലും ഇതേ തീയതികളിൽ തന്നെ വീണ്ടും സൂര്യചന്ദ്ര ഗ്രഹണം സംഭ വിച്ചു.

**യോഗ്യത**

ഒരൊറ്റ രാത്രികൊണ്ട് അല്ലാഹു അദ്ദേഹത്തെ യോഗ്യനാക്കുന്നതായിരി ക്കും. (ഹദീസ് ഇബ്നുമാജ നമ്പർ 4085, അഹ്മദ് 645)

ഇമാം ഇബ്നു കസീർ ഈ നബിവചനത്തെ വ്യാഖ്യാനിക്കുന്നു; ഒരു രാത്രിയിൽ അല്ലാഹു അദ്ദേഹ ത്തെ ഇസ്ലാഹ് ചെയ്യുന്നതാണ് എന്ന് വെച്ചാൽ ആ ഒരു രാത്രിയിൽ അല്ലാഹു അദ്ദേഹത്തിന്റെ പശ്ചാത്താപം പൂർണ മായി സ്വീകരിക്കുന്നതും സവിശേഷ മായ തൗഫീഖും ഇൽഹാമും സന്മാർ ഗവും നൽകുന്നതുമാണ്. അതിന്റെ തൊട്ടുമുമ്പ് അദ്ദേഹം അങ്ങനെ യൊന്നും ആയിരുന്നില്ല. (അൽനിഹായ ത്തു ഫിൽഫിതൻ 43/1)

മേൽ ഹദീസ് വിവരിച്ചുകൊണ്ട് കക്കാട് മുഹമ്മദ് ഫൈസി തന്റെ പുസ്തകത്തിൽ പറയുന്നു; ഹദീസിൽ പറഞ്ഞ ഈ ലക്ഷണം ശ്രദ്ധേയമാണ്. ഇമാം മഹ്ദി(അ) ചെറുപ്പനാൾ മുതൽ പൊതുവെ അറിയപ്പെടാത്ത വ്യക്തി ത്വമായിരിക്കും. അദ്ദേഹം സാധാരണ ജീവിതം നയിക്കും. വളരെ ഭാരിച്ച മഹത്തായ ഒരുത്തരവാദിത്വം തന്റെ ചുമലിൽ അർപ്പിക്കപ്പെടാൻ പോകുന്ന തിനെപറ്റി അദ്ദേഹം തന്നെയും ബോധ വാനായിരിക്കണമെന്നില്ല. മുസ്ലിം ഉമ്മത്ത് അകപ്പെട്ടിരിക്കുന്ന ദയനീ യമായ വിഷമ സന്ധിയിൽ നിന്നും അവരെ മോചിപ്പിക്കാൻ എന്തുണ്ട് മാർഗം എന്ന് ചിന്തിക്കുകയും അതിൽ മനംനൊന്ത് കരഞ്ഞ് പ്രാർഥിക്കുകയും ചെയ്യുന്ന അനേകരിൽ ഒരാളായിരിക്കും അദ്ദേഹവും. (ഇമാം മഹ്ദിയുടെ ആഗമനം)

ഹദ്റത്ത് അഹ്മദ്(അ) പറയുന്നു; ഒരു രാത്രി അല്ലാഹു തആലാ സമ്പൂർണമായി എന്നെ സമുദ്ധരിക്കു കയും മനുഷ്യകരങ്ങളെ കൊണ്ടോ ഉദ്ദേശം കൊണ്ടോ സംഭവിക്കാത്ത ഒരു അവസ്ഥയിലേക്ക് എന്നെ അവൻ പരിവർത്തനം ചെയ്യുകയും ചെയ്തു. (താരീഖെ അഹ്മദിയ്യത്ത് 165/1) സാഹിത്യ സമ്പുഷ്ടമായ അറബിഭാഷ യിലടക്കം അനവധി ഗ്രന്ഥങ്ങളും ഖസ്വീദകളും പ്രസംഗങ്ങളും ക്ഷണ നേരം കൊണ്ട് ചെയ്യുകയും അറബ് ലോകത്തെ അതികായരായ പണ്ഡിത നേതാക്കളെ വെല്ലുവിളിക്കുകയും ചെയ്യാൻ അദ്ദേഹത്തിന് ധൈര്യം നൽകിയത് ഈ ദൈവിക പരിവർത്തനം ഒന്ന് മാത്രമായിരുന്നു.

**നിയോഗ ദൗത്യം**

നീതിമാനായ വിധികർത്താവായിട്ട് മഹ്ദിയുടെ പുറപ്പാടുണ്ടാകും. അദ്ദേഹം കുരിശുകൾ തകർക്കും. പന്നിയെ കൊല്ലും. (അലാമാത്തുൽ മഹ്ദി 42) ഇവകൾ തന്നെയാണ് ഈസാ(അ)യുടെ ദൗത്യമായിട്ടും ഹദീസിൽ വന്നത്. ഈ രണ്ടാളും ഒരാളാണെന്നതാണിതിനു കാരണം. കുരിശുടക്കും എന്നതിന്റെ വിവക്ഷ ക്രിസ്തീയ വിശ്വാസങ്ങളുടെ പൊള്ളത്തരങ്ങൾ തുറന്നുകാണിക്കുക യും ഇസ്ലാമികാശയങ്ങളെ സുശക്ത മാക്കുകയും ചെയ്യുമെന്നുമാണ്. (ബിഹാറുൽ അൻവാർ:198/13) അദ്ദേഹം അനാചാരങ്ങളെ നീക്കം ചെയ്യുകയും നബിചര്യ നടപ്പിൽ വരുത്തുകയും ചെയ്യും. (അലാമാത്തുൽ മഹ്ദി 54) ഇമാം മഹ്ദി നബി(സ)യുടെ സുന്ന ത്ത്, അഥവാ അദ്ദേഹത്തിന്റെ ശരീ അത്ത് ജനങ്ങളിൽ പ്രാവർത്തി കമാക്കും. (മിർഖാത്ത്/ കിതാബുൽ ഫിതൻ)ആദർശപ്രമാണങ്ങളെക്കൊണ്ട് ദജ്ജാലിനെ പരാജയപ്പെടുത്തി ഇസ്ലാം മതത്തെ ശക്തിപ്പെടുത്തുന്ന ഒരു മഹാത്മാവിനെ ഈ സമുദാ യത്തിൽ നിയോഗിക്കുന്ന അല്ലാഹു വിനു സ്തുതി. ഖാത്തമുൽ ഔലിയ യായ മഹ്ദി ഇമാമാണദ്ദേഹം (മിർ ഖാത്ത്). ഇമാം മഹ്ദി ഇസ്ലാമിന്റെ സത്യത്തേയും നബി(സ) യുടെ മഹാത് മ്യത്തേയും തെളിയിച്ചു കാണിക്കുന്ന 'ബറാഹീൻ' കൊണ്ടു വരുന്നതാ യിരിക്കും. അല്ലാഹുവിന്റെ ഒരു സൃഷ്ടിസമൂഹം തന്നെ അതിനെ സ്വീകരിക്കുന്നതായിരിക്കും. (ശംസുൽ മആരിഫുൽ കുബ്റഃ 304/1)

ഹദ്റത്ത് അഹ്മദ്(അ)തന്റെ ജീവിതകാലം മുഴുവനും മേൽ വിവരിച്ച ദൗത്യപൂർത്തീകരണത്തിനായി ഉഴിഞ്ഞു വെച്ചിരുന്നു എന്ന് അദ്ദേഹ ത്തിന്റെ ജീവിതം പഠിക്കുന്ന ആർക്കും ബോധ്യപ്പെടുന്നതാണ്. ഭിന്നിച്ചു നിൽക്കുന്ന ലോകജനതക്ക് അവരുടെ ആദർശങ്ങളുടെ വിഷയത്തിൽ നീതിപൂർവം വിധിനൽകി. യേശു ക്രിസ്തു മരണപ്പെട്ടുവെന്ന വെളിപ്പെടു ത്തലോടെ കുരിശ് വിശ്വാസത്തെ തകർത്തു. അടുത്ത ഭാവിയിൽ തന്നെ ഇസ്ലാമിക നാടുകൾ മുഴുവനും യേശുവിന്റെ കൊടിക്കീഴിൽ വന്നു ചേരുകയും, കഅബത്തുല്ലായിൽ കുരിശു നാട്ടത്തക്ക വണ്ണം ഇസ്ലാം ഭൂമുഖത്തു നിന്നും നാമാവശേഷ മായിത്തീരുകയും ചെയ്യും (Lectures of Barrows) എന്ന് വീരവാദം മുഴക്കിയ ഫാദർ വില്യം ബറോസിനെപ്പോലെ യുള്ള ക്രിസ്തീയ മിഷണറിമാർ ഹദ്റത്ത് അഹ്മദ്(അ)ന്റെ ആഗമന ത്തോടെ വെള്ളത്തിൽ വീണ തീകനൽ പോലെയായി മാറി.

ഹദ്റത്ത് അഹ്മദ്(അ) അനാചാ രങ്ങളേയും അന്ധവിശ്വാസങ്ങളേയും എതിർത്തുകൊണ്ട് നബി ചര്യയെ പുനസ്ഥാപിച്ചു. ഇസ്ലാമിക ശരീഅ ത്തിന്റെ യഥാർഥ വെളിച്ചം ലോകത്ത് നിലനാട്ടി. നന്മയുടെയും ധർമത്തി ന്റെയും ശത്രുവായ ദജ്ജാലിന്റെ വിഭാഗത്തെ സത്യപ്രമാണങ്ങളും ദൃഷ്ടാന്തങ്ങളുമായി മല്ലടിച്ചു തോൽ പ്പിച്ചു. 'ബറാഹീനെ അഹ്മദിയ്യ' എന്ന വിശ്രുത ഗ്രന്ഥം മുഖേന ഇസ്ലാ മിന്റെയും നബി(സ)യുടെയും എതിരാ ളികളെ അമ്പരപ്പിച്ചു. അന്ത്യദിനം വരെ യുള്ളവർക്ക് സമാധാനത്തോടെ ജീവി ക്കാൻ സഹായകമാകുന്ന ദൈവിക ജ്ഞാനങ്ങൾ മാലോകർക്ക് സമ്മാനിച്ചു. അവ വിശദീകരിക്കാൻ ഗ്രന്ഥങ്ങൾ അനവധി വേണ്ടി വരും. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഇപ്പോൾ അതാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

എന്നാൽ അനീതിയും അധർമവും അതുപോലെ അതിന്റെ വക്താക്കളും ഇനിയും ഭൂമിയിൽ അവശേഷിക്കു ന്നുണ്ടല്ലോ എന്ന് സംശയം പ്രകടിപ്പി ക്കുന്നവരോട് പണ്ഡിതന്മാർ തന്നെ മറുപടി നൽകിയിട്ടുണ്ട് ഇമാം മഹ്ദിയുടെ കാലത്ത് ദജ്ജാലും അവന്റെ അനുയായികളും മുസ്ലിം കളുടെ ശത്രുക്കളായി ഉണ്ടാവുക എന്നത്, ഇമാം മഹ്ദി ദീനിനെ സഹായി ക്കുമെന്നും ഭൂമിയിൽ നീതി നിറക്കു മെന്നും പറയുന്നതിനോട് എതിരല്ല. കാരണം ഈ പറഞ്ഞതിന്റെ ഉദ്ദേശം നന്മ അധികരിക്കുകയും ഇസ്ലാം ശക്തിപ്പെടുകയും അവർക്ക് വിജയം ലഭിക്കുകയും (ആദർശപരമായി) മറ്റുള്ളവരെ ഒതുക്കുകയും ചെയ്യു മെന്നാണ്. തന്റെ കാലത്ത് ദുഷ്ടജന ങ്ങൾ ഉണ്ടാകൽ ഇതിനെതിരല്ല. ഏതുപോലെയെന്നാൽ നബി(സ) യുടേയും സച്ചരിതരായ ഖലീഫമാരു ടേയും കാലത്ത് ഭൂമിയിൽ നീതി നിറച്ചിരുന്നുവെന്ന് നാം വിശ്വസി ക്കുന്നു, അതോടൊപ്പം അവരുടെ

കാലത്ത് അവർക്ക് ഒരുപാട് ശത്രുക്കളും ഉണ്ടായിരുന്നു. (അഖീദത്തു അഹ്‌ലിസ്സുന്ന വൽഅസർ ഫിൽമ ഹ്ദിയ്യിൽ മുൻതളർ)

### പ്രധാനശത്രുക്കൾ

ഇമാം മഹ്ദി വെളിപ്പെട്ടാൽ അദ്ദേഹത്തിന്റെ പ്രധാനശത്രുക്കൾ പ്രത്യേകിച്ചും പണ്ഡിതന്മാരായിരിക്കും. (ഫുതൂഹാത്തുൽ മക്കിയ്യ : 336/3) കക്കാട് ഫൈസി തന്റെ പുസ്തകത്തിൽ എഴുതുന്നു; ഇമാം മഹ്ദി രംഗത്തു വന്നാലുടൻ അതിക്രമമായി അദ്ദേഹത്തെ നേരിടുവാൻ മുസ്‌ലിം രാജ്യങ്ങളിൽപെട്ടവർ തന്നെയാണ് രംഗത്തു വരിക എന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്. കണ്ടറിയുവാനും കൊണ്ടറിയുവാനും കഴിവില്ലാത്ത നിർഭാഗ്യവാന്മാരായ ആ സൈനികർ ഒട്ടനവധി പേർ ഉണ്ടാകുമെന്ന് ഹദീസിൽ കാണുന്നുണ്ട്. വ്യക്തിയെ ശരിയാം വിധം തിരിച്ചറിയാത്തവരും, തിരിച്ചറിഞ്ഞിട്ടും ധിക്കാരപരമായി മുന്നേറിയവരും അക്കൂട്ടത്തിലുണ്ടാവും. അല്ലാഹു പ്രസ്തുത സൈന്യത്തെ ഇഹലോകത്ത് വെച്ച് തന്നെ പാഠം പഠിപ്പിക്കും വിധത്തിൽ ശിക്ഷിക്കുമെന്നും തിരുനബി (സ) പ്രസ്താവിച്ചിരിക്കുന്നു.(ഇമാം മഹ്ദിയുടെ ആഗമനം: 74)

കേട്ടും കണ്ടും കൊണ്ടും ഒന്നു മറിയാത്ത പണ്ഡിത സൈന്യം തന്നെയായിരുന്നു ഹദ്റത്ത് അഹ്മദ് (അ)നും നേരിടേണ്ടി വന്ന പ്രധാന ശത്രുക്കൾ. കക്കാട് ഫൈസി പറഞ്ഞതു പോലെ മുസ്‌ലിം രാജ്യങ്ങളിൽ നിന്നായിരുന്നു അവരുടെ കുതിച്ചു ചാട്ടം. കക്കാടെങ്കിലും ഒന്നു കണ്ടറിഞ്ഞിരുന്നെങ്കിൽ!.

### ദേഹവിയോഗം

അദ്ദേഹം തന്റെ വിരിപ്പിൽ കിടന്നായിരിക്കും വഫാത്താകുക. (അലാമാത്തുൽ മഹ്ദി 59) ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട ഹദ്റത്ത് അഹ്മദ്(അ)നെ കള്ളക്കേസിൽ കുടുക്കി ജയിലിലടക്കാനും തൂക്കിലേറ്റാനും ചതിവിൽ വധിക്കാനും പല കുതന്ത്രങ്ങളും ശത്രുക്കൾ പയറ്റി നോക്കി. എല്ലാം നിഷ്ഫലമാകുകയും ഹദ്റത്ത് അഹ്മദ്(അ) തന്റെ ദൗത്യം നിർവഹിക്കുകയും ചെയ്തു. അവസാനം അല്ലാഹു നിശ്ചയിച്ച അദ്ദേഹത്തിന്റെ അവധിയെത്തിയപ്പോൾ തന്റെ അവസാനത്തെ ഗ്രന്ഥമായ 'പൈഗാമെസുൽഹ്' എഴുതി അച്ചടിക്കാൻ ഏൽപ്പിച്ചതിന്റെ ശേഷം അതായത്, 1908 മെയ് 26ൽ തന്റെ സഹധർമിണിയുടെയും സന്തത സഹചാരികളുടെയും അടുത്ത് വച്ച് തന്നെ വഫാത്തായി. ഇന്നാലില്ലാഹി.

### സ്ഥാനമഹാത്മ്യം

പ്രശസ്ത താബിഈ പണ്ഡിതനായ ഇമാം ഇബ്നു സിരീൻ(വഫാത്ത് ഹി:110) പറയുന്നു; ഇമാം മഹ്ദി എന്റെ പിതാവിനെക്കാളും പിതൃവ്യനെക്കാളും ഉത്തമനാണ്. പല നബിമാരേക്കാളും അദ്ദേഹം ശ്രേഷ്ഠനായിരിക്കുന്നു. അബൂബക്കർ(റ)ഉം ഉമർ(റ)ഉം അദ്ദേഹത്തിന്റെ ശ്രേഷ്ഠതയെത്തുകയില്ല. യഥാർഥത്തിൽ ഇത് അദ്ദേഹത്തിന്റെ ശ്രേഷ്ഠതയല്ല. മറിച്ച് നമ്മുടെ നബി(സ) യുടേതാണ്. നബ(സ)യുടെ ശരീഅത്തുമായി നിയോഗിക്കപ്പെട്ടതിനാലും നബി (സ)യെ പിൻപറ്റിയതിനാലും ലഭിച്ചതാണ്. (അലാമാത്തുൽ മഹ്ദി 71)

ഇമാം മഹ്ദിയുടെ സ്ഥാനം നുബുവ്വത്തിന്റെ സ്ഥാനമായിരിക്കുമെന്ന് മേലുദ്ധരണി വ്യക്തമാക്കുന്നു. കാരണം, സിദ്ധീഖായ അബൂബക്കർ(റ) അടക്കമുള്ള സ്വഹാബത്തിനേക്കാൾ ശ്രേഷ്ഠനാകാൻ നുബുവ്വത്തിന്റെ പദവി ലഭിച്ചവർക്കല്ലാതെ സാധ്യമല്ലല്ലോ! ഹദ്റത്ത് അഹ്മദ്(അ) തനിക്ക് നുബുവ്വത്തിന്റെ പദവി അല്ലാഹു നൽകിയിട്ടുണ്ടെന്നും ആ അർഥത്തിൽ താൻ നബിയാണെന്നും വാദിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഒരു പക്ഷേ, അദ്ദേഹം അങ്ങനെ വാദിച്ചിട്ടില്ലായിരുന്നുവെങ്കിലാണ് നമുക്കദ്ദേഹത്തിന്റെ മഹ്ദീ വാദത്തിൽ സംശയിക്കാനുള്ളൂ.

### മുസ്‌ലിംകൾ ഇമാം മഹ്ദിയെ പ്രതീക്ഷിക്കുന്നു

കക്കാട് ഫൈസി തന്നെ പറയുന്നു; ഉസ്മാനിയ്യ ഖിലാഫത്തിന്റെ പതനത്തിനു ശേഷം ലോകതലത്തിൽ ഭരണപരമായ ഒരു പ്രതീക്ഷയും ഇസ്‌ലാമിക സമൂഹത്തിനുണ്ടായിട്ടില്ല. ആഗോളതലത്തിൽ ഭൗതികമോ ആത്മീയമോ ആയ ഒരു നേതൃത്വമില്ലായ്മയുടെ ദുരിതാനുഭവങ്ങൾ കുറച്ചൊന്നുമല്ല നാം അനുഭവിച്ചത്. അനുയോജ്യമായ നേതൃത്വം, ഇസ്‌ലാമിക ഭരണസ്വാധീനം, ഐക്യം, സമരോത്സുകത, ആത്മീയ പരിശുദ്ധി, വിദ്യാഭ്യാസമേന്മ എന്നിങ്ങനെ വിജയ കാലഘട്ടങ്ങളിൽ ഉണ്ടായിരുന്ന സർവ മാന സദ്ഗുണങ്ങളും കൈമോശം വന്നിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞു പോയി. മിമ്പറുകളിലും മിഹ്റാബുകളിലും ഇടതടവില്ലാതെ ഉയരുന്ന പ്രാർഥനാനൊമ്പരങ്ങൾ സജീവ ശബ്ദങ്ങളായി മുഴക്കം സൃഷ്ടിക്കുന്നു!! ആത്മാർഥരായ ഭക്തജനങ്ങളുടെ മനമുരുകിയുള്ള ദയാഹർജികൾക്ക് എന്നെങ്കിലുമൊരിക്കൽ മുഹമ്മദ് നബി(സ) യുടെ ദയാപരനായ റബ്ബ് ഉത്തരം ചെയ്യാതിരിക്കുമോ ? സ്രഷ്ടാ വായ അല്ലാഹുവിന് ഇഷ്ടപ്പെട്ട ഏകമത സരണിയുടെ വക്താക്കളായ മുസ്‌ലിംകൾ എന്നെന്നേക്കുമായി നിസ്സഹായരും നിരാലംബരുമായി ഉപേക്ഷിക്കപ്പെടുമോ? ഒരിക്കലും അങ്ങനെയുണ്ടാ വാനിടയില്ല. ഈ സമുദായത്തിന്റെ സർവതല രക്ഷക്ക് ഏറ്റവും അനിവാര്യ മായിട്ടുള്ള സംഗതി, ആഗോളതലത്തിൽ ഭൗതികവും ആത്മീയവുമായി സമ്പൂർണ നേതൃത്വം വഹിക്കുന്ന ലക്ഷണ മൊത്ത ഒരു നായകന്റെ സജീവ സാന്നിധ്യമാണ്. അല്ലാഹുവിന്റെ സവിശേഷമായ സഹായമുള്ള ഒരു ഇമാം ഉയിർത്തെഴുന്നേൽക്കുകയാണ് എല്ലാറ്റിനും പരിഹാരം.!! (ഇമാം മഹ്ദിയുടെ ആഗമനം: )

അതേ, ആത്മാർഥരായ ഭക്തജനങ്ങളുടെ മനമുരുകിയുള്ള ദയാഹർജികൾക്ക് മുഹമ്മദ് നബി(സ)യുടെ ദയാപരനായ റബ്ബ് ഉത്തരം ചെയ്തിരിക്കുന്നു. ഈ സമുദായത്തിന്റെ സർവതല രക്ഷക്ക് വേണ്ടി, ആഗോളതലത്തിൽ ഭൗതികവും ആത്മിയവുമായി സമ്പൂർണ നേതൃത്വം വഹിക്കുന്ന ലക്ഷണമൊത്ത ഒരു നായകൻ, അല്ലാഹുവിന്റെ സവിശേഷമായ സഹായമുള്ള ഒരു ഇമാം ഇതാ ഉയിർത്തെഴുന്നേറ്റിരിക്കുന്നു. എല്ലാറ്റിനും പരിഹാരം കാണാൻ വേണ്ടി തന്നെ. അനഹ്മദികളായ ചില പണ്ഡിതന്മാർ വരെ മഹ്ദി ഇമാമിനെ കുറിച്ച് പഠനം നടത്തി പുസ്തകം എഴുതിയപ്പോൾ ഈ യാഥാർഥ്യം തുറന്നെഴുതിയിട്ടുണ്ട്. തബ്‌ലീഗ് ജമാഅത്ത് പണ്ഡിതൻ മാവൂർ സുബൈർ മൗലവി എഴുതുന്നു: ഇമാം മഹ്ദിയുടെ ജനനം നടന്നിരിക്കുന്നു എന്ന് ലോകമുസ്‌ലിം പണ്ഡിതർ പലരും അവകാശപ്പെട്ടു കഴിഞ്ഞു. (ഇമാം മഹ്ദിയും ഈസാമസീഹും47) പക്ഷേ, എക്കാലത്തും സംഭവിക്കുന്നതു പോലെ, ഒരു പ്രവാചകന്റെ വരവും പ്രതീക്ഷിച്ചിരിക്കുന്ന സമുദായം ആ പ്രവാചകൻ ആഗതനാകുമ്പോൾ നിഷേധിക്കാറാണ് പതിവ്. നബി(സ) യുടെ വിഷയത്തിലും ഇത് സംഭവിച്ചിട്ടു ണ്ടെന്നാണ് ഖുർആൻ പറയുന്നത്. വാഗ്ദത്ത മഹ്ദീ മസീഹിന്റെ വിഷയത്തിലും ഇതു തന്നെ

# നമസ്കാരത്തിന്റെ ശാരീരിക നേട്ടങ്ങൾ

സക്കരിയാ വിർക്ക്. യു. എസ്സ്

നമസ്കാരത്തിന്ന് ആത്മീയമായ പുരോഗതിക്ക് പുറമേ ശാരീരികമായ നേട്ടങ്ങളുമുണ്ട്.

ഒരു മുസ്‌ലിം നിർവഹിക്കാൻ ബാദ്ധ്യതപ്പെട്ട അടിസ്ഥാനപരമായ അഞ്ച് കാര്യങ്ങളിൽ ഒന്നാണ് നമസ്കാരം. നമസ്കാരത്തിന് വിശുദ്ധ ഖുർആൻ വമ്പിച്ച പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നമസ്കാരത്തിന്റേതായി നിരവധി ഗുണങ്ങൾ വിവരിക്കപ്പെട്ടിട്ടുണ്ട്.. ഖുർആൻ പറയുന്നു: ***' ഇന്ന സ്വലാത്ത തൻഹാ അനിൽ ഫഹ്ശായ് വൽ മുൻകർ ' തീർച്ചയായും നമസ്കാരം നീചകർമങ്ങളെയും നിഷിദ്ധകർമങ്ങളെയും തടയുന്നു'*** (29:46) സൂറ:ലുഖ്മാനിൽ ഹദ്റത്ത് ലുഖ്മാൻ തന്റെ മകന് നൽകിയ ഉപദേശം രേഖപ്പെടുത്തുന്നു. പ്രഥമവും പ്രധാനവുമായി അദ്ദേഹം തന്റെ മകനെ ഓർമപ്പെടുത്തുന്നത് ***' യാ ബുനയ്യാ അഖിമി സ്വലാത്ത്. ' അല്ലയോ എന്റെ പൊന്നോമന മകനേ നമസ്കാരം നിലനിർത്തുക '(31:8)***

നമസ്കാരത്തെക്കുറിച്ച് റസൂൽ തിരുമേനി(സ) പറഞ്ഞതായി ഒരു ഹദീസിൽ വന്നിരിക്കുന്നത്.

***'ഇന്ന ഫി സ്വലാത്തി ശിഫാ:' 'തീർച്ചയായും നമസ്കാരത്തിൽ ശമനമുണ്ട്.'*** ഇന്ത്യയിലെ അലീഗഡിൽ നിന്ന് പുറപ്പെടുന്ന 'തഹ്സീബുൽ അഖ്ലാക്ക് ' എന്ന ഉറുദു മാസികയിൽ ഒരു മുസ്‌ലിം പണ്ഡിതൻ എഴുതിയ ലേഖനത്തിൽ കൃത്യമായി മുടങ്ങാതെ നമസ്കാരം നിർവഹിക്കുന്ന ഒരാൾക്ക് അയാളുടെ അസ്ഥികളും സന്ധികളും സ്ഥിരമായി ചലനാത്മകമാവുന്നത് കൊണ്ട് ഒരിക്കലും സന്ധിവീക്ക രോഗം വരാനുള്ള സാധ്യതയില്ല എന്ന് പറയുന്നു. ഹദീസിന്റെ വെളിച്ചത്തിൽ നമസ്കാരം കൊണ്ടുണ്ടാകുന്ന ചില ശാരീരികമായ നേട്ടങ്ങൾ വിവരിക്കാം.

1. നിത്യവുമുള്ള ക്രമികമായ ശാരീരികാദ്ധ്വാനം കൊളോസ്ട്രോൾ അളവ് കുറക്കും. കൊളോസ്ട്രോൾ ഹാർട്ട് അറ്റാക്ക്, ഹൃദ്രോഗം, പ്രമേഹം മുതലായ പല അസുഖങ്ങളുമുണ്ടാക്കും. നന്നായി അദ്ധ്വാനിക്കുന്ന ഒരാൾക്ക് കുറഞ്ഞ കൊളോസ്ട്രോൾ മാത്രമേ ഉണ്ടാവൂ. നമസ്കാരം കൊണ്ട് ഇത് സാധ്യമായി തീരുന്നു.

2. നമസ്കാരം ഏറ്റവും മാതൃകാപരമായ ഒരു എക്സർസൈസ് കൂടിയാണ്. അത് ദഹനക്കേട് തടയുന്നു. പ്രഭാതത്തിൽ വയർ കാലിയായികിടക്കുമ്പോഴാണ് സുബ്ഹി നമസ്കാരം. ചിലർ സുബ്ഹിക്ക് മുമ്പ് തഹജ്ജുദ് നമസ്കാരം നിർവഹിക്കുന്നു. അത് പോലെ രാത്രി ഭക്ഷണത്തിന് ശേഷമുള്ള നമസ്ക്കാരത്തിലെ ശരീര ചലനവും ദഹന പ്രക്രിയയെ സഹായിക്കുന്നു.

3.നമസ്കാരത്തിന് തുടക്കത്തിൽ നാം തക്ബീർ ചൊല്ലുമ്പോൾ ഇരു കൈകൾ ഉയർത്തുന്നു. ഇത് മസിലുകൾ ചലിപ്പിക്കുകയും തല ഒഴികെയുള്ള ശരീരഭാഗങ്ങളിലേക്ക് രക്തം പ്രവഹിക്കാൻ കാരണമാകുകയും ചെയ്യുന്നു.

**4.**നമസ്കാരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അനുഷ്ഠാനം സുജൂദാണ്. നെറ്റി കൊണ്ട് നാം തറയിൽ സ്പർശിച്ച് അല്ലാഹുവിനെ വണങ്ങുമ്പോൾ നമ്മുടെ തലയിലേക്ക് പുതുരക്തത്തിന്റെ പ്രവാഹമുണ്ടാകുന്നു. യോഗയിൽ ചിലർ ഇതിനായി പ്രയാസകരമായ ശീർഷാസനം ചെയ്യാറുണ്ട്.

**5.**നമസ്ക്കാരത്തിലെ ഇടയിലിരുത്തത്തിൽ നമ്മുടെ ഇടുപ്പ് സന്ധി, കാൽമുട്ട്, കൈമുട്ട്, നട്ടെല്ല്, കൈക്കുഴ എന്നീ അസ്ഥികളെല്ലാം ഒരു വിരാമാവസ്ഥയിലാവുകയും നമ്മുടെ ശരീര

---

യാണ് സംഭവിച്ചതും. ഏതൊരു പ്രവാചകനും പ്രഖ്യാപിച്ചതു പോലെ തന്നെ അദ്ദേഹവും തന്റെ നിയോഗം ലോകത്തോട് പ്രഖ്യാപിച്ചു.

ഏതൊരുവന്റെ കൈയിൽ എന്റെ ജീവനിരിക്കുന്നുവോ ആ സർവശക്തനെ സത്യം ചെയ്തു കൊണ്ട് ഞാൻ പറയുന്നു: ബുഖാരിയിലും മുസ്‌ലിമിലും മറ്റു സിഹാഹുകളിലും വന്നിട്ടുള്ള ഹദീസുകളിലൂടെ തിരുനബി (സ) സുവിശേഷമറിയിച്ച അതേ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു. (മൽഫൂസാത്ത്) വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയും ആന്തരികവും ബാഹ്യവുമായ ഭിന്നതകൾക്കുള്ള വിധി കർത്താവും ഞാനാണെന്ന് അല്ലാഹു തന്റെ പരിശുദ്ധവും പവിത്രവുമായ വെളിപാട് മുഖേന എന്നെ അറിയിച്ചിരിക്കുന്നു. (അർബഈൻ) നബിതിരുമേനി(സ) നബിയുല്ലാഹ് എന്ന് നാമകരണം ചെയ്തിട്ടുള്ള ആ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു. (നുസൂലുൽ മസീഹ്)

അതിനാൽ, ഈ കാലഘട്ടത്തിൽ അല്ലാഹുവിനെനാഥനായും മുഹമ്മദ് നബി(സ)യെ പ്രവാചകനും ദൈവദൂതനുമായും അംഗീകരിച്ച് ജീവിക്കണമെങ്കിൽ ഹദ്റത്ത് അഹ്മദ്(അ)നെ ഇമാം മഹ്ദിയായിട്ട് അംഗീകരിക്കൽ അനിവാര്യമാണ്. അവസാനമായി ഒരു തിരുവചനത്തോടെ നിർത്തുന്നു. നബി (സ) പറഞ്ഞു;

ഇമാം മഹ്ദിയെ നിങ്ങൾ കണ്ടെത്തിയാൽ അദ്ദേഹത്തിന് നിങ്ങൾ ബൈഅത്ത് ചെയ്യണം. മഞ്ഞിനുമുകളിലൂടെ ഇഴഞ്ഞു പോകേണ്ടി വന്നാലും ശരി. കാരണം അദ്ദേഹം അല്ലാഹുവിന്റെ ഖലീഫയായ മഹ്ദിയാണ്. (ഇബ്നു മാജഃ 1367/2)



ത്തിന് ആകെ അയവ് നൽകുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ ശരീരാവയവങ്ങൾക്കുണ്ടാകുന്ന അനായാസമായ മർദം പേശികളെ അയവുള്ളതാക്കി മാറ്റുന്നു.

**6.** ഹൃദയമാണല്ലോ ഏറ്റവും പ്രധാനപെട്ട ശരീര ഭാഗം. അത് ശരീരത്തിന്റെ എല്ലാഭാഗത്തേക്കും രക്തം വിതരണം ചെയ്യുന്നു. നമസ്കാരത്തിലെ ഈ ചലനങ്ങൾ ഹൃദയത്തിന് നല്ല ഒരു വ്യായാമമായി മാറുന്നു. റസൂൽ തിരുമേനി(സ)യുടെ ഒരു ഹദീസ് പ്രകാരം ശരീരത്തിൽ ഒരു അവയവമുണ്ട്. അത് ആരോഗ്യകരമായിരിക്കുമ്പോൾ മുഴു ശരീരവും ആരോഗ്യകരമായിരിക്കും. അത് രോഗാവസ്ഥയിലാവുമ്പോൾ മുഴു ശരീരവും രോഗിയായി തീരും. അതാണ് ഹൃദയം.

**7.**നമ്മുടെ ശരീരത്തിലെ ഒരു പ്രധാന അസ്ഥിയാണ് കാർട്ടിലേജ് (Cartilage =തരുണാസ്ഥി) കാർട്ടിലേജ് എന്നാൽ എല്ലിനേക്കാൾ കാഠിന്യം കുറഞ്ഞ അസ്ഥിയാണ്. ശരീരഭാഗങ്ങളെ ബന്ധിപ്പിക്കുന്നിടങ്ങളിലാണ് കാർട്ടിലേജ് കാണാറുള്ളത്. കാർട്ടിലേജ് നിർമിച്ചിരിക്കുന്ന ശരീരകലകളിൽ രക്തക്കുഴലില്ല. അതിനാൽ ഇവിടെ നേരിട്ട് രക്തചംക്രമണം ചെയ്യപ്പെടുന്നില്ല. സന്ധികളുടെ ചലനങ്ങൾ ശരീരത്തിലെ ഈ ഭാഗത്തേക്ക് രക്തം പമ്പ് ചെയ്യപ്പെടാൻ കാരണമാകുന്നു. ഈയൊരു ചലനമില്ലെങ്കിൽ കാർട്ടിലേജ് കലകൾ നശിച്ച് മാരകമായ രോഗ സാധ്യതയുണ്ട്. ഇത് സന്ധിവാതത്തിലേക്കും. സന്ധികളിലെ വേദനയിലേക്കും മരവിപ്പിലേക്കും നയിക്കും. അങ്ങനെ വരുമ്പോൾ ബാക്ടീരിയയും വൈറസും ഈ ഭാഗത്തെ തങ്ങളുടെ വിഹാര രംഗമാക്കി മാറ്റും. കാർട്ടിലേജ് മേഖലയിൽ രക്തക്കുഴലുകൾ ഇല്ലാത്തതിനാൽ രോഗാണുക്കളെ ചെറുക്കാനുള്ള ആന്റി ബോഡിക്ക് എത്താൻ സാദ്ധ്യമല്ല. അത് കൊണ്ട് പരുക്ക് പറ്റിയ കാർട്ടിലേജ് കലകളുടെ ശമനം വളരെ സാവധാനത്തിലാണ്. നമസ്കാരത്തിലെ ചലനങ്ങൾ കാർട്ടിലേജുകളെ ആരോഗ്യകരമായി നിലനിർത്തുന്നു. ഈ കാരണത്താൽ നമസ്കാരത്തിലുണ്ടാകുന്ന ആത്മീയ ഗുണങ്ങൾക്ക് പുറമേ നിരവധി ശാരീരികമായ ഗുണങ്ങളുമുണ്ട്. അടുത്ത തവണ നമസ്കരിക്കുമ്പോൾ ഈ ഗുണങ്ങൾ കൂടി സ്മരിച്ചു കൊണ്ട് അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുക.. തീർച്ചയായും നമസ്കാരത്തിൽ ശമനമുണ്ട്!

എന്നെ സംബന്ധിച്ച് എന്റെ ദാസൻമാർ നിന്നോട് ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന്റെ പ്രാർഥനക്ക് ഞാൻ ഉത്തരം നല്കും; അവൻ എന്നെ വിളിച്ച് പ്രാർഥിക്കുമ്പോൾ അതുകൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സൻമാർഗം പ്രാപിക്കുന്നതിനുവേണ്ടി.


(വിശുദ്ധ ഖുർആൻ 2:187)



# യഹൂദ

യഹൂദ ജനത റോമാസാമ്രാജ്യത്തിൽ വെച്ച് ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ വമ്പിച്ച പീഡനങ്ങൾക്ക് വിധേയമാവുകയുണ്ടായി. റോം പിന്നീട് ക്രിസ്തുമതത്തിന് കീഴടങ്ങിയപ്പോൾ യഹൂദ പീഡനത്തിന്റെ കിരാത പർവങ്ങൾ വീണ്ടും ആവർത്തിക്കുകയായിരുന്നു.

**റോ**മാസാമ്രാജ്യത്തിൽ രണ്ടാം നൂറ്റാണ്ടോടു കൂടി ഹദ്രിയാൻ എന്ന് വിളിക്കപ്പെടുന്ന പബ്ലിയൂസ് എലിയൂസ് അദ്രിയാനൂസ് അഗസ്റ്റസ് (Publius Aelius Hadrianus Augustus -ക്രി.വ. 76- 136) ചക്രവർത്തി അധികാരമേറ്റു. ഹദ്രിയാൻ മറ്റു റോമൻ ഭരണാധികാരികളിൽ നിന്ന് ഭിന്നമായി മനുഷ്യ




# പീഡനം: മതപരമായ കാരണങ്ങൾ


എ. എം. മുഹമ്മദ് സലിം

ത്വപരമായ സമീപനമുള്ളയാളായാണ് ചരിത്രത്തിൽ അറിയ പ്പെടുന്നത്. അഞ്ച് നല്ല റോമൻ ഭരണാധികാരികളിൽ (Five Good Emperors) മൂന്നാമനായി അറിയപ്പെടുന്ന ഹദ്രിയാൻ തുടക്കത്തിൽ യഹുദരോട് അനുഭാവമുള്ളയാളായിരുന്നു. യഹൂദരെ അദ്ദേഹം ജെറൂസലേമിലേക്ക് വരാൻ അനുവദിച്ചു. തന്റെ മുൻഗാമികൾ നശിപ്പിച്ച ജെറൂസലേമിലെ സോളമന്റെ ആരാധനാലയം പുനർനിർമിച്ച് സമ്മാനമായി യഹൂദർക്ക് സമർപ്പിക്കുമെന്ന് ഹദ്രിയാൻ പ്രതിജ്ഞയെടുത്തു. ഇത് യഹൂദരിൽ വളരെയേറെ പ്രതീക്ഷകൾ നൽകി. പിന്നീട് അദ്ദേഹം ജെറുസലേം സന്ദർശിച്ചപ്പോൾ ആ പ്രതിജ്ഞയിൽ നിന്ന് പിന്മാറുകയാണുണ്ടായത്. പകരം ജെറുസലേം പുനർനിർമിച്ച് റോമൻ പട്ടാളക്കാർക്ക് താമസിക്കാൻ ഏലിയാ കാപിറ്റോലിനാ (Aelia Cpitolina) എന്ന പേരിൽ ഒരു കോളനി നഗരം നിർമിക്കാനാണ് അദ്ദേഹം തീരുമാനിച്ചത്. മാത്രമല്ല റോമൻ ദേവതകൾക്ക് വേണ്ടി ജൂപിറ്റർ കാപിറ്റോലിനുസ് (Jupiter Capitolinus) എന്ന ഒരു ആരാധനാലയം പണിയാനും നിശ്ചയിച്ചു. യഹൂദരോട് അദ്ദേഹം അനുവർത്തിച്ച മൃദുല സമീപനത്തിൽ നിന്ന് പിന്മാറിയ ഹദ്രിയാൻ യഹൂദരുടെ കൊടും പീഡകനായി മാറി. അതിന് കാരണമായി പറയപ്പെടുന്നത് അന്നത്തെ റോമൻ ആചാരമനുസരിച്ച് സ്വവർഗാനുരാഗിയായ ഹദ്രിയാൻ, ആന്റിനോയുസ് (Antinous) എന്ന ഒരു ഗ്രീക്ക് ബാലനിൽ അനുരക്തനാവുകയും തന്റെ ഈജിപ്ഷ്യൻ പര്യടനത്തിൽ അവനുമായി നൈൽ നദിയിൽ ഉലാസയാത്ര നടത്തുമ്പോൾ ആന്റിനോയൂസ് നദിയിൽ വീണ് മരിക്കുകയുമുണ്ടായി. ആന്റിനോയുസിൽ അത്യധികം ഭ്രമിച്ചു വശായ ഹദ്രിയാന്റെ സ്വഭാവത്തിൽ ഈ സംഭവത്തിന് ശേഷം വമ്പിച്ച വ്യതിയാനം കാണപ്പെട്ടു എന്നാണ് പറയപ്പെടുന്നത്. അദ്ദേഹം പിന്നെ മരിച്ചു പോയ ആന്റിനോയുസിനെ ഒരു ദേവനായി പ്രഖ്യാപിക്കുകയും അദ്ദേഹത്തിന്റെ പ്രതിമയും ക്ഷേത്രവും സ്ഥാപിക്കുന്നതിൽ വ്യാപൃതനാവുകയും ചെയ്തു. പിന്നീട് ഹദ്രിയാൻ യഹൂദരോട് കടുത്ത നിലപാട് സ്വീകരിക്കുകയാണുണ്ടായത്. യഹൂദരുടെ മേൽ അദ്ദേഹം റോമൻ വത്ക്കരണവും യവന വത്ക്കരണവും അടിച്ചേൽപ്പിച്ചു. യഹൂദരുടെ ലിംഗ പരിച്ഛേദന സമ്പ്രദായം നിയമ വിരുദ്ധമാക്കി. ഇങ്ങനെ യഹൂദികൾ നാനാവിധത്തിലും പീഡിപ്പിക്കപ്പെട്ട അവസരത്തിൽ കോസിബ എന്ന യാളുടെ മകനായ സൈമൺ (സൈമൻ ബിൻ കോസിബ Simon Ben Kosiba) യഹൂദരുടെ നേതൃത്വം ഏറ്റെടുത്ത് വിപ്ലവത്തിനായ് മുന്നോട്ട് വന്നു. സെമൺ ബാർ കോച്ച്ബ (Simon Bar Kochba-നക്ഷത്ര പുരുഷൻ) എന്ന പേരിലും സൈമൺ ബിൻ കോസിബ അറിയപ്പെടുന്നു.

അശ്വാരൂഢനായ സൈനികന്റെ വേഷത്തിൽ താനാണ് യഹൂദികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട ദാവീദിന്റെ സന്താന പരമ്പരയിൽപ്പെട്ട മസീഹ് എന്ന് പറഞ്ഞു രംഗപ്രവേശനം ചെയ്ത സൈമൺ ബാർ കോച്ച്ബ എന്ന ഈ




റോമിലെ ഹദ്രിയാൻ ചക്രവർത്തിയുടെ മുസോളിയം



ഹദ്രിയാൻ ചക്രവർത്തി

സൈനിക മസീഹിനെ പിന്തുണക്കാൻ മഹാ പണ്ഡിതനായ യഹൂദ മുഖ്യ പുരോഹിതൻ റബ്ബി അകിബ ഉണ്ടായിരുന്നു. യഹൂദികളുടെ പ്രഭാവം നശിച്ച ജറുസലേമിൽ ക്രിസ്ത്യാനികളും റോമൻ ഭരണാധികാരികളാൽ പീഡിത രായിരുന്നു. ബാർകൊച്ച്ബയുടെ നേതൃത്വത്തിൽ റോമൻ ഭരണത്തി നെതിരെ കലാപം സംഘടിപ്പിച്ച യഹൂദികളുമായി കൂട്ടു ചേരാൻ മർദിതരായ ക്രിസ്ത്യാനികൾ തയ്യാറാ യില്ല. സത്യമസീഹിനെ സ്വീകരിച്ച ക്രിസ്ത്യാനികൾ യഹൂദികളുടെ സൈനിക മസീഹായ ബാർ കൊച്ച്ബയോട് അടുക്കാൻ പോലും ഇഷ്ടപ്പെട്ടില്ല. റോമൻ ചക്രവർ ത്തിയായിരുന്ന ഹർദിയാൻ, ബ്രിട്ടനിലാ യിരുന്ന തന്റെ സൈനിക മേധാവി സെക്റ്റസ് ജൂലിയസ് സെവറിയൂസിനെ അയച്ച് യഹൂദ കലാപത്തെ മുച്ചൂടും നശിപ്പിക്കുകയും ക്രി. വ. 135ൽ യുദ്ധക്കളത്തിൽ വെച്ച് സൈമൺ ബിൻ കോസിബ എന്ന സൈമൺ ബാർ കോച്ച്ബയെ വധിക്കുകയും ചെയ്തു.1

ആറുപതിറ്റാണ്ട് മുൻപ് ജറുസലേമിനെ ആക്രമിച്ച ടൈറ്റസിന്റെ പട്ടാളത്തേക്കാൾ വമ്പിച്ചതായിരുന്നു സെവറിയൂസിന്റെ സൈന്യം. പിന്നീട് യഹൂദരിൽ നിന്ന് ഇനിയൊരു കലാപം ഇല്ലാതിരിക്കാനും യഹൂദരെ ഉന്മുല നാശം വരുത്തുക എന്ന ലക്ഷ്യത്താടെയും ഹദ്രിയാൻ കടുത്ത നടപടികളാണ് കൈക്കൊണ്ടത്. തോറ നിരോധിച്ചു. ഹിബ്രു കലണ്ടറും നിരോധിച്ചു. യഹൂദ പണ്ഡിതന്മാരെ നിഷ്ക്കരുണം വധിച്ചു കളഞ്ഞു. യഹൂദരുടെ വിശുദ്ധ ഗ്രന്ഥങ്ങൾ അവരുടെ പുണ്യസ്ഥലമായടെമ്പിൾ ടൺ മൗണ്ടിൽ വെച്ച് ചുട്ടുകരിച്ച് അവിടെ ജുപിറ്റർ ദേവന്റെയും തന്റെയും രണ്ട് പ്രതിമകൾ ഹദ്രിയാൻ സ്ഥാപിച്ചു. യഹൂദ്യ, ഇസ്റയേൽ എന്നീ നാമങ്ങൾ പൂർണമായും ചരിത്രത്തിൽ നിന്ന് തുടച്ച് നീക്കണമെന്ന ഉദ്ദേശ ത്തോടെ ആ സ്ഥലം സിറിയ ഫലസ്തീന എന്ന് നാമകരണം ചെയ്തു.



ബാർ കൊച്ച്ബയുടെ കാലത്ത് യഹുദർ അടിച്ചിറക്കിയ നാണയം

റോം പിന്നീട് ക്രിസ്തുമതത്തിന് കീഴടങ്ങിയപ്പോൾ ചരിത്രത്തെ കിടിലം കൊള്ളിച്ച യഹൂദ പീഡനത്തിന്റെ ഇരുണ്ട നൂറ്റാണ്ടുകളായിരുന്നു കടന്നു വന്നത്. എന്തായിരുന്നു യഹൂദ ക്രൈസ്തവ വൈരത്തിന്റെ മതപരമായ കാരണങ്ങൾ?

## മതപരമായ കാരണങ്ങൾ

*ക്രിസ്ത്യാനികൾക്ക് യാതൊരു പ്രമാണവുമില്ലെന്ന് യഹൂദികൾ പറയുന്നു. യഹൂദികൾക്ക് യാതൊരു പ്ര മാണവുമില്ലെന്ന് ക്രിസ്ത്യാനികളും പറയുന്നു. (വി. ഖുർആൻ2:114)2*

യൂറോപ്പിലും പുരാതന കിഴക്കൻ റോമാ സാമ്രാജ്യത്തിലും നടന്ന യഹുദ വേട്ടകളുടെ മതപരമായ കാരണ മെന്താണെന്ന് നമുക്ക് നോക്കാം. ആന്റി സെമിറ്റിസം, പോഗ്രാം , ഇങ്ക്വിസിഷൻ, എന്നീപേരുകളിൽ ചരിത്രത്തെ യഹൂദ രക്തം കൊണ്ട് ശോണിതമാക്കിയ ക്രിസ്ത്യാനികൾ യഹൂദരുടെ എക്കാല ത്തേയും വലിയ മർദകരായിരുന്നു. യഹൂദികൾക്ക് അവരുടെ ന്യായ പ്രമാണം നിവർത്തിപ്പാൻ വേണ്ടി വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായായി രുന്നുവല്ലോ യേശു. പക്ഷേ അദ്ദേഹത്തെ യഹൂദികൾ സ്വീകരിച്ചി ല്ലെന്ന് മാത്രമല്ല കുരിശിൽ കയറ്റി കൊല്ലാൻ ശ്രമിക്കുകയുമാണുണ്ടായത്. ഇതിന്റെ വർണനകൾ നാലു സുവിശേഷങ്ങളിലും കാണാം. യേശുവിന്റെ മുഖ്യപീഡകർ യഹുദ പുരോഹിതന്മാരായിരുന്നു. അവർക്കെതിരെയുള്ള യേശുവിന്റെ ഭത്സനങ്ങൾ സുവിശേഷങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. യഹൂദ മതനേതാക്കന്മാരേയും കപട നാട്യക്കാരായ പരീശരേയും ശാസ്ത്രിമാരേയും യേശു ശകാരിക്കുന്നത് നോക്കൂ. ‘ *വേദജ്ഞരും ഫിസേയരും മോശയുടെ പീഠത്തിൽ ഇരിക്കുന്നു....അവർ ചെയ്യുന്നത് നിങ്ങൾ പ്രമാണമാക്കരുത്. കാരണം അവർ പ്രസംഗിക്കുന്നത് അവർ ചെയ്യുന്നില്ല.. അവർ ദുർവഹമായ ചുമടുകൾ കെട്ടുന്നു. അവ മനുഷ്യരുടെ ചുമരിൽ വെക്കുന്നു. എന്നാൽ തങ്ങളുടെ വിരൽ കൊണ്ട് സഹായിക്കാൻ പോലും അവർ ഒരുക്കമില്ല.. അവർ ചെയ്യുന്നതെല്ലാം മനുഷ്യരെ കാണിക്കാൻ വേണ്ടിയാണ്. അവർ തിരുവചനങ്ങൾ എഴുതി നെറ്റിപ്പട്ടങ്ങൾക്ക് വീതികുട്ടുന്നു. മേലങ്കിയിലെ തൊങ്ങലുകൾക്ക് വീതികൂട്ടുന്നു. അവർ വിരുന്നുകളിൽ മുഖ്യസ്ഥാനവും സിനഗോഗുകളിൽ ഏറ്റവും മികച്ച ഇരിപ്പിടവും ചന്ത സ്ഥലങ്ങളിൽ അഭിവാദനവും മനുഷ്യരിൽ നിന്ന് ഗുരോ എന്ന സംബാധനയും മോഹിക്കുന്നു.’( മത്തായി 23:27)* 3 യേശു ഒരിക്കൽ പറഞ്ഞു: *ഞാൻ ദൈവത്തിൽ നിന്ന് വന്നവനാണ്. സ്വമേധയാ വന്നവനല്ല. അവൻ എന്നെ അയച്ചതാണ്. എന്തു കൊണ്ടാണ് ഞാൻ പറയുന്നത് നിങ്ങൾക്ക് (യഹൂദർക്ക്) മനസ്സിലാകാത്തത്. എന്റെ വാക്കുകൾ കേൾക്കാൻ നിങ്ങൾക്ക് കഴിയാത്തത് കൊണ്ട് തന്നെ. നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽ നിന്നുള്ള വരാണ്. നിങ്ങൾ നിങ്ങളുടെ പിതാവിന്റെ ആഗ്രഹങ്ങൾ നിറവേറ്റാനാ*

***ണ് ഇച്ഛരിക്കുന്നത്. അവൻ ആദി മുതൽക്കു തന്നെ കൊലയാളി ആയിരുന്നു. അവന് സത്യവുമായി യാതൊരു ബന്ധവും ഇല്ല. കാരണം അവനിൽ സത്യം ഇല്ല. നുണ പറയുമ്പോൾ അവൻ സ്വന്തം പ്രകൃതിക്കനുസ രിച്ച് സംസാരിക്കുന്നു. അവൻ നുണയും നുണയുടെ പിതാവുമാണ്. (യോഹ: 8: 42:-45)*** 4 ബൈബിൾ സുവിശേഷങ്ങളിൽ ജൂതന്മാരെ പറ്റി യേശുവിന്റെ രൂക്ഷമായ പരാമർശങ്ങൾ യോഹന്നാനി ലാണുള്ളത്. അതു കൊണ്ട് സുവിശേഷകാരനായ യോഹാന്നാനെ ക്രിസ്ത്യാനികളുടെ യഹൂദ വിരോധ ത്തിന്റെ (ആന്റി സെമിറ്റിസത്തിന്റെ) ആചാര്യനായി ചിലർ വിശേഷിപ്പി ക്കുന്നുണ്ട്.5

അപ്പോസ്തലനായ സെന്റ് പോളിന്റെ നിലപാടുകളും യഹൂദ വിരോധത്തിന് കാരണമായിതീർന്നു. യേശു സ്വയം ന്യായ പ്രമാണം പാലിക്കുകയും പാലിക്കണമെന്ന് അനുയായികളെ ഉപദേശി ക്കുകയു മാണ് ചെയ്തത്. (മത്താ: 15: 17-20.,16-19). എന്നാൽ സ്വന്തം യഹൂദ പാരമ്പര്യം നിഷേധിച്ച പൗലൂസ് ന്യായ പ്രമാണത്തെ തള്ളിപ്പറയുകയാണു ണ്ടായത്. യഹൂദരുടെ നിർബന്ധ ആചാരമായ ലിംഗപരിച്ഛേദനക്കെ തിരെ കടുത്ത നിലപാട് സ്വീകരിച്ച പൗലൂസ് ക്രിസ്ത്യാനികളെ പരിച്ഛേദ നയിൽ നിന്നൊഴിവാക്കുയും ചെയ്തു. ക്രിസ്ത്യാനിയാവുന്നതിന് മുമ്പ്തന്നെ പോൾ അഥവാ പൗലൂസ് എന്ന പേരും റോമൻ പൗരത്വവും അദ്ദേഹം സ്വീകരി ച്ചിരുന്നു. അദ്ദേഹത്തിന്റെ യഥാർഥ ത്തിലുള്ള യഹൂദ നാമം ശൗൽ എന്നാണ്. യഹൂദ പാരമ്പര്യത്തിലു ണ്ടായിരുന്ന ക്രിസ്തു മതത്തെ അതിൽ നിന്ന് വേർപെടുത്തുക മാത്രമല്ല യഹൂദ വിരോധത്തിന്റെ ബീജങ്ങൾ കുത്തി വെക്കുകയും ചെയ്തതിൽ പോളിന്റെ പങ്കും ചെറുതല്ല. സുവിശേഷ പ്രചാരണത്തിനിറങ്ങിയ പൗലൂസിനെ കൊല്ലുമെന്ന് 40 യഹൂദികൾ ശപഥം ചെയ്തതായി ബൈബിൾ പറയുന്നു. ആ സന്ദർഭത്തിൽ ഈ റോമൻ പൗരത്വമാണ് അദ്ദേഹത്തെ തൽക്കാലം തുണച്ചതെന്ന് ബൈബിൾ സാക്ഷി ക്കുന്നു. യേശുവിനെ ക്രൂശിച്ചു കൊല്ലണ മെന്ന് മുറവിളികൂട്ടിയ യഹൂദ ജനതയുടെ മുമ്പിൽ വെച്ച് ഈ പാപത്തിൽ തനിക്ക് പങ്കില്ലെന്ന് വരുത്തുവാൻ പീലാത്തോസ് കൈകഴുകിയൊഴിഞ്ഞപ്പോൾ യഹൂദികൾ വിളിച്ചു പറഞ്ഞ ബൈബിൾ രേഖപ്പെടുത്തിയ വചനങ്ങൾ ഏതൊരു ക്രിസ്ത്യാനിയുടെയും ഹൃദയത്തിലും യഹൂദികളോടുള്ള തീരാപക സൃഷ്ടിക്കാൻ പോന്നതായിരുന്നു. ***'അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്താനങ്ങളുടെ മേലും ആയി തീരട്ടെ' (മത്താ: 27:25)***6 എന്നായിരുന്നു യഹൂദികൾ വിളിച്ചു പറഞ്ഞത്. മഹാനായ യേശുവിനെ ക്രൂശിച്ചതിൽ പുണ്യം ആഘോഷി ക്കുന്ന ബൈബിളിൽ നിന്നുള്ള ഈ ക്രൂര മായ നിന്ദാ വചനം ചർച്ചുകളിൽ മുഴങ്ങുമ്പോൾ അക്രമാസ ക്തരായി യഹൂദ വേട്ടക്കി റങ്ങുന്ന ക്രിസ്തീയ കലാപകാരികളുടെ വേലിയേറ്റങ്ങൾ മദ്ധ്യകാലഘട്ടങ്ങളിലെ സ്ഥിരം പ്രതിഭാസമായിരുന്നു

യഹൂദ വിരോധത്തിന് മതപരമായ കാരണം ബൈബിൾ പരാമർശങ്ങൾ മാത്രമല്ല. യഹുദികളുടെ മത സാഹിത്യങ്ങളിൽ മിശിഹായായ ക്രിസ്തുവിനെതിരെ എഴുതിയ അങ്ങേയറ്റം ജുഗുപ്സാവഹമായ നിന്ദാവചനങ്ങൾ കൂടി കാരണമാണ്. പിതൃരഹിതനായ യേശു, ജാരസന്താനം (നഊദുബില്ലാഹ്: ദൈവത്തിൽ ശരണം) എന്നാണ് ചില യഹൂദികൾ വിശ്വസിക്കുന്നത്. Christianity a Journey from Fact to Fiction എന്ന പുസ്തകത്തിൽ അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) യഹൂദികളുടെ ഇത്തരം അധമ സാഹിത്യത്തെ പറ്റി ഒരു വിവരണം നൽകുന്നുണ്ട്.

*'യഹൂദ ജനതയുടെ മതപരമായ സകല ജ്ഞാനങ്ങളും വിശ്വാസങ്ങളും വ്യാഖ്യാനിക്കുന്ന ഒരു സൈദ്ധാന്തിക പുസ്തകമാണ് തൽമൂദ്. അതിന്റെ അദ്ധ്യാപന പ്രകാരം യേശുവിന്റെ ജനനം ജാര മാർഗത്തിലുള്ളതാണ് എന്ന് മാത്രമല്ല യേശുവിന്റെ മാതാവ് ഋതുമതിയായിരുന്നപ്പോൾ പിശാചുമായുണ്ടായ വേഴ്ച്ചയിലാണ് അദ്ദേഹം ജന്മം കൊണ്ടത് എന്നും എഴുതുന്നു. വീണ്ടും തൽമൂദ് അക്കാര്യം വിശദീകരിക്കുന്നുണ്ട്. യേശുവിന്ന് ഈസാവു(Esau)വിന്റെ ആത്മാവാണുണ്ടായിരുന്നത്. അയാൾ ഒരു വിഡ്ഢിയായിരുന്നു. ഒരു ആഭിജാരകൻ. ലൈംഗികമായി വഴിപിഴപ്പിക്കുന്നവനുമായിരുന്നു അയാൾ. അതുകൊണ്ട് അയാളെ ക്രൂശിച്ച് നരകത്തിൽ തള്ളി. അനുയായികളിൽ അയാൾ എക്കാല ത്തെയും ഒരു ബിംബമായി. താഴെ ക്കാണുന്ന ഉദ്ധരണി റവ: ഐ. പ്രാനൈറ്റിഡ് എഴുതിയ* The Thalmud Unmasked *(തൽമൂദ് മുഖംമൂടി യില്ലാതെ) എന്ന പുസ്തകത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ്*

*കല്ലാഹ്* (Kallah(18b) *എന്ന ലഘു ലേഖയിൽ വിവരിച്ചതാണ് താഴെ കാണുന്ന ഉദ്ധരണി.*

*ഒരിക്കൽ മുതിർന്നവർ പടിവാതിൽക്കൽ ഇരിക്കയായിരുന്നു. രണ്ടു യുവാക്കൾ കടന്നുപോയി. ഒരാൾ തലമറച്ചിരുന്നു. റബ്ബി ഏലിസർ രേഖപ്പെടുത്തുന്നു. തലമറക്കാത്തവൻ ജാരനായിരുന്നു. അതായത് ഒരു മംമ്സർ(Mumzer)...റബ്ബി ജോഷ്വാ പറയുന്നു: അവനെ ഗർഭം ധരിച്ചത് ആർത്തവ സമയത്തായിരുന്നു. അതാ യത് അവൻ ' ബന്നിദ്ദാഹ് '(Bennidha) ആയിരുന്നു. റബ്ബി അകിബാഹ് പറയുന്നു: 'അയാൾ ഇത് രണ്ടു മായിരുന്നു. ഇത് പറഞ്ഞ ഉടനെ റബ്ബി അകിബാഹിനോട് മറ്റുള്ളവർ ചോദിച്ചു: 'താങ്കൾ എന്തുകൊണ്ട് മറ്റുള്ളവരിൽ നിന്നും ഭിന്നമായി ഇത് പറയുന്നു?.' അദ്ദേഹം മറുപടി പറഞ്ഞു: 'ഞാൻ പറയുന്നത് എന്താണെന്ന് എനിക്ക് തെളിയിക്കാൻ സാധിക്കും. ചന്തയിൽ പച്ചക്കറിവിറ്റു കൊണ്ടിരുന്ന ആ ചെക്കന്റെ അമ്മയുടെ അടുത്ത് ഞാൻ പോയിരുന്നു. ഞാനവളോട് പറഞ്ഞു: 'എന്റെ മകളേ ഞാൻ ചോദിക്കുന്നതിന്ന് നീ സത്യസന്ധമായി മറുപടി പറഞ്ഞാൽ പരലോകത്തെ ശിക്ഷയിൽ നിന്ന് രക്ഷിക്കപ്പെടും'. വാഗ്ദാനം പാലിക്ക ണമെന്ന് അദ്ദേഹത്തോട് അവൾ ആവശ്യപ്പെട്ടു. റബ്ബി അകിബാഹ് അപ്രകാരം സമ്മതിച്ചു. പക്ഷേ ചുണ്ടുകൾ മാത്രമായിരുന്നു അത് പറഞ്ഞത്. അയാളുടെ ഹൃദയം ആ വാഗ്ദാനം നിഷേധിച്ചിരുന്നു. അതിന്ന് ശേഷം അവളോട് ചോദിച്ചു: 'ഇനി പറയൂ, ഏത് തരത്തിലുള്ള പുത്രനാ ണിവൻ ?' അതിന്ന് അവൾ ഉത്തരം പറഞ്ഞു: 'ഞാൻ വിവാഹം കഴിച്ച ദിവസം ആർത്തവകാരിയായിരുന്നു. ഇത് കാരണം എന്റെ ഭർത്താവ് എന്നെ വിട്ടകന്നിരുന്നു. പക്ഷേ ഒരു പിശാച് എന്റെ അരികിൽ വരികയും എന്നോടൊപ്പം ശയിക്കു കയും ചെയ്തു. ഈ വേഴ്ച്ചയിലാണ് എനിക്ക് ഇവൻ ജനിച്ചത്.' അങ്ങനെ യാണ്. ഈ യുവാവ് ജാരനാണെന്ന് മാത്രമല്ല ആർത്തവ കാരിയായിരിക്കുമ്പോൾ*

*മാതാവിന് ജനിച്ചവനു മാണെന്നാണ് എനിക്ക് തെളിഞ്ഞത്.' റബ്ബിയോട് ചോദ്യം ചോദിച്ചവർ ഇത് കേട്ടപ്പോൾ ഒന്നടങ്കം പ്രഖ്യാപിച്ചു: 'റബ്ബി അകിബാഹ് മഹാനാണ്. അദ്ദേഹം തന്റെ പൂർവികരെ സത്യപ്പെടു ത്തിയിരിക്കുന്നു. അവർ ആശ്ചര്യപ്പെട്ടു. ജോസഫിന്റെ മകനെപ്പറ്റി സത്യം വെളിപ്പെടുത്തിയ ഇസ്രയേലിന്റെ ദൈവത്തിന് സ്തുതിയായിരിക്കട്ടെ!*

*നമ്മുടെ രക്ഷകനായ യേശുവിനെ പറ്റിയും അദ്ദേഹത്തിന്റെ മാതാവ് മറിയയെപറ്റിയും യഹൂദർ മനസ്സിലാക്കിയ ജനനകഥ അവരുടെ തൊൽദാത്ത് ജേഷാ(Tholdath Jescha-യേശുവിന്റെ തലമുറ) എന്ന പുസ്തകത്തിലും ഇതേ വാക്കുകളിൽ തന്നെ വിവരിച്ചിരിക്കുന്നു.*

*മഹാനായ യേശുവിന്റെ വിശുദ്ധ നാമത്തിനും പ്രതിച്ഛായക്കും മേൽ കൊടുംപകയുള്ള അദ്ദേഹത്തിന്റെ ശത്രുക്കൾ വാരിയെറിഞ്ഞ കെട്ടു നാറുന്ന മാലിന്യങ്ങൾക്കെതിരെ മനുഷ്യനിലുള്ള മാന്യത പ്രതിഷേധിക്കാതിരിക്കില്ല. തീർച്ചയായും യേശുവിനെ ഗർഭം ധരിച്ചത് ചാരിത്രവതിയും വിശുദ്ധ കന്യകയുമായ മർയമാണ്. നമ്മുടെ ദൈവത്തിന്റെ പരിധിയില്ലാത്ത സൃഷ്ടിലീലകളല്ലാതെ മറ്റൊന്നുംതന്നെ യേശുവിന്റെ ഗർഭ ധാരണത്തിൽ സംഭവിച്ചിട്ടില്ല. ഋതുമതിയായിരിക്കുമ്പോൾ പിശാചുമായി വേഴ്ച്ച നടത്തി ഗർഭിണിയായി എന്ന പരാമർശം കൂടുതൽ നന്നായി ചേരുക പകയുടെ ഗർഭം ധരിക്കുന്ന മനസ്സുകൾക്കാണ് . കഷ്ടം! വിശുദ്ധാത്മാക്കളുടെ ധർമപത്നിമാരെക്കുറിച്ചു മാത്രമല്ല അവരുടെ വിശുദ്ധ മാതാക്കൾക്കെതിരെയും മനോ വൈകൃതം ബാധിച്ചവരുടെ നാവും തൂലികയും വിഷവും മാലിന്യവും ചീറ്റുകയാണ്.*

*........ഇത്തരം പൈശാചികമായ കളവുകളിൽ വിശ്വസിക്കുന്നവർ വമ്പിച്ച വെറുപ്പോ അതോ സഹതാ പമോ ഏതാണ് അർഹിക്കുന്നത്. എനിക്കൊന്നും പറയാൻ സാധിക്കുന്നില്ല* '(The Thalmud Unmasked by Rev.I.B.J. Pranites, chap1.p.30) 7

Reference : 1.Jewish encyclopeadia, www. jewish virtual library, jews, god and history max .i. dimont, 2 വി. ഖുർആൻ 2:114 www.livius.org, 3 മത്തായി 23:273, 4 യോഹ: 8: 42:-45, 5 religious encyclopeadia ,under the titleof anti semitism p. 324, 6 മത്താ: 27:25) 6, 7 hristianity from facts to fiction - hadrath mirza tahir ahmad.

---

പേജ് 11 ൽ നിന്ന് തുടർച്ച

കാരണം അലസത പിടിപെട്ടു. ദീനീ അവസ്ഥ നല്ലതായി തോന്നിയില്ല. ഉഷ്ണ കാലമായിരുന്നു. ഉച്ച സമയം. ഉറങ്ങുകയായിരുന്നു ഞാൻ. എന്റെ അവസാന നിമിഷമാണെന്ന് എനിക്ക് തോന്നി. സ്വപ്നത്തിൽ കാണുകയാണ്. ഞാൻ ജനങ്ങൾ സംസാരിക്കുന്നത് കേൾക്കുന്നു. എന്നാൽ മറുപടി ഒന്നും പറയാൻ കഴിയുന്നില്ല. എന്നെ കുളിപ്പിച്ചു. കഫൻ ധരിപ്പിച്ചു. അങ്ങനെ എന്നെ മറവു ചെയ്തു. മണ്ണിട്ടു. എന്നെ മറവ് ചെയ്തു ജനങ്ങൾ തിരിച്ചുപോയപ്പോൾ ഖബർ ഇരുവശത്തുനിന്നും എന്നെ ഞെരുക്കിക്കളഞ്ഞു. അത് സഹിക്കാൻ കഴിഞ്ഞിരുന്നില്ല. അപ്പോൾ എന്റെ മുമ്പിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നിൽക്കുന്നു. എന്നെ ചൂണ്ടിക്കൊണ്ട് പറഞ്ഞു. നിങ്ങൾ എന്നോട് ഇതാണോ വാഗ്ദാനം ചെയ്തിരുന്നത്.

ഒരു വശത്ത് ഞാൻ വളരെ പ്രയാസം അനുഭവിക്കുകയായിരുന്നു. മറുഭാഗത്ത് ഹദ്റത്ത് സാഹിബിന്റെ വാക്കുകൾ. ഞാൻ കുറേ കരഞ്ഞു. ഞാൻ പറഞ്ഞു. ഹുസൂർ ഞാൻ മറന്നുപോയതായിരുന്നു. എന്നോട് ക്ഷമിച്ചാലും. ഇനി ഞാൻ ഒരിക്കലും ഇതിൽ കുറവ് വരുത്തുന്നതല്ല. ഹദ്റത്ത് സാഹിബ് പോയി. അപ്പോൾ എന്റെ കണ്ണ് തുറന്നു. ആ സമയത്ത് ഞാൻ ഭയവിഹ്വലനും വളരെ പ്രയാസത്തിലുമായിരുന്നു. അത് വിവരിക്കാൻ കഴിയില്ല. കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. പേടിച്ച് വിറക്കുകയായിരുന്നു. ഉടനെ ഖിബ്ലക്ക് നേരെ തിരിഞ്ഞ് നമസ്ക്കരിക്കാൻ തുടങ്ങി. ഒരു കാലം വരെ ഈ സംഭവം എന്നെ വല്ലാതെ വേദനിപ്പിച്ചു. വേദനയും പ്രയാസവും ഉണ്ടായിരുന്നു.

അക്കാലത്ത് വല്ലവരിലും അലസത ഉണ്ടായിരുന്നെങ്കിൽ തന്നെ അല്ലാഹു അവരോട് കരുണ ചെയ്തുകൊണ്ട് ഈ രീതിയിൽ അവരെ ഉയർത്തുകയുണ്ടായി. ഇതും അല്ലാഹുവിന്റെ ഒരു സ്നേഹപ്രകടനമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: സർവ്വശക്തനും അന്യൂനനുമായ അല്ലാഹുവിനെയാണ് ഇസ്ലാം സമർപ്പിച്ചിരിക്കുന്നത്. അവനോട് നമുക്ക് ദുആ ചെയ്യാവുന്നതാണ്. വലിയ വലിയ പ്രതീക്ഷകൾ അവനിൽ നിന്നും പൂർത്തിയാക്കാൻ സാധിക്കും. അതുകൊണ്ടാണ് അവൻ സൂറ ഫാത്തിഹായിൽ ദുആ പഠിപ്പിച്ചത്. നിങ്ങൾ എന്നോട് ചോദിക്കുക. **ഇഹ്ദിന സിറാത്തൽ മുസ്തഖീം. സിറാത്തല്ലദീന അൻഅംത്ത അലൈഹിം** ഇലാഹി! നിന്റെ വലിയ വലിയ ഫള്ലുകളും അനുഗ്രഹങ്ങളും ഇറക്കപ്പെട്ടവരുടെ മാർഗം നീ ഞങ്ങൾക്ക് കാണിച്ചുതരേണമേ. ഈ ദുആ നമുക്ക് പഠിപ്പിച്ചുതന്നിരിക്കുന്നത് ഞങ്ങൾ വിശ്വസിച്ചു എന്ന് മാത്രം പറഞ്ഞ് ഇരിക്കാതെ നിങ്ങൾ പ്രവർത്തനനിരതരാകുക. അല്ലാഹുവിന്റെ സമീപസ്ഥരാകാൻ കരസ്ഥമാക്കിയ അനുഗ്രഹങ്ങൾക്കായി നിങ്ങളും പരിശ്രമിക്കുക.

ദൈവകൾപ്പനകൾ നടപ്പിൽ വരുത്തുക എന്നത് ഒരു വിത്ത് വിതക്കുന്നതുപോലെയാണ്. അതിന്റെ സ്വാധീനം ആത്മാവിൽ ഉണ്ടാകുന്നു. കൃഷിയിടം നനക്കുകയും കഠിനാധ്വാനത്തോടെ അതിൽ വിത്ത് വിതക്കുകയും ചെയ്ത് ഒന്നുരണ്ട് മാസം കഴിഞ്ഞിട്ടും മുള വന്നില്ലെങ്കിൽ ആ വിത്ത് മോശമാണ് എന്ന് ധരിക്കേണ്ടിയിരിക്കുന്നു. ഇബാദത്തിന്റെ അവസ്ഥയും ഇതുതന്നെ. ഒരാൾ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് മനസ്സിലാക്കുകയും നമസ്ക്കരിക്കുകയും നോമ്പെടുക്കുകയും കഴിവിന്റെ പരമാവധി ദൈവകൽപ്പനകൾ പാലിക്കുകയും ചെയ്യുകയും എന്നിട്ടും അല്ലാഹുവിന്റെ പക്കൽ നിന്ന് പ്രത്യേകമായ ഒരു സഹായവും അവന് ലഭിക്കുന്നില്ലെങ്കിൽ, അവൻ വിതക്കുന്ന വിത്ത് മോശമാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഈ നമസ്ക്കാരം അനുഷ്ഠിച്ചുകൊണ്ടാണ് പലരും ഖുത്ബും അബ്ദാലും ആയിട്ടുള്ളത്. എന്നാൽ നിങ്ങൾക്കെന്തുപറ്റി? നിങ്ങൾ ഇതനുഷ്ഠിച്ചിട്ടും ഒരു ഗുണവും നിങ്ങളിൽ ഉണ്ടാകുന്നില്ല. ഏന്തെങ്കിലും മരുന്ന് കുറേ ഉപയോഗിച്ചിട്ടും ഒരുഗുണവും അതുകൊണ്ടില്ലെങ്കിൽ ആ മരുന്ന് ശരിയല്ല എന്ന് സമ്മതിച്ചേ മതിയാകൂ. ഈ അവസ്ഥ തന്നെയാണ് നമസ്ക്കാരത്തിന്റെതും.

ഈ സന്ദേശം മനസ്സിലാക്കുന്നവരാക്കി അല്ലാഹു നമ്മെ മാറ്റട്ടെ. ഇതനുസരിച്ച് തങ്ങളുടെ ജീവിതം നയിക്കുന്നവരായി മാറട്ടെ. അല്ലാഹു നമുക്ക് യഥാർത്ഥ രീതിയിലുള്ള ഇബാദത്ത് ചെയ്യാൻ തൗഫീഖ് നൽകട്ടെ. അവന്റെ പ്രീതി കരസ്ഥമാക്കുന്നവരാക്കി നമ്മെ മാറ്റട്ടെ.

വിവർത്തനം എം. നാസിർ അഹ്മദ് കൊടിയത്തൂർ

# സിറിയ: രക്താഭമാവുന്ന അറബ് വസന്തം

മുസാഫിർ

സിറിയയിൽ ബശ്ശാറുൽ അസദിന്റെ ഭരണത്തിനെതിരെ 2011 മാർച്ചിൽ ആരംഭിച്ച കലാപങ്ങൾ പശ്ചിമേഷ്യയിലെ അറബ് വസന്തത്തിന് രക്തഛവി കലർത്തി ഭീതിദത്തമായി മുന്നേറുകയാണ്. ഇതിനകം കലാപത്തിൽ പതിനായിരത്തോളം ആളുകൾ മരിച്ചുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അറബ് വസന്തത്തോടനുബന്ധിച്ച് ടുണീഷ്യ, ഈജിപ്ത്, യമൻ എന്നിവിടങ്ങളിൽ സമാധാനപരമായും ലിബിയയിൽ രക്തം ചിന്തിയും ഉണ്ടായ ഭരണമാറ്റം സിറിയയിൽ ചോരപൂക്കൾ വിരിയുന്ന ഭീകര വസന്തമായി മാറുമോ? അമേരിക്ക-പശ്ചാത്യ ശക്തികളുടെയും സഊദിയുടെയും നേതൃത്വത്തിൽ മിക്ക അറബ് രാജ്യങ്ങളും സിറിയൻ ഭരണകൂടത്തിനെതിരെ ഒരു ഭാഗത്തും റഷ്യ, ചൈന, ഇറാൻ എന്നീ രാജ്യങ്ങൾ സിറിയൻ ഭരണ കൂടത്തിന് അനുകൂലമായി മറുവശത്തും രണ്ട് ചേരികളിലായി നിൽക്കുമ്പോൾ, ശാം ദേശവുമായി ബന്ധപ്പെട്ട് പ്രവചനങ്ങളിൽ സൂചനയുള്ള, അവസാന കാലത്തെ വൻ യുദ്ധങ്ങളിലേക്ക് അത് നയിക്കാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

അഞ്ച് പതിറ്റാണ്ടായി നിലനിൽക്കുന്ന അറബ് ബഅസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ഭരണത്തിൽ നിന്ന് വിമോചനത്തിനായി സിറിയൻ ജനത നടത്തുന്ന കലാപങ്ങൾക്ക് അമേരിക്കൻ പാശ്ചാത്യ ശക്തികളോടൊപ്പം സഊദി, തുർക്കി, ഖത്തർ എന്നീ രാജ്യങ്ങൾ പണവും സൈനിക സഹായവും നൽകി സഹായിക്കുന്നുണ്ട്. പിതാവ് ഹാഫിസുൽ അസദ് 2000 ൽ മരിച്ചതിന് ശേഷമാണ് ബശ്ശാറുൽ അസദ് ഭരണമേറ്റ ടുത്തത്. ബ്രിട്ടനിൽ വിദ്യാഭ്യാസം നിർവഹിച്ച്, നന്നായി ഇംഗ്ലീഷ് സംസാരിക്കുന്ന ബശ്ശർ ഇംഗ്ലീഷുകാരിയെ തന്നെയാണ് വിവാഹം കഴിച്ചത്. എല്ലാ അറബ് ഭരണാധികാരികളേയും പോലെ ജനാധിപത്യത്തിന് പുല്ലുവില കൽപ്പിക്കുന്ന കൂട്ടത്തിൽ പെട്ടയാളാണ് ബശ്ശർ. സിറിയയിലെ ഈ പ്രക്ഷോഭത്തിന് ശിയാ സുന്നി സംഘർഷത്തിന്റെ ഒരുമാനം കൂടി നൽകാൻ തൽപരകക്ഷികൾ ശ്രമിക്കുന്നുണ്ട്. പ്രക്ഷോഭം നടത്തുന്ന ഭൂരിപക്ഷം ജനങ്ങളും സുന്നികളും ഭരിക്കുന്ന ബശ്ശാറുൽ അസദിന്റെ കുടുംബം 'അലവികൾ' എന്നറിയപ്പെടുന്ന ശിയാ വിഭാഗത്തിൽ പെട്ടവരുമാണ്. നാലാം ഖലീഫ അലിയ്യുബ്നു അബീതാലിബിന്റെ നാമത്തിൽ നിന്നാണ് ഈ ശിയാ വിഭാഗത്തിന് അലവികൾ എന്ന നാമം ലഭിച്ചത്. ഈയൊരു പശ്ചാത്തലമാണ് സുന്നി ശിയാ സംഘട്ടനമായി സിറിയൻ പ്രക്ഷോഭം ചിത്രീകരിക്കപ്പെടുന്നത്. പാശ്ചാത്യ- ഇസ്റയേൽ ശക്തികളുടെ ലക്ഷ്യ സാക്ഷാത്ക്കാരത്തിന് മുസ്‌ലിം ശിയാ വിഭാഗീയതയുടെ ഈ നിറം സഹായകമാണ്. സിറിയൻ ഭരണകൂടത്തിന് ഇറാന്റെ നിർലോഭമായ പിന്തുണയുമാവുമ്പോൾ ചിത്രം പൂർണമാവുന്നു. ഇസ്റായേലുമായി അതിർത്തി പങ്കിടുന്ന സിറിയ അവരുമായി കടുത്ത ശത്രുതയിലാണ്. ഇറാനെ സിറിയയുമായടുപ്പിക്കുന്ന ഘടകങ്ങളിലൊന്നാണിത്.

2011 ജനുവരി 26 ന് ടൂണീസിൽ പ്രക്ഷോഭത്തിന് തുടക്കം കുറിച്ച അതേ രീതിയിലാണ് സിറിയൻ കലാപത്തിനും തുടക്കം കുറിച്ചത് എന്നത് കേവലം യാദൃച്ഛികമല്ലെന്ന് കരുതുന്നവരുണ്ട്. സിറിയൻ ഭരണകൂടത്തോടുള്ള പ്രതിഷേധം എന്ന നിലക്ക് ഹസ്സൻ അലി അഖില എന്നയാൾ തീ കൊളുത്തി ആത്മാഹൂതി ചെയ്യുകയായി രുന്നു. രണ്ട് ദിവസത്തിന് ശേഷം അതിന്റെ പ്രതിഷേധമായി നടത്തിയ പ്രകടനത്തിൽ രണ്ട് സിറിയൻ പോലീസുകാർ കൊല്ലപ്പെട്ടു. പിന്നീട് സിറിയയിലുടനീളം പ്രക്ഷോഭം ആളിപ്പടരുകയായിരുന്നു. ഇന്ന് ഡമാസ്ക്കസടക്കം മുഴു സിറിയയേയും അക്രമം ഗ്രസിച്ചിരിക്കുകയാണ്. അമേരിക്കയും പാശ്ചാത്യ രാജ്യങ്ങളും ഈ പ്രക്ഷോഭത്തെ ആവുന്നത്ര ഊതി കത്തിക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ ലിബിയയിൽ ഉണ്ടായത് പോലെ അറബ് ലീഗിനെ ഉപയോഗിച്ചാണ് അവർ സിറിയയെ കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നത്. സിറിയക്കെതിരെ അമേരിക്ക പശ്ചാത്യ രാജ്യങ്ങളുടെ പിന്തുണയോടെ യുഎൻ രക്ഷാസമിതിയിൽ കൊണ്ടുവന്ന ഉപരോധ പ്രമേയം റഷ്യയും ചൈനയും കൂടിയാണ് വീറ്റോ ചെയ്തത്. തങ്ങളുടെ പങ്കാളിയായ ഇസ്റായേലിനുവേണ്ടി ഏറ്റവും കൂടുതൽ വീറ്റോ പ്രയോഗിച്ച അമേരിക്ക ഇതിനെതിനെതിരെ റഷ്യയും ചൈനയേയും രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. അറബ് ലീഗ് അംഗീകരിച്ച സിറിയൻ ഭരണമാറ്റ പ്രമേയത്തെ ചൂണ്ടിക്കാട്ടി റഷ്യയേയും ചൈനയേയും അനുനയിപ്പിക്കാനുള്ള ശ്രമത്തിലാണ് അമേരിക്കയും പാശ്ചാത്യ ലോബിയും ശ്രമിക്കുന്നത്. ഭരണമാറ്റം കൊണ്ട് അവരുടെ താൽപര്യങ്ങൾക്ക് യാതൊരു ഹാനിയും സംഭവിക്കില്ല എന്ന് ബോദ്ധ്യപ്പെടുത്താൻ അമേരിക്കയും സഖ്യരാജ്യങ്ങളും പരസ്യമായും രഹസ്യമായും ശ്രമിക്കുന്നുണ്ട്. സിറിയ റഷ്യയുടെ ദീർഘകാല സൈനിക പങ്കാളിയാണ്. ഈയിടെ റഷ്യയുടെ 36 യാക്ക് ഫൈറ്റർ വിമാനങ്ങളാണ് സിറിയ വാങ്ങിയത്. അത്പോലെ ചൈനയിൽനിന്ന് സിറിയ വൻ തോതിൽ ആയുധങ്ങൾ വാങ്ങിക്കൂട്ടുന്നു.

സിറിയൻ പ്രക്ഷോഭകാരികളെ സഊദി അറേബ്യയും ഖത്തറും തുർക്കിയുമാണ് പിന്തുണക്കുന്നത്. ഇസ്ലാമിസ്റ്റുകൾക്ക് പ്രാമുഖ്യമുള്ള സിറിയൻ നാഷണൽ കൗൺസിലും സിറിയൻ വിമോചന സേനയുമാണ് പ്രക്ഷോഭത്തിന്ന് നേതൃത്വം നൽകുന്നത്. അമേരിക്കയുടെയും പശ്ചാത്യ രാജ്യ

ങ്ങളുടെയും ഇസ്‌റയേലിന്റെയും പിന്തുണയും ആശീർവാദവുമുള്ള പ്രക്ഷോഭത്തിന്ന് അൽ ഖയ്ദ നേതാവ് അയ്മൻ അൽ സവാഹിരിയും പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. സവാഹിരിയുടെ പിന്തുണ അമേരിക്കൻ- പാശ്ചാത്യ പിന്തുണയുടെ ഗ്ലാമർ കുറക്കുമെന്നതിനാൽ അത് മൂടി വെക്കാനുള്ള ശ്രമവും നടക്കുന്നു.

സിറിയ അടക്കം 22 അംഗങ്ങളുള്ള (ഇപ്പോൾ സിറിയയെ സസ്പെന്റ് ചെയ്തിരിക്കയാണ്). അറബ് ലീഗിന്റെ നിരീക്ഷണ റിപ്പോർട്ട് പശ്ചാത്യ മുഖ്യധാരാ മാധ്യമങ്ങളുടെ പ്രചാരണങ്ങൾക്കെതിരായിരുന്നു. സുഡാൻ പ്രതിനിധി മുഹമ്മദ് അഹ്മദ് മുസ്തഫ അൽ ദാബിയായിരുന്നു അറബ്‌ലീഗ് നിരീക്ഷണ സംഘത്തിന്റെ തലവൻ. സിറിയൻ ഗവൺമെന്റ് മാത്രമല്ല രക്തച്ചൊരിച്ചിലിന് കാരണം. അവിടെ കലാപം നടത്തുന്ന സായുധ ഗ്രൂപ്പുകളുടെ അക്രമണങ്ങളിലാണ് സിവിലിയൻ ആൾ നാശം കുടുതൽ സംഭവിക്കുന്നതെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടി. ഇതിനുപോൽബലകമായ വസ്തുതകളും റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഗവൺമെന്റ് ആസൂത്രിതമായി പ്രക്ഷോഭകരെ അടിച്ചമർത്തുന്നില്ല എന്നും ഉണ്ടാവുന്നത് ഒറ്റപ്പെട്ട സംഭവങ്ങളാണെന്നും അറബ് ലീഗ് നിരീക്ഷകൻ രേഖപ്പെടുത്തി. അറബ് ലീഗ് നിരീക്ഷകന്റെ അഭിപ്രായം സഊദിയെയും പടിഞ്ഞാറൻ മാധ്യമങ്ങളുടേയും പ്രചാരണത്തിനെതിരായിരുന്നു. ഇത് സഊദിയെ ചൊടിപ്പിച്ചതിനെ തുടർന്ന് അറബ് ലീഗ് ദൗത്യം പിൻവലിക്കുകയുണ്ടായി. അതിന്റെ തലവനായിരുന്ന അൽദാബി രാജിവെക്കാൻ നിർബന്ധിതനായി. അതിന് ശേഷം പുതിയ നിരീക്ഷണ ദൗത്യത്തിന് വേണ്ടി അഭ്യർഥിച്ചെങ്കിലും സിറിയ സമ്മതിച്ചിട്ടില്ല. പിന്നീട് അറബ് ലീഗിന്റെ കൈറോ മീറ്റിങ്ങിൽ യു. എൻ അറബ് ലീഗ് സംയുക്ത സമാധാന സേനയെ വിന്യസിക്കാൻ യുഎന്നിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റൊരു വസ്തുത പാശ്ചാത്യ രാജ്യങ്ങളുടെ പിന്തുണയോടെ കൊച്ചു രാജ്യമായ ഖത്തർ അറബ് മേഖലയിലെ ശക്തമായ രാജ്യമായി വളരുകയാണ്. ഖത്തറാണ് അറബ് ലീഗിന് ഇത്തവണ അദ്ധ്യക്ഷത വഹിച്ചത്. ഫലസ്തീൻ അതോറിറ്റിയുടെ ഊഴമായിട്ടും ഖത്തറിന് പലസ്തീൻ ചെയർമാൻ ഇത്തവണസ്ഥാനം ഒഴിഞ്ഞു കൊടുക്കുകയായിരുന്നു. പകരം 400 മില്ല്യൻ ഡോളർ ഖത്തർ പലസ്തീൻ അതോറിറ്റിക്ക് നൽകി. അറബ് ലീഗിനെ സഊദിയുടെ സഹായത്തോടെ പാശ്ചാത്യ ചേരിയിലേക്ക് നയിക്കാനായിരുന്നു ഇതെന്ന് വ്യക്തം. ഖത്തർ അമീറാകട്ടെ തുറന്ന നിലയിൽ സിറിയയിൽ സൈനിക ഇടപെടൽ വേണമെന്ന ആവശ്യക്കാരനാണ്. ഖത്തർ സ്വന്തമായി തന്നെ സിറിയയിൽ സൈന്യത്തെ അയക്കാനും സന്നദ്ധ പ്രകടിപ്പിച്ചിട്ടുണ്ട്. ലിബിയയിലേക്ക് ഗദ്ദാഫിക്കെതിരെ കലാപം നടത്താൻ ഗൂഢമാർഗ്ഗത്തിൽ ആദ്യമായി സൈന്യത്തെ അയച്ചത് ഖത്തറും ഫ്രാൻസും ബ്രിട്ടനുമായിരുന്നു. അറബ് ലീഗിന്റെ സൃഷ്ടി തന്നെ പാശ്ചാത്യ താൽപര്യങ്ങൾക്ക് വേണ്ടിയായിരുന്നു എന്നതാണ് വസ്തുത. ആഗോള മുസ്‌ലിം സമൂഹത്തിൽ നിന്ന് ഏതെങ്കിലും വിധത്തിലുള്ള ഒരു ഇസ്‌ലാമിക രാഷ്ട്രീയ ഉയിർത്തെഴുന്നേൽപ്പ് ഉണ്ടാവുന്നത് പാശ്ചാത്യ ശക്തികൾ ഭയപ്പെട്ടിരുന്നു. ആഗോള മുസ്‌ലിം ശാക്തീകരണത്തെ തുരങ്കം വെക്കാൻ വേണ്ടിയായിരുന്നു ലോക മുസ്‌ലിം ഐക്യത്തിന് പകരം അറബ് ദേശീയതയെ കേന്ദ്രീകരിച്ച് കൊണ്ട് അറബ് ലീഗ് രൂപീകരിച്ചതെന്ന സത്യം നാം വിസ്മരിക്കരുത്. തുടക്കത്തിൽ സൂഊദി അറേബ്യ, ഈജിപ്ത്, ഇറാഖ്, ട്രാൻസ്, ജോർദ്ദാൻ, ലബനാൻ എന്നീ ആറു രാജ്യങ്ങൾ മാത്രമായിരുന്നു അറബ് ലീഗിൽ ഉണ്ടായിരുന്നത്. രണ്ടാം ലോക മഹായുദ്ധാനന്തരം 1945ൽ ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറിയായിരുന്ന ആന്റണി ഈഡൻ ബ്രിട്ടീഷ് പാർലമെന്റിൽ ചെയ്ത പ്രസ്താവനയെ തുടർന്നാണ് അറബ് ലീഗിന്റെ രൂപീകരണം നടക്കുന്നത്. ഹിജാസ് ഭരിക്കുന്ന അറബികളുടെ കൂട്ടായ്മ ഉന്നം വെക്കുന്ന ഏത് സംരഭത്തിനും തങ്ങൾ പിന്തുണക്കുമെന്നായിരുന്നു ബ്രിട്ടീഷ് സെക്രട്ടറിയുടെ പ്രസ്താവന. അത്കൊണ്ട് അറബ് ലീഗിന്റെ നേതൃത്വത്തിൽ നിന്നും പാശ്ചാത്യ ശക്തികൾക്കെതിരായിക്കൊണ്ടു ള്ള യാതൊരു തീരുമാനങ്ങളും ഉണ്ടാവാൻ പോവുന്നില്ല.

റസൂൽ തിരുമേനി (സ) അവസാന കാലത്തെ സർവനാശം വിതക്കുന്ന ശക്തികളുടെ പുറപ്പാടിനെ പറ്റി പറഞ്ഞ പ്രവചനങ്ങൾ ശാമുമായി അഥവാ സിറിയയുമായി ബന്ധപ്പെട്ടതാണ്. സിറിയ ഉമവി ഖിലാഫത്തിന്റെ ആസ്ഥാനമായിരുന്നു. പല കാലത്തും അതിർത്തി മാറ്റിവരക്കപ്പെട്ട ഒരു രാജ്യമാണ് ശാം. നിരവധി നാഗരിക സംസ്കൃതികളുടെ ജന്മഭൂമിയും വളർത്തുഭൂമിയുമായ സിറിയ അവയുടെയെല്ലാം ഉത്ഥാനപതനങ്ങൾക്ക് സാക്ഷ്യം വഹിച്ച ചരിത്ര ഭൂമിയാണ്. ലോകത്തിന്റെ പരിഷ്ക്കരണത്തിനും രക്ഷക്കുമായി അല്ലാഹു ഇക്കാലത്ത്നി യോഗിച്ചയച്ച വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)സിറിയയുമായി ബന്ധപ്പെടുത്തി പറഞ്ഞ മഹാപ്രവചനം നമ്മുടെ ശ്രദ്ധയിലുണ്ടായിരിക്കണം. അവിടുന്ന് പറഞ്ഞു: ***ലോകത്ത് വമ്പിച്ച ഒരു പ്രളയം(ഹശ്ർ) ഉണ്ടാകും. അതു ഒന്നാമത്തെ പ്രളയമായിരിക്കും. എല്ലാ രാജാക്കന്മാരും (രാഷ്ട്രങ്ങളും) പരസ്പരം ആക്രമിക്കും. ലോകം രക്തം കൊണ്ട് നിറയുമാറു ചോര ചൊരിച്ചിലുണ്ടാകും. ഓരോ രാജാക്ക ന്മാരുടേയും പ്രജകൾ തമ്മിലും ഭയങ്ക രമായ യുദ്ധം നടക്കും. ലോക വ്യാപകമായ ഒരു നാശമുണ്ടാകും. ഈ എല്ലാ സംഭവങ്ങളുടെയും കേന്ദ്രം ശാം( സിറിയ) ആയിരിക്കും.*** (തദ്ക്കിറത്തുൽ മഹ്ദി -

## ദുർബലരോടുള്ള സഹതാപം

അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി തിരുമേനി (സ) അരുൾ ചെയ്തു. പ്രാകൃതരെന്നു തോന്നത്തക്കവിധം ചീകാതെ പൊടിപാറിയ മുടിയോടുകൂടിയ എത്രയോ ആളുകളുണ്ട്. അവജ്ഞയാൽ വാതിലുകൾ അവരുടെ നേരെ കൊട്ടിയടക്കപ്പെടുന്നു. എന്നാൽ (അവർക്ക് അല്ലാഹുവിന്റെ അടുത്ത് സ്ഥാനമുണ്ട്.) അല്ലാഹുവിന്റെ പേരിൽ അവർ ആണയിട്ടാൽ അല്ലാഹു അവരുടെ വാക്കുകൾ സാക്ഷാൽക്കരിക്കും.

**(മുസ്‌ലിം)**



കണ്ണൂർ സിറ്റിയിൽ നടന്ന അൽഖുർആൻ എക്സിബിഷൻ

## പാസ്റ്റർ ടെറി ജോണിനെതിരെ മുസ്‌ലിം ടൈംസ് എഡിറ്ററുടെ വെല്ലുവിളി



പാസ്റ്റർ ടെറിജോൺസ്

അരേക്കയിലെ ഫ്ളോറിഡയിൽ ക്രിസ്ത്യൻ തീവ്രവാദി പുരോഹിതൻ ടെറി ജോൺസ് ചർച്ചിന് പുറത്ത് വിശുദ്ധ ഖുർആൻ കത്തിച്ച് വീണ്ടും അന്താരാഷ്ട്ര സമാധാനത്തെ ഭഞ്ജിച്ചിരിക്കുന്നു. 2010 ൽ മതഭ്രാന്തനായ ഈ പുരോഹിതൻ ഖുർആൻ കത്തിച്ചുകൊണ്ട് അന്താരാഷ്ട്ര മുസ്‌ലിം സമൂഹത്തിന്റെ കടുത്ത പ്രതിഷേധം ക്ഷണിച്ചു വരുത്തി.

അമേരിക്കയിൽനിന്നും പുറപ്പെടുന്ന അഹ്മദിയ്യാ പ്രസിദ്ധീകരണമായ മുസ്‌ലിം ടൈംസിന്റെ പത്രാധിപർ ഡോ. സിയാ എച്ച് ഷായാണ് ടെറി ജോൺസിനെ ഒരു തുറന്ന സംവാദത്തിന് വെല്ലുവിളിച്ചിരിക്കുന്നത്. വിശുദ്ധ ഖുർആന്റെ ശേഖരണം, സമാഹരണം, സംരക്ഷണം എന്നീ വിഷയങ്ങളിൽ ബൈബിളുമായി താരതമ്യം ചെയ്ത് ടെറിജോൺസണുമായോ അമേരിക്കയിലെ ഏതെങ്കിലും ക്രിസ്ത്യൻ പുരോഹിതനുമായോ സംവാദത്തിന് തയാറാണെന്ന് ദി ടൈം സ് എഡിറ്റർ വെല്ലുവിളിച്ചു. അമേരിക്കയിലെ ഏതെങ്കിലും പ്രസിദ്ധ പത്രങ്ങളിൽ ലേഖന രൂപത്തിൽ സംവാദം പ്രസിദ്ധീകരിക്കാമെന്നും അദ്ദേഹം പറഞ്ഞു. ഇസ്‌ലാമിനെകുറിച്ച് പഠിക്കാ നാഗ്രഹിക്കുന്നവർക്ക് ഇത് വളരെ ഉപകരിക്കുമെന്ന് ഡോ. സിയാ എച്ച് ഷാ പറയുകയുണ്ടായി.

# അൻസാറുല്ലാ തർബിയത്ത് ക്യാമ്പ്

കൊടുങ്ങല്ലൂർ: മജ്‌ലിസ് അൻസാറുല്ലായുടെ എറണാകുളം മേഖലാ തർബിയത്ത് ക്യാമ്പ് 2012 ഏപ്രിൽ 22-ാം തീയതി കൊടുങ്ങല്ലൂർ ആഫിയത്ത് മസ്ജിദിൽ വെച്ച് നടന്നു. കുടുംബ ജീവിതം കെട്ടുറപ്പുള്ളതാക്കുന്ന കാര്യത്തിൽ ജമാഅത്തംഗങ്ങൾ ശ്രദ്ധ പുലർത്തണമെന്നും മാതാപിതാക്കളെ സംരക്ഷിക്കുന്ന കാര്യത്തിൽ പ്രത്യേകം ഊന്നൽ നല്കണമെന്നും ക്യാമ്പിൽ അദ്ധ്യക്ഷത വഹിച്ച എറണാകുളം സോണൽ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് അഭിപ്രായപ്പെട്ടു. എം. എം. അബ്ദുർ റഹീം സാഹിബ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. മൗലവി എം. നാസിർ അഹ്മദ് സാഹിബ് മുഖ്യ പ്രഭാഷണം നിർവഹിച്ചു. നാസിം അൻസാ റുല്ലാഹ് പി. കെ. ശാഹുൽ ഹമീദ് സാഹിബ്, കൊടു ങ്ങല്ലൂർ ജമാഅത്ത് പ്രസിഡന്റ് സൈനുദ്ദീൻ സാഹിബ് എന്നിവർ സംസാരിച്ചു.

# തഹ്‌രീക്ക് ജദീദ് വിളംബരം

തഹ്‌രീക്ക് ജദീദിന്റെ വർഷം നവംബർ 1 മുതൽ ആരംഭിച്ച് ഒക്ടോബർ 31 ന് അവസാനിക്കുന്നതാണ്. ഖലീഫത്തുൽ മസീഹിന്റെ ഇത് സംബന്ധിച്ച വിളംബരം ഇതിന് മുമ്പ് നട ത്തിയതാണ്. അനുഗൃഹീതമായ തഹ്‌രീക്ക് ജദീദിനെ പറ്റി അതിന്റെ സ്ഥാപകനായ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ പറയുന്നു:

**ഓർക്കുക, ഈ പദ്ധതി അല്ലാഹുവിൽ നിന്നുള്ളതാണ്. അതിനാൽ അവൻ തീർച്ചയായും ഇതിനെ ഉന്നതിയിൽ എത്തിക്കുന്നതാണ്. ഇതിന്റെ മാർഗത്തിലുള്ള തടസ്സങ്ങളെല്ലാം ദൂരീകരിക്കുന്നതാണ്. ഭൂമിയിൽ നിന്ന് അതിനുള്ള സാമഗ്രികൾ ഉണ്ടാവുന്നില്ലെങ്കിൽ ആകാശത്തുനിന്നും അല്ലാഹു അതിൻമേൽ അനുഗ്രഹം വർഷിക്കുന്നതാണ്. ഈ പദ്ധതിയിൽ ത്യാഗമനോഭാവത്തോടു കൂടി പങ്കാളികളാവുന്നവർ അനുഗൃഹീതർ! എന്തെന്നാൽ ഇസ്‌ലാമിക ചരിത്രത്തിൽ എപ്പോഴും അവരുടെ പേര് ആദരവോടു കൂടി സ്മരിക്കുന്നതാണ്. അല്ലാഹുവിന്റെ സമക്ഷത്തിങ്കൽ ഇവർക്ക് പ്രത്യേക സ്ഥാനം ലഭിക്കുന്നതാണ്. അവർ ക്ലേശം സഹിച്ചു കൊണ്ട് ദീനിന്റെ ദൃഢീകരണത്തിന് വേണ്ടി പരിശ്രമിച്ചു. അവരുടെ സംരക്ഷണം അല്ലാഹു ഏറ്റെടുക്കുന്നതാണ്. ദൈവിക പ്രകാശം അവരുടെ ഹൃദയങ്ങളിൽ നിന്ന് പുറപ്പെട്ട് ലോകത്തെ പ്രകാശിപ്പിച്ചു കൊണ്ടിരിക്കുന്നതാണ്.** (അൽ ഫസൽ, 1939 സപ്തമ്പർ)

അനുഗൃഹീതമായ ഈ പദ്ധതിയിൽ പങ്കാളികളാവുക.

വക്കീലുൽ മാൽ, തഹ്‌രീക്ക് ജദീദ്, ഖാദിയാൻ.

2012 May

Vol: 84 Issue.5
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14

**The Sathyadoothan Monthly**


# Ahmadiyya Muslim Community

*Apps for mobile devises*

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font





**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news




View these apps at
alislam.org/apps
or scan the QR code below

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020 Toll Free (9 am to 9 pm)**